നന്ദിയോട് ഗ്രാമപഞ്ചായത്ത്

വികസനരേഖ

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

നന്ദിയോട് ഗ്രാമപഞ്ചായത്ത്
വികസനരേഖ
1996

"ഗ്രാമ സ്വരാജ്"

ഒരു സ്വപ്ന സാക്ഷാത്കാരം

പ്രസിഡന്റിന്റെ കത്ത്

ഭാരതത്തിന്റെ മഹാത്മാവ് ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കല്പം പ്രവർത്തന പന്ഥാവിലെത്തുന്ന ദിവ്യ മുഹൂർത്തത്തിന് സമയമായി. എൺപത് കോടി ജനതയുടെ ആശയും അഭിലാഷവുമായിരുന്ന ശ്രീ രാജീവ് ഗാന്ധി എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടന ഭേദഗതികളോടെ തെളിച്ചുതന്ന ആ ദീപം ഇന്ന് ജനകീയ ആസൂത്രണ പ്രസ്താനമായി നാടിനു മുഴുവൻ ഐശ്വര്യമേകുമെന്നതിൽ സംശയമില്ല.

1996 സെ: 15ന് ഗ്രാമ സഭകളുടെ സംസ്ഥാന തല ഉത്ഘാടനത്തോട് അനുബന്ധിച്ച് നമ്മുടെ ഗ്രാമത്തിന്റെ 11 വാർഡുകളിലെ ഗ്രാമസഭകളിൽ പങ്കെടുത്ത നൂറ് കണക്കിന് ജനങ്ങളുടെ ആശയാഭിലാഷങ്ങളുടെ പ്രതിഫലനത്തിന്റേയും, ആസൂത്രണം താഴേത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് സജ്ജമാക്കുന്ന റിസോർഴ്സ് മേപ്പിംഗ്, സാമ്പത്തിക സർവ്വേ, ദ്വിദ്വീയ വിവര ശേഖരണം, നീരൊഴുക്ക് സർവ്വേ തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളുടെ പൂർത്തികരണത്തിന്റേയും ആകെ തുകയാണ് ഈ വികസന രേഖ.

ഈ സംഭരഭങ്ങൾക്കായി പഞ്ചായത്തിന്റെ കൈമുതലായുള്ളത് എല്ലാ രാഷ്ട്രീയ കക്ഷികളുടേയും വികസന സമിതിയുടേയും ശാസ്ത്ര സാഹിത്യ പരിഷത്തിന്റേയും, സാംസ്കാരിക സംഘടനകളുടേയും, പൊതു പ്രവർത്തകരുടേയും ഉദ്യോഗസ്ഥ, അനുദ്യോഗസ്ഥന്മാരുടേയും കഠിനാധ്വാനമാണ്. അതൊരിക്കൽ പോലും വിസ്മരിക്കാതെ തന്നെ ഇതിനായി സഹകരിച്ച എല്ലാ ബഹുമാന്യരോടും പഞ്ചായത്ത് കമ്മറ്റിക്കുള്ള നിസ്സീമമായ നന്ദിയും കടപ്പാടും ആദരപൂർവ്വം ഇവിടെ രേഖപ്പെടുത്തികൊണ്ട് ഈ വികസനരേഖ സമഗ്രമായ ചർച്ചയ്ക്കും, ക്രീയാത്മകമായ നിർദ്ദേശങ്ങൾക്കും വേണ്ടി സമർപിക്കുന്നു.

വിനയപൂർവ്വം

ശൈലജാ രാജീവൻ.
പ്രസിഡന്റ്, നന്ദിയോട് ഗ്രാമ പഞ്ചായത്ത്.

വികസന രേഖ തയ്യാറാക്കിയവർ

ശ്രീ. P.S. ബാജിലാൽ

ശ്രീ. G. R. ഹരി

ശ്രീമതി. ശൈലജാ രാജീവൻ

ശ്രീ. T. K. വേണുഗോപാൽ

ശ്രീ. ആലുങ്കുഴി ചന്ദ്രമോഹൻ

ശ്രീ. പേരയം ശശി.

ശ്രീ. K. ചക്രപാണി

ശ്രീ. S.ചന്ദ്രശേഖരപിള്ള

ശ്രീ. A. സദാനന്ദൻ

ശ്രീ. K. C. ബാബു

ശ്രീ. നെയ്യപ്പള്ളി അപ്പുകുട്ടൻ നായർ

ശ്രീ. J. ബാബു

ശ്രീ. ലക്ഷ്മണൻ കാണി

ശ്രീ. K.K. ശശീന്ദ്രബാബു

ശ്രീ. M. സോമൻനായർ

ശ്രീ. V. സുഭാഷ് ചന്ദ്രബോസ് (Scientist, Centre for Earth Science Studies, TVM)

ഡോ. S. ജമാലുദ്ദീൻ (Vetinary Surgen)

ശ്രീ. N. ദിവാകരൻനായർ (D. R. P)

നന്ദിയോട് മുൻ പഞ്ചായത്ത് പ്രസിഡന്റ്മാർ



ശ്രീ. എ. ഇബ്രാഹിം കുഞ്ഞ് 1953 മുതൽ 1961 വരെ

ശ്രീ. കെ ഭാസ്കരൻ BSc
1964 മുതൽ 1971 വരെ

ശ്രീ. വി. ഗോവിന്ദൻകുട്ടി നായർ
1971 മുതൽ 1979 വരെ

ശ്രീ. എം. എം ഹനീഫ
1979 മുതൽ 1984 വരെ

ശ്രീ. കെ. രവീന്ദ്രനാഥ്
1988 മുതൽ 1995 വരെ

കേരളത്തിലെ മുഖ്യമന്ത്രിമാർ

പേര്	വർഷം	
ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്	5.4.1957	31.7.1959
പട്ടം എ താണുപിള്ള	22.2.1960	25.9.1962
ആർ. ശങ്കർ	26.9.1962	10.1.1964
ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്	3.6.1967	1.11.1969
സി. അച്ചുതമേനോൻ	1.11.1969	1.8.1970
സി. അച്ചുതമേനോൻ	4.10.1970	25.3.1977
കെ. കരുണാകരൻ	25.3.1977	25.4.1977
എ. കെ. ആന്റണി	27.4.1977	27.10.1978
പി. കെ. വാസുദേവൻ നായർ	29.10.1978	7.10.1979
സി. എച്ച്. മുഹമ്മദ്കോയ	11.10.1979	1.12.1979
ഇ. കെ നായനാർ	25.1.1980	20.10.1981
കെ. കരുണാകരൻ	28.12.1981	17.3.1982
കെ. കരുണാകരൻ	24.5.1982	26.3.1987
ഇ. കെ നായനാർ	26.3.1987	24.6.1991
കെ. കരുണാകരൻ	24.6.1991	22.3.1995
എ. കെ ആന്റണി	22.3.1995	20.5.1996
ഇ. കെ നായനാർ	20.5.1996	

ലോകസഭ ചിറയിൻകീഴ് മണ്ഡലം

1952–57	ശ്രീ. വി. പി. നായർ
1957–67	ശ്രീ. എം. കെ കുമാരൻ
1967–70	ശ്രീ. കെ. അനിരുദ്ധൻ
1970–80	ശ്രീ. വയലാർ രവി
1980–82	ശ്രീ. എ. എ റഹിം
1982–87	ശ്രീ. തലേക്കുന്നിൽ ബഷീർ
1987–91	ശ്രീ. തലേക്കുന്നിൽ ബഷീർ
1991–95	ശ്രീമതി. സുശീലാഗോപാലൻ
1996–	ശ്രീ. എ. സമ്പത്ത്

നന്ദിയോട് ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട നിയമസഭാ പ്രതിനിധികൾ

1945	ശ്രീ. എസ്. ജെ നായർ (ശ്രീമൂലം പ്രജാസഭ)
1947–48	ശ്രീ. എൻ. എൻ പണ്ടാരത്തിൽ
1954–57	ശ്രീ. പുറത്തേക്കോട് ചന്ദ്രശേഖരൻ (പാലോട് നിയമസഭ)
1957–60	ശ്രീ. എൻ. എൻ. പണ്ടാരത്തിൽ (നെടുമങ്ങാട് നിയമസഭാമണ്ഡലം)
1960–65	ശ്രീ. എൻ. എൻ. പണ്ടാരത്തിൽ ,,
1965–67	ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള (വാമനാപുരം മണ്ഡലം)
1967–70	ശ്രീ. വാസുദേവൻപിള്ള
1970–77	ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള (വാമനാപുരം മണ്ഡലം)
1977–80	ശ്രീ. വാസുദേവൻ പിള്ള ,,
1980–82	ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ ,,
1982–87	ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ ,,
1987–91	ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ ,,
1991–96	ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ
1996	ശ്രീ. പിരപ്പൻകോട് മുരളി ,,

ജില്ലാകൗൺസിൽ പ്രതിനിധി

1990–92 ജെ. അരുന്ധതി.

ജില്ല പഞ്ചായത്തുമെമ്പർ

1995– ജെ. അരുന്ധതി

ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി

1995– ശ്രീമതി. പി. ചന്ദ്രമതി

ശ്രീ. കെ. ശിവൻകുട്ടി നായർ

പാലോട് പഞ്ചായത്ത്

1995 – 1961 വരെ

1. എ. ഇബ്രാഹിം കുഞ്ഞ്	–	പ്രസിഡന്റ്
2. വി. ഗോവിന്ദൻ നായർ	–	മെമ്പർ
3. ടി. എം. കൃഷ്ണപിള്ള	–	"
4. എം. ചെല്ലപ്പൻ	–	"
5. കെ. അരുണാചലം	–	"
6. എ. വാസു	–	"
7.എൻ. നാരായണപിള്ള	–	"
8. ടി. കെ. തങ്കപ്പൻ നാടാർ	–	"

1961 മുതൽ '63 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണം
1-1-1962-ൽ നന്ദിയോട് പഞ്ചായത്ത് രൂപീകരിച്ചു.

1964 മുതൽ 1979 വരെയുള്ള കാലയളവിൽ ആദ്യത്തെ നന്ദിയോട് പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുപ്പില്ലാതെ അധികാരത്തിൽ വന്നു.

ഭരണസമിതി

1. ഭാസ്കരൻ Bsc	–	പ്രസിഡന്റ്
2. ഗോവിന്ദൻകുട്ടിനായർ	–	വൈസ് പ്രസി ഡന്റ്
3. കെ. ത്രിവിക്രമൻ പിള്ള	–	"
4. കെ. വി. സുകുമാരൻനായർ	–	"
5. പി. വാസുദേവൻ പിള്ള	–	"
6. പി. ദാമോദരൻ നായർ	–	"
7. കെ. രാമചന്ദ്രൻ	–	"
8. ആർ. ജനാർദ്ദനൻ	–	"

ഗവ:നോമിനി

1. ശ്രീ. അപ്പുക്കുട്ടൻ കാണി. S.T
2 ശ്രീമതി. പി. സാവിത്രി അമ്മ. (വനിത)

ഈ ഭരണസമിതിയിൽ നിന്നും 1965-ൽ ശ്രീ. കെ. രാമചന്ദ്രൻ രാജിവച്ചു. ഈ ഒഴിവിൽ ശ്രീ. സി. നെൽസൻ തെരഞ്ഞെടുക്കപ്പെട്ടു. 31-5-1971 ശ്രീ. ഭാസ്കരൻ Bsc. പ്രസിഡന്റ് സ്ഥാനം രാജിവച്ചു. പകരം ഗോവിന്ദൻ കുട്ടിനായർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

1979 മുതൽ '84 വരെ

1. ശ്രീ. എം. എം. ഹനീഫ–പ്രസിഡന്റ്
2. ശ്രീ. എൻ. നാഗപ്പൻ പിള്ള വൈസ് പ്രസിഡന്റ്
3. ശ്രീ. ആർ. വാസുദേവൻ , മെമ്പർ
4. ശ്രീ. തങ്കപ്പൻ കാണി, മെമ്പർ
5. ശ്രീ. കെ. സുകുമാരൻ നായർ, മെമ്പർ
6. ശ്രീ. ആർ. മാധവൻ നായർ, മെമ്പർ
7. ശ്രീ. എൻ. രഘുനാഥൻ, മെമ്പർ
8. ശ്രീ. സി. സെൽവരാജ് ദാസ്, മെമ്പർ

9. ശ്രീമതി. പി. ചന്ദ്രമതി, മെമ്പർ

10. ശ്രീ. വി. ഗോവിന്ദൻ കുട്ടിനായർ, മെമ്പർ

1984 മുതൽ 1988 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണം.

1988 മുതൽ 1995 വരെ.

ഭരണസമിതി

1. ശ്രീ. കെ. രവീന്ദ്രനാഥ്	പ്രസിഡന്റ്
2. ശ്രീ. കെ. സുധാകരൻ	വൈസ് പ്രസിഡന്റ്
3. അരവിന്ദാക്ഷൻപിള്ള	മെമ്പർ
4. ശ്രീ. ജെ. ബാബു	മെമ്പർ
5. ശ്രീ. കെ. സുകുമാരൻനായർ	"
6. ശ്രീമതി. എസ്. ജയകുമാരി	"
7. ശ്രീ. കെ. ശിവൻകുട്ടി നായർ	"
8. ശ്രീ. കെ. നെൽസൻ	"
9. ശ്രീമതി. ജി. സരസ്വതി	"
10. ശ്രീ. കെ. കുമാരസ്വാമി പിള്ള	"

1995 മുതൽ നിലവിലുള്ള ഭരണസമിതി

1. ശ്രീമതി. ശൈലജാ രാജീവൻ	പ്രസിഡന്റ്
2. ശ്രീ. പച്ച രവി	വൈസ് പ്രസിഡന്റ്
3. ശ്രീ. പി.എസ്സ് ബാജിലാൽ	ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി
4. ആലുംകുഴി ചന്ദ്രമോഹൻ	മെമ്പർ
5. ശ്രീ. ലക്ഷ്മണൻ കാണി	"
6. ശ്രീ. ടി. കെ. വേണുഗോപാൽ	"
7. ശ്രീ. പേരയം ശശി	"
8. ശ്രീ. കെ. സി. ബാബു	"
9. ശ്രീമതി. ജി. സരസ്വതി	"
10. " ഡി. കുസുമകുമാരി	"
11. " റംലാ സലിം	"

1995 ലെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പ് പൊതുവിവരം

വാർഡിന്റെ പേര്	സംവരണം/ജനറൽ
1. കുറുന്താളി	പട്ടികജാതി സംവരണം
2. നന്ദിയോട്	വനിതാ സംവരണം
3. വട്ടപ്പൻകാട്	ജനറൽ
4. പച്ച	പട്ടികവർഗ്ഗ സംവരണം
5. കുറുപുഴ	ജനറൽ
6. ഇളവട്ടം	ജനറൽ

7. ആലംപാറ	വനിതാ സംവരണം
8. പേരയം	വനിതാ സംവരണം
9. മീൻമുട്ടി	ജനറൽ
10. കള്ളിപ്പാറ	ജനറൽ
11. പാലോട്	വനിതാ സംവരണം
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്	വനിതാ സംവരണം

നന്ദിയോട് ഗ്രാമപഞ്ചായത്ത്വികസനസമിതി Reg: No: 291/96

1. ശ്രീമതി ശൈലജാ രാജീവൻ	സമിതി ചെയർ പേഴ്സൻ
2. പേരയം ശശി	സമിതി കൺവീനർ
3. ശ്രീ. പച്ച രവി	വൈസ് പ്രസിഡന്റ്
4. ശ്രീ. പി. എസ്. ബാജിലാൽ	ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി
5. ശ്രീ. കെ. സി. ബാബു	മെമ്പർ
6. ശ്രീ. എൻ. ലക്ഷ്മണൻ കാണി	"
7. ശ്രീ. ആലുംകുഴി ചന്ദ്രമോഹൻ	"
8. ശ്രീമതി ഡി. കുസുമകുമാരി	"
9. ശ്രീമതി. ജി. സരസ്വതി	"
10. ശ്രീ. ടി. കെ. വേണുഗോപാൽ	"
11. ശ്രീമതി. റംലാ സലിം	"
12. ശ്രീ. കെ. ചക്രപാണി	കോൺ: (എസ്) പ്രതിനിധി
13. ശ്രീ. എസ്. ചന്ദ്രശേഖരപിള്ള	കോൺ: (ഐ) "
14. ശ്രീ. എ. സദാനന്ദൻ	(സി. പി. എം) "
15. ശ്രീ. പി. ലക്ഷ്മണൻപിള്ള ,,	(സി.പി.ഐ.) "
16. ശ്രീ. കാരേറ്റ് വിജയൻ	(സി. എം. പി.) "
17. ശ്രീ. കെ.കെ. ശശീന്ദ്രബാബു	(ജെ.എസ്.എസ്) "
18.ശ്രീ. എം. ശ്രീകുമാർ	(ബി. ജെ. പി) "
19. ശ്രീ. ജെ ബാബു	(ആർ എസ്. പി) "
20. ശ്രീ. ജി. ആർ. ഹരി	(ശാസ്ത്ര സാഹിത്യപരിഷത്ത്)
21. ശ്രീ. എം. സോമൻ നായർ	" "

സബ്കമ്മറ്റികൾ

ആരോഗ്യം	വിദ്യാഭ്യാസം	കൃഷി
പി. എസ്. ബാജിലാൽ	**റ്റി. കെ. വേണുഗോപാൽ**	എ. സദാനന്ദൻ
(കൺവീനർ)	*(കൺവീനർ)*	*(കൺവീനർ)*
കെ. ചക്രപാണി	കെ. സി. ബാബു	ആലുംകുഴി ചന്ദ്രമോഹൻ
ഡി. കുസുമകുമാരി	എം. സോമൻനായർ	പച്ച രവി.
കാരേറ്റ് വിജയൻ	ജി. ആർ. ഹരി	എം. ശ്രീകുമാർ
	കെ. കെ. ശശീന്ദ്രബാബു	ലക്ഷ്മണൻ പിള്ള
	ജി. സരസ്വതി	റംല സലിം
		എൻ. ലക്ഷ്മണൻ കാണി.

നന്ദിയോട് ഗ്രാമപഞ്ചായത്ത് സ്ഥിതിവിവരം

ഗ്രാമപഞ്ചായത്തിന്റെ പേര്	- നന്ദിയോട്
വില്ലേജ്	- കുറുപ്പുഴ
വികസന ബ്ലോക്ക്	- പാലോട്, തെന്നൂർ, വാമനാപുരം
നിയമസഭാമണ്ഡലം	- വാമനാപുരം
താലൂക്ക്	- നെടുമങ്ങാട്
പാർലമെന്റ് മണ്ഡലം	- ചിറയിൻകീഴ്
ജില്ല	- തിരുവനന്തപുരം
ഭൂവിസ്തീർണ്ണം	- 38.85 ച.കി.മി

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യാനിരക്ക്

ആകെ കുടുംബങ്ങൾ	6441
ആകെ ജനസംഖ്യ	26311
സ്ത്രീകൾ	13413
പുരുഷൻമാർ	12898
പട്ടികജാതിക്കാർ	3919
പട്ടികവർഗക്കാർ	1701
പട്ടിജാതിസ്ത്രീകൾ	2054
പട്ടിതജാതി പുരുഷന്മാർ	1865
പട്ടികവർഗ-സ്ത്രീകൾ	909
പട്ടികവർഗ-പുരുഷൻമാർ	792

പഞ്ചായത്തിന്റെ സ്റ്റാഫിനെ സംബന്ധിച്ച വിവരം

ആകെ പേര്	ഇപ്പോൾ ഉള്ളത്	ഇനിചേരാനുള്ളത്
1 സെക്രട്ടറി	1	-
2 ജൂനിയർ സൂപ്പണ്ട് 1	1	-
3 യു. ഡി 3	2	1
4 എൽ. ഡി 3	1	2
5 പ്യൂൺ 2	1	1
6 ഫുൾടൈം ലൈബ്രേറിയൻ	1	-

പഞ്ചായത്തു വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

ക്രമനമ്പർ	ഇനവിവരം	രൂ. പൈ
1.	കെട്ടിട നികുതി	74944.50
2.	തൊഴിൽ നികുതി	215959.00
3.	വിനോദ നികുതി	17712.64
4.	അഡി: വിനോദ നികുതി	11100.91
5.	പ്രദർശന നികുതി	4398.00
6.	പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്	1144.00
7.	ചന്ത വരവ്	24500.00
8	ലൈസൻസ് ഫീസ്	4510.00
9.	കെട്ടിട നികുതി സർച്ചാർജ്	-
10.	വസ്തു കൈമാറ്റ നികുതി	283382.00
11.	സർക്കാർ ഫണ്ടുകളും മറ്റ്	
	അലൈടഡ് ഫണ്ട് തുടങ്ങിയവ	841135.00
12.	ഡെപ്പോസിറ്റ്	27916.00
13.	മറ്റിനങ്ങൾ	117723 50
	ആകെ	**1624424.00**

പഞ്ചായത്തിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96

ക്രമനമ്പർ	ഇനവിവരം	രൂ. പൈ
1.	ഭരണം	535361.75
2.	പൊതുമരാമത്ത്	110242.00
3.	വിദ്യാഭ്യാസം	45765.90
4.	ജലവിതരണം, ഓടകൾ, പതുജനാരോഗ്യം	9615.50
5.	തെരുവി വിളക്കുകൾ കത്തിക്കുന്നത്	119141.50
6.	മറ്റുള്ളവ	
	(ഭവന നിർമ്മാണം മറ്റ് സാമൂഹിക പ്രവർത്തനങ്ങൾ)	216112.00
	ആകെ	**1036238.65**

ഭരണസമിതി



ശ്രീ. പച്ച രവി
വൈസ് പ്രസിഡന്റ്

ശ്രീമതി. ശൈലജാ രാജീവൻ
പ്രസിഡന്റ്



ശ്രീ. പി. എസ്. ബാജിലാൽ
ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി

ശ്രീ. കെ. സി. ബാബു
മെമ്പർ

ശ്രീ. ലക്ഷ്മണൻ കാണി
മെമ്പർ



ശ്രീ. ആലുംകുഴി ചന്ദ്രമോഹൻ
മെമ്പർ

ശ്രീമതി. ഡി. കുസുമകുമാരി
മെമ്പർ

ശ്രീമതി. ജി. സരസ്വതി
മെമ്പർ



ശ്രീ. പേരയം ശശി
മെമ്പർ



ശ്രീ. ടി. കെ. വേണുഗോപാൽ
മെമ്പർ

ശ്രീമതി. റംലാസലീം
മെമ്പർ

ഉള്ളടക്കം

ആമുഖം

I	ഭൂപ്രകൃതി	30
II	സാമൂഹ്യ ചരിത്രം	44
III	വികസന മേഖലകൾ	46
1.	കൃഷി ജലസേചനം	47
2.	മൃഗ സംരക്ഷണം	56
3.	വ്യവസായം	61
4.	ഊർജ്ജം, ഗതാഗതം, മാർക്കെറ്റ്	64
5.	പാർപ്പിടം, സാമൂഹ്യക്ഷേമം.	77
6.	പൊതുജനാരോഗ്യം, കുടിവെള്ളം..	88
7.	വിദ്യാഭ്യാസം	98
8.	സംസ്കാരം, കായികം.	108
9.	വനിതാക്ഷേമം.	113
10.	പട്ടികജാതി - പട്ടികവർഗ്ഗം	118
11.	സഹകരണം, വിഭവസമാഹരണം	124
IV	ഉപസംഹാരം	127

മുഖചിത്രം - മീൻമുട്ടി
ഫോട്ടോ - ദൃശ്യ ജോയി
ലേയൗട്ട് - സുരേഷ് നിറക്കൂട്ട്

ലേസർ ടൈപ്പ് സെറ്റ് ആന്റ് ഡി. റ്റി. പി.
- ക്രേസി ഗ്രാഫോടെക്സ്, പ്ലാമൂട്, തിരുവനന്തപുരം. 4

സിഫ്റ്റ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, തൈയ്ക്കാട്
തിരുവനന്തപുരം-14

വിശേഷാൽ ഗ്രാമസഭകളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ നിർവ്വഹിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി പ്ലാനിംഗ്ബോർഡ് വൈസ്ചെയർമാൻ ശ്രീ. ഐ. എസ്. ഗുലാത്തി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശൈലജാ രാജീവൻ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാർ ശ്രീ. പി. എസ്. ബാജിലാൽ, വികസന സമിതിഅംഗം ശ്രീ. ലക്ഷ്മണൻ പിള്ള തുടങ്ങിയവർ.

നന്ദിയോട് പഞ്ചായത്തിൽ ഉള്ള സാമ്പത്തിക സ്ഥാപനങ്ങൾ, കേന്ദ്രസർക്കാർ, കേരള സർക്കാർ, സ്വകാര്യവ്യക്തി

1. നന്ദിയോട് ഗ്രാമപഞ്ചായത്ത് ഓഫീസ്
2. പാലോട് കെ. എസ് ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ
3. പാലോട് വില്യേജ് ഓഫീസ്
4. കുറുപുഴ വില്ലേജ് ഓഫീസ്
5. പെരിങ്ങമ്മില്ല വില്ലേജ് ഓഫീസ്
5. സി. പി. സി ആർ. ഐ പാലോട്
6. മാവേലി സ്റ്റോർ, നന്ദിയോട്
7. വെറ്റ്നറി ഹോസ്പിറ്റൽ, പാലോട്
8. പി. ഡബ്ലു. ഡി. റോഡ് സെക്ഷൻ ഓഫീസ് പാലോട്
9. സ്റ്റേറ്റ് ബാങ്ക് ഒഫ് ട്രാൻങ്കൂർ, പാലോട്
10. ഇന്ത്യൻ ഓവർസീസ് ബാങ്ക്
11. ഇലട്രിക്കൽ മേജർ സെക്ഷൻ, പാലോട്
12. 11 കെ. വി. സബ് സ്റ്റേഷൻ, പാലോട്
13. ട്രൈബൽ എക്സറ്റൻഷൻ ഓഫീസ്, വാമനപുരം
14. ക്രാഫ്റ്റ് സെന്റർ, പച്ചമല.
15. പി. ഡബ്ലു. ഡി. ബിൾഡിംഗ് സെക്ഷൻ, പാലോട്
16. ക്രിഷി ഭവൻ, നന്ദിയോട്
17. പി. എച്ച്. സി. കല്ലറ
18. ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്, പാലോട്
19. ഗവ: ഹോസ്പിറ്റൽ, പാലോട്
20. ടെലികോം ഓഫീസ്, പച്ച
21. വില്ലേജ് എക്സറ്റൻഷൻ ഓഫീസ്, നന്ദിയോട്
22. ഐ. സി. ഡി. പി. എസ്. സി. നന്ദിയോട്
23. വേറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്
24. പാലോട് പോലീസ് സ്റ്റേഷൻ
25. സി. ഡി. ഐ. ഒ. പാലോട്
26. പോസ്റ്റാഫീസ്, പച്ച
27. പോസ്റ്റാഫീസ്, ഇളവട്ടാ
28. പോസ്റ്റാഫീസ്, പേരയം
29. പോസ്റ്റാഫീസ്, പാലുവള്ളി
30. പോസ്റ്റാഫീസ്, മീൻമുട്ടി
31. പോസ്റ്റാഫീസ്, പനംങ്കോട്
32. റ്റീച്ചർ ട്രൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
33. ഗവ. എൽ. പി. എസ്. കുറുപുഴ

34. ഗവ. എൽ. പി. എസ്. പച്ച

35. ഗവ. എൽ. പി. എസ്. പലോട്

36. ഗവ. യു. പി. എസ്. പാലുവള്ളി

37. എസ്. കെ. വി. എച്ച്. എസ്. നന്ദിയോട്

38. ബി. ആർ. എം. എച്ച്. എസ്. ഇളവട്ടം

39. പഞ്ചായത്ത് എൽ. പി. എസ്. ഇളവട്ടം

40. പഞ്ചായത്ത്. എൽ. പി. എസ്. ചെല്ലഞ്ചി

41. സെന്റ് ജോസഫ് എൽ. പി. എസ്. പാലുവള്ളി

42. ഡി. ബി. എൽ. പി. എസ്. പച്ച

43 നളന്ദ സ്ക്കൂൾ, നന്ദിയോട്

44. നന്ദിയോട് സർവ്വീസ് സഹകരണ സംഘം.

45. ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം.

46. ക്ഷീരോത്പാദക സഹകരണ സംഘം, പച്ച

47. ക്ഷീരോത്പാദക സഹകരണ സംഘം, പാലോട്

48. ക്ഷീരോത്പാദക സഹകരണ സംഘം, കൂറുപുഴ

49. ക്ഷീരോത്പാദക സഹകരണ സംഘം, നന്ദിയോട്

50. ക്ഷീരോത്പാദക സഹകരണ സംഘം, പാലുവള്ളി

51. ബ്ലൂ മൗണ്ട് തീയേറ്റർ, പാലോട്

52. സെൻട്രൽ തീയേറ്റർ, പാലോട്

53. എസ്. കെ. വി. നേഴ്സിംഗ് ഹോം, നന്ദിയോട്

54. ഫസീല ക്ലിനിക്, നന്ദിയോട്

55. ചിന്നു ക്ലിനിക്, നന്ദിയോട്

56. നന്ദിയോട് കേരോൽത്പാദന സഹകരണ സംഘം

57. എൻ. റ്റി. എ. എസ്. ഇ. എസ്. നന്ദിയോട്

58. പെരിങ്ങമല ക്ഷീരോദ്പാദക സഹകരണസംഘം

59. ക്ഷീരോത്പന്ന നിർമ്മാണ വിപണന യൂണിറ്റ്.


77°00'
77°03'
11°57'
11°54'
2 — 5 കി.മീ
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
റോഡുകൾ
നദി
-ഗൂഡല്ലൂർ-


ഇന്ത്യ
കേരളം


കേരളം
തിരുവനന്തപുരം ജില്ല


തിരുവനന്തപുരം ജില്ല
ചിറയിൻകീഴ്
നെടുമങ്ങാട്
തിരുവനന്തപുരം
നെയ്യാറ്റിൻകര
ജില്ലാതിർത്തി
താലൂക്കതിർത്തി
നെടുമങ്ങാട് പഞ്ചായത്ത്

ആമുഖം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം കേരളം ഇന്ന് സാർവത്രികമായി അംഗീകരിച്ചിരിക്കുന്നു. സ്വതന്ത്ര്യാനന്തര ഭാരതത്തിന്റെ കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ ആസൂത്രണ പ്രക്രിയയിലെ അനുഭവങ്ങൾ ഈ ആശയത്തിന് കൂടുതൽ പ്രസക്തി നൽകുന്നു. പിന്നിട്ട എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ രാജ്യം വികസനരംഗത്ത് വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. എന്നാൽ നാടിന്റെ വികസന മേഖലകളിൽ ചെലവാക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ഗുണഫലങ്ങൾ സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല കാരണം, ഇതുവരെയുള്ള പദ്ധതികളെല്ലാം മുകളിൽ നിന്ന് താഴേക്കുള്ള ആസൂത്രണമായിരുന്നു. ഒമ്പതാം പദ്ധതി ആകട്ടെ താഴെ ഗ്രാമത്തിൽ നിന്ന് ആസൂത്രണം ചെയ്യാനാണ് കേരളസർക്കാർ തീരുമാനിച്ചത്. രാജ്യത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ തന്നെ ഇതൊരു പുതിയ അനുഭവമാണ്. കേരളത്തിൽ നിലവിൽ വന്ന 'പഞ്ചായത്തിരാജ്' സംവിധാനം വികസനമേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകാൻ പര്യാപ്തമായി.

മഹാത്മഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമസ്വാരജ്' എന്ന സങ്കല്പത്തിലേക്ക് എത്തിച്ചേരാൻ ഇനിയും നാം അനേകകാതം പിന്നിടേണ്ടതുണ്ട്. കരുത്തനായ നമ്മുടെ മുൻ പ്രധാനമന്ത്രി ശ്രീ രാജീവുഗാന്ധിയുടെ സ്വപ്നമായിരുന്ന പഞ്ചായത്തിരാജ് ശ്രീ. എ. കെ ആന്റണി കേരളത്തിൽ പ്രാവർത്തികമാക്കിയതിന്റെ ഉദ്ദേശം തന്നെ സമ്പൂർണമായ ജനകീയ പങ്കാളിത്തമാണ് ഗ്രാമ സ്വരാജിന്റെ അടിത്തറ എന്നതാണ്. ഈ ദിശയിലൂടെയുള്ള പരീക്ഷണമാണ് കേരളത്തിലിപ്പോൾ നടന്നുവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം.

കേരളം പലപ്പോഴും പലകാര്യത്തിലും ഇന്ത്യക്ക് വഴിക്കാട്ടിയായിട്ടുണ്ട്. 1956 ൽ ഐക്യകേരളം രൂപപ്പെട്ടതിനുശേഷം കേരളത്തിലാദ്യമായി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ ആവിഷ്കരിച്ച വിദ്യഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവും കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ ലഭിച്ച മാറ്റത്തിന് തുടക്കം കുറിച്ചു. ആരോഗ്യ പരിപാലന രംഗത്തും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും മാതൃകാപരമായ നേട്ടങ്ങൾ നാം കൈവരിച്ചു. സക്ഷരതാ യജ്ഞത്തിലൂടെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിന് പുതിയ അർത്ഥവും മാനവും നൽകാൻ നമുക്ക് കഴിഞ്ഞു. പഞ്ചായത്തിരാജും ജനകീയാസൂത്രണ പ്രസ്ഥാനവും വഴി നാടിന്റെ സർവതല സ്പർശിയായ പുരോഗതിയിലേയ്ക്ക് നാം കുതിക്കുകയാണ്.

നന്ദിയോട് പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1991ലാണ്. നൂറ്റമ്പതോളം സന്നദ്ധപ്രവർത്തകരെ രംഗത്തിറക്കി വിവേ ഭൂപട സർവ്വേ നടത്തി വിവേ ഭൂപടം നിർമ്മിച്ചു. ശ്രീ. കെ. രവീന്ദ്രനാഥ് പ്രസിഡന്റ് ആയിരുന്ന ഭരണ സമിതിയുടെ നേതൃത്വത്തിൽ നടന്ന ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സാങ്കേതിക സഹായങ്ങളും നൽകിയത് ശാസ്ത്രസാഹിത്യ പരിക്ഷത്തും സെന്റർ ഫോർ എർത്ത് സയൻസുമാണ്. വികസനരംഗത്ത് 'കല്യാശ്ശേരി മാതൃക' പഞ്ചായത്തൊട്ടാകെ ശ്രദ്ധേയമായതിനെത്തുടർന്ന് കേരളത്തിലെ 22 പഞ്ചായത്തുകളെ തെരെഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. ആക്കുട്ടത്തിൽ നന്ദിയോടു പഞ്ചായത്തും

തെരെഞ്ഞെടുക്കപ്പെട്ടു.

1995ൽ നിലവിൽ വന്ന ശ്രീമതി. ശൈലജാരാജീവന്റെ നേതൃത്വത്തിൽ വന്ന പുതിയ പഞ്ചായത്ത് ഭരണസമിതി രാഷ്ട്രീയ പാർട്ടികളേയും സന്നദ്ധ സാംസ്കരിക പ്രവർത്തകരേയും വിളിച്ചുചേർത്ത് പരിപാടിയുടെ നടത്തിപ്പിനേക്കുറിച്ചാലോചിച്ചു. നൂറോളം സന്നദ്ധപ്രവർത്തകർ പങ്കെടുത്തുകൊണ്ട് നീരൊഴുക്ക് സർവ്വേ പൂർത്തിയാക്കി. തുടർന്ന് 1995 ജൂലൈ 5ാം തിയതി നടന്ന യോഗത്തിൽ വച്ച് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പഞ്ചായത്തു മെമ്പർമാർ എന്നിവർ ഉൾപ്പെടെ 21 അംഗ വികസന സമിതിയെ തെരെഞ്ഞെടുത്തു. ശ്രീമതി ശൈലജാരാജീവൻ ചെയർപേഴ്സണും ശ്രീ. പേരായം ശശി കൺവീനറുമാണ്. തുടർന്ന് 11 വാർഡു വികസന സമിതികളും രൂപീകരിച്ചു. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഭാഗങ്ങളിൽ പ്രത്യേകം പ്രത്യേകം സബ്കമ്മറ്റികൾ രൂപികരിച്ചു. ഈ അവസരത്തിലാണ് കേരളസർക്കാർ ജനകീയാസൂത്രണ പരിപാടിക്ക് രൂപം നൽകുകയും അതിന്റെ ഭാഗത്തുള്ള വിശേഷാൽ ഗ്രാമസഭകളുടെ സംസ്ഥാന തല ഉദ്ഘാടനം നന്ദിയോട് പഞ്ചായത്തിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ 1996 ആഗസ്റ്റ് മാസം 17-ാം തിയതി വിശേഷാൽ ഗ്രാമ സഭകളുടെ സംസ്ഥാന തല ഉദ്ഘാടനം നന്ദിയോട് വച്ചു നടന്നു. അന്നേ ദിവസം തന്നെ പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമ സഭകൾ ചേർന്നു. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും സഹകരിച്ചുകൊണ്ട് സംഘടിപ്പിച്ച ഈ പരിപാടി അക്ഷരാർത്ഥത്തിൽ ഒരു ഗ്രാമോത്സവമായി മാറി. ഗ്രാമസഭകളുടെ സന്ദേശം വിളംബരം ചെയ്തുകൊണ്ട് ഗ്രാമജ്യോതി തെളിച്ചും ദീപശിഖ റാലി നടത്തിയും ജനങ്ങൾ ഈ പരിപാടിയെ സ്വാഗതം ചെയ്തു.

ബഹു. പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി ശൈലജാ രാജീവൻ സ്വാഗതമാസംശിച്ച സമ്മേളനത്തിൽ ബഹു. തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രി ശ്രീ പലൊളി മുഹമ്മദ്കുട്ടി അദ്ധ്യക്ഷം വഹിച്ചു. സമ്മേളനം മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ഉദ്ഘാടനം ചെയ്തു. ജനകീയാസൂത്രണ പ്രസ്താനത്തിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശ സമിതിയുടെ ചെയർമാൻകൂടിയായ ശ്രീ. E. M. S. നമ്പൂതിരിപ്പാട് മുഖ്യ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ A. സമ്പത്ത്. M.P., പിരപ്പൻകോട് മുരളി M.L.A, ജി കാർത്തികേയൻ M.L.A, പാലോട് രവി M.L.A, ജില്ലാ പഞ്ചായത്തു പ്രസിഡന്റ് B. സത്യൻ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ I.S. ഗുലാത്തി സെക്രട്ടറി P. K. ശിവാനന്ദൻ Dr. തോമസ് ഐസക്, ശ്രീ. E.M. ശ്രീധരൻ നമ്പൂതിരിപ്പാട്, Dr. ഇക്ബാൽ, ശ്രീ. ജഗജീവൻ തുടങ്ങി ഒട്ടേറേ പ്പേർ പങ്കെടുത്തിരുന്നു.

ഒട്ടേറേ പരീക്ഷണങ്ങളിലൂടെ കടന്നുപോയ കേരളം ഇന്ന് ഏറ്റെടുത്തിരിക്കുന്ന ഈ മഹത്തായ ജനകീയ യജ്ഞത്തിന്റെ ദീപശിഖാവാഹകരായി മാറാൻ കഴിഞ്ഞതിൽ നന്ദിയോട് ഗ്രാമപഞ്ചായത്ത് നിവാസികളായ നമുക്ക് എന്നുമെന്നും അഭിമാനിക്കാം.

♦ ♦ ♦ ♦ ♦ ♦ ♦

ഭൂപ്രകൃതിയും വിഭവങ്ങളും

മാനവ രാശിയുടെ വികാസത്തിന്റെ പരിണാമദശകളിൽ വിവിധ തരം ആവശ്യങ്ങൾക്കായി പ്രകൃതിയിൽ ലഭ്യമായ വിഭവങ്ങളെ അവൻ ഉപയോഗിച്ചു വരുന്നു. ക്രമാതീതമായ ജനനപ്പെരുപ്പവും വിഭവങ്ങളുടെ അശാസ്ത്രീയമായ ഉപഭോഗവും ഭൂപ്രദേശങ്ങളുടെ വികാസത്തിന് വിഘാതമായി. മണ്ണ്, ജലം, സസ്യാവരണം, മൃഗസമ്പത്ത് എന്നിവയുടെ ഒത്തുചേരുന്ന വ്യവസ്ഥിതിയാണ് ഭൂവിഭാഗങ്ങൾ എന്ന് നാം വിവക്ഷിക്കുന്നത്. ഇവയുടെ ഭൗതിക രാസ പരിണാമ പ്രക്രീയയാണ് ഭൂമിയിൽ മനുഷ്യരാശിയുടെ നിലനിൽപ്പിനാധാരം.

കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും കാലാവസ്ഥയും മൂലം, അടിസ്ഥാനവിഭവങ്ങളായ മണ്ണ്, ജലം, എന്നിവയുടെ സ്ഥിതിയും ക്രമീകരണവും തന്നെ ചെറിയ ഭൂഭാഗങ്ങളിൽ പോലും സമതുലിതമല്ല. സൂക്ഷ്മ തലത്തിൽ ഭൂരൂപങ്ങളും ജലലഭ്യതയും ഗുണമേന്മയും വ്യത്യസ്തമാണ്. പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുക്കാതെ പ്രകൃതിക്കനുയോജ്യമല്ലാത്ത ഭൂവിനിയോഗ രീതികൾ പ്രയോഗിക്കുന്നതിലൂടെ ഭൂ-ജല വിഭാഗങ്ങളുടെ നശത്തിനും ഭൂമിയുടെ ഉല്പാദനക്ഷമത കുറയുന്നതിനും കാരണമാകുന്നു.

വികേന്ദ്രീകൃതാസൂത്രണം ത്വരിതപ്പടുന്നതിന്റെ ഭാഗമായി പ്രാദേശിക വിഭവങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തുവാനും തുടർ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒട്ടേറെ സാധ്യതകൾ നിലവിലുണ്ട്. 1991 ൽ തിരുവനന്തപുരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്, കേരള ശാസ്ത്രസാഹിത്യപരിക്ഷത്ത് എന്നിവയുടെ ആഭിമുഖ്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങ നന്ദിയോട്ട് ആരംഭിച്ചു. എർത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞന്മാർ പഞ്ചായത്തിൽ ക്യാമ്പുചെയ്യുകയും മണ്ണ്, ഭൂപ്രകൃതി, ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവുമായി ബന്ധപ്പെടുത്തി പഠനങ്ങൾ നടത്തുകയും വിവിധ വിഷയങ്ങളിലായി ശാസ്ത്രീയ ഭൂപടങ്ങൾ നിർമ്മിക്കുകയും ചെയ്തു. അതോടൊപ്പം ശാസ്ത്ര സാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് സമിതിയുമായി ചേർന്ന് വിഭവ ഭൂപട നിർമ്മാണവും സൂമൂഹ്യ സാമ്പത്തിക സർവ്വെയും പൂർത്തിയാക്കി.

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കേരളത്തിനെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ 3 ആയി തിരിക്കാം. ഇവയിൽ ഇടനാടിനും മലനാടിനും ഇടയിലായി നന്ദിയോട് പഞ്ചായത്ത് സ്ഥിതെചെയ്യുന്നു. വലിപ്പത്തിൽ സംസ്ഥാനത്തിലെ പഞ്ചായത്തുകളിൽ 202-ാം സ്ഥാത്താണ് നന്ദിയോട് പഞ്ചായത്ത്.

അക്ഷാംശം 76° 59 നും 77°4'E ഉം ഇടയിൽ; തല സ്ഥാന നഗരമായ തിരുവനന്തപുരത്തുനിന്നും 32 കി. മി. വടക്കു കഴക്കുമാറി നന്ദിയോട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഭരണപരമായി പഞ്ചായത്തിൽ 11 വാർഡുകളുണ്ട്. തിരുവനന്തപുരം ചെങ്കോട്ട റോഡ് പഞ്ചായത്തിലൂടെ കടന്നു പോകുന്നു.

പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്തായി പെരിങ്ങമല, കിഴക്കുഭാഗത്തായി വിതുര, തെക്കുകിഴക്കു


77° 00'
77° 03'
നന്ദിയോട് പഞ്ചായത്ത്
വാർഡുകൾ
0 5 കി.മീ.
8° 44'
8° 40'
കല്ലാറ പഞ്ചായത്ത്
പെരിങ്ങമല പഞ്ചായത്ത്
വിതുര പഞ്ചായത്ത്
പനവൂർ പഞ്ചായത്ത്
തൊളിക്കോട് പഞ്ചായത്ത്
ആനാട് പഞ്ചായത്ത്
പഞ്ചായത്തതിർ
വാർഡ്തിർ
റോഡുകൾ
നദി

-വിഭവഭൂപടം -സെക്ടർ-

ഭാഗത്തായി തൊളിക്കോട്, തെക്കുഭാഗത്തായി ആനാട്. പടിഞ്ഞാറുഭാഗത്തായി പനവൂർ വടക്ക്, വടക്ക് പടിഞ്ഞാറ് ഭാഗത്തായി കല്ലറ എന്നീ പഞ്ചായത്തുകളെ അതിരുകളാക്കി 38.85 ച:കി:മീ. ൽ നന്ദിയോട് പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നു. പാലോട് കുറുപ്പുഴ വില്ലേജുകളും പെരിങ്ങമ്മല വില്ലേജിലെ ചില ഭാഗങ്ങളും പഞ്ചായത്തിലുൾപ്പെടുന്നു.

സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം അടിസ്ഥാനമാക്കി 60 മീറ്റർ മുതൽ, 218 മീറ്റർ വരെ വ്യത്യാസത്തിൽ വിവിധ ഭൂരൂപങ്ങൾ സ്ഥിതിചെയ്യുന്നു. 218 മീറ്റർ ഉയരമുള്ള "കടൽ കാണിക്കുന്ന്" ആണ് ഏറ്റവും ഉയർന്ന പ്രദേശം. നെടുംപോങ്ങ്, കാക്കോട്ടുമല, ചെങ്കോട്ടുമല, നാരായണക്കുന്ന്, മണികെട്ടിയമല, എന്നിവയാണ് പ്രധാനപ്പെട്ട കുന്നിൽ പ്രദേശങ്ങൾ.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, ചരിവ് പ്രദേശങ്ങൾ താഴ്വരകൾ എന്നിങ്ങനെ പ്രധാനമായും മൂന്നായി തിരിക്കാം.

ഉയർന്ന പ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ (38.85 ച: കി: മീ) 19% ഉയർന്ന പ്രദേശങ്ങളാണ്. ഇവയിൽ കുന്നിൻ മണ്ടകളും അനേകം മലകളും ഉൾപ്പെടുന്നു. ലാറ്ററൈറ്റിനത്തിൽപ്പെട്ട മണ്ണാണ് കണ്ടുവരുന്നത്. ജലലഭ്യത താരതമ്യേന കുറവാണ്.

ചരിവ് പ്രദേശങ്ങൾ

പഞ്ചായത്തിലെ ചരിവ് പ്രദേശങ്ങളെ ഡിഗ്രി വ്യത്യാസമനുസരിച്ച് പലവിഭാഗങ്ങളായി തരംതിരിക്കാം. കുത്തനെയുള്ള ചരിവ് (27 ൽ കൂടുതൽ) മിതമായ കുത്തനെയുള്ള ചരിവ് 18 മുതൽ 27 ഡിഗ്രി വരെ), ചെറുകുത്തനെയുള്ള ചരിവ് (10 മുതൽ 18 ഡിഗ്രവരെ) ചെറുചരിവ് (5 ഡിഗ്രിക്കു താഴെ) എന്നിവയാണ് പ്രധാന ചരിവ് പ്രദശങ്ങൾ. വെട്ടുകൽമണ്ണ്, ചരൽമണ്ണ്, ചെമ്മണ്ണ് എന്നിവ കാണപ്പെടുന്നു. മിതമായ തോതിൽ ജലം ലഭിക്കുന്നു. വിവിധയിനം കാർഷിക വിളകളുണ്ടെങ്കിലും റബ്ബർ പ്രധാന കൃഷിയാണ്. ആകെ വിസ്തൃതിയുടെ 60% ശതമാനം ചരിവ് പ്രദേശങ്ങളാണ്.

താഴ്വാര പ്രദേശങ്ങൾ

പാടശേഖരങ്ങൾ താഴ്വര പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. എക്കൽ മണ്ണാണ് കണ്ടുവരുന്നത്. ജലലഭ്യത താരതമ്യേന കൂടുതലാണ്. നെൽകൃഷി ഇടവിളകൾ എന്നിവ പ്രധാനമായും കൃഷി ചെയ്യുന്നു.

ആകെ വിസ്തൃതിയുടെ 2% ഈ വിഭാഗത്തിലുൾപ്പെടുന്നു. ഭൂവിഭാഗങ്ങളുടെ വിശദവിവരം പട്ടികയായി ചേർത്തിരക്കുന്നു.

ഭൂവിഭാഗങ്ങൾ	വിസ്തീർണ്ണം
കുന്നിൻമണ്ട	0.02
മലകൾ (ഉയർന്ന പ്രദേശങ്ങൾ)	7.32
കുത്തനെയുള്ള ചരിവ് (>.27°)	0.36
മിതമായ കുത്തനെയുള്ള ചരിവ് (18°–27°)	3.14
ചെറുകുത്തനെയുള്ള ചരിവ് (10–18°)	11.45
മിതമായ ചരിവ് (5–10)	4.57
ചെറു ചരിവ് (< 5°)	3.59
താഴ്വര	8.40
ആകെ	38.85

അവലംബം വിഭവ ഭൂപടം – സെസ്സ്

നദീതടം

വാമനപുരം നദിയുടെ നദീതട പ്രദേശങ്ങളാണ് പഞ്ചായത്തലധികവും. നദിയുടെ സ്വാധീനം ഭൂപ്രകൃതിയെയും മണ്ണിന്റെ ഘടനയെയും ജലലഭ്യതയെയും സ്വാധീനിക്കുന്നുണ്ട്.

മണ്ണിനങ്ങൾ

പഞ്ചായത്തത്തിൽ പ്രധാനമായും ലാറ്ററൈറ്റ് വിഭാഗത്തത്തിൽപ്പെട്ട മണ്ണിനങ്ങളും എക്കൽ മണ്ണും കണ്ടുവരുന്നു. ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും ലാറ്ററൈറ്റ് മണ്ണിന്റെ വക ഭേദങ്ങളായ ചെമ്മണ്ണ്, ചരൽ മണ്ണ് എന്നിവ കാണാവുന്നതാണ്. താഴ്വാര പ്രദേശങ്ങളിലും നദീതടങ്ങളിലും എക്കൽ മണ്ണാണുള്ളത്. നദിയുടെ വെള്ളം കയറുന്ന പ്രദേശങ്ങളിൽ എക്കൽ മണ്ണിന്റെ വർദ്ധിച്ച അളവ് കാണാവുന്നതാണ്. കോളുവിയം (collovium) ഇനത്തിൽപ്പെട്ട മണ്ണും ചെറിയതോതിൽ കാണുന്നുണ്ട്. ചാരം, കറുപ്പ്, ബ്രൗൺ എന്നീ നിറങ്ങളാണ് മണ്ണിനുള്ളത്.

ധാരാളം പാറമടകളും ഒറ്റപ്പെട്ട പാറക്കെട്ടുകളും പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. ചാർണക്കൈറ്റ്, കോൺഡലൈറ്റ്, (ചാർണക്കൈറ്റ്, ഗ്രാം ഫൈറ്റ് ഉൾപ്പെടെ), ലൈപ്റ്റി നൈറ്റ്, ഡൈയ്ക്ക് എന്നിവയാണ് പ്രധാനപാറയിനങ്ങൾ.

മൺ തരങ്ങളുടെ ഇനവും വിസ്തൃതിയും ചുവടെ ചേർക്കുന്നു.

മൺതരങ്ങൾ	വിസ്തൃതി (ച: കി:മി:)
ലാറ്ററൈറ്റ്	30.45
എക്കൽ മണ്ണ്	8.40
ആകെ	38.85



- വിഭവഭൂപടം- സെന്റ്-



- വിഭവഭൂപടം - മൺതരങ്ങൾ -

അവലംബം: വിഭാവഭൂപടം - സെസ്സ്

കാലാവസ്ഥ

മലനാട് കാർഷിക മേഖലയിലുൾപ്പെടുന്ന പഞ്ചായത്തിൽ മൺസൂൺ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ജൂൺ, ജൂലൈ, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ നല്ലതോതിൽ മഴലഭിക്കുന്നുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ചെറിയ തോതിൽ മഴ ലഭിക്കുന്നുണ്ട്. ശരാശരി 2497 മി:മി: മഴ കിട്ടുന്നുണ്ട്. ശരാശരി താപനില 31°C മുതൽ 34°C വരെയാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നത്. വർഷത്തിൽ 120 മുതൽ 160 ദിവസം വരെ മഴ ലഭിക്കുന്നുണ്ട്. അതിശക്തമായ കാലവർഷവും മഴയും അനുഭവപ്പെടുന്നുണ്ട്.

ജലവിഭവം

പ്രകൃതിയുടെ വരദാനമായ വാമനപുരം നദി നമ്മുടെ ഗ്രാമത്തിന്റെ വടക്കു ഭാഗത്തുകൂടി ഒഴുകുന്നു. ഉപരിതല ജലസ്രോതസ്സുകളായ നീരുറവകൾ, കുളങ്ങൾ, ജലാശയങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ ജലസമ്പത്ത്. 10 പൊതു കിണറുകൾ ഉൾപ്പെടെ 41 കുളങ്ങൾ പഞ്ചായത്തിലുണ്ട്. എല്ലാ വാർഡുകളിലുമായി 12 ഓളം നീരുറവകളുണ്ട്

പൊതുകുളങ്ങൾ	10
സ്വകാര്യകുളങ്ങൾ	31
ആകെ	41

അവലംബം വിഭവ ഭൂപടം - സെസ്സ്

പഞ്ചായത്തിൽ ധാരാളം തോടുകളുണ്ട്. വഞ്ചുവം തോടാണ് അവയിൽ പ്രധാനം. തോടുകളെല്ലാം തന്നെ വാമനപുരം നദിയിൽ എത്തിച്ചേരുന്നു. പഞ്ചായത്തിലാകെ 72 കിലോമീറ്റർ തോടുകളുണ്ട്.

തോടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ ശരാശരി വർഷപാതം 2497മി.മീ. ആണ്. പ്രാധാനമായും മഴയെ ആശ്രയിച്ചാണ് ജലസമ്പത്ത് നിലനിൽക്കുന്നത്. ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ജൂൺ-ജൂലൈ മാസങ്ങളിലാണ്. ഏറ്റവും കുറവ് മാർച്ച്- ഏപ്രിൽ മാസങ്ങളിലാണ്.

പഞ്ചായത്തിന്റെ ഏറിയഭാഗത്തും ശുദ്ധജലം ലഭിക്കുന്നു. കിണറുകളാണ് പ്രധാനമായും ഉപയോഗിച്ച് വരുന്നത്

ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ ജല ലഭ്യതയുടെ അളവ് കുറവാണ്. താഴ്വരപ്രദേശങ്ങളിൽ ജല ലഭ്യതയുടെ അളവ് കൂടുതലാണ്.

ജലലഭ്യത അടിസ്ഥാനമാക്കി പഞ്ചായത്തിനെ വിവിധ മേഖലകളായി തരംതിരിക്കാം.

1. ഉയർന്ന നിരക്കിൽ ജലം ലഭിക്കുന്നവ
2. മിതമായ നിരക്കിൽ ജലം ലഭിക്കുന്നവ
3. താഴ്ന്ന നിരക്കിൽ ജലം ലഭിക്കുന്നവ.
4. വരണ്ട പ്രദേശങ്ങൾ.

പ്രധാനപ്പെട്ട തോടുകൾ

1. വട്ടപ്പൻകോട്-പാലുവള്ളി പച്ച പുലിയൂർ-പാലോട് വാമനപുരം നദിയിൽ ചേരുന്നു. ദൂരം 6 കി.മി.
2. പൊരിയക്കാട്-പനവന്തൂർ-പച്ച 5കി.മീറ്റർ
3. ഓരുക്കുഴി-പച്ച ദൂരം 1 കി. മീറ്റർ
4. വാഴപ്പാറ-പച്ച ദൂരം 1.5 കി. മീറ്റർ
5. ആലുംകുഴി പവ്വത്തൂർ പച്ച-വാമനപുരം നദിയിൽ ചേരുന്നു. 8 കി. മീറ്റർ ദൂരം
6. ഭദ്രംവച്ചപാറ-പൊട്ടൻചിറ വാമനപുരം നദിയിൽ ചേരുന്നു. 3 കി. മീറ്റർ
7. നദിയോട് പ്ലാവറ പാലോട് ദൂരം 2 കീ. മീറ്റർ
8. ആലുവിള കള്ളിപ്പാറ സത്രക്കുഴിത്തോട് വാമനപുരം നദിയിൽ ചേരുന്നു. ദൂരം 2.5കീ. മീറ്റർ
9. നന്ദിയോട് ആലംപാറ തോട്ടുമുക്ക് കടുവാപ്പാറ വാമനപുരം നദിയിൽ ചേരുന്നു. ദൂരം 5 കി. മീറ്റർ
10. ചെക്കോണം വലിയ താന്നിമൂട് കൊച്ചുതാന്നിമൂട് ആലംപാറ ദൂരം 5 കീ. മീറ്റർ
11. പച്ചമല വെള്ളൂർക്കോണം വഞ്ചുവംതോട് ദൂരം 3.5കീ. മീറ്റർ.
12. വലിയതാന്നിമൂട് ഇളവട്ടം കുറുപുഴ വഴി വഞ്ചുവം തോട് 5 കീ. മീറ്റർ
13. താളിക്കുന്ന് പേപ്പാറ ഏറെപേരയം തോട് വാമനപുരം നദിയിൽ ചേരുന്നു ദൂരം 2 കി. മീറ്റർ
14. പാലുവള്ളി തോട്ടുമുക്ക് കടുവാപ്പാറ 2.5കീ. മീറ്റർ
15. പാലുവള്ളി മീൻമുട്ടി വാമനപുരം നദി 1കീ. മീറ്റർ
16. കുടുവനാട് പൊടിക്കലം ആറ്റുംപുറം നദി 2 കീ. മീറ്റർ
17. പേരയം പൊടിക്കലം ആറ്റുംപുറം നദി 2 കീ. മീറ്റർ
18. ചെല്ലഞ്ചി സപ്തപുരം വാമനപുരം നദി 2 കി. മീ.
19. പേരയം ആലുംകുഴി മുള്ളിഏല ആനകുളം 3 കി. മീറ്റർ
20. പേപ്പാറ ഏറെപേരയം പുള്ളി ഏല ആനക്കുളം 2.5കി. മീറ്റർ
21. വഞ്ചുവം ചെമ്പകൻകോട് പനയമുട്ടം ആറ്റുംപുറം നദി 10.കി. മീറ്റർ

അവലംബം - വിഭവ ഭൂപടം - സെസ്സ് -


77° 00'
77° 03'
ജലലഭ്യത
വ
പഞ്ചായത്തതിർത്തി
മഴക്കാലത്ത് ജലം ലഭിക്കുന്ന പ്രദേശങ്ങൾ
മിതമായ " "
താഴ്ന്ന " "
വരണ്ട പ്രദേശങ്ങൾ
കുളങ്ങൾ
നീരുറവകൾ

നിലവിലുള്ള കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കൽ, വശങ്ങൾ കെട്ടി സംരക്ഷിക്കൽ എന്നിവയിലൂടെ പഞ്ചായത്തിലെ കുളങ്ങളെ മഴ വെള്ള സംഭരണികളായി നിലനിർത്തേണ്ടതാണ്. തോട്ടങ്ങളുടെ പരിപാലനം, കിണറുകളുടെ ആഴം വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

ഭൂഗർഭജലം

ഉപരിതല ജലസ്രോതസ്സുപോലെ തന്നെ ഭൂഗർഭ ജലസമ്പത്തിന്റെ തോത് വർദ്ധിപ്പിക്കേണ്ടതും അനിവാര്യമായ ഘടകമാണ്. ഭൂഗർഭ ജലത്തിന്റെ ഉറവിടം ഉപരിതല ജലം തന്നെയാണ്. ലഭ്യമായ മഴയുടെ ഒരു ഉവുവരെയുള്ള ജലം ഭൂമിക്കടിയിൽ ആഴ്ന്നിറങ്ങിയാണ് ഭൂഗർഭ ജലമായി കാണുന്നത്. നീർത്തട പദ്ധതികൾ ആവിഷ്കരിച്ച് നമ്മുടെ ഗ്രാമത്തിൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പഞ്ചായത്തിലെ വിവിധ ഭൂപ്രദേശങ്ങളിൽ ആഴ്ന്നിറങ്ങുവാനുള്ള പരിപാടികളുണ്ടാവണം.

ഭക്ഷ്യോൽപന്നങ്ങളുടെ ഉൽപാദനത്തിനും കുടിവെള്ളത്തിനുമായി ധാരാളം ജലം നമ്മുക്കാവശ്യമുണ്ട്. പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേഗതകൾ കാരണം പെയ്യുന്ന മഴയുടെ ഭൂരിഭാഗവും മണിക്കൂറുകൾക്കകം തോടുകളിലും നദികളിലും ചേരുന്നു. വരണ്ട മാസങ്ങളിലാവശ്യമായ ജലം സംഭരിച്ചു നിർത്തുവാൻ കഴിയണം.

ഉപരിതലത്തിലും ഭൂഗർഭത്തിലും ശേഖരിക്കുന്ന ജലം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മഴക്കാലത്ത് ലഭിക്കുന്ന മഴ പൂർണമായും സംരക്ഷിക്കപ്പെടണം. ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിച്ചാൽ ജലക്ഷാമത്തിൽനിന്നും ഗ്രാമത്തെ രക്ഷിക്കുവാൻ കഴിയും.

മഴക്കാലത്ത് ഉയർന്ന പ്രദേശങ്ങളിലും ചരിഞ്ഞ പ്രദേശങ്ങളിലും പറമ്പുകളിലും കുഴികൾ എടുത്തും തടയണകൾ അടിയണകൾ എന്നിവ നിർമ്മിച്ചും പരമാവധി ജലം സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കുവാനും ജലസമ്പത്ത് വർദ്ധിപ്പിക്കുവാനും ആവശ്യമായ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് ജലപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.

മനുഷ്യവിഭവം

മനുഷ്യൻ ഭൂമിക്ക് ഭാരമോ? ഒരിക്കലുമല്ല, അല്ലെങ്കിൽ ഒരിക്കലും അങ്ങനെ ആകരുത്. വിഭവങ്ങളെ രൂപാന്തരപ്പെടുത്തുക മാത്രമല്ല, അവയെ ഉപഭോഗിക്കുന്നതും മനുഷ്യൻ തന്നെയാണ്. മനുഷ്യ ശക്തിയാണ് പ്രകൃതി വിഭവങ്ങളെ ജീവിതോല്പന്നങ്ങളാക്കി പരിണമിപ്പിക്കുന്നത്. മനുഷ്യ വിഭവ സമ്പന്നമാണ് കേരളം, കേരളത്തിന്റെ ജനസംഖ്യ 1990–91 ൽ 290 ലക്ഷമായിരുന്നത് 2000– ആണ്ടിൽ 342 ലക്ഷം ആകുമെന്നു കരുതുന്നു.

1991–ലെ കനേഷുമാരി പ്രകാരം നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യ 26,064 ആണ്. അവയിൽ 12,589 പുരുഷൻമാരും 13,475 സ്ത്രീകളുമാണ്. പട്ടികജാതി ജനസംഖ്യ 3,068 ആണ്. ഇവയിൽ 1,465 പുരുഷൻമാരും 1,603 സ്ത്രീകളുമാണ്. പഞ്ചായത്തിലാകെ 5,900 കുടുംബങ്ങളുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 670 ആണ്. കേരളത്തിലെ ജനസാന്ദ്രതയെക്കാൾ കുറവാണിത്. (കേരള ജനസാന്ദ്രത 1981 ലെയും 1991 ലേയും ജനസംഖ്യ താരതമ്യം – 749)

വർഷം	ആകെ ജനസംഖ്യ	പുരുഷൻ	സ്ത്രീ	ജനസാന്ദ്രത
1981	23109	11356	11753	595
1991	26064	12589	13475	670

– അവലംബം സെൻസസ്സ് റിപ്പോർട്ട്

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 82% പുരുഷന്മാരും 77 % സ്ത്രീകളും സാക്ഷരരാണ്. 1991ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിലാകെ 3157 കുട്ടികളുണ്ട്.

പഞ്ചായത്തിൽ കാർഷികമേഖലയിലും കാർഷികേതര മേഖലകളായ ചെറുകിട വ്യവസായം, സർവ്വീസ് രംഗം എന്നീ മേഖലകളിലും ജനങ്ങൾ പണിയെടുക്കുന്നു.

സ്ത്രീകളുടെ വരുമാനം മാത്രം ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളുമുണ്ട്. വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന ധാരാളം ആളുകൾ പഞ്ചായത്തിലുണ്ട്. അവരുടെ മൂലധനം നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും തൊഴിൽ സൃഷ്ടിക്കുമായി തിരിച്ചുവിടാവുന്നതുമാണ്.

വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തു മുന്നിലാണ്. പഠനനിലവാരത്തിൽ ശ്രദ്ധപതിയേണ്ടതാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്.

വർദ്ധിച്ചു വരുന്ന ജനസംഖ്യ തൊഴിലില്ലായ്മ, കാർഷിക ഉൽപാദനകളിലെ മുരടിപ്പ് എന്നിവ നമ്മുടെ മുന്നിലെ പ്രശ്നങ്ങളാണ്. വിഭവങ്ങൾ പരിമിതവും ആവശ്യങ്ങൾ അനന്തവുമാവുമ്പോൾ ആസൂത്രണത്തിന് പ്രധാന്യം കൈവരുന്നുവെങ്കിലും ലഭ്യമായ വിഭവങ്ങളുടെ ശാസ്ത്രീയ ചൂഷണത്തിലൂടെ പരമാവധി സാധ്യതകൾ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന ആത്മ പരിശോധന നടക്കേണ്ടതല്ലെ?

നമ്മുടെ മണ്ണിൽ കനകം വിളയിപ്പിച്ചത് നാം തന്നെയല്ലെ? ഒരറ്റത്ത് തൊഴിലില്ലായ്മ, മറുപുറമോ, തൊഴിലെടുക്കുവാൻ ആളെക്കിട്ടുന്നില്ലയെന്നുള്ള മുറവിളിയും.

നമുക്ക് ലഭിച്ചിട്ടുള്ള പ്രകൃതി വിഭവങ്ങളെ ശാസ്തീയമായി വിനിയോഗിച്ചാൽ പ്രശ്നങ്ങൾക്കു പരിഹാരമാവും.


1996 ൽ നന്ദിയോട് ലഭിച്ച മഴ - മില്ലിമീറ്ററിൽ
- ജനുവരി മുതൽ ജൂൺ വരെ -
600
500
400
300
200
100
മില്ലിമീറ്റർ
24.2
22
44.6
463.6
534
410.2
ജനുവരി
ഫെബ്രുവരി
മാർച്ച്
ഏപ്രിൽ
മെയ്
ജൂൺ
- CPCRI DATA -
- CESS -


നീർത്തടഭൂപടം
പഞ്ചായത്തതിർത്തി
നദി
നീർത്തടരേഖ
- നീർത്തടഭൂപടം തയ്യാറാക്കിയത് -

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ, നമ്മുടെ പ്രകൃതി വിഭവങ്ങൾ എന്നിവയുടെ സമരസപ്പെടലിലൂടെ പുതിയൊരു മാനവവികസനപാത തെളിയേണ്ടതാണ്.

പഞ്ചായത്തിലെ തൊഴിൽ രഹിതർ ഉൾപ്പടേയുള്ളവരുടെ അദ്ധ്വാന ശേഷിയും ആത്മാർത്ഥതയും



കൈമുതലാക്കി നമുക്ക് മനുഷ്യവിഭവങ്ങളുടേയും പ്രകൃതി വിഭവങ്ങളുടേയും സമന്വയത്തിലൂടെ വികസനത്തിന്റെ പുത്തൻ ശ്രേണികൾ കീഴടക്കാം.

പരിസ്ഥിതി അവലോകനം

ഭൂപ്രകൃതി, ഭൂമിയുടെ ചരിവ്, ജലലഭ്യത മണ്ണ്, ഭൂവിനിയോഗം, എന്നിവയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ വിവിധ പരിസ്ഥിതി മേഖലകളായി തിരിക്കാം. ഇവയിൽ ഒരോ മേഖലയിലും വ്യത്യസ്ഥങ്ങളായ പരിസ്ഥിതി പ്രശ്നങ്ങളും കാണാവുന്നതാണ്.

പരിസ്ഥിതി മേഖല 1:

ഉയർന്ന ഭൂപ്രദേശങ്ങളാണ് ഈ വിഭാഗത്തിലുൾപ്പെടുന്നത് കുന്നിൻ മണ്ടകളും, മലനിരകളും

ചെറുകുന്നുകളും ഉൾപ്പെടുന്ന മേഖലയാണിത്. കടലു കാണികുന്നുകൾ ഉൾപ്പെടെ 30ഓളം കുന്നുകൾ പഞ്ചായത്തിലുണ്ട്. ലാറ്ററൈറ്റ് മണ്ണാണ് പ്രധാനമായും ഉള്ളത്. ജലലഭ്യതയുടെ അളവ് വളരെക്കുറവാണ്. കിണറുകൾക്ക് ആഴം വളരെ കൂടുതലാണ്. റബ്ബർ, മിശ്രിത മരങ്ങൾ എന്നിവയാണ് പ്രധാന കൃഷികൾ. ധാരാളം തരിശും പാറപ്രദേശങ്ങളും കാണാവുന്നതാണ്. മണ്ണൊലിപ്പു സാധ്യതാ പ്രദേശങ്ങളാണ്. ആകെ വിസ്തൃതിയുടെ 19% ഈ വിഭാഗത്തിലുൾപ്പെടുന്നു. ഭൂമിയെത്തട്ടുകളായി തിരിച്ച് മണ്ണൊലിപ്പിനെ തടയേണ്ടതാണ് തരിശു പ്രദേശങ്ങൾ കൃഷിക്കനുയോജ്യമാകേണ്ടതാണ്. അശാസ്ത്രീയ പാറപൊട്ടിക്കൽ മൂല മുണ്ടാകുന്ന പ്രശ്ന പരിഹാരത്തിനായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

നീർമറിയിലൂടെയുള്ള സംയോജിത ആസൂത്രണത്തിനും അതിന്റെ നടപ്പാക്കലിനും പദ്ധതികൾ ഉണ്ടാകേണ്ടതാണ്.

പരിസ്ഥിതിമേഖല 2:

പഞ്ചായത്തിലെ ചെരിവ് പ്രദേശങ്ങൾ ഉൾപ്പെടുന്ന മേഖലയാണിത്. ചരിവിനെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ വിവിധങ്ങളായിതരം തിരിക്കാവുന്നതാണ്. വളരെ കുത്തനെയുള്ള ചരിവ് മിതമായ ചരിവ്, ചെറുചരിവ് എന്നിവ് എന്നിവയാണ് പ്രധാന വിഭാഗങ്ങൾ. V ആകൃതിയിലുള്ള താഴ്വാരങ്ങൾ ചരിവു പ്രദേശങ്ങളുമായി ചേർന്ന് കാണപ്പെടുന്നു. 5° മുതൽ 27° ക്ക് മുകളിൽ വരെചരിവ് പ്രദേശങ്ങൾ ഉൾപ്പെടുന്നു. ലാറ്ററൈറ്റ്, ചരൽമണ്ണ്. എന്നിവ വ്യാപകമായികണ്ടുവരുന്നു. ജലലഭ്യത കുറവാണ്. പ്രധാനമായും റബ്ബർ, മിശ്രിതമരങ്ങൾ എന്നിവ കൃഷിചെയ്യുന്നു. മണ്ണൊലിപ്പ് വളരെ കൂടുതലായതിനാൽ ഫല ഭൂവിഷ്ടമായ മേൽ മണ്ണ്നഷ്ടപ്പെടുന്നുണ്ട്. മണ്ണിടിച്ചിൽ മലഞ്ചരിവിലെ റോഡുകളുടേയും പാതകളുടേയും നാശം, മണ്ണൊലിപ്പ് പാറപ്പൊട്ടിക്കൽ എന്നിവയും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

വിവിധ നീർമറിപ്രദേശങ്ങളായി തിരിച്ച് പ്രത്യേകമായിട്ടുള്ള ശാസ്ത്രീയഭൂവിനിയോഗരീതികൾ അവലംബിക്കേണ്ടതാണ്. തട്ടുകളായിത്തിരിച്ച് ചെയ്യുന്ന കോണ്ടൂർ കൃഷിരീതി. മണ്ണൊലിപ്പു സാധ്യത പ്രദേശങ്ങളിൽ ബണ്ടുകൾ, തടയണകൾ, സസ്യാവരണം വർദ്ധിപ്പിക്കൽ, പുല്ലു വച്ചു പിടിപ്പിക്കൽ തുടങ്ങിയ ലളിതമായ മാർഗ്ഗങ്ങളിലൂടെ ഈ മേഖലയെ സംരക്ഷിക്കേണ്ടതാണ്. ഉപയോഗശൂന്യമായ പാറമടകൾ ജല സംഭരണികളായി മാറ്റാവുന്നതാണ്. ആകെ വിസ്തൃതിയുടെ 60% ഈ വിഭാഗത്തിലുൾപ്പെടുന്നു. വളരെ അധികം മണ്ണൊലിപ്പ് സാധ്യതയുള്ള ഈ പ്രദേശങ്ങളിൽ മരിച്ചീനി കൃഷി നിയന്ത്രിക്കേണ്ടതാണ് . മഴവെള്ളം സംഭരിക്കുവാനായി കുഴികൾ, തടയണകൾ

എന്നിവ ഉണ്ടാക്കേണ്ടതാണ്.

നീർമറിപ്രദേശങ്ങൾ തരംതിരിക്കുകയും വികസന പരിപാടികൾ ആവിഷ്കരിക്കുകയും വേണം. ശാസ്ത്രീയമായ ഭൂവിനിയോഗരീതികളിലൂടെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നീർ മറി പ്രദേങ്ങളുടെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തി ഈ മേഖല-സംരക്ഷിക്കേണ്ടതാണ്.

പരിസ്ഥിതി മേഖല 3:

പഞ്ചായത്തിലെ ആകെ വിസ്ത്രീതിയുടെ 21% പ്രദേശങ്ങളും ഈ മേഖലയിലുൾപ്പെടുന്നു. താഴ്വരകളും പാടശേഖരങ്ങളും ഈ മേഖലയിലാണ്. എക്കൽ മണ്ണ് ധാരാളമായികാണുന്നുണ്ട്. ജലലഭ്യത താരതമ്യേന കൂടുതലാണ്. നെല്ല് പ്രധാനമായും കൃഷിചെയ്യുന്നു. ഇടവിളകളും കൃഷിചെയ്യുന്നുണ്ട്. വ്യാപകമായ തോതിൽ വയൽ നികത്തൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കാണാവുന്നതാണ്. 1970-ൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന 3ലക്ഷം ഹെക്ടർ നെൽപ്പാടങ്ങൾ ഇപ്പോൾ 5.6ലക്ഷം ഹെക്ടറായി കുറഞ്ഞു. പാടശേഖരം നികത്തൽ മൂലം നെല്ലുൽപ്പാദനം കുറയുകമാത്രമല്ല ഭൂപ്രദേശങ്ങളുടെ ജലലഭ്യതയേയും ഡ്രെയിനേജ് സൗകര്യങ്ങളേയും കുറയ്ക്കുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ തന്നെ പാടശേഖരം നികത്തലിനെതിരെ ശക്തമായ നടപടികൾ ഉണ്ടാകേണ്ടതാണ്. പാടശേഖരങ്ങളിലെ മണ്ണ് ഇഷ്ടിക നിർമ്മാണത്തിനായി വ്യാപകമായി കുഴിച്ചെടുക്കുന്നുണ്ട്. നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മണ്ണൊലിപ്പ് സാധ്യത കുറവാണ്. തോടുകൾ ധാരാളമായി ഈ മേഖലയിൽ കാണാവുന്നതാണ്. തോടുകളിൽ നിന്ന് മണലൂറ്റലും വശങ്ങൾ ഇടിച്ചിലും പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്നു. തോടുകളുടെ ആഴം കൂട്ടിയും വശങ്ങൾ സംരക്ഷിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. ധാരാളം ജലസംഭരണികളും (കുളങ്ങൾ), അരുവികളും, ജലാശയങ്ങളും, നീരുറവകളും കാണപ്പെടുന്ന ഈ മേഖലയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തോടുകളിലും പറമ്പുകളിലും തടയണകൾ, അടിയണകൾ എന്നിവ നിർമ്മിക്കുക. കിണറുകൾക്ക് സമീപം വലിയ കുഴികളെടുത്ത് ജലം സംഭരിക്കുക, തട്ടുകളായി തിരിച്ച് ജലം അതാതു പ്രദേശങ്ങളിൽ ആഴ്ന്നിറങ്ങുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക. ചപ്പുചവറുകളും സസ്യാവരണവും കൂട്ടിച്ചേർത്ത് ജലാഗിരണത്തിനുള്ള പ്രാദേശീക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വഞ്ചുവം- കൊന്നമുട്, കുറുന്താളി തുടങ്ങിയ ഭാഗങ്ങളിലെ ചതുപ്പുകൾ കൃഷിക്കനുയോജ്യമാക്കേണ്ടതാണ്.

നീർമറിപ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗ രീതികൾ അവലംബിക്കേണ്ടതാണ്.

പഞ്ചായത്തിലെ കൃഷിനാശത്തിന് മറ്റൊരു പ്രധാനകാരണം പന്നിശല്യമാണ്. അവ നിയന്ത്രിക്കേണ്ടതും കൃഷി സംരക്ഷിക്കേണ്ടതുമാണ്.

നദീതടം

പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന വാമനപുരം നദി നമ്മുടെ നാടിന്റെ സമ്പത്താണ്. വർഷകാലത്ത് പലപ്പോഴും നാം ഈ നദിയെ ശപിക്കാറില്ലേ? വെള്ളപ്പൊക്കവും, കൊല്ലപ്പെടലും നാമെത്ര കണ്ടു. അശാസ്ത്രീയമായ മണലൂറ്റലും മണലൂറ്റിന്റെ പേരിൽ നദിയുടെ തീരമിടിക്കുന്നതും നദിയുടെ സമീപത്തെ പാടശേഖരങ്ങളിലെ അനിയന്ത്രിതമായ ചെളിമാറ്റലും വെള്ളപ്പൊക്കത്തിന്റെ ആക്കം കൂട്ടുവാൻ കാരണമായില്ലേ? വ്യാപകമായ വനനശീകരണവും കൂടിയാകുമ്പോൾ ചിത്രം വ്യക്തമാകുന്നുണ്ട്.

നാടിന്റ സമ്പന്നതയ്ക്കും കാർഷികാഭിവൃദ്ധിക്കുമായി നദിയെ മാറ്റേണ്ടതാണ്. നദീതട സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ചെല്ലഞ്ചി പോലുള്ള പ്രദേശങ്ങൾ അടിയന്തിരമായി സംരക്ഷിക്കേണ്ടതാണ്. മണലൂറ്റലും തീരമിടിക്കലും നിയന്ത്രിക്കേണ്ടതാണ്. നദീതീരം സംക്ഷിക്കുന്നതിനുനാവശ്യമായ പ്രാദേശിക പരിപാടികളും ബോധവൽക്കണവും ഏറ്റെടുക്കേണ്ടതാണ്.

ആവശ്യമായ treatment plant കൾ ഉണ്ടെങ്കിലും അവ ഉപയോഗിക്കാതെ പൊൻമുടി റബ്ബേഴ്സ് മലിന ജലം വാമനപുരം നദിയിലേയ്ക്ക് ഒഴിക്കി വിടുന്നതു കാരണം പരിസര മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു. വർഷകാലത്ത് ഗ്രാമത്തിലെ കൃഷിക്ക് നാശമുണ്ടാവാതിക്കുവാനും വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും, ദീർഘകാലടിസ്ഥാനത്തിൽ പദ്ധതികൾ ഉണ്ടാവണം.

ഭൂവിനേ സംരക്ഷണം, വികസനം, പരിസ്ഥിതി അനുയോജ്യമായ പദ്ധതികൾ, ബോധവല്കരണം, നിയമനടപടികൾ, നീർമറി വികസനപദ്ധതികൾ, എന്നീ വയിലൂടെ നമ്മുടെ ഗ്രാമത്തിന്റെ പ്രതാപവും, കാർഷികാഭിവൃദ്ധിയും പരിപോക്ഷിപ്പിക്കുവാൻ ജനകീയാസൂത്രണത്തിലൂടെ പരിശ്രമിക്കാം.

❖ ❖ ❖ ❖ ❖ ❖ ❖

ലഭിച്ച മഴ കഴിഞ്ഞ വർഷങ്ങളിൽ

വർഷം	ജനു.	ഫെ.	മാ	ഏ	മെ	ജൂ	ജൂലൈ	ആഗ	സെപ്	ഒക്	നവ	ഡിസ	ആകെ
1990	43.4	-	108.4	68.8	341	275.6	354.6	125.6	33.8	465.4	270.6	39.8	
1991	21.4	21.4	119.4	246.4	279.9	1187.8	805.2	226.2	33.8	427.7	262.3	13.6	
1992	316	-	-	118.8	463	479.3	410.2	195.6	286.9	490.8	446.4	17.8	
1993	-	35.2	55.5	251.5	348.8	434	491.6	186.8	161.6	487	355.8	74	
1994	24.4	100.8	10.6	187.2	152	357.8	404.6	360	251.6	517.6	222	23.8	
1995	15	16	199	243	367	274.4	308.6	349.8	217	227.8	273.8	35	
1996	24.2	22	44.6	463.6	534	410.2							

-അവലംബം CPCRI പാലോട്

താപനില കഴിഞ്ഞ വർഷങ്ങളിൽ

വർഷം		ജനു.	ഫെ.	മാ.	ഏ.	മെ.	ജൂ.	ജൂലൈ	ആഗ.	സെപ്.	ഒക്.	നവ.	ഡിസ.	ആ
കൂടിയത്	1990	32.4	35.2	35.4	34.5	31.8	30.2	29.6	30	32	31.8	29.8	32.6	
കുറഞ്ഞത്		-	-	21.1	23.2	22.5	22.3	21.3	22	21.1	21.5	21	19.5	
കൂടിയത്	1991	33.2	34.7	34.8	34.3	34	29.2	29.6	29.5	32.4	30.2	31.1	32.1	
കുറഞ്ഞത്		19	18.2	21.9	22.2	22.8	21.6	21.2	21	22.2	21.5	21.1	19.4	
കൂടിയത്	1992	33.1	34.8	37	35.8	32.6	30.2	28.9	29.6	30.5	30.8	32.2	32	
കുറഞ്ഞത്		18.6	21.9	21.6	24.8	24.3	24	23.7	24	23.8	23	22.8	20.1	
കൂടിയത്	1993	33.4	34.6	35.3	34.5	32.8	30.4	29.5	30	31.6	31.2	30	31.5	
കുറഞ്ഞത്		18.5	20.6	21.7	23.9	24.7	24	23.5	23.5	23	22.8	22.8	22	
കൂടിയത്	1994	33.4	33.7	35	33.6	29.4	30	29	30	31.6	30.4	31.6	33.33	
കുറഞ്ഞത്		20.3	21.4	22	23	24.7	22.8	22.7	23.4	23.4	23.1	22.7	20	
കൂടിയത്	1995	33.8	35.2	35.8	33.6	31.4	30.1	30	30.2	30.6	31.4	30.6	33.2	
കുറഞ്ഞത്		21	22.4	25	24.8	24.5	25	24	22.8	23.9	23.6	20.2	19.7	
കൂടിയത്	1996	33.1	35	36.2	33.6	33.2	31							
കുറഞ്ഞത്		18	19.8	22	23.6	25	24							

-അവലംബാ CPCRI പാലോട്

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ							
വാർഡ്	ജനസംഖ്യ	പുരുഷൻ	സ്ത്രീ	പട്ടികജാതി		പട്ടിക വർഗം	
				പു .	സ്ത്രീ.	പു.	സ്ത്രീ
1	2441	1189	1252	208	216	-	-
2	2655	1244	1411	142	148	103	114
3	2591	1232	1359	150	145	313	379
4	2294	1136	1158	155	144	6	2
5	3204	1521	1683	227	280	212	226
6	2281	1099	1182	101	106	81	85
7	2004	971	1033	96	119	7	5
8	2757	1315	1442	78	72	23	18
9	3137	1509	1628	138	163	2	1
10	2700	1373	1327	170	210	4	5

സാക്ഷരതാ നിരക്ക്			
വാർഡ്	കുടുംബങ്ങളുൾ	സാക്ഷരത	
		പുരുഷൻ	സ്ത്രീ
1	543	988	945
2	566	1035	1147
3	612	990	983
4	493	951	895
5	751	1259	1329
6	518	872	879
7	445	803	789
8	635	1065	1139
9	743	1231	1271
10	594	1165	1034
ആകെ	5500	10358	10411

കർഷകർ		കർഷകത്തൊഴിലാളികൾ		നാമമാത്രത്തൊഴിലാളികൾ		തൊഴിൽ രഹിതർ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1294	133	2687	835	549	1260	5539	10652

പരിസ്ഥിതി ബന്ധിത അവലോകനം

ഭൂപ്രകൃതി	വിസ്തീർണ്ണം ച: കി: മി:	മണ്ണ് ഉപരിതല വസ്തുക്കൾ	ജലലഭ്യത	ഭൂവിനിയോഗം	പരിസ്ഥിതി പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗ നിർദ്ദേശങ്ങൾ
ഉയർന്ന പ്രദേശങ്ങൾ	7.34	ലാറ്ററൈറ്റ് ചെമ്മണ്ണ് ചരൽമണ്ണ്	താരതമ്യേന കുറവ്	റബ്ബർ, മിശ്രിത മരങ്ങൾ	മണ്ണൊലിപ്പ്, തരിശിടൽ, ജലലഭ്യതക്കുറവ്, പാറപൊട്ടിക്കൽ	മണ്ണൊലിപ്പ് നിലവാര പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ നീർമറി വികസന പ്രവർത്തനങ്ങൾ
ചരിവ് പ്രദേശങ്ങൾ	20.11	ലാറ്ററൈറ്റ് ചെമ്മണ്ണ് ചരൽമണ്ണ	മിതമായി ലഭിക്കുന്നു	റബ്ബർ, മരിച്ചീനി. തെങ്ങ് മറ്റ് മിശ്രിത മരങ്ങൾ	മണ്ണൊലിപ്പ്. ജലസേചനക്കുറവ്, പാറപൊട്ടിക്കൽ, മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ	തട്ടുകളായി തിരിക്കുക, തടയണകൾ നിർമ്മിക്കുക, നീർമറി സംരക്ഷണ പ്രവർത്തനങ്ങൾ.
താഴ്വര പ്രദേശങ്ങൾ	8.4	എക്കൽ മണ്ണ്	താരതമ്യേന കൂടുതൽ	നെല്ല്, തെങ്ങ്, പയർ, ഇടവിളകൾ	പാടശേഖരം നികത്തൽ, ചെളിയെടുപ്പ്, തോടുകളിലെ മണലൂറ്റ്, തരിശിടൽ, വെള്ളക്കെട്ട്	പാടശേഖര സംരക്ഷണം, ചെളിയെടുപ്പ്, മണലൂറ്റ് എന്നിവയ്ക്ക് നിയന്ത്രണം. തരിശ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ, ജലസേചന സൗകര്യ വർദ്ധിപ്പിക്കൽ

നദിയിലെ മണലൂറ്റൽ, തീരമിടിക്കൽ, എന്നിവ നിയന്ത്രിക്കേണ്ടതാണ്

നീർമറിപ്രദേശ വികസനം

സാമൂഹ്യസാംസ്കാരിക ചരിത്രം

പഴയ ചരിത്രത്തിന്റെ ബലിഷ്ഠമായ ഒരടിത്തറയിന്മേലാണ് നമ്മുടെ നാട്ടിന്റെ വളർച്ചയുടെ രമ്യഹർമ്മ്യം പണിതുയർത്തിരുക്കുന്നത്. സാമൂഹ്യനവോത്ഥാനത്തിന്റെ ശ്രദ്ധേയമായ പശ്ചാത്തലവും സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകവും നമുക്ക് അവകാശപ്പെടാം. പുതിയ തലമുറയ്ക്ക് ആ ചരിത്രം തീർച്ചയായും മാർഗ്ഗദർശകമായി തീരും.

തിരുവനന്തപുരം ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു മലയോരഗ്രാമമാണ് നന്ദിയോട്. പശ്ചിമഘട്ടത്തിന്റെ താഴ്വാരങ്ങളുടെ സാമീപ്യം നമ്മുടെ പഞ്ചായത്തിനെ നിത്യഹരിതമാക്കുന്നു. വർഷങ്ങൾക്ക് മുമ്പുവരെ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളും നിബിഡവനങ്ങളായിരുന്നു. ചോളർ, പാണ്ഡ്യർ, ചേരർ തുടങ്ങിയ രാജാക്കന്മാരുടെ കാലത്ത് നാട്ടുരാജാക്കന്മാർ തമ്മിലുള്ള ശത്രുതയുടേയും കുടിപ്പകയുടേയും ഭാഗമായി ഇടക്കിടെ ഉണ്ടാകുന്ന ചേരിപ്പോരുകൾക്ക് സാക്ഷ്യം വഹിച്ച ഭൂമിയാണിതെന്ന് കരുതപ്പെടുന്നു. പാണ്ഡ്യൻ പാറയും പയറ്റിൽ തിരിച്ചടി സംഭവിച്ച പയറ്റടിയും രണവീരന്മാരുടെ ശവപറമ്പായി കരുതാവുന്ന കാഞ്ഞാവും പുലികളുടെ ഊരായിരുന്ന പുലിയൂരും പച്ചക്ഷേത്ര നെടുമ്പറമ്പും യുദ്ധഭൂമിയുടെ ഗതകാലകഥകൾ മന്ത്രിച്ചുകൊണ്ടിരിക്കുന്നുവെന്ന നിഗമനത്തിലെത്തിച്ചേരാവുന്നതാണ്.ഈ അടുത്തകാലം വരെ പൗരാണികശില്പങ്ങളും മറ്റും പാണ്ഡ്യൻ പാറകളിലെ ഗഹ്വരങ്ങളിൽ നിലനിന്നിരുന്നതായി ഓർമ്മിക്കുന്നവർ ഇന്നുമുണ്ട്.

പഞ്ചായത്തു പ്രദേശത്തെ നല്ലൊരുവിഭാഗം ജനങ്ങളും പുരാതനകാലത്ത് പലപ്രദേശങ്ങളിൽ നിന്നും ഇവിടെ കുടിയേറിപാർത്തവരായിരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ മുരുക്കുംപുഴ, വെങ്ങാനൂർ, കരകുളം, ചാത്തന്നൂർ. തമിഴ്നാട്ടിലെ കുഴിത്തുറ എന്നീ പ്രദേശങ്ങളിൽ നിന്നായിരുന്നു ഇവരുടെ വരവ്. ഇവർ ക്ഷൗരകർമ്മം, അലക്കുപണി, മരപ്പണി തുടങ്ങിയ തൊഴിലുകൾക്ക് ആളുകളുടെ പുറം നാടുകളിൽ നിന്നും കൊണ്ടുവരികയും അവർക്ക് പാർക്കാൻ പ്രത്യേകം സ്ഥലങ്ങൾ നീക്കി വയ്ക്കുകയും ചെയ്തിരുന്നു. കാലക്രമേണ രൂപപ്പെട്ട ജന്മികുടിയാൻ വ്യവസ്ഥയുടെ ഭാഗമായി ജന്മിമാരുടെ കൃഷിയിടങ്ങൾ പണിയെടുക്കാൻ ഹരിജനങ്ങളേയും കൊണ്ടുവന്നു പാർപ്പിച്ചിരുന്നു.

തലസ്ഥാനഗരിയിൽ നിന്ന് 32 കിലോമീറ്റർ വടക്കു കിഴക്കു മാറിയാണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. ഇവിടെ നിന്ന് 14 കിലോമീറ്റർ സഞ്ചരിച്ചാൽ നെടുമങ്ങാട് എത്തിച്ചേരാം. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷികവിളകളുടേയും മലഞ്ചരക്കുകളുടേയും വിപണന കേന്ദ്രം നെടുമങ്ങാടായിരുന്നു. വഴിയാത്രക്കരുടേയും കച്ചവടക്കാരുടേയും വിശ്രമകേന്ദ്രങ്ങളിലൊന്നായിരുന്നു നന്ദിയോട് എന്നു വേണം അനുമാനിക്കാൻ. വഴിയമ്പലവും ചുമടുതാങ്ങിയുമൊക്കെ ഇതിന്റെ ഉദാഹരണങ്ങളാണ്. പലപ്രദേശങ്ങളിൽ നിന്നും ദീർഘയാത്ര ചെയ്തു വരുന്നവർക്ക് സ്ഥലവാസികളിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന സൽക്കാരങ്ങളിലും സഹായങ്ങളിലും സംതൃപ്തരായ അതിഥികൾ നന്ദിയോടു കൂടി നാട്ടുകാരെ പ്രശംസിച്ചിരുന്നു. 'നന്ദിയോട്' എന്ന സ്ഥലനാമം ഇങ്ങനെ ലഭിച്ചതാവാമെന്ന് ഒർമ്മകളിലെ ഏടുകൾ മറിച്ചുനോക്കി പഴമക്കാർ പറ

യുന്നു.

അയിത്താചാരണത്തിന്റേയും അന്ധവിശ്വാസത്തിന്റേയും മേധാവിത്വം ഒരു കാലഘട്ടത്തിൽ നമ്മുടെ പ്രദേശത്തേയും ബാധിച്ചിരുന്നു. താഴ്ന്ന ജാതിക്കാരോടുള്ള ഉച്ചനീചത്വങ്ങൾക്കും അനീതികൾക്കുമെതിരായി ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും നയിച്ച സാമൂഹ്യ നവോത്ഥാന പ്രസ്ഥാനം നമ്മുടെ നാട്ടിലും ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചു. നന്ദിയോട് കട്ടയ്ക്കാലിൽ എന്ന വീട്ടിൽ ജനിച്ച ശ്രീ. കുഞ്ഞുകൃഷ്ണൻ ടെയ്‌ലറുടെ നേതൃത്വത്തിലാണ് നമ്മുടെ പ്രദേശത്ത് ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിയിരുന്നു. 1940കളിൽ ബോംബെയിൽ നിന്നും ഇവിടെ വന്ന തിലകൻ എന്നൊരാൾ പിന്നോക്കക്കാർ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങൾക്കെതിരെ പോരാടാൻ ഇവിടത്തെ നേതാക്കളെ സഹായിച്ചു. പാലോട് നോഹആശാന്റേയും കുള്ളിപ്പാറ ലൂക്കോസിന്റേയും മറ്റും നേതൃത്വത്തിൽ പിന്നോക്കക്കാരെ സംഘടിപ്പിച്ച് പാലോടും നന്ദിയോടും ചായക്കടകളിൽ കയറി ഗ്ലാസ്സിൽ ചായ ആവശ്യപ്പെട്ടു. തുടർന്നു സവർണ്ണ മേധാവികളുമായി നടന്ന ഏറ്റുമുട്ടലിൽ നിരവധിപേർക്ക് പരിക്കേല്ക്കുകയും ഗുരുതരമായി പരിക്കേറ്റ 44 പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അന്നത്തെ പോലീസ് ഐ.ജിയും ഹരിജനക്ഷേമ വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ചു. തുടർന്ന് നിയമസഭയിൽ പ്രാകൃതമായ ഈ സമ്പ്രദായം അവസാനിപ്പിച്ചു കൊണ്ടുള്ള നിയമം പാസ്സാക്കപ്പെട്ടു. ഇതുപോലെ ശ്രദ്ധേയമായ മറ്റൊരു സംഭവമാണ് പൗവ്വത്തൂർ മല്ലൻ തമ്പുരാൻ ക്ഷേത്രത്തിൽ നടന്നുകൊണ്ടിരുന്ന മൃഗബലിക്കെതിരെ ഉയർന്നുവന്ന സമരം. ഈ സമരങ്ങൾക്കാകെ പിന്തുണ നൽകിക്കൊണ്ട് പുരോഗമന വാദികളായ നിരവധി ചെറുപ്പക്കാർ അക്കാലത്ത് മുന്നോട്ടുവന്നു. ശ്രീ. കെ. വിശ്വംഭരൻ ശ്രീ. നന്ദിയോട് രാമചന്ദ്രൻ ശ്രീ. സദാനന്ദൻ ടെയ്‌ലർ തുടങ്ങിയവർ പ്രത്യേകം സ്മരണീയരാണ്. ഈ കാലഘട്ടത്തിൽ സാംസ്കാരികരംഗത്തും പുതിയ മുന്നേറ്റങ്ങൾ ഉടലെടുത്തു. 'വിജ്ഞാനദായിനി' വായനശാല എന്ന പേരിൽ ശ്രീ. കുഞ്ഞുകൃഷ്ണൻ ടെയ്‌ലർ സ്വന്തമായി തുടങ്ങിയ ഈ സ്ഥാപനമാണ് നെടുമങ്ങാടിനിപ്പുറമുള്ള ആദ്യത്തെ ഗ്രന്ഥശാല. ഈ സ്ഥാപനം പിന്നീട് സഹൃദയ ഗ്രന്ഥശാല എന്ന പേരിലും പ്രവർത്തിച്ചു. പില്ക്കാലത്ത് ഇതാണ് നന്ദിയോട് പഞ്ചായത്ത് ലൈബ്രറിയായി മാറിയത്. ഈ ഗ്രന്ഥശാല കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നന്ദിയോട് പ്രദേശത്തെ സാംസ്കാരിക രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു.

ഈ കാലയളവിൽ രാജ്യത്താകെ ആഞ്ഞടിച്ച ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് വേണ്ടിയും സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു വേണ്ടിയും രംഗത്തിറങ്ങിയവർ ചേർന്ന് കോൺഗ്രസ് പാർട്ടിക്ക് രൂപം നൽകി. ശ്രീ. കുഞ്ഞുകൃഷ്ണൻ ടെയ്‌ലർ, ശ്രീ. P.K. കുഞ്ഞൻ പിള്ള, കുറുപുഴ സഖറിയ, K. കേശവൻ, ശ്രീ. K.K. പിള്ള താളിക്കുന്ന് പാച്ചൻ പിള്ള, പനച്ചയിൽ നീലകണ്ഠപിള്ള ഇളവട്ടം നാരായണപിള്ള തുടങ്ങിയവർ ഇക്കൂട്ടത്തിൽ പ്രമുഖരാണ്. ഇതിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന താമ്രപത്രം നേടിയ സ്വാതന്ത്ര്യ സമരസേനാനിയാണ് ശ്രീ. K. കേശവൻ.

1940– കളിൽ നന്ദിയോട്ട് മഹാത്മാ യുവജനസമാജവും പിന്നീട് രൂപം കൊണ്ട ടാഗോർ ആർട്ട്സ് ക്ലബ്ബും സാംസ്കാരി കലാരംഗങ്ങളിലെ ദീപസ്തംഭങ്ങളാണ്. നന്ദിയോട്ട് ചന്തയിൽ തുടർന്നു വന്നിരുന്ന ഗുണ്ടാപിരിവിനെതിരെ നടന്ന സമരവും പച്ചയിൽ നടന്ന കൊയ്ത്തു സമരവും പഞ്ചായത്തിലെ ജനകീയ സമരചരിത്രത്തിൽ ശ്രദ്ധേയങ്ങളാണ്. വിദ്യാഭ്യാസരംഗത്തും കലാ– കായികരംഗത്തും പ്രശസ്തമായ നേട്ടങ്ങൾ നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാനുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ഇന്നലെകളുടെ ചരിത്രം വരും തലമുറയ്ക്ക് ആത്മവിശ്വാസവും ശുഭപ്രതീക്ഷയും പകർന്നു നൽകുമെന്ന് പ്രതീക്ഷിക്കാം.

1953 മുതൽ 1961 വരെ ഇപ്പോഴത്തെ പെരിങ്ങമ്മല നന്ദിയോട് പഞ്ചായത്തുകൾ യോജിച്ച് കിടക്കുകയായിരുന്നു. 'പാലോട്' എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

ശ്രീ. റ്റി. എം. കൃഷ്ണപിള്ള
(കമ്മറ്റി അഗം: 1953–61)

ശ്രീ. കെ. കേശവൻ
(സ്വാതന്ത്ര്യ സമരസേനാനി)

വികസന മേഖലകൾ

1 കൃഷി, ജലസേചനം .

2. മൃഗ സംരക്ഷണം

3. വ്യവസായം

4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്.

5. പാർപ്പിടം, സാമൂഹ്യക്ഷേമം

6. പൊതുജനാരോഗ്യ പരിസര ശുചിത്വം, കുടിവെള്ളം

7. വിദ്യാഭ്യാസം

8.. സാംസ്കാരികം

9. വനിതാക്ഷേമം

10. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

10. സഹകരണം, വിഭവസമാഹരണം

കൃഷിയും ജലസേചനവും

നന്ദിയോട് പഞ്ചായത്ത് ഒരു കാർഷികഗ്രാമമാണ്. 38.855 ച: കി: മീ വിസ്തീർണ്ണമുള്ള നന്ദിയോട് പഞ്ചായത്തിലെ ആകെ കൃഷിയോഗ്യമായ ഭൂമി 2945 ഹെക്ടർ ആണ്.

താഴ്വരകൾ, കുന്നിൻ പ്രദേശങ്ങൾ, ചരിവുകൾ, ഉയർന്ന സമതലം, ചതുപ്പുനിലങ്ങൾ, പാടങ്ങൾ, വനപ്രദേശം എന്നിങ്ങനെയാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. (വിശദവിവരങ്ങൾക്ക് ഭൂപ്രകൃതിയും വിവേങ്ങളും എന്ന അധ്യായം കാണുക)

ചെമ്മണ്ണ്, കരിമണ്ണ്, പശിമരാശി മണ്ണ്, മണൽ കലർന്ന പാടശേഖരം, ചേറുനിറഞ്ഞ പാടശേഖരം, പാറമടകൾ, ചെങ്കല്ല്, കളിമണ്ണ് തുടങ്ങി വിവിധ ഇനം മൺ തരങ്ങളാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്.

പാലോട്, ചെക്കോണം എന്നീ ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിൽ കിടക്കുന്നു. പുരാതനകാലം മുതൽ തന്നെ ആദിവാസികളും കൃഷിക്കാരും വസിച്ചിരുന്ന ഭൂപ്രദേശമാണിത്. പഞ്ചായത്ത് നിവാസികളിൽ ബഹുഭൂരിപക്ഷവും കൃഷിക്കാരാണ്. 1992 ഒക്ടോബർ, നവംബർ മാസങ്ങളിലെ വെള്ളപ്പൊക്കം മൂലം വമ്പിച്ച കൃഷിനാശവും പാർപ്പിടനാശവും സംഭവിച്ചിട്ടുണ്ട്. അഞ്ചോളം വെള്ളപ്പൊക്കദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു പ്രവർത്തിച്ചു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയും കൃഷിനാശത്തിന് വഴി ഒരുക്കുന്നു. വനപ്രദേശങ്ങളുമായി തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം മൂലം കൃഷി ചെയ്യാനാവാത്ത സ്ഥിതിയാണുള്ളത്.

വാമനപുരം നദി പഞ്ചായത്തിന്റെ കിഴക്കുപടിഞ്ഞാറായി ഒഴുകുന്നു. നിരവധി തോടുകൾ, കൈതോടുകൾ, കുളങ്ങൾ എന്നിവയും ഉണ്ട്. വേനൽക്കാലത്ത് വറ്റുന്നവയാണ് ഇവയിൽ പലതും. പദ്ധതികൾ രൂപീകരിച്ച് ഇവയിലെ ജലം കൃഷിക്കുപയോഗിക്കാൻ കഴിയുന്നതാണ്. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങൾ നിരവധിയുണ്ട്. 3,5,6,7,10 എന്നീ വാർഡുകളിലാണ് വേനൽ കാലത്ത് ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്നത്.

കൈത്താമര പൊയ്ക, പനങ്ങോട്ട്, ഊരാളികോണം, പ്ലാന്തോട്ടം എന്നീ ചിറകൾ നന്നാക്കി കൃഷിയോഗ്യമാക്കി തീർക്കാവുന്നതാണ്. പഞ്ചായത്ത് പ്രദേശത്ത് നിരവധി ഇഷ്ടികകളങ്ങൾ ഉണ്ട്. നദീ തീരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇഷ്ടികകളങ്ങൾ മണ്ണാലിപ്പ് ത്വരിതപ്പെടുത്താൻ സാദ്ധ്യതയുണ്ട്.

നെൽകൃഷി, തെങ്ങ്കൃഷി, മരച്ചീനി, വാഴ, കശുമാവ്, കുരുമുളക്, റബർ, കമുക് പച്ചക്കറികൾ, ചെറുധാന്യങ്ങൾ മുതലായവയാണ് മുഖ്യകൃഷി ഇനങ്ങൾ. നെൽപാടങ്ങൾ നികഴ്ത്തി ഇതരഇനം കൃഷികളും കെട്ടിടനിർമ്മാണവും നടത്തിയതിന്റെ ഭാഗമായി 32.5 ഹെക്ടർ ഇല്ലാതായിരിക്കുന്നു. നെൽപാടങ്ങൾ നികഴ്ത്തുന്നതിൽ നിന്നും ഉടമകളെ പിൻതിരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആലംപാറ, പൗവ്വത്തൂർ, പച്ച,പുലിയൂർ എന്നീ പാടശേഖരകമ്മിറ്റികളും, ആലുംമൂട്,നന്ദിയോട്, പേരയം, പാലോട് എന്നീ കേരസംരക്ഷണസമിതികളും കൃഷിവേന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്ത് മണ്ണു പരിപരിശോധനകാര്യ

ക്ഷമമായി നടത്തി കുറവുള്ള രാസ, ജൈവവളപ്രയോഗങ്ങൾ നടത്തിയാൽ എല്ലാ വിളകളുടേയും ഉല്പാദനം വർദ്ധിപ്പിച്ച് നമ്മുടെ നാടിനെ സമ്പൽസമൃദ്ധമാക്കാൻ കഴിയുന്നതാണ്.

വിഭവഭൂപടസർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ ജലദൗർലഭ്യം കൂടുതൽ അനുഭവപ്പെടുന്നസ്ഥലങ്ങൾ.

1. ചെല്ലഞ്ചി
2. ആലുംകുഴി
3. താന്നിമൂട്
4. ഇളവട്ടം
5. ആലമ്പാറ
6. ആനക്കുഴി
7. നീർപാറകോളനി
8. കൈത്താമരപൊയ്ക
9. നാലുസെന്റ് കോളനി
10. ചോനംവിള

നെൽകൃഷി

നമ്മുടെ പഞ്ചായത്തിൽ 10 കൊല്ലം മുൻപ് 87.05 ഹെക്ടർ നെൽപാടങ്ങൾ ഉണ്ടായിരുന്നത് 55 ഹെക്ടർ ആയി ചുരുങ്ങി എന്നാണ് കണക്കുകൾ സൂചിപ്പിച്ചിരിക്കുന്നത്. നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ വയ്ക്കുകയും വകമാറ്റപ്പെടുത്തി ഇതരകൃഷികൾ ചെയ്തുമാണ് ഗ്രാമവാസികളുടെ മുഖ്യആഹാരത്തിനു വഴി കണ്ടുകൊണ്ടിരുന്ന നെൽപാടങ്ങൾ ഇല്ലാതാക്കിയത്. കാരണങ്ങൾ എന്തായാലും നമ്മുടെ കൊച്ചുഗ്രാമത്തിന്റെ ഐശ്വര്യത്തിന്റെ പ്രതീകവും ഭക്ഷ്യശേഖരവുമായ നെൽപാടങ്ങൾ സംരക്ഷിക്കാൻ കഴിയാതെപോയത് നിർഭാഗ്യകരമാണ്. ശേഷിക്കുന്ന നെൽപാടങ്ങളെയെങ്കിലും നിലനിർത്താൻ നാം തയ്യാറായില്ലെങ്കിൽ കൊയ്ത്തും, മെതിയും, ഞാറുപാട്ടും, കൊയ്ത്തുപാട്ടുമൊക്കെ നമ്മുടെ ഓർമ്മകൾ മാത്രമായി അവശേഷിക്കുന്ന കാലം വിദൂരമല്ലാതായി തീരും. അതിനാൽ നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള നെൽപാടങ്ങളെയെങ്കിലും സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം.

പ്രശ്നങ്ങൾ:

-കൃഷിചെലവിന്റെ വർദ്ധനവ്.

-കർഷകതൊഴിലാളികളുടെ അഭാവം

-വയൽപ്പണിചെയ്യുന്നതിൽ തൊഴിലാളികളുടെ വിമുഖത, അലസത.

-ജലദൗർലഭ്യം.

-നെൽകൃഷിക്കാരുടെ ഒത്തൊരുമയില്ലായ്മ.

-പച്ചിലവളങ്ങളുടെ അപര്യാപ്തത

-കീടബാധകളുടെ ശല്യം.

-യന്ത്രോപകരണങ്ങളുടെ കുറവ്

-രാസവളത്തിന്റെ വിലവർദ്ധനവ്

പരിഹാരനിർദ്ദേശങ്ങൾ:

-കർഷകതൊഴിലാളികളെ പാടങ്ങളിൽ പണിയെടുക്കാൻ നിർബന്ധിതരാക്കുക.

-ജലസേചനം മെച്ചപ്പെടുത്തുക

-തടയണകൾ, അടിയണകൾ ഇവ നിർമ്മിക്കുക

-അത്യുല്പാദനശേഷിയുള്ള വിത്തും വളവും സൗജന്യമായി നൽകുക

-ജൈവവളങ്ങൾക്കു വേണ്ടി പച്ചിലചെടികൾ നടാൻ സഹായിക്കുക

-ജൈവകൃഷി പ്രോത്സാഹിപ്പിക്കുക

-ക്രോസ്ബാറുകൾ, ചീർപ്പുകൾ ഇവ നിർമ്മിക്കുക

-ജലലഭ്യത ഉറപ്പാക്കി പുഞ്ചകൃഷികൾ ഉൾപ്പെടെ മൂന്ന് തവണ കൃഷി ഇറക്കാൻ കൃഷിക്കാരെ സഹായിക്കുക

-രാസവളം പരമാവധി സബ്സിഡിയോടുകൂടി വിതരണം ചെയ്യുക

നാളികേരകൃഷി

നന്ദിയോട് പഞ്ചായത്തിലെ 830 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയാണ്. മുൻകാലത്ത് നമ്മുടെ പഞ്ചായത്തിലെ 60-70 ശതമാനത്തോളം കൃഷിയോഗ്യമായ പ്രദേശങ്ങളിൽ തെങ്ങു കൃഷി ചെയ്തിരുന്നു. പിൽക്കാലത്ത് തെങ്ങുകൃഷിയിൽ നിന്നുള്ള വരുമാനം കുറവായികണ്ടതുകൊണ്ടാവാം കൃഷിക്കാർ റബ്ബർ കൃഷിചെയ്യാൻ ആരംഭിച്ചത്. കേരകൃഷിക്കാരുടെ ഈ പിൻവാങ്ങൽ മൂലം കൃഷിയോഗ്യമായ ഭൂമിയുടെ 70%ത്തോളം ഇന്ന് റബ്ബർ കൃഷിമേഖലയായി മാറികഴിഞ്ഞു. കേരകൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. വിവിധ ഇനം രോഗങ്ങളും ജലസേചനസൗകര്യകുറവും ഈ രംഗത്തു നിന്നും കൃഷിക്കാരെ പിന്നോക്കം പോകാൻ നിർബന്ധിക്കപ്പെടുന്നു.

പ്രശ്നങ്ങൾ

ജലസേചനസൗകര്യത്തിന്റെ പരിമിതി.
കാറ്റുവീഴ്ച, ചെമ്പൻചെല്ലി, ചെള്ള് രോഗം, കൂമ്പുചീയൽ, വേര് ചീയൽ, മഞ്ഞളിപ്പുരോഗം, എന്നീരോഗങ്ങൾമൂലം ഉല്പാദനശേഷി നഷ്ടപ്പെടുന്നു.
തെങ്ങുകയറ്റം തൊഴിലാളികളുടെ കുറവും, വർദ്ധിച്ച കൂലി നിരക്കും കേരകർഷകരെ നഷ്ടബോധത്തിലേക്കു നയിക്കുന്നു.

നിർദ്ദേശങ്ങൾ

-നാളികേരത്തിന്റെ ഉല്പാദനചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കാനും സംഭരിക്കാനുമുള്ള സംവിധാനമുണ്ടാക്കുക.

-ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

-കേരകർഷകരെ ബോധവൽകരിക്കാനും ശാസ്ത്രീയ വളപ്രയോഗം, രോഗനിയന്ത്രണം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകാനും കൃഷി ഉദ്യോഗസ്ഥർ ശ്രദ്ധിക്കുക.

രാസവളങ്ങൾ സബ്സിഡി റേറ്റിൽ വിതരണം ചെയ്യുക. കേരവികസനസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

-ഇടവിളയായി കൈതച്ചക്ക, വാഴ, പയർ, മലക്കറി ഇവ കൃഷിചെയ്യാനുള്ള സൗകര്യമുണ്ടാക്കുക.

റബ്ബർകൃഷി

1950 കാലഘട്ടത്തിലാണ് നമ്മുടെ പ്രദേശത്ത് റബ്ബർകൃഷി ആരംഭിച്ചത്. കുറുപുഴ, ഇളവട്ടം നിവാസികളായ ചില പ്രമുഖകൃഷിക്കാരാണ് റബ്ബർ നമ്മുടെ പഞ്ചായത്തിൽ ആദ്യമായി കൃഷിചെയ്തത്. റബ്ബർ ഉല്പാദക സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് റബ്ബർകൃഷി വ്യാപിപ്പിക്കാൻ അന്നത്തെ പ്രമുഖ കൃഷിക്കാർ ശ്രമിച്ചതിന്റെ കൂടി ഭാഗമായി നമ്മുടെ പഞ്ചായത്തിലെ കൃഷിയോഗ്യമായ 70 ശതമാനത്തോളം ഭൂമിയിൽ ഇന്ന് റബ്ബർ കൃഷി വ്യപിച്ചു കിടക്കുന്നു. റബ്ബർ കൃഷി ലാഭമാണെന്ന് കണ്ട് നിലങ്ങൾ നികത്തിപോലും റബ്ബർ വയ്ക്കാൻ കൃഷിക്കാർ മുതിർന്നു. 1987 ആയപ്പോഴേക്കും 430 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിച്ചതായി കൃഷിവേൻ കണക്കുകൾ സൂചിപ്പിക്കുന്നു.

നമ്മുടെ ഗ്രാമത്തിന്റെ സമ്പത്ഘടനയെ ആകെ മാറ്റിമറിക്കാൻ റബ്ബർകൃഷിമൂലം കഴിഞ്ഞിട്ടുണ്ട്. റബ്ബർകൃഷിക്കാരെ സഹായിക്കാൻ വേണ്ടി രജിസ്റ്റർ ചെയ്ത ഒന്നിലധികം റബ്ബർ സഹകരണസംഘങ്ങൾ നമ്മുടെ പ്രദേശത്ത് ഉണ്ട്. എങ്കിലും അവയിൽ ചിലതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പഞ്ചായത്ത് തലസമിതി രൂപീകരിക്കുകയും ചെയ്യണം. വിദേശ റബ്ബറിന്റെ ഇറക്കുമതിയിൽ നിയന്ത്രണം വരുത്തിയാൽ സ്വദേശി റബ്ബറിന് ആകർഷകമായ വില ലഭിക്കുകയും ആദായകരമായ കൃഷിയായി മാറുകയും ചെയ്യും.

മരച്ചീനികൃഷി

ഒരുകാലത്ത് നമ്മുടെ പഞ്ചായത്തിലെ മൊത്തം കൃഷി ഭൂമിയുടെ ഏറിയപങ്കും മരച്ചീനി കൃഷി ചെയ്തിരുന്നു. ഗ്രാമനിവാസികളുടെ ആഹാരത്തിൽ പ്രധാനി മരച്ചീനി ആയിരുന്നു. നമ്മുടെ ആവശ്യം കഴിഞ്ഞുള്ളവ മറ്റു പ്രദേശങ്ങളിലെ മാർക്കറ്റിലും കയറ്റി അയക്കുമായിരുന്നു. 1987ൽ 740 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് മരച്ചീനി അപൂർവ്വ വസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. മരച്ചീനി കൃഷിയിടങ്ങളൊക്കെ റബ്ബർ അപഹരിച്ചു കഴിഞ്ഞു. നമ്മുടെ പ്രധാന ഭക്ഷ്യവിളകളിൽ ഒന്നായ മരച്ചീനി കൃഷി ചെയ്യാൻ കർഷകർക്കു പ്രോത്സാഹനം നൽകേണ്ടതാണ്.

കുരുമുളക്

നമ്മുടെ ഗ്രാമത്തിലെ നാണ്യവിളകളിൽ പ്രധാനപ്പെട്ട കുരുമുളക് ഏകദേശം 80 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. കയറ്റുമതി ചരക്കായ കറുത്ത മുത്തിനെ തേടി പണ്ട് ഈസ്റ്റ് ഇൻഡ്യ കമ്പനിക്കാർ കേരളത്തിൽ എത്തിയിരുന്നു എന്നു ചരിത്രം പറയുന്നു. എന്നാൽ ഈ കറുത്ത മുത്തിനെ നാം അവഗണനയുടെ പട്ടികയിൽ ചേർത്തോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പാലോട് ഇജഇഞക വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ള ജഘഉ. ക എന്ന കുരുമുളക് വള്ളി ലഭ്യമാക്കി വിതരണം ചെയ്തും സൗജന്യ നിരക്കിൽ വളവും കീടനാശിനിയും നൽകിയും കുരുമുളക് കൃഷി വ്യാപകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാഴകൃഷി

വാഴകൃഷിക്കനുയോജ്യമായ മണ്ണാണ് നമ്മുടെ പ്രദേശത്തുള്ളത്. കാലാവസ്ഥയും അനുകൂലമാണ്. എന്നിട്ടും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. നാം മനസ്സു വച്ചാൽ നമ്മുടെ ഗ്രാമവാസികൾക്കാവശ്യമായ പഴവർഗങ്ങൾ ഉല്പാദിപ്പിക്കാൻ നമുക്കു കഴിയും 400 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതായാണ് ഔദ്യോഗിക കണക്ക്. നല്ലയിനം വാഴക്കന്നുകൾ കൃഷിവേനുകൾ വഴി വിതരണം ചെയ്യുകയും സൗജന്യനിരക്കിൽ വളവും മറ്റു സഹായങ്ങളും നൽകി വാഴകൃഷി പ്രോത്സാഹിപ്പിക്കേണ്ടതത്യാവശ്യമാണ്.

കശുമാവ് കൃഷി

കേരളത്തിലെ ഒരു നല്ലവിഭാഗം തൊഴിലാളികളുടെ തൊഴിൽ ലഭ്യത കശുമാവ് കൃഷിയെ ആശ്രയിച്ചിരിക്കുന്നു. എന്ന യാഥാർത്ഥ്യം ഗൗരവമായി കണ്ടുകൊണ്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യത്തിൽ നാം അതീവശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ലഭ്യമായ കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ 60 ഹെക്ടറോളം സ്ഥലത്താണു കശുമാവ് കൃഷിചെയ്യുന്നത്. ഇതിൽ ഭൂരിഭാഗവും സർക്കാർ ഭൂമിയിലെ കൃഷിയാണ്. കശുമാവ് കൃഷിക്കാർക്കാവശ്യമായ സാമ്പത്തിക സഹായം നൽകാനും സീസൺ കാലത്ത്

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തിരുന്ന ഒരിനമാണ് കമുക്. കൃഷിഭവനിലെ കണക്കുപ്രകാരം 1987ൽ 20 ഹെക്ടർ സ്ഥലത്ത് കമുക് കൃഷിചെയ്തിരുന്നു. കമുകിന് പിടിപെട്ട മഞ്ഞളിപ്പുരോഗം മൂലമാണ് ഏറിയപങ്കും നശിക്കാനിടയായത്. വളരെ ദുർല്ലഭമായിമാത്രമാണ് ഇന്ന് കമുക് കൃഷിചെയ്യുന്നത്. കയറ്റുമതി സാധ്യതയുള്ള ഒരിനംകൂടിയാണ് അടയ്ക്ക. അടയ്ക്കാമരതൈകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്ത് കമുക് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കമുകിന്റെ രോഗകാരണങ്ങൾ ഗവേഷണം നടത്തികണ്ടുപിടിക്കാൻ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിതമായ ഇജഇഞക എന്ന സ്ഥാപനം ഇന്ന് എണ്ണപ്പന ഗവേഷണകേന്ദ്രമായി മാറി.

പൈനാപ്പിൾ (പുറുത്തിച്ചക്ക)

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തുവരുന്ന ഒരിനമാണ് പുറുത്തി. ഒട്ടും തന്നെ അദ്ധ്വാനമില്ലാതെയും മുതൽമുടക്കില്ലാതേയും കൃഷിചെയ്യാവുന്ന ഒരിനമാണിത്. വ്യാവസായികാടിസ്ഥാനത്തിൽ പൈനാപ്പിൾകൃഷി വിപുലപ്പെടുത്തുകയും വിപണന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലാത്ത നിരവധി യുവതീയുവാക്കൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ കാർഷികാനുബന്ധ വ്യാപകമായി പൈനാപ്പിൾ ജൂസ് നിർമ്മാണയൂണിറ്റുകൾ സ്ഥാപിച്ചാൽ ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്കു പരിഹാരമാകും. പൈനാപ്പിൾ തോട്ടങ്ങൾ നിർമ്മിക്കുന്നതിന് നാം മുൻകൈ എടുക്കേണ്ടതാണ്.

പുഷ്പകൃഷി

നമ്മുടെ പഞ്ചായത്തിലെ എല്ലാവീടുകളുടെ തിരുമുറ്റവും പൂക്കളുടെ ലോകമാണ്. എന്നാൽ അവയെ നമ്മുടെ- സാമൂഹ്യപ്രശ്നപരിഹാരത്തിനുള്ള ഉപാധികളിൽ- ഒന്നായിമാറ്റാൻ നമുക്ക് കഴിയുന്നില്ല. പിച്ചി, മുല്ല, റോസ്, ചെമ്പരത്തി, സൂര്യകാന്തി, നാലുമണിപ്പൂവ്, മൊസാന്ത, വിവിധയിനം ഓർക്കിഡുകൾ തുടങ്ങിയ പുഷ്പകൃഷിയിലൂടെ തൊഴിൽ സാധ്യതവർദ്ധിപ്പിക്കാനും സാമ്പത്തികാഭിവൃദ്ധികൈവരിക്കാനും നമുക്ക് കഴിയും.

വ്യാവസായികാടിസ്ഥാനത്തിൽ കാലം കാവിൽ- ഒന്നും പ്ലാവറ രണ്ടും ചെടികളുടേയും പുഷ്പങ്ങളുടെയും പ്രൈവറ്റ് നഴ്സറികൾ നടത്തുന്നു. തൊഴിലില്ലാത്ത യുവതി യുവാൾക്കക്ക് പരിശീലനം നൽകി പുഷ്പകൃഷി മെച്ചപ്പെടുത്താവുന്നതാണ്.

പച്ചക്കറികൃഷി

അപകടകരമായ കീടനാശിനി പ്രയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉപയോഗിച്ച് ശീലിച്ചവരാണ് നാം. എന്നാൽ ഓരോ വീട്ടിലും അടുക്കളകൃഷി തോട്ടങ്ങൾ നിർമ്മിച്ച് നമുക്കാവശ്യത്തിനുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ നമുക്കു കഴിയുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും എല്ലാ വീടുകളിലും പച്ചക്കറി കൃഷിക്കാവശ്യമായ വിത്തും വളവും സൗജന്യമായി നൽകണം. നന്ദിയോട് സർവ്വീസ് സഹകരണ ബാങ്കിന്റെയും പൊതുമേഖല ബാങ്കുകളുടെയും സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുകയും കൃഷിഭവൻ ഉദ്യോഗസ്ഥർ വിത്തിന്റെ വിനിയോഗം ഉറപ്പു വരുത്തുകയും മാർഗ നിർദ്ദേശങ്ങൾ നൽകി അടുക്കളകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇപ്രകാരമുള്ള പരിശ്രമത്തിലൂടെ നമുക്കാവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

ഇതര കൃഷികൾ

മേൽ വിവരിച്ച കൃഷികൾ കൂടാതെ നമ്മുടെ പഞ്ചായത്തിലെ 263 ഹെക്ടറോളം പ്രദേശത്ത് ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കാച്ചിൽ, നനകിഴങ്ങ്, മധുരകിഴങ്ങ്, മാവ്, പ്ലാവ്, തുടങ്ങി വിവിധ ഇനം കൃഷികളും ചെയ്തുവരുന്നു. കാർഷിക മേഖലയെ സമ്പുഷ്ടമാക്കാൻ ഇത്തരം കൃഷികളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഔഷധച്ചെടികൾ

രാമച്ചം, ചുറ്റമത്, കച്ചോലം, കറ്റവാഴ, തുളസി, ബ്രഹ്മി, കുറുംതോട്ടി, ഗ്രാമ്പ്, ഏലം, നറുനണ്ടി, കീഴാനെല്ലി, ചക്കരംകൊല്ലി, തൊട്ടാവാടി, വെപ്പ്, ആടലോടം, മടന്ത, ഏശംകൊല്ലി, ജാതി, വയമ്പ്, മാറാൻ, അമരി, തുമ്പപ്പൂ, നീലകുറുഞ്ഞി, കാഞ്ഞിരംകുരു, താന്നി, തുടങ്ങി വിവിധ ഇനം ഔഷധ ചെടികൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ രോഗങ്ങളിൽ നട്ടു വളർത്തിയതും അല്ലാത്തതുമായി കാണുന്നുണ്ട്.

ഈ മേഖലയിൽ താല്പര്യമുള്ള കർഷകരെ ബോധവൽക്കരണം നടത്തി ഔഷധചെടികളുടെ ഉല്പാദനം വർദ്ധിപ്പിച്ചാൽ വൈദ്യശാസ്ത്രരംഗത്ത് നാം ചെയ്യുന്ന ഏറ്റവും വലിയ സേവനവും ഉല്പാദകർക്ക് ആദായകരമായ തൊഴിലുമായിരിക്കും.

ഗ്രൗണ്ട് ഫാം എലവുകൾ

തുമ്പാന്നൂർ	-	10.5 ഹെക്ടർ
പാലോട്	-	8.5 ,,
പ്ലാവറ	-	11 ,,
പുലിയൂർ	-	7,,
പച്ച	-	10.5,,
പൗവ്വത്തൂർ	-	16 ,,
ആലമ്പാറ	-	8.5 ,,
പേരയം	-	7 ,,
ചെലഞ്ചി	-	8.5 ,,

പാടശേഖര കമ്മിറ്റികൾ

ആലാംപാറ പാടശേഖരം
പൗവത്തൂർ ,,
പച്ച ,,
പുലിയൂർ ,,

ആകെ കൃഷിയോഗ്യമായ ഭൂമി
2945 ഹെക്ടർ

നെൽപാടം	-	95 ഹെക്ടർ
തെങ്ങുകൃഷി	-	830 ,,
മരച്ചീനി	-	740 ,,
വാഴ	-	400 ,,
കുരുമുളക്	-	80 ,,
കശുമാവ്	-	60 ,,
റബ്ബർ	-	430 ,,
കമുക്	-	20 ,,
പച്ചക്കറി	-	20 ,,
മറ്റുകൃഷികൾ	-	263 ,,

കേരസംരക്ഷണ സമിതികൾ

	വാർഡുകൾ
കേരസംരക്ഷണസമിതി, ആലംമൂട്	(3.4.5)
,, - നന്ദിയോട്	(2-7)
,, - പേരയം	(6.8.9)
,, - പാലോട്	(1.10.11)

മണ്ണിന്റെ ഘടന നിലവാരം (ചിത്രത്തിലൂടെ)

High (പച്ച നിറം) N. നൈട്രജൻ (പാകൃജനകം)
Medium (മഞ്ഞനിറം) P. ഫോസ്ഫറസ് (ഭാവകം)
Low(ചുവപ്പുനിറം K. പൊട്ടാഷ് (ക്ഷാരം)



കർഷക തൊഴിലാളികൾ

വർഷങ്ങൾക്കുമുമ്പ് കൊയ്ത്തു സമരത്തിലൂടെ അവകാശങ്ങൾ പിടിച്ചുപറ്റിയ സമര പാരമ്പര്യമുള്ള വരാണ് നമ്മുടെ പഞ്ചായത്തിലെ കർഷക തൊഴിലാളികൾ. കർഷക തൊഴിലാളി പെൻഷനും ക്ഷേമനിധിയും പ്രഖ്യാപിച്ചതോടെ ഈ രംഗത്ത് രാഷ്ട്രീയകക്ഷികളുടെ കീഴിൽ നിരവധി സംഘടനകൾ രംഗത്ത് വരുകയുണ്ടായി. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ആയിരകണക്കിന് കർഷകതൊഴിലാളികൾ ഈ സംഘടനകളിൽ അംഗങ്ങളായി. എന്നാൽ നെൽപാടങ്ങളിൽ പണിയെടുക്കാൻ ആവശ്യത്തിന് കർഷക തൊഴിലാളികളെ കിട്ടാത്ത സ്ഥാതിയാണുള്ളത്. നിലം നികഴ്ത്തുന്നതിനുള്ള ഒരു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത് കർഷകതൊഴിലാളികളുടെ അഭാവമാണ്. ഈ പ്രശ്നം വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

കർഷക തൊഴിലാളികളുടെ കൂലി ശരാശരി പുരുഷന്മാർക്ക് 60. സ്ത്രീകൾക്ക് 70 രൂപാ ക്രമത്തിലാണ് നൽകുന്നത്.

വിപണന സൗകര്യങ്ങൾ

1. നന്ദിയോട് പബ്ലിക് മാർക്കറ്റ്
2. പേരയം മാർക്കറ്റ്

കാർഷികോല്പന്നങ്ങൾ ഈ രണ്ട് മാർക്കറ്റിലും പെരിങ്ങമല പഞ്ചായത്ത് പബ്ലിക് മാർക്കറ്റിലുമാണ് സാധാരണ വിൽക്കുന്നത്. കൂടാതെ 5-6 വാർഡുകളിലെ കാർഷികോല്പന്നങ്ങൾ ചുള്ളിമാനൂർ മാർക്കറ്റിലും വില്ക്കുന്നുണ്ട്.

കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യാൻ പ്രത്യേകം സംവിധാനമുണ്ടാകണം.

തോട്ടവിള ഗവേഷണകേന്ദ്രം (സിപിസിആർഐ)

നന്ദിയോട് പഞ്ചായത്തിൽ കേന്ദ്രഅടയ്ക്ക കമ്മിറ്റിയുടെ കീഴിൽ CPCRI എന്ന സ്ഥാപനം 1958ൽ പ്രവർത്തനം ആരംഭിച്ചു അടയ്ക്കയിലെ മഞ്ഞളിപ്പു രോഗം – ഗവേഷണം നടത്തി പരിഹാരം കണ്ടുപിടിക്കുന്നതിനുവേണ്ടി തുടങ്ങിയ ഈ സ്ഥാപനം 1970ൽ കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി. അടയ്ക്ക കൂടാതെ– കശുമാവ്, കുരുമുളക് എന്നിവയുടെ ഗവേഷണവും നടത്തുന്നു. എണ്ണപ്പനയുടെ പ്രാധാന്യം മനസ്സിലാക്കി 1976 മുതൽ എണ്ണപ്പനയും ഗവേഷണം തുടങ്ങി. ഇപ്പോൾ എണ്ണപ്പനയുടെ ഗവേഷണം മാത്രമേ നടത്തുന്നുള്ളൂ.

തിരുവനന്തപുരം – കൊല്ലം ജില്ലകളിൽ കൊറ്റനാടൻ കുരുമുളകിന്റെ നിർദ്ധാരണംമൂലം പി എൽ ഡി ഐ എന്ന അത്യുല്പാദന ശേഷിയുള്ള ഇനം വികസിപ്പിച്ചെടുക്കുകയും ചെയ്തു. ഇൻഡ്യയിൽ എണ്ണപ്പന സങ്കരവിത്ത് ഉല്പാദിപ്പിക്കുന്ന ഏകകേന്ദ്രം സിപിസിആർ ഐ ആണ്. ഇവിടെ ക്ഷേയോഗ്യമായ പാംഓയിൽ – ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. ഇപ്പോഴത്തെ ഈ സ്ഥാപനത്തിന്റെ മേധാവി ഡോ. കെ.യു.കെ നമ്പൂതിരിയാണ്.

കാലാവസ്ഥ

പഞ്ചായത്തിൽ മഴയുടെ ലഭ്യത
1966-3287 മി:മീറ്റർ
1989-2647 മി:മീറ്റർ

1990-2127 മി:മീറ്റർ
1991-3646 മി:മീറ്റർ
1992-3224 മി:മീറ്റർ
1993-2881 മി:മീറ്റർ
1994-2612 മി:മീറ്റർ
1995-2512 മി:മീറ്റർ

അവലംബം സിപിസിആർഐ രേഖകൾ

പൊതു നിർദ്ദേശങ്ങൾ

-നിലവിലുള്ള നെൽപാടങ്ങൾ നികത്താതെ നെൽകൃഷി ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. നെൽപാടങ്ങൾ നികത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും തക്കതായ ശിക്ഷനൽകുകയും ചെയ്യുക. നിലം നികത്തി കഴിഞ്ഞ സ്ഥലങ്ങളുടെ ഇന്നത്തെ ഉടമകളിൽ നിന്ന് സെന്റിന് ഒരു നിശ്ചിത തുക ഫൈനായി ഈടാക്കുക.കുരുമുളക് കൃഷി വികസിപ്പിക്കുന്നതിന് അത്യുലാപാദനശേഷിയുള്ള കുരുമുളക് വള്ളികളും വളവും കീടനാശിനിയും സൗജന്യമായി നൽകുക.ഇരുപത്തിയഞ്ച് കൃഷിക്കാർക്ക് ഒരു സ്പെയർ എന്ന തോതിൽ വിതരണം ചെയ്യുക.എല്ലാവീടുകളിലും പച്ചക്കറി കൃഷിക്കാവശ്യമായ വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.

-ജലസേചനത്തിനായി തോടുകളിൽ ചെറിയ ബണ്ടുകൾ നിർമ്മിക്കുക.

-കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃഷിക്കാരെ സഹായിക്കുകയും കൃഷിക്കാർക്കുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കുകയും ചെയ്യുക.

-മണ്ണു പരിശോധനക്കുള്ള സൗകര്യങ്ങൾ വിപുലമാക്കുക

-അടുക്കളതോട്ടം നിർമ്മിക്കുന്നതിനായി വിത്തും വളവും സൗജന്യമായി നൽകുക.

-വന്യമൃഗങ്ങളിൽ നിന്നും കൃഷിയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക.

-കൃഷി ഭവന്റെ കീഴിൽ നിന്നും വിതരണം ചെയ്യുന്ന വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുക.

-കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.

-മണ്ണു സംരക്ഷണത്തിനുവേണ്ട ബണ്ടുകൾ കെട്ടുക.

-കൈവശ ഭൂമിക്കാരിൽ പട്ടയം കിട്ടാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

-3-ാം വാർഡിലെ കിടാരക്കുഴി, ഭദ്രംപച്ചപാറ എന്നിവിടങ്ങളിൽ അന്തിച്ചന്ത കൂടാൻ നടപടി സ്വീകരിക്കുക.കാർഷിക വിള സംഭരണസ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

-കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുക.

-നെൽകൃഷിക്കാരന് ഉഴുവാനും മെതിക്കാനുമുള്ള ചിലവുകുറഞ്ഞ യന്ത്രങ്ങൾ ലഭ്യമാക്കുക.

-ആഗ്രോമെഷനറീസ് സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക.

-യഥാർത്ഥ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കർഷക സ്റ്റാറ്റ്യൂട്ടറി ബോർഡ് രൂപീകരിക്കുക.6-ാം വാർഡിലെ നന്തൻകുഴിയിൽ ജലലഭ്യത കൂടുതലുള്ള സ്ഥലത്ത് ഒരു ചിറ നിർമ്മിച്ച് കൃഷി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

-കൃഷി വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുകയും ജാമ്യ വ്യവസ്ഥ ലഘൂകരിക്കുകയും ചെയ്യുക.

-7-ാം വാർഡിന്റെ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന തോട്ടിൽ നന്ദിയോട് പബ്ലിക് മാർക്കറ്റിൽനിന്നും ഹോട്ടലുകളിൽ നിന്നും ഉള്ള മാലിന്യങ്ങൾ ഒഴുക്കി വെള്ളം അശുദ്ധമാക്കുന്നതു തടയാൻ നടപടി സ്വീകരിക്കുക.

നെൽകൃഷി മെച്ചപ്പെടുത്താൻ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്യുക.

-കൃഷി ആഫീസർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വാർഡുകൾ സന്ദർശിച്ച് കൃഷിക്കാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുക.

-നടീൽ വസ്തുക്കളുടെ വികോതരണം ക്രമപ്പെടുത്തുക

-ചെല്ലഞ്ചി പേരയം ഏലാ തോട്ടിന്റെ ഇരുകരയും കല്ലുകെട്ടി സംരക്ഷിച്ച് കൃഷിക്ക് ജലം ലഭ്യമാക്കുക.

-കമ്മ്യൂണിറ്റി ഇറിഗേഷൻ സൗകര്യം പഞ്ചായത്തിലുടനീളം വ്യാപിപ്പിപ്പിക്കാൻ നടപടി സ്വീകരിക്കുക.

-4-ാം വാർഡിലൂടെ ഒഴുകുന്ന തോടു പുറമ്പോക്കിൽ ബണ്ടുകോരി തെങ്ങും വാഴയും കൃഷിചെയ്യുന്നതു മൂലം തോടിന്റെ വീതി കുറയുന്നതു തടയാൻ നിയമ നടപടുകൾ സ്വീകരിക്കുക.

-നമ്മുടെ പഞ്ചായത്തിലെ മണ്ണൊലിപ്പിന് സാദ്ധ്യതയുള്ള പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ബണ്ടുകൾ കെട്ടിയും പുൽതകിടികൾ നിർമ്മിച്ചും സാമൂഹ്യ വനവൽക്കരണത്തിലൂടെയും മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

-നെല്ല്, തെങ്ങ് തുടങ്ങിയവയ്ക്ക് കൂട്ടു കൃഷി സംരംഭങ്ങൾ ഉണ്ടാക്കുക.

-വിവധകൃഷികൾക്ക് സ്ഥാസമയം വായ്പ ദേശ സാൽകൃത, സഹകരണബാങ്കുകൾ വഴി ലഭ്യമാക്കുക. വായ്പ ശരിയായി ഉപയോഗിക്കുകയും ഉൽപാദന വർദ്ധന ഉണ്ടാക്കുകയും ചെയ്യുന്ന കാര്യം പഞ്ചായത്തു തല കാർഷിക സമിതി മോണിറ്റർ ചെയ്യുക.

- കൃഷിയുടെ പ്രോത്സാഹാനാർത്ഥം കാർഷിക സെമിനാരുകൾ, കാർഷിക മേളകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം.

- കർഷകർക്ക് വിവിധ കൃഷികൾക്കായി പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തേണ്ടതാണ്.

- നമ്മുടെ ഗ്രാമത്തിന്റെ കാർഷികാഭിവൃദ്ധി വീണ്ടെടുക്കുവാനും ഭക്ഷ്യവിളകൾ ഉൾപ്പെടെയുള്ള ഭൂമിയെ സംരക്ഷിക്കുവാനും നമുക്ക് കഴിയണം.

പ്രകൃതി വിഭവങ്ങളും മനുഷ്യ സമ്പത്തും ശാസ്ത്ര

സാങ്കേതിക നേട്ടങ്ങളും, കൈകോർത്തു പുതിയ കാർഷിക വികസന സംസ്കാരം ഉടലെടുപ്പിക്കുവാൻ ജനകീയ സമതികൾക്കും പഞ്ചായത്തു സമതികൾക്കും കഴിയുന്ന തരിത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്. പ്രത്യാശയുടെ നാളെകൾക്കായി നമുക്ക് കർമ്മ പഥത്തിലേക്ക് ഇറങ്ങാം ।

അവലംബം:- ഗ്രാമസഭാ റിപ്പോർട്ടുകൾ, ദ്വിതീയ വിവരശേഖരണം, നാട്ടറിവ്, കോർഗ്രൂപ്പ് വിഭവ ഭൂപട സർവ്വെ (സെന്റ്)

കൃഷിഭവൻ

1987- ലാണ് കൃഷിഭവൻ ആരംഭിച്ചത്. കാർഷിക രംഗത്ത് വിവിധ പദ്ധതികൾ സംഭാവനചെയ്യാൻ കഴിയുന്ന സ്ഥാപനം എന്ന നിലയിലാണ് ആരംഭിച്ചിട്ടുള്ളത്.. കാലാകാലങ്ങളിൽ സർക്കർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് എത്തിക്കുക എന്നതിനു പുറമേ വിശാലമായ പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. പുത്തൻ കാർഷിക രീതികൾ പരിചയപ്പെടുത്തുവാനും കാർഷിക രംഗത്തെ ആധുനിക കണ്ടുപിടത്തങ്ങളുടെ ഗുണഫലങ്ങൾ കർഷകരിലെത്തിക്കുകയും കാർഷിക രംഗത്തെ സജീവമാക്കുവാനും കഴിയണം. പഞ്ചായത്തീരാജ് നിയമമനുസരിച്ച് കൃഷിഭവൻ പഞ്ചായത്തിന്റെ ഭരണത്തിൻ കീഴിലാണ്. കൃഷിഭവൻ, പഞ്ചായത്ത് സമതി, ജനകീയ സമതികൾ എന്നിവയുടെ കൂട്ടായ്മയിൽ പുത്തൻ കാർഷിക വികസന പാത സംജാതമാകേണ്ടതാണ്.

കൃഷിഭവൻ വഴി 1996-97 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതി- ഒരവലോകനം

1. പ്രത്യേക ഘടകപദ്ധതി

ഹരിജനങ്ങൾക്ക് പ്രത്യേക ഘടക പദ്ധതി പ്രകാരം വീട് നിർമ്മിച്ച് കൊടുക്കുക. സാമൂഹ്യ ജലസേചന പദ്ധതി, വേടർ സമുദായത്തിനുള്ള സൗജന്യ ഭൂമിവിതരണം, എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു.

2. ട്രൈബൽ ചെറു പദ്ധതി

വീട് നിർമ്മാണം, ജലസേചന പദ്ധതികൾ എന്നിവ നടപ്പാക്കുന്നു.

3. ബയോഗ്യാസ് വികസന പദ്ധതി

2500 രൂപ സബ്സഡിയോടുകൂടിയുള്ള ബയോഗ്യാസ് വികസന പദ്ധതിയും നിലവിലുണ്ട്.

4. ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ പദ്ധതി

157 യുവജനങ്ങൾ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്. നടപ്പുവർഷത്തിൽ 19 പേർക്ക് വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കും. ഇവർക്കായി വിവിധയിനങ്ങളിലായി സഹായം ലഭ്യമക്കുന്നു.

5. വിള ഇൻഷ്യറൻസ് പദ്ധതി

ഇൻഷ്വറൻസ് പദ്ധതി പ്രകാരം 107 പേരെ ചേർത്തിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിനിരയായവർക്കുള്ള സഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു.

6. സമ്പൂർണ്ണ കേരവികസന പദ്ധതി (സി സി ഡി പി)

സമ്പൂർണ്ണ വികസന പദ്ധതിപ്രകാരം 110 പേർക്ക് പരിശീലനം, 26 പേർക്ക് കിണർ കുഴിക്കുവാനും 38 പമ്പ്സെറ്റ് നിർമ്മിക്കുന്നതിനും സഹായം നൽകിവരുന്നു.

തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിനായി 3 പേരെയും മരുന്നു തളിക്കുവാനുള്ള റോക്കർ സ്പ്രേയർ വാങ്ങുന്നതിന് ഒരാളെയും തിരഞ്ഞെടുത്തിട്ടുണ്ട്.

സാമൂഹിക ജലസേചനപദ്ധതി പ്രകാരം 5 ഹെക്ടർ സ്ഥലം ജലസേചനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പച്ചില വള വിതരണവും നടക്കുന്നുണ്ട്.

7. കേന്ദ്ര എജൻസികളുടെ പദ്ധതികൾ

ഇഞ്ചി, കുരുമുളക്, മഞ്ഞൾ, കൊക്കൊ, പച്ചക്കറികൾ എന്നിവയുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

8. കണിക ജലസേചനം, ഗ്രീൻ ഹൗസ് നിർമ്മാണം

തെങ്ങിൻ തോപ്പുകളിൽ ജലസേചനം നടത്തുവാനായി കണിക ജലസേചന പദ്ധതി എന്ന പരിപാടി നടപ്പാക്കിവരുന്നു. ആന്തൂറിയം, ഓർക്കിഡ് എന്നിവയുടെ പ്രോത്സാഹനാർത്ഥം ഗ്രീൻഹൗസ് നിർമ്മാണത്തിനായി സബ്സഡി നൽകുന്നുണ്ട്.

9. കേരവികസന ബോർഡ് പദ്ധതി

രോഗബാധയുള്ള തെങ്ങ് മുറിച്ചുമാറ്റുന്നതിനുള്ള പദ്ധതിയാണ് ഇത്. 500 തെങ്ങുകൾ മാറ്റുവാനുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്.

10. നെൽ വികസന പദ്ധതി

55 ഹെക്ടർ പ്രദേശത്തേക്ക് പ്രത്യേക നെൽ ഉല്പാദന സഹായം ലഭിക്കുന്നുണ്ട്.

11. ഡി. ആർ. ഡി. എ - പദ്ധതികൾ

നാളികേര മിനിക്കിറ്റ്, പയറുവർഗ്ഗ മിനിക്കിറ്റ് എന്നിവ നൽകി വരുന്നു. ഭൂവികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് ആവശ്യമായ സഹായം കൊടുക്കുന്നുണ്ട്.

12. മണ്ണ് പരിശോധന പദ്ധതി

പദ്ധതി ലക്ഷ്യം 200 പേർക്കായി ലഭിക്കുന്നു. കൂടാതെ വള സാമ്പിളുകൾ നൽകിവരുന്നു.

13. കശുമാവ് വികസന പദ്ധതി

പഞ്ചായത്തിലാകെ 11 പേർക്കായി കശുമാവ് കൃഷിക്കായി ഒരു കുഴിക്ക് 3 രൂപാനിരക്കിൽ സഹായം

നൽകി വരുന്നു. 7,8 ഏക്കർ പ്രദേശത്ത് കൃഷിചെയ്യുന്നു.

14. പട്ടിക ജാതി/ പട്ടികവർഗ്ഗക്കാർക്കായി നടത്തുന്ന സമഗ്രനാളികേര വികസനപദ്ധതി

ജലസേചന സൗകര്യം മെച്ചപ്പെടുത്തുക (തെങ്ങിന് ജലസേചനത്തിനായി കിണർക്കുഴിക്കുവാൻ ചിലവാകുന്ന മുഴുവൻ തുകയോ പരമാവധി 10,000 രൂപയോ സഹായധനമായി നൽകുക) പമ്പുസെറ്റുകൾ സ്ഥാപിക്കുക, (പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയോ, പരമാവധി 10,000 രൂപയോ സഹായധനമായി നൽകും) സാമൂഹ്യജലസേചനം, (കോളനികളിലെ സാമൂഹിക ജലസേചനം നടത്തുവാനായി ചിലവിന്റെ മുഴുവൻ തുകയോ പരമാവധി ഹെക്ടറിന് 50,000 രൂപയോ സഹായധനം ലഭിക്കുന്നതാണ്.) ആഗ്രോസർവ്വീസ് സെന്റർ രൂപീകരിക്കൽ. (കൃഷിഭവനോട് ചേർന്ന് സെന്റർ പ്രവർത്തിക്കും, ഒരു ഗ്രൂപ്പിന് 25,000 രൂപയാണ് സഹായധനം) എന്നിവയാണ് പ്രധാന പദ്ധതികൾ.

മുകളിൽപ്പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാനുള്ള വാർഷിക ലക്ഷ്യത്തിൽ- ബ്ലോക്കുകളിലെ എല്ലാ പഞ്ചായത്തുകൾക്കുംകൂടിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ആയതിനാൽ നന്ദിയോട് കൃഷിഭവന് അലോട്ട്മെന്റ് നിജപ്പെടുത്തിയിട്ടില്ല. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

15. സമഗ്ര വികസന പദ്ധതി

ഗ്രൂപ്പ് ഫാമിംഗ് പൊതുഞാറ്റടി തയ്യാറാക്കൽ, പവ്വർടില്ലർ, ട്രാക്ടർ, വിതരണം സസ്യസംരക്ഷണ മരുന്നുകൾ, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ, കൂമ്മായ ക്ഷാര ക്രമീകരണങ്ങളുടെ വിതരണം, ജലസേചന/ നിർഗമന ചാലുകളുടെ മണ്ണിടിഞ്ഞതു നീക്കം ചെയ്യൽ, ജീവാണു വള വിതരണം, സംയോജിത കീടനിയന്ത്രണം, ജൈവ വള പ്രോത്സാഹനം എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ പദ്ധതിക്കും 50% വീതം സബ്സഡി ലഭിക്കുന്നതാണ്.

അവലംബം- കൃഷി ഓഫീസറുടെ റിപ്പോർട്ട് കൃഷിഭവന്റെ രേഖകൾ.

ഭൂവിനിയോഗം

	വിസ്തീർണ്ണം (ഹെക്ടറിൽ)
നെൽകൃഷി	
,, ഒന്നാം വിള	37
,,രണ്ടാം വിള	65
,, മൂന്നാം വിള	2.4
നിത്തിയ വയൽ	140
മിശ്രവിളകൾ	830
മിശ്രതമരങ്ങൾ	4
റബ്ബർ	9
തെങ്ങ്	770
പുൽപ്രദേശം	34
മരിച്ചീനി	6
വാഴ	3
കൃഷിക്കുപയുക്തമായ തരിശുഭൂമി	77
CPCRI പ്രദേശം	53
KSEB സബ്സ്റ്റേഷൻ	4
ഷോപ്പിംഗ് കോംപ്ലക്സ്	4
ബസ്റ്റാൻഡ്	60
തരിശുഭൂമി	50
ആകെ	2956.4

അവലംബം- വിവേ ഭൂപടം- സെസ്സ്-

നന്ദിയോട് പഞ്ചായത്തിൽ 1990-'95 കാലയളവിൽ ലഭിച്ച മഴ- മില്ലിമീറ്ററിൽ



അവലംബം CPCR I DATA

മൃഗസംരക്ഷണവും മത്സ്യകൃഷി വളർത്തലും

പുരാതനകാലം മുതൽ വനപ്രദേശങ്ങളായിരുന്ന, നമ്മുടെ പ്രദേശത്ത് കന്നുകാലിവളർത്തൽ ഒരു ഉപ ജീവനമാർഗ്ഗമായിരുന്നു. പശു, കാള, പോത്ത്, എരുമ, ആട് എന്നിവയെ വളർത്തി ഈ രംഗത്ത് വമ്പിച്ച ആദാ യമുണ്ടാക്കിയിരുന്നു. കാളയും, പോത്തും കൃഷി കുറ ഞ്ഞുവന്നപ്പോൾ നാമാവശേഷമായി. എരുമയും അപൂർവമായി തീർന്നിരിക്കുന്നു. ആടും, പശുവും മാത്രമാണ് സാർവത്രികമായി കണ്ടുവരുന്നത്.

1996ലെ കന്നുകാലി സെൻസസാണ് ഈ രംഗത്തെ ക്കുറിച്ച് വ്യക്തമായി വിവരം തരുന്ന ആധികാരിക രേഖ. കന്നുകാലിവളർത്തൽ മുഖ്യതൊഴിലായി സ്വീക രിച്ചിട്ടുള്ളവരുടെ എണ്ണം കൂടുതലാണ്. പഞ്ചായത്തിൽ 95% ശതമാനം ജനങ്ങളും കർഷകരാണ്. മലയോരപ്ര ദേശമായ നമ്മുടെ പഞ്ചായത്തിൽ കാലികളെ നിക്ഷിപ്ത വനഭൂമിയിലിറക്കിവിട്ട് സംരക്ഷിച്ചിരുന്ന തായി അറിയുന്നു. കാർഷികരംഗത്തെ തകർച്ച ഒരു പരിധിവരെ കന്നുകാലിവളർത്തലിനെ വിപരീതമായി ബാധിച്ചിട്ടുണ്ട്. 20% ജനങ്ങൾ ഇന്നും കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമാക്കിയിട്ടുണ്ട്. ഭൂപ്രകൃ തിയും, കാലാവസ്ഥയും കന്നുകാലി വളർത്തലിന് പറ്റിയ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. പാൽ, വളം, മാംസം എന്നിവക്ക് വേണ്ടിയാണ് കന്നുകാലികളെ പരി രക്ഷിച്ചിരുന്നത്.

എന്നാൽ മൃഗസംരക്ഷണത്തിനുള്ള ചികിത്സാസ മ്പ്രദായങ്ങൾ ഈ അടുത്ത കാലത്താണ് പരിമിതമായി ഈ പഞ്ചായത്തിൽ നിലവിൽ വന്നത്.

കന്നുകാലി വളർത്തുന്നവർക്ക് പ്രോത്സാഹനം നൽകുന്ന ഈ പഞ്ചായത്തിലെ ഒരു ബൃഹദ്സംരംഭ മാണ് വർഷത്തിലൊരിക്കൽ നടത്തുന്ന പാലോട് കന്നു കാലി ചന്തയും കാർഷിക പ്രദർശനവും. പുറംനാടു കളിൽ നിന്നുപോലും കൂട്ടംകൂട്ടമായി കന്നുകാലികൾ ഇവിടെ എത്തിച്ചേർന്നിരുന്നു. തെക്കൻ കേരളത്തിലെ ശ്രദ്ധേയമായ കന്നുകാലിചന്തയായി ഇത് ഇന്നറിയപ്പെ ടുന്നു. ഇപ്പോൾ ഇത് കാർഷികപ്രദർശനമേളയായി ചുരുങ്ങുകയും കന്നുകാലി ചന്തക്ക് പ്രചാരക്കുറവ് സംഭവിച്ചതും കന്നുകാലി വളർത്തലിനോട് ഈ പ്രദേ ശത്തെ ജനങ്ങൾക്കുള്ള താല്പര്യക്കുറവാണെന്ന് അനുമാനിക്കാം.

മൃഗചികിത്സക്കുള്ള വാക്സിൻ നിർമ്മിക്കുന്ന ഒരു ഗവേഷണകേന്ദ്രം *വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റി റ്റ്യൂട്ട്* പാലോട് പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ആഭിമാനിക്കാവുന്ന ഒരു സ്ഥാപനമാണിത്. ഈ സ്ഥാപനത്തിൽ നിന്ന് രോഗപ്രതിരോധ മരുന്നുകൾ വ്യാപകമായി പ്രചാരത്തിലുണ്ട്. ഈ സ്ഥാപനത്തിന്റെ സേവനം അത്യാവശ്യഘട്ടങ്ങളിൽ നമുക്ക് ലഭ്യമാണ്. എഴുപതുകളിലാണ് പാൽ സംഭരണവിപണനസംഘ ങ്ങൾ നിലവിൽ വന്നത്. ക്ഷീരോല്പാദകസഹകരണ സംഘങ്ങൾ നിലവിൽ വന്നതോടെ കർഷകർക്ക് വള രെയധികം ആശ്വാസമായി. ഈ രംഗത്ത് സങ്കരയിനം പശുക്കളുടെ കടന്നുവരവ് പാൽ ഉല്പാദകർക്ക് ഏറെ ആശ്വാസമായി.

ഒരു കാലത്ത് ധനികന്മാരുടെ കുത്തകയായിരുന്നു കന്നുകാലി വളർത്തൽ. ഇപ്പോൾ സാധാരണക്കാർ ആ സ്ഥാനത്ത് എത്തിച്ചേർന്നിരിക്കുന്നു. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന ഈരംഗത്ത് ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. പശുവിൻപാലാണ് സുലഭമായി

ലഭിക്കുന്നത്. എരുമ വളർത്തൽ ഇന്ന് പരിമിതമായി ക്കൊണ്ടിരിക്കുന്നു. ആട് വളർത്തൽ ഫലപ്രദമാണ് എറെക്കുറെ. നല്ലയിനം ആടുകളുടെ അപര്യാപ്തതയും ആട്ടിൻ പാൽശേഖരണം നടക്കാത്തതും ആട് വളർത്തൽ രംഗത്തേക്ക് അധികം ആളുകളെ ആകർഷിക്കുന്നില്ല.

പോത്തിനേയും കാളയേയും ഉപയോഗിച്ച് പാടങ്ങൾ ഉഴുതിരുന്ന സ്ഥാനത്ത് നിലം നികത്തുകയും മറ്റും ചെയ്തതോടെ പോത്തിന്റെയും കാളയുടെയും കുറവ് പ്രത്യക്ഷത്തിൽ ബോധ്യമുണ്ട്. നെൽകൃഷി നാമമാത്രമായി ഇതരകൃഷികൾ വ്യപകമായി.

പാലിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗവും ഉല്പാദിപ്പിക്കുന്ന പാലിന് മതിയായ വില ലഭിക്കാത്തതും കാരണം കന്നുകാലി വളർത്തുന്നവർക്ക് ബാദ്ധ്യത വളരെ വർദ്ധിച്ചിരിക്കുന്നു. മാംസത്തിനുവേണ്ടി മാത്രം കാലിവളർത്തുന്ന രീതി നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല.

ബാങ്കുകൾ IRDP പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം തൊഴിൽദാന പദ്ധതിയുടെ ഭാഗമായി പശുക്കളെ വാങ്ങി നൽകുന്നുണ്ടെങ്കിലും അത് ഫലപ്രദമല്ല. ഗുണഭോക്താവിന്റെ താല്പര്യം എന്തെന്ന് മനസ്സിലാക്കി അതനുസരിച്ച വായ്പകൾ വിതരണം നടത്തിയാലേ ഫലപ്രദമാകുകയുള്ളൂ. 20% പേർ മാത്രമാണ് പശുവളർത്തൽകൊണ്ട് ഇന്ന് ജീവിക്കുന്നത്. ഈ തോത് വർദ്ധിപ്പിക്കുവാൻ ബാങ്കുകളും സഹകരണസംഘങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്.

ഇനം	എണ്ണം
പശു	2281
ആട്	1852
കാള	—
എരുമ	8
പോത്ത്	—
മുയൽ	10
പട്ടി	1670
കോഴി	17188
താറാവ്	8

അവലംബം മൃഗാശുപത്രി സ്ഥിതിവിവരക്കണക്ക്.

ഒരു വീട്ടിന് ഒരു കോഴിയെങ്കിലും വളർത്തുമെങ്കിലും അത് ആദായകരമല്ല. വ്യാപാരം നടത്തുന്നതിനുവേണ്ടി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഇറച്ചിക്കോഴികളെ വളർത്തുന്നു. സ്വയംതൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി നൂതന സംരംഭങ്ങൾ കടന്നുവരേണ്ടതാണ്. വിപണി പ്രശ്നമല്ലെങ്കിലും ഇടനിലക്കാരുടെ ചൂഷണം നിലനില്ക്കുന്നു. മുട്ടക്കോഴി വളർത്തലിന്റെ ചെലവും മുട്ടക്ക് കിട്ടുന്നവിലയും പൊരുത്തമില്ലാത്തതിനാൽ കോഴിവളർത്തൽ നടത്തുന്നവർ അധികം താല്പര്യം കാണിക്കുന്നില്ല. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ടു കൃത്രിമ ബീജസങ്കലന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പാലോടും പ്ലാവറയിൽ 14.2.1970- ൽ വെറ്റിനറി സബ് സെന്ററായി പ്രവർത്തനം ആരംഭിച്ച മൃഗചികിത്സാ കേന്ദ്രം നമ്പർ ജി. ഒ (ആൻടി) 186/77/എഡി തിയതി 17.1.1977 എന്ന ഉത്തരവ് പ്രകാരം വെറ്റിനറി ഡിസ്പെൻസറിയായി ഉയർത്തി.

അനുവദിച്ച തസ്തികകൾ

1. വെറ്റിനറി സർജൻ — ഒന്ന്
2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ — ഒന്ന്
3. അറ്റൻഡർ — ഒന്ന്
4. പാർട്ട് ടൈം സ്വീപ്പർ — ഒന്ന്

ഈ ആശുപത്രി ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി മൃഗാശുപത്രി കെട്ടിടം പണിയുന്നതിന് 50 സെന്റ് സ്ഥലം പാലോടും ആറ്റുനടയിൽ നിവിൽ ഉണ്ട്.. ഇളവട്ടം കേന്ദ്രീകരിച്ച് ഒരു ഉപകേന്ദ്രം കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായിരിക്കും.

അനുബന്ധം 1

ജനന രജിസ്റ്റർ

ഗ്രാമപഞ്ചായത്ത് നന്ദിയോട് 1995.96

ഇനം	ജനിച്ച കുട്ടികളുടെ എണ്ണം	
	ആൺ	പെൺ
പശു	130	141
എരുമ	–	–

അനുബന്ധം 2

പേവിഷബാധ- പ്രതിരോധവും ചികിത്സയും 95.96					
വിവരം	പശു	എരുമ	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ്പ് നൽകിയവയുടെ എണ്ണം			150		
കടിയേറ്റതിന് ശേഷം കുത്തിവയ്പ്പ്നടത്തിയവയുടെഎണ്ണം					

അനുബന്ധം 3

കൃത്രിമ ബീജസങ്കലന വിവരങ്ങൾ 95.96			
വളർത്തുമൃഗംഇനം	ആകെ എണ്ണം	ക്രിത്യമ ബീജസങ്കലനംനടത്തിയവ	ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനംവേണ്ടവന്നവ
പശു കിടാരി എരുമ	715	549	168

മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും. ഗുണനിലവാര നിർണ്ണയ ലബോറട്ടറികളുടെ അഭാവം
2. ഉൽപാദകന് കിട്ടുന്ന പാൽ വില. ഉൽപാദന ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.
3. വിപണന രംഗത്തെ അപര്യാപ്തത
4. ഭാരിച്ച ചികിത്സാ ചെലവ്
5. വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപങ്ങളുടെ വിമുഖത
6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
7. ചുരുങ്ങുന്ന തീറ്റപ്പുൽ കൃഷി
8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി-മൃഗാദികളുടെ ദൗർലഭ്യം
9. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണനരീതികൾ.
10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ
11. സാങ്കേതിത പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ
12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികളും, ഉപകേന്ദ്രങ്ങളും (സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ, പരിശോധനാസ്ഥലം, ലബോറട്ടറി, മരുന്നുകൾ, ടെലിഫോൺ മുതലായവ)
14. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർ പരിപാടിയുടെ അഭാവം.

സാധ്യതകൾ

പ്രാദേശികമായി ലഭ്യമായ വിവേങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

പഞ്ചായത്ത് പുറംപോക്കു സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപഗിക്കാവുന്നതാണ്.

പാൽ വിപണന സാധനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

പാൽസൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ട് ഉത്തരവാദിത്വത്തോടുകൂടിയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

മൃഗാശുപത്രികളിൽ അവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. വർഗ്ഗോദ്ധാരണത്തിന് 500 പശുക്കൾക്ക് 1 എന്ന തോതിൽ കൃത്രിമബീജ സങ്കലന സ്ഥാപനങ്ങൾ ആരംഭിക്കണം.

ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം.

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോകിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

ചികിത്സാ രംഗം രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.

വനിതാസംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും വേണം.

സമഗ്രപേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയോ പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

നടപ്പുപദ്ധതികൾ പോരായ്മകൾ വേണ്ട മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം

2. പേവിഷ നിയന്ത്രണ പദ്ധതി

പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധകുത്തിവയ്പ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായക്കളെ നശിപ്പിക്കുക. അവശ്യാനുസരണം വാക്സിൻ പകുതിവിലയ്ക്കോ, സൗജന്യമായോ ലഭ്യമാക്കണം.

3. കാലി രോഗനിയന്ത്രണ പദ്ധതി

പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണം.

4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി

പന്നിക്കുഞ്ഞുങ്ങളുടെ ദൗർബല്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും പ്രദേശിക ജീവിതരീതിക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. ആടുവളർത്തൽ പദ്ധതി

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. നല്ലയിനം ആട്ടിക്കുട്ടികളെ ലഭ്യമാക്കുക.

6. ഇറച്ചിക്കോഴി വളർത്തൽ

ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ്. തീറ്റയുടേയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയിൽ ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. കോഴി ഇറച്ചിയുടെ വിപണനത്തിനായി സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

7. എഗ്ഗർ നേഴ്സറി

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റ് മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

8. അടുക്കളമുറ്റത്തെ കോഴിവളർത്തൽ

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. അവശ്യക്കാർക്ക് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

9. ബീജസങ്കലന സൗകര്യങ്ങൾ

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. 500 പശുക്കൾക്ക് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പോരായ്മകളും കണക്കിലെടുത്ത് പഞ്ചായത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന ചില മാർഗ്ഗനിർദേശങ്ങൾ.

ഉൽപ്പാദന മേഖല

1. പാൽ ഉൽപ്പാദനം

ചെറുകിട നാമമാത്രകർഷകരെയും കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. കാലിവളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപ്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

എ. മിനിഡയറി യൂണിറ്റുകൾ

മൂന്നു പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്.

ബി. കന്നുകുട്ടിപരിപാലന പരിപാടി

നാലുമുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷുറൻസ് സൗകര്യം എന്നിവ ലഭ്യമാക്കുക.

2. മുട്ട ഉൽപ്പാദനം

എ. എഗ്ഗർ നേഴ്സറി

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

ബി. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകുക.

സി. സ്കൂൾ പൗൾട്രി ക്ലബ്

വിദ്യാർഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിന് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

3. ഇറച്ചിക്കോഴി വളർത്തൽ

രണ്ടാഴ്ചയിലൊരിക്കൽ വിപണന പ്രായം എത്തിയ 250 ഇറച്ചിക്കോഴികളെ വിൽപ്പനയ്ക്ക് സജ്ജമാക്കുന്ന പദ്ധതി.

4. മാംസോൽപ്പാദനം.

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. മുൻ-പിൻ മാംസ പരിശോധന നിർബന്ധമക്കുക.

5. ആടുവളർത്തൽ

6. പന്നിവളർത്തൽ

7. ഇറച്ചി മുയൽ വളർത്തൽ

സേവനമേഖലകൾ

1. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ, സ്വന്തമായ കെട്ടിടം, വാഹന സൗകര്യം, ടെലഫോൺ, ലബോറട്ടറി സൗകര്യങ്ങൾ

2. കശാപ്പുശാലകൾ ആധുനിക വത്ക്കരിക്കുക.
3. പേവിഷ നിയന്ത്രണം.
4. വിജ്ഞാന വ്യാപന സൗകര്യങ്ങൾ

ആസൂത്രണലക്ഷ്യം

1. പ്രാദേശിക തലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.
2. ആസൂത്രണ സെൽ രൂപവൽക്കരിക്കുക.

വനിതാ പങ്കാളിത്തം

1. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ മഹിളാ സംഘങ്ങൾ വഴി പശുവളർത്തുന്ന പദ്ധതി.
2. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ മഹിളാസംഘങ്ങൾ വഴി നടപ്പാക്കുക.
3. വിപണന കേന്ദ്രങ്ങൾ സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കൊഴിയിറച്ചിയും മുട്ടയും ഉപയോഗിച്ച് ഉണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം. വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

മത്സ്യകൃഷി

പഞ്ചായത്തടിസ്ഥാനത്തിൽ മത്സ്യക്കൃഷിയില്ല. ശ്രമിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ഓരോ വാർഡിലും മത്സ്യം വളർത്താൻ കുളങ്ങൾ കുഴിക്കാനും സൗകര്യങ്ങൾ ഉണ്ടാക്കാം. മത്സ്യംവളർത്താൻ ബോധവൽക്കരണം ആവശ്യമാണ്.

നിർദ്ദേശം

1. ഇഷ്ടികകളങ്ങളിൽ മത്സ്യകൃഷിക്കുള്ള സൗകര്യമുണ്ടാക്കുക.
2. നമുക്ക് ആവശ്യത്തിനുള്ള മത്സ്യം ഇവിടെത്തന്നെ ഉണ്ടാക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കുക.

വ്യവസായം

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ വ്യവസായമേഖലയുടെ അടിത്തറ ദുർബലമായിരുന്നു. കാർഷികമേഖലയിലെ പുരോഗതിയുടെ ചരിത്രമാണ് ഈ പഞ്ചായത്തിലെ സാമ്പത്തികാടിത്തറ ഭദ്രമാക്കിയതിന്റെ ചരിത്രം മലയോരഗ്രാമമായ നന്ദിയോട് പണ്ട് വ്യവസായ നഗരങ്ങളുമായി ബന്ധപ്പെട്ടിരുന്നത് ഇവിടെത്തെ കാർഷികോല്പന്നങ്ങളായ കുരുമുളക്, അടയ്ക്ക, നാളികേരം, നെല്ല്, കപ്പ എന്നിവയുടെ വിപണനവുമായി ബന്ധപ്പെട്ടാണ്. വ്യവസായരംഗവുമായി ബന്ധപ്പെട്ട് ചരിത്രപരമായ ഒരു പശ്ചാത്തലമിവിടെയുണ്ടായിരുന്നതായി അറിവില്ല.

1957ൽ 'കോക്കനട്ട് പിത്ത് ഇൻഡസ്ട്രീസ്' എന്ന പേരിൽ പാലോട്ട് കാർഡ് ബോർഡ് നിർമ്മാണ യൂണിറ്റുണ്ടായിരുന്നു. അന്നത്തെ വ്യവസായ മന്ത്രിയായിരുന്ന ശ്രീ. കെ. പി. ഗോപാലനാണ് ആ യൂണിറ്റ് ഉൽഘാടനം ചെയ്തത്. ശ്രീ. എം. ജി. ഭാസ്ക്കരനായിരുന്നു അതിന്റെ ഉടമ. ചകിരിച്ചോറ് സംസ്കരിച്ച് അരച്ച് കാർഡ് ബോർഡുണ്ടാക്കുന്ന ഒരു വ്യവസായ സ്ഥാപനമായിരുന്നു. 1962 വരെയാണ് ഇത് പ്രവർത്തിച്ചത്. ലാഭകരമല്ലാത്തത് കൊണ്ട് അതിന്റെ പ്രവർത്തനം നിലച്ചു. 1960കളിൽ കൈത്തറി നെയ്ത്ത് കുടിൽ വ്യവസായമെന്ന നിലയിൽ പേരയം മേഖലയിൽ വ്യാപകമായിരുന്നു. കാലാന്തരത്തിൽ വിവിധയിനം തുണിത്തരങ്ങളുടെ പ്രചാരത്തോടെ ഈ വ്യവസായ സംരംഭങ്ങൾ നിഷ്ക്രീയമായി. 1970ൽ പേരയത്ത് കിഴക്കേക്കുന്നിലുള്ള ഒരു വീട്ടിൽ എക്സ് മിലിട്ടറിക്കാരനായ ശ്രീ. ശിവൻകുട്ടി നായർ പുൽപ്പായ് നിർമ്മാണവും പുകയില സംസ്കരണവും നടത്തിവന്നിരുന്നു. ഇരുപതോളം തൊഴിലാളികൾക്ക് ഇതിലൂടെ പ്രത്യക്ഷമായി തൊഴിൽ നൽകിവന്നു. എന്നാൽ മൂന്ന് വർഷം കഴിഞ്ഞപ്പോൾ ആ വ്യവസായ സ്ഥാപനവും അടച്ചു പൂട്ടി.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ (ചെല്ലഞ്ചി, പച്ച, പാലോട്) ചക്കിൽ എണ്ണക്കുരുക്കൾ ആട്ടി എണ്ണയാക്കുന്ന കുടിൽ വ്യവസായം നിലവിലുണ്ടായിരുന്നു. യന്ത്രവൽകൃത മില്ലുകളുടെ വരവോടെ ഇവ നഷ്ടമാവുകയും അപ്രത്യക്ഷമാവുകയും ചെയ്തു.

ഈറ്റ കൊണ്ടുള്ള വീട്ടുപകരണങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായം 1975 വരെ കൂരുവിലാംചാൽ പ്രദേശത്ത് നിലനിന്നു. ഇതും പരമ്പരാഗത വ്യവസായ സ്വഭാവത്തിലുള്ളതായിരുന്നു.

ഇത്തരത്തിലുള്ള ചുരുക്കം ചില കുടിൽ വ്യവസായ സംരംഭങ്ങളല്ലാതെ ഒരു വലിയ ചരിത്രമൊന്നും ഈ പഞ്ചായത്തിൽ വ്യവസായമേഖലക്ക് അവകാശപ്പെടാനുണ്ടായിരുന്നില്ല.

1980 മുതൽ 85 വരെ ഇളവട്ടം കേന്ദ്രീകരിച്ച് കൂറുപുഴ വാർഡിൽ ശ്രീ. മോഹനൻ നടത്തി വന്ന 'ആരോതീപ്പെട്ടി' സജീവമായിരുന്നു. മുപ്പതോളം തൊഴിലാളികൾ ഇവിടെ പ്രവർത്തിച്ചിരുന്നു.

അഭ്യസ്ത വിദ്യരായ യുവതീയുവാക്കളുടെ ബാഹുല്യവും തൊഴിലില്ലായ്മയുടെ രൂക്ഷതയും ഇവിടത്തെ സ്ഥിര സ്വഭാവമായിരുന്നു. പ്രകൃതിയിൽ കർഷകർ ഉല്പാദിപ്പിക്കുന്ന വിവിധയിനം കാർഷിക നാണ്യവിളകൾ സമാഹരിച്ച് സർക്കാർ തലത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഒട്ടേറെ വ്യവസായ സംരംഭങ്ങൾക്ക് സാധ്യതയുണ്ട്. ഇവിടെ റബർ കൃഷി സാർവത്രികമാണ്. ഇതുമായി ബന്ധപ്പെട്ട്

ഒട്ടേറെ വ്യവസായങ്ങൾക്കും അനുബന്ധ വ്യവസായങ്ങൾക്കും സാധ്യതയുണ്ട്. സർക്കാർ തലത്തിൽ ഇതിന് മുൻകൈയെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറായി ഒരറ്റം മുതൽ മറ്റേ അറ്റം വരെ (പാലോട് മുതൽ ചെല്ലഞ്ചി വരെ) ഒഴുകുന്ന വാമനപുരം നദീജലവും ഇത്തരം വ്യവസായങ്ങൾക്ക് സാധ്യതയേറെയുണ്ടെന്ന് ബോധ്യപ്പെടുത്തുന്നു.

ഇഷ്ടിക നിർമ്മാണം :

വാമനപുരം നദീതീരത്തുള്ള കുമ്മണ്ണ് കലർന്ന പശമണ്ണ് ഇഷ്ടിക നിർമ്മാണത്തിനുള്ള സാധ്യതയേറെയുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. വ്യക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന ഇഷ്ടിക നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചാൽ ലാഭകേരവും തൊഴിൽ സാധ്യതയുള്ളതുമായിരിക്കും.

ഹോളോബ്രിക്സ് :

നമ്മുടെ പഞ്ചായത്തിൽ ഹോളോ ബ്രിക്സിന്റെ ഉപയോഗം പണ്ടുള്ളതിനേക്കാൾ ഉണ്ട് വർദ്ധിച്ചിരിക്കുന്നു. ഇഷ്ടികയുടെ സ്ഥാനത്ത് ഹോളോ ബ്രിക്സ് സ്ഥാനം പിടിച്ചിരിക്കുന്നു. ഈ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ന് പഞ്ചായത്തിലൊരിടത്തും ഇല്ലാതിരിക്കുന്നു ഈ വ്യവസായ സംരംഭം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നത് വ്യവസായ രംഗത്തെ പുരോഗതിക്ക് സഹായകരമാകും.

കൊപ്ര സംഭരണവും, കൊപ്രയാട്ട് സംഘവും

നാളികേരത്തിന്റെ നാടായ കേരളത്തിലെ ഒരു മലയോരഗ്രാമമായ നന്ദിയോട് ഈ വ്യവസായ സംരംഭത്തിന്റെ സാധ്യത തള്ളിക്കളയാനാവുകയില്ല. കൊപ്രാ സംഭരണം, കൊപ്ര ആട്ടി എണ്ണ വില്പനയും സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നത് തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുന്നു. നന്ദിയോട് കേന്ദ്രമാക്കി എണ്ണയാട്ട് സഹകരണ സംഘം പ്രവർത്തിക്കുന്നു

നിലവിലുള്ള വ്യവസായ സംരംഭങ്ങൾ

താരുഫുഡ്സ്:

നമ്മുടെ പഞ്ചായത്തിൽ ചോനാംവിളയിൽ സ്ഥിതിചെയ്യുന്ന 'താരുഫുഡ്സ്' എന്ന കമ്പനി ഈസ്റ്റ് വെസ്റ്റ് കമ്പനിക്കുള്ളതാണ്. പ്രത്യക്ഷമായി 14 പേർ പണിയെടുക്കുന്നു.

പൊൻമുടി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്:

മീൻമുട്ടി വാർഡിൽ ചോനൻ വിളയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ സ്ഥാപനമാണിത്. 61 പേർ ഇവിടെ പണിയെടുക്കുന്നു. റബ്ബർബോർഡ് നടത്തുന്ന അനുബന്ധ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.

ഖാദി ഗ്രാമ വ്യവസായം:

പേരായം വാർഡിൽ സി. തോമസ് എന്ന മഹാമനസ്കൻ സംഭാവനചെയ്ത സ്ഥലത്ത് പഞ്ചായത്തിലെ ഒരു പ്രമുഖ സാമൂഹ്യ പ്രവർത്തകനായിരുന്ന ശ്രീ. ജോർജ്ജ് സാറിന്റെ സഹായത്തോടെ തുടങ്ങിയ യൂണിറ്റാണിത്. അമ്പതോളം പെൺകുട്ടികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലിയുണ്ട്. ഇലക്ട്രിക്കൽ കണക്ഷൻ കിട്ടിയാൽ യന്ത്രവത്കൃത പ്രവർത്തനം നടത്താൻ കഴിയുമെന്ന് ട്യൂട്ടർ പറയുന്നു. ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വിപണിയില്ല. അസംസ്കൃത പദാർഥങ്ങൾ കിട്ടാത്തതുകൊണ്ട് ഉൽപ്പാദനം കാര്യക്ഷമമല്ല.

ഡി.ഡബ്യു.സി. ആർ. എ. :

ഡി.ആർ.ഡബ്യു.സി.എ. യൂണിറ്റ് 6-ാം വാർഡിൽ വലിയ താന്നിമൂട്ടിൽ പ്രവർത്തിക്കുന്നു.

പാറപൊട്ടിക്കൽ :

ഈ വ്യവസായം പഞ്ചായത്തിൽ പച്ച, കുറുപുഴ വാർഡുകളിൽ പ്രവർത്തിക്കുന്നു. ഏകദേശം ഇരുപതിലധികം പേർ പ്രവർത്തിക്കുന്നു.

സോഡാഫാക്ടറി :

1960-90 കളിൽ നന്ദിയോട് കേന്ദ്രമാക്കി സോഡാ ഫാക്ടറി നടത്തിയിരിരുന്നു.

വ്യവസായ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. വിദ്യുച്ഛക്തിയുടെ പ്രസരണ തടസ്സം, വേൾട്ടേജ് ക്ഷാമം.
2. പരമ്പരാഗത തൊഴിൽ മേഖലക്ക് ആവശ്യമുള്ള അസംസ്കൃത പദാർത്ഥം കിട്ടാത്ത അവസ്ഥ.
3. ബോധവൽക്കരണത്തിന്റെ ആഭാവം.
4. വനിതകൾക്കുള്ള സംരംഭങ്ങളുടെ പരിമിതി.
5. വ്യവസായ സംരംഭകർ കടന്നുവരാത്ത സ്ഥിതി.
6. പൊതുമേഖലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാനുള്ള സ്ഥല സൗകര്യങ്ങളുടെ കുറവ്.
7. പൊന്മുടി റബ്ബേഴ്സിൽനിന്നും ഒഴുക്കിവിടുന്ന മലിനജലം വാമനപുരം നദീജലത്തെ മലിനമാക്കുന്നു.
8. നമ്മുടെ പ്രദേശത്തിന് അനുയോജ്യമായ വ്യാവസായിക സംരംഭങ്ങളെക്കുറിച്ചുള്ള അജ്ഞത.
9. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അഭാവം.
10. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള വീഴ്ച.
11. ട്രെയിഡ് യൂണിയൻ രംഗത്തെ അപജയങ്ങൾ.
12. ബാങ്കുകളിൽ നിന്നും വ്യവസായ സംരംഭകർക്ക്

ലഭിക്കാവുന്ന വായ്പകളിൽ ഉണ്ടാകുന്ന കാലതാമസങ്ങളും വൈകല്യങ്ങളും.

13. വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷനുകളിലും ലൈസൻസ്സുകളിലും നിലനിൽക്കുന്ന നൂലാമാലകൾ.

14. ഒരു പുത്തൻ തൊഴിൽ സംസ്കാരത്തിന്റെ അഭാവം.

പരിഹാരങ്ങൾ

1. വ്യവസായ സംരംഭങ്ങളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം.

2. നിലവിലുള്ള സർക്കാർ സ്കീമുകളെക്കുറിച്ച് വ്യാപകമായി പ്രചരണം.

3. പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.

4. പഞ്ചായത്തിന്റെ തനത് സാധ്യതകൾ അനുഗുണമായ തൊഴിൽ പരിശീലനത്തിനുള്ള മുൻഗണന.

5. തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉറപ്പുവരുത്തുക.

6. വ്യവസായത്തിന് ആവശ്യമായ ഊർജസ്രോതസ്സുകൾ പ്രാദേശികമായി കണ്ടെത്തുക.

7. വ്യവസായ സംരംഭങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കും വിധം ട്രേഡ് യൂണിയൻ സംവിധാനങ്ങൾ ക്രമീകരിക്കുക.

8. വ്യവസായത്തിന് ആവശ്യമായ പ്രാദേശിക അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുക.

9. വനിതാ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും ബോധവൽക്കരണവും, വായ്പാ സൗകര്യങ്ങളും ഉറപ്പാക്കുക.

10. വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

11. ബാങ്കുകളിലെ വായ്പാ സൗകര്യങ്ങൾ ലളിതമാക്കുക.

12. വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പകളുടെ ലഭ്യത ഉറപ്പാക്കുക.

13. രജിസ്ട്രേഷനുകളിലും, ലൈസൻസിങ്ങിലുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

സാധ്യതകൾ

1. ഈറ്റ കൊണ്ടുള്ള ഗ്രഹോപകരണ നിർമാണം.
2. റെഡിമെയ്ഡ് വസ്ത്രനിർമാണം.
3. അഗർബത്തി, അച്ചാർ നിർമാണം.
4. ജാം, സ്കാഷ്, ബേക്കറി നിർമാണ യൂണിറ്റുകൾ.
5. തീപ്പട്ടി, മെഴുകുതിരി നിർമാണ യൂണിറ്റുകൾ
6. ചപ്പൽ ലെതർ നിർമാണ യൂണിറ്റുകൾ
7. ചകിരി സംസ്കരിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങളുടെ യൂണിറ്റ്.
8. ഓല സംസ്കരണ യൂണിറ്റ്
9. കൂൺകൃഷി.
10. പശു, ആട്, കോഴി, പന്നി, വളർത്തൽ യൂണിറ്റുകൾ
11. ഡി. ഡബ്യൂ. സി. ആർ. എ. യൂണിറ്റ്.
12. റബ്ബർ, പ്ലാസ്റ്റിക് അനുബന്ധയൂണിറ്റുകൾ.
13. ഇഷ്ടിക, ഹോളോ ബ്രിക്സ് യൂണിറ്റുകൾ.
14. ക്ഷീരോല്പന്ന നിർമാണ വിപണന യൂണിറ്റുകൾ
15. ബുക്ക് ബൈൻഡിംഗ് യൂണിറ്റുകൾ
16. കാലി-കോഴിതീറ്റ നിർമാണയൂണിറ്റുകൾ
17. ഇലക്ട്രിക്കൽ, ഇലക്ട്രാണിക്സ് നിർമാണ യൂണിറ്റുകൾ
18. റബ്ബർതടി സംസ്ക്കരണ സംരംഭം.
19, പഴം പച്ചക്കറി, ഇളനീർ, സംസ്ക്കരണവിപണന യൂണിറ്റുകൾ, സോപ്പുനിർമാണം.
20. കശുവണ്ടി, കശുമാങ്ങാ സംസ്ക്കരണയൂണിറ്റ്.
21. തേനീച്ചവളർത്തൽ യൂണിറ്റ്.
22. കൊപ്രാ സംഭരണയൂണിറ്റ്.
23. ധാന്യസംഭരണ യൂണിറ്റ്.
24. കറിപൗഡർ യൂണിറ്റ്.
25. ജൈവ ജീവാണുവള നിർമാണയൂണിറ്റ്.
26. കാർഷികോപകരണനിർമാണ യൂണിറ്റ്.
27. സുഗന്ധദ്രവ്യ സംഭരണ യൂണിറ്റുകൾ.
28.. ഓട്ടോ മൊബൈൽ - വെൽഡിംഗ് യൂണിറ്റുകൾ.

♦ ♦ ♦ ♦ ♦ ♦ ♦ ♦

ഗതാഗതം ഊർജം മാർക്കറ്റ്

ഗതാഗതം

നന്ദിയോട് പഞ്ചായത്തിൽ പണ്ട് കാലങ്ങളിൽ കുതിരവണ്ടി, വില്ലുവണ്ടി എന്നിവയായിരുന്നു ആൾക്കാർ യാത്രക്കായി ഉപയോഗിച്ചിരുന്നത്. ഏകദേശം അറുപത് വർഷങ്ങൾക്ക് മുൻപ് 'ഹമീദിയ' കെ. എം. എസ് ആർ. കെ. വി തുടങ്ങിയ സ്വകാര്യ ബസ് സർവ്വീസുകൾ ആരംഭിച്ചു. ഇത് ഇന്നത്തെ പോലെ പരിഷ്ക്കാരങ്ങൾ ഉള്ളതായിരുന്നില്ല. എങ്കിലും തിരുവനന്തപുരം, നെടുമങ്ങാട് തുടങ്ങിയ സ്ഥലങ്ങളുമായി പല തരത്തിലും ബന്ധപെടാൻ ഇതുമൂലം സാധിച്ചു. വിവാഹം കഴിഞ്ഞ് വധുവരന്മാർ വില്ലുവണ്ടിയിൽ വരന്റെ വീട്ടിൽ പോയതായി ചരിത്രം ഉണ്ട്.

പിന്നീട് കേരളസംസ്ഥാനം രൂപീകരിച്ചതിന് ശേഷം ട്രാൻ.ബസ് ഇത് വഴി വന്നു തുടങ്ങി. എങ്കിലും ഇത് അപൂർവ്വമായിരുന്നു. എന്നാൽ നന്ദിയോട്, പാലോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കാർഷിക ഉല്പന്നങ്ങൾ നെടുമങ്ങാട് തുടങ്ങിയ സ്ഥലങ്ങളിലുള്ള മാർക്കറ്റുകളിൽ കൊണ്ടുപോയിരുന്നത് കാളവണ്ടികളിലായിരുന്നു. ദൂരെസ്ഥലങ്ങളിലുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ പോലും സൈക്കിളുകളിലായിരുന്നു പോയി വന്നിരുന്നത്. കേരളത്തിലെ പ്രധാന റോഡുകളിൽ ഒന്നായ T.S. റോഡ് നന്ദിയോട് വഴി കടന്നു പോകുന്നു.

എന്നാൽ ഇന്ന് ആധുനിക സൗകര്യങ്ങളോട് കൂടിയ K.S.R.T.C. ബസ് സർവ്വീസുകളും സ്വകാര്യ ബസ് സർവ്വീസുകളും ഉണ്ട്. എന്നാൽ യാത്രസൗകര്യം ഉണ്ടാക്കുന്നതിൽ സമാന്തര സർവ്വീസുകൾ നല്ലൊരു പങ്ക് വഹിക്കുന്നു. പാലോട് K.S.R.T.C ബസ് സ്റ്റേഷനിൽ നിന്നും എറണാകുളം കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലേക്കും കൂടാതെ തിരുവനന്തപുരത്ത് നിന്നും ചെങ്കോട്ട, തെങ്കാശി തുടങ്ങിയ അന്തർസംസ്ഥാന സർവ്വീസുകളും നന്ദിയോട് വഴി പോകുന്നു. പാലോട് Bus Station ൽ ഏകദേശം 8000 കിലോമീറ്റർ Service നടത്തുന്നു. ഏകദേശം 1 ലക്ഷം രൂ വരുമാനവും ഉണ്ട്. പാലോട് Bus Station ൽ നിന്നും വർഷംപ്രതി 60000/ രൂ പഞ്ചായത്തിന് തൊഴിൽ നികുതിയായി ലഭിക്കുന്നു.

1992 ഒക്ടോ. നവം. മാസങ്ങളിൽ ഉണ്ടായ അതിഭയങ്കര പേമാരിയും വെള്ളപൊക്കവും മൂലം പാലോട് പാലം തകർന്നു. എന്നാൽ താല്ക്കാലികമായി ഇതിന്റെ കേടുപാട് തീർത്തതല്ലാതെ പുതുക്കി പണിഞ്ഞിട്ടില്ല.

പുതിയനടപ്പാത

വാർഡ് 1

വാർഡ് 2

വാർഡ് 3

ഒൻപതേക്കർ ഹരിജൻ കോളനിയിൽ നിന്നും തോട്ടും പുറത്തേക്ക്.

വാർഡ് 4

1. വാഴപ്പാറ- തുമ്പിയം കുന്ന്- പത്തൊമ്പതിലേക്ക്
2. പൗവത്തൂർ- അടിക്കോട്ടുക്കോണം
3. പൗവത്തൂർ- കൊച്ചിലവ്
4. പച്ച- ഓവ് വഴി ചെക്കാലക്കോണം
5. പൗവത്തൂരിനും, തെങ്ങുംകോണം, മല്ലൻ തമ്പുരാൻ ക്ഷേത്രത്തിനു മദ്ധ്യേ തോടിനു കുറുകെ നടപ്പാത

വാർഡ്5

ചെമ്പിൽ നിന്നും വഞ്ചുവാത്തേക്ക് (ആനാട് പഞ്ചായത്തിന്റെ സഹായത്തോടെ)

വാർഡ് 6

1. ചെമ്പൻകോട്- അരവയിൽ കുഴി
2. പനയമൂട്ടം- സമാധിമൺപുറം- പേരയം

വാർഡ് 7

1. ചടച്ചിക്കരിക്കകം മുതൽ തെക്കെ ചിറപ്പുരെ
2. ഊളൻകുന്ന് മുതൽ കുടവനാട് വരെ

വാർഡ് 8

1. മഞ്ചിക്കാട്- നടവരമ്പ് വീതിക്കൂട്ടണം

വാർഡ് 9

1. ആനക്കുളം മുതൽ ആറ്റുക്കടവ് വരെയുള്ള ഇടവഴി
2. മീൻമൂട്ടി റോഡിൽ ചരുവിളയിൽ പോകുന്ന വഴി
3. ചോനൻ വിളയിൽ നിന്നും മീൻമൂട്ടി മുട്ടിയിലേയ്ക്ക്

1. പ്ലാവറ CSI പള്ളിയ്ക്ക് സമീപം ഏലായിൽ കൂടി ചരുവിള ഭാഗത്തേക്കുള്ള നടപ്പാത വലുതാക്കുക

വാർഡ് 11

പാണ്ടിയൻ പാറ-പൊൻകുഴി നിവാസികൾക്ക് VBI പരിസരത്ത് കൂടി നടപ്പാത വലുതാക്കുക.

ഗതാഗതയോഗ്യമാക്കേണ്ടത്

വാർഡ് 1

1. Bus station-ൽ നിന്നും വടക്കേവിള മിച്ച ഭൂമിയിലേയ്ക്കുള്ള തടം
2. Bus station-ൽ നിന്നും നെയ്യപ്പുള്ളിയിലേക്കുള്ള തടം

വാർഡ് 2

1. നരിയോട്-പയറ്റടി പേയ്ക്കാമൂലപ്ലാവററോഡ്
2. പച്ചയിൽ മഠം മുതൽ മണ്ണാറുക്കുന്ന് വഴിയുള്ള റോഡ് നന്ദിയോട്മായി ബന്ധിപ്പിക്കുക

വാർഡ് 3

1. നാഗര-പൊരിയകാട് റോഡിൽ പാലം പുതിയതായി പണിത് കൊണ്ട് ഗതാഗതയോഗ്യമാക്കണം.

വാർഡ് 4

1.

വാർഡ് 5

1. ആലുകുഴി, ഇളവട്ടം വട്ടപ്പൻകാട് MLA റോഡ് കൂടുതൽ ഗതാഗത സൗകര്യമാക്കണം

വാർഡ് 6

താന്നിമൂട്-നന്ദൻകുഴി റോഡ്
പൊരിയം-കൊന്നമൂട് റോഡ്

വാർഡ് 7

ആലംപാറ-കുടവനാട് പാലം ഉണ്ട് റോഡില്ല റോഡ് വേണം.

വാർഡ് 8

1. കുടവനാട്-പൊടിയക്കലാം നടവഴി റോഡ് പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം
2. ആനകുളം-പേരയം നടവരമ്പ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം
3. പുള്ളി ഏലാ-ഏറെ പേരയം പേപ്പാറ-പാലുവള്ളി നടവഴി റോഡ് നിർമ്മിക്കണം.

വാർഡ് 9

1. പാലുവള്ളി-ചേനാൻവിള വഴി ടാർ ചെയ്യുന്നതിന്റെ ബാക്കി ഭാഗം ഗതാഗതയോഗ്യമാക്കണം
2. പാലുവള്ളി-തേക്കിൻ കാട് റോഡ്
3. കടമാൻ കുന്ന്-കരിയിലക്കയം റോഡിൽ ഒരു കലുങ്ക് ഉൾപ്പെടെ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം
4. ആനകുളം-കൊണ്ടോടി റോഡ്

വാർഡ് 10

പ്ലാവറ-കഞ്ചിപ്പാറ റോഡിന്റെ ശോചനിയ വസ്ഥ മാറ്റി ഗതാഗതയോഗ്യമാക്കണം.

വാർഡ് 11

1. പനങ്ങോട്-മിച്ചഭൂമി റോഡ് ഗതാഗതയോഗ്യ മാക്കണം.
2. മണ്ണുവിള-ഉദയാറോഡ് ഗതാഗതയോഗ്യമാ ക്കണം

പുതിയ തടം

വാർഡ് 1

1. കുറുന്താളി-വടക്കേവിള മിച്ച ഭൂമിയിലേ യ്ക്കുള്ള തടം വികസിപ്പിക്കുക.
2. പയറ്റടി, പാറമുകൾ ഹരിജൻ കോളനി പ്രദേ ശത്തുള്ള തടം വീതികൂട്ടണം.

വാർഡ് 2.

1. വട്ടപ്പൂല്ല്-പയറ്റടി ഇടവഴി പുതിയതടമാക്കിമാ റ്റുക.
2. പ്ലാവറ തടിമിൽ-വട്ടപ്പുൽ ക്ഷേത്രം തടം വീതി കൂട്ടുക.

വാർഡ് 3.

1. നല്ലാം കോട്ടുകോണം കുറച്ച് സ്ഥലം തടമുണ്ട് അതിന്റെ ബാക്കി ഭാഗം
2. പാലുവള്ളി പാലത്തിൻ സമീപമുള്ള തടം
3. പാലുവള്ളി-മാടൻ പാറ
4. പച്ചമുടമ്പ് മുതൽ കാലങ്കാവ് വരെ
5. പുളിച്ചാമല- ചുടൽ റോഡ് വിതുര റോഡു മായി ബന്ധിപ്പിക്കുന്നതിനുള്ള തടം.
6. നാഗര-മൂളവെട്ടിക്കോണം-പാണ്ടിയൻ കുടി പ്രദേശത്ത് തടം
7. കൊട്ടിയാം കോണം-വലിയാകോട്ട് കോണം പ്രദേശത്ത് തടം
8. പച്ച-ഒരു വഴി തടം
9. നാഗര-പൊരിയാകാട് തടം വീതി കൂട്ടണം.

വാർഡ് 4

കൊച്ചുതാന്നിമൂട്-ആശാരി വിളാകം-തുമ്പി യാംകുന്നു പ്രദേശത്തെ തടം

വാർഡ് 5

1. കന്നുകാലിവനം മുതൽ മണലയം ആലുകുഴി ഭാഗത്തേയ്ക്ക് പുതിയ തടം.
2. വെമ്പ്ക്ഷേത്രം-വെള്ളൂർകോണം വഴി കാപ്പി ത്തോട്ടം തടം.
3. ആലുംകുഴി-പൂവത്തൂർ തടം.
4. ആലും കുഴിയിൽ നിന്നും അംഗനവാടിയിലേ ക്കുള്ള തടം.
6. ഇളവട്ടം Post Office ജംഗ്ഷൻ, -കടലുകാണി റോഡ് പുനരുദ്ധാരണം.

വാർഡ് 6

1. ആനകുഴിയിൽ നിന്നും ഫോറസ്റ്റ് വഴി ഹരി ജൻ കോളനിയിലേക്ക് തടം.

വാർഡ് 7

1. നന്ദിയോട് മുത്തുകാവ് വഴി ആനകുഴിയി ലേക്കും തോട്ടുമുക്കിലേക്കും പോകുന്ന തടം വീതി കൂട്ടണം.
2. കള്ളിപ്പാറ മുതൽ തോട്ടുമുക്ക് വരെ
3. വിളവീട് നട മുതൽ പൂവൻ വീട് വരെ Health Centre റിന് വേണ്ടി തടം വരെ.

വാർഡ് 8

ആനകുളം-കട്ടയ്ക്കാൽ തടം വീതികൂട്ടുക

വാർഡ് 9

1. കൈതയിൽ മുതൽ ആറുവരെ
2. കിഴക്കേ കുന്ന് മുതൽ ആയിരവല്ലിക്ഷേത്രം വരെ
3. ചുടൽ CSI ചർച്ച് മുതൽ ആറ്റിൻകര വരെ
4. ആനകുഴി-തോട്ടുമുക്ക്-തോട്ടുമുക്ക്-ചോനൻ വിള

വാർഡ് 10

1. നളന്ദ ജംഗ്ഷൻ മുതൽ ആലുവിള വഴി കള്ളി പ്പാറ സത്രകുഴി റോഡുമായി ബന്ധപ്പെടുത്തി ഒരു തടം
2. കള്ളിപ്പാറ ഏലായിൽ ഇറങ്ങുന്ന പടികൾ നീക്കം ചെയ്തു തടം വീതി കൂട്ടുക

വാർഡ് 11

1. കൊച്ചുവേങ്കാട് മുതൽ തുമ്പാനർ കലിങ്ക് വരെയും തിരിച്ച് ഒഴുകുപാറ വരെയും ഒരു തടം
2. മണ്ണർ മുതൽ പനങ്ങോട്-പാപ്പനം കോട് പെരിങ്ങംമ്മല-കൊച്ചുവേങ്കാട് തടം
3. പനങ്ങോട്-മിച്ചഭൂമിയിൽ നിന്നും നദിയിലേ യ്ക്കുള്ള തടം
4. കുശവൂർ ഏലാ മുതൽ പ്രിൻസ് പ്ലാന്റേഷൻ വരെ ഒരു തടം
5. S. N. Pillai Sir ന്റെ വീടിന് സമീപത്തുകൂടി തുമ്പനൂർ ഏലായിൽ ഇറങ്ങുന്ന വഴി തടമാ ക്കണം.

ടാർ ചെയ്യേണ്ടത്

വാർഡ് 1

പ്ലാവറ-കുറുന്താളി റോഡ്
പുളിമൂട് Bus Station റോഡ്

വാർഡ് 2

1. പച്ച ഓട്ടുപാലം വഴി ശാസ്താംക്ഷേത്രം വരെ
2. നന്ദിയോട് ജംഗ്ഷൻ മുതൽ പയറ്റടി വരെ

വാർഡ് 3

1. പച്ച-പച്ച മുടുമ്പ് റോഡ്
2. പച്ച മുടമ്പ്-വട്ടപ്പൻ കാട് സെറ്റിൽമെന്റ് റോഡ്
3. ഇളവട്ടത്ത് നിന്നുള്ള MLA റോഡ്

വാർഡ് 4

1. മണ്ണാറകുന്നു-പുവത്തൂർ-കിടാരകുഴി-ഹരിജൻ കോളനി റോഡ്
2. പമ്പ-ചെക്കാലക്കോണം ഒൻപതേക്കർ ഹരിജൻ കോളനി റോഡ്
3. ആലുമൂട്-വാഴപ്പാറ തോട്ടുംപ്പുറം റോഡ്
4. വലിയതാന്നിമൂട്-തോട്ടുംപ്പുറം റോഡ്

വാർഡ് 5

1. വെമ്പ് മുതൽ മരുതും മൂട് വരെ
2. വെമ്പ് ക്ഷേത്രം മുതൽ ഈട്ടിമൂട് കാപ്പിത്തോട്ടം വാളംകുഴി, തേക്കും മൂട് വഞ്ചുവം റോഡ്.
3. താന്നി മൂട്-പൗവ്വത്തൂർ റോഡ്

വാർഡ് 6

1. ഇളവട്ടം പട്ടാണിവിള-കൊന്നമൂട് റോഡ്
2. കറുപുഴ പൊരിയം റോഡ്
3. കൈത്തമറ പൊയ്ക നീർപാറ സെറ്റിൽ മെന്റ് കോതകുളങ്ങര
4. നീർപ്പാറ-ഇളവട്ടം IHDP കോളനി വഴി കോനകുളങ്ങര ബാക്കിഭാഗം ടാർ ചെയ്യണം.
4. കല്ലേറ്റം-പനയമുട്ടം റോഡ് ടാർ ചെയ്യണം

വാർഡ് 7

1. നന്ദിയോട്-മുത്തുകാവ് വഴി പാലുവള്ളിയിലേക്കും തോട്ടുമുക്കിലേയ്ക്കും പോകുന്ന തടം ടാർ ചെയ്യണം.
2. കുടവനാട് പാലുവള്ളി റോഡ്
3. കള്ളിപ്പാറ നിന്നും മുത്തുകാവ് നടവരെയുള്ള റോഡ് ടാർ ചെയ്യണം

വാർഡ് 8

1. താന്നിമൂട്-ആനകുളം-ചെലഞ്ചി റോഡ് ഉടൻ തന്നെ വീണ്ടും ടാർചെയ്യണം.
2. പേരയം, R S പുരം ഉദയഗിരി ആനകുളം-റോഡ്
3. പേരയം-പൊടിയക്കലാം റോഡ് പനയമുട്ടം വരെ ടാർ ചെയ്യണം
4. ഇന്ദിരാ നഗർ (പാലുവള്ളി) താളികുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം
5. ചെല്ലഞ്ചി-സപ്തപുരം റോഡ് ടാർ ചെയ്യണം
6. മേലേ കുടവനാട് മുതൽ പൊടിയകലാം വരെ ടാർ ചെയ്യണം

വാർഡ് 9

1. പാലുവള്ളി CSI ചർച്ച് മുതൽ വിട്ടയ്ക്കാട് തോട്ടുമുക്ക് നന്ദിയോട് റോഡ് ടാർ ചെയ്യണം
2. ചോനൻവിള മുതൽ മീൻമുട്ടി ക്ഷേത്രം വരെയും മീൻമുട്ടി റേഡിയോ കിയോസ്ക് വരെയും ടാർ ചെയ്യുക

വാർഡ് 10

1. പാലോട് ആശുപത്രി ജംഗ്ഷൻ മുതൽ ചടച്ചിക്കരിക്കകം വരെ ടാർ ചെയ്യുക

വാർഡ് 11

പനങ്ങോട്-പെരിങ്ങംമ്മല റോഡ് ടാർ ചെയ്യുക
പനങ്ങോട്-കൊച്ചുപനങ്ങോട് റോഡ് ടാർ ചെയ്യുക

പാലം, കലിങ്ക്, സ്ലാബ്

വാർഡ് 1

1. Bus Station കുറുന്താളി റോഡിലെ കലിങ്ക് അപകടസ്ഥിതിയിൽ പുനർ ജോലി ചെയ്തു side wall കെട്ടണം.
2. പ്ലാവറ-കുറുന്താളി റോഡിലുള്ള പാലം പുതുക്കി പണിയണം.
3. പയറ്റടി-പാറമുകൾ ഹരിജൻ പ്രദേശത്ത് തോട്ടിന് കുറുകെ പാലം

വാർഡ് 2

1. കിഴക്കേ വിളയിൽ ആറിന് കുറുകെ പാലം നിർമ്മിച്ച് പെരിങ്ങമ്മലയുമായി ബന്ധിപ്പിക്കണം.

വാർഡ് 3

1. നാഗര-പൊരിയകാട് റോഡിൽ പാലം
2. പച്ചമുടുമ്പിൽ പാറയം വിളാകത്ത് പാലം മഴയത്ത് ഒലിച്ച് പോയി- പുതുക്കിപണിയണം

വാർഡ് 4

1. പച്ച ചെക്കാലകോണം റോഡിൽ ചെക്കാല കോണത്ത് പാലം
2. പൗവ്വത്തൂർ-അടിക്കോട്ടു കോണത്ത് 2 പാലങ്ങൾ
3. പൗവ്വത്തൂർ റോഡിൽ ക്ഷേത്രത്തിലേക്കുള്ള സ്ഥലത്ത് പാലം വേണം

4. വാഴപാറ കൊച്ചല റോഡിൽ ചപ്പാത്ത് പുതുക്കി പണിയണം

വാർഡ് 5

ഇളവട്ടം ഭാരത് കോളേജ് ജംഗ്ഷനിൽ കടലുകാണിയിൽ താമസിക്കുന്നവർക്ക് നടപാലം

വാർഡ് 6

പൊരിയം-കൊന്നമൂട് റൂട്ടിൽ ഒരു കലിങ്കും ഒരു പാലവും ഇളവട്ടം തുമ്പോട്ടു വിള റോഡിൽ ഒരു കലിങ്കും പൊരിയം-ചെമ്പൻ കോട് റോഡിൽ രണ്ട് കലിങ്കും കുറുപുഴ-പൊരിയം റൂട്ടിൽ രണ്ട് കലിങ്കും കൈത്താമര പൊയ്കയിൽ ഒരു കലിങ്കും കുറുപുഴ വിളക്ക് കളം റോഡിൽ രണ്ട് slab നന്ദൻ കുഴിയിൽ നിന്നും കരടി കുഴിയിലേയ്ക്കുള്ള നടപാതയിൽ രണ്ട് slab എന്നിവ വേണം.

വാർഡ് 7

വാർഡ് 8

1. നന്ദിയോട്-കല്ലറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചിപ്പാലം
2. ആനകുളത്ത് ഒരു കമ്പിപാലം

വാർഡ് 9

ആനകുളം-കൊണ്ടോടി കടവിൽ കമ്പിപാലം

വാർഡ് 10

തിരുവനന്തപുരം-ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിലും side beem കെട്ടുക

വാർഡ് 11

1. T. S. റോഡിന്റെ ഏറ്റവും പഴക്കവും പ്രാധാന്യവും അർഹിക്കുന്ന പാലോട് പാലം എത്രയും പെട്ടെന്ന് പുതുക്കി പണിയുക.

2. പാലോട് Jn. മുതൽ Prince Plantation വരെയുള്ള പലസ്ഥലത്തും slab ഇടുക.

ശ്രദ്ധാനമായി ചെയ്യാൻ കഴിയുന്നത്

നടപ്പാതകൾ, നടപ്പാതകൾ വീതികൂട്ടുക എന്നിങ്ങനെയുള്ള ജോലികൾ വസ്തു ഉടമകളുടെ അനുവാദത്തോടെയും പഞ്ചായത്ത് കമ്മിറ്റിയുടെ ഒത്താശയോടെയും സ്ഥലത്തെ സന്നദ്ധ സംഘടനകളുടേയും വാർഡ് വികസനസമിതികളുടേയും സഹായത്തോടെ ചെയ്യാമെന്ന് എല്ലാ ഗ്രാമസഭകളിലും അഭിപ്രായം ഉണ്ടായി.

ചില പൊതു നിർദ്ദേശങ്ങൾ

ഇത്തരത്തിലുള്ള വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്: പോസ്റ്റുകളും മറ്റും നീക്കം ചെയ്യണം

സ്വകാര്യവ്യക്തികൾ കൈവശം വച്ചിരിക്കുന്ന സ്ഥലങ്ങൾ റോഡിന് വീതികൂട്ടുവാനായി തിരികെ എടുക്കണമെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെട്ടു.

നിലവിലുള്ളതോ ഭാവിയിൽ നിർമ്മിക്കുന്നതോ ആയ ഏത് തരത്തിലുള്ള റോഡായാലും അവയ്ക്ക് വെള്ളം ഒലിച്ചു പോകാനുള്ള ഓടകൾ ഉള്ളതായിരിക്കണം.

കുറഞ്ഞത് 25 വർഷത്തെ മുൻകൂട്ടി കണ്ടു കൊണ്ടുള്ള പദ്ധതികളായിരിക്കണം ഇക്കാര്യത്തിൽ അധികാരികൾ കൈകൊള്ളേണ്ടത്.

റോഡ് വക്കിൽ വീടു വയ്ക്കുമ്പോൾ നിർബന്ധമായി റോഡിൽ നിന്നും 4 മീറ്റർ മാറ്റി നിർമ്മിക്കുവാൻ പൊതുനിയമം നിർമ്മിക്കണം.

വാർഡിൽ യാത്രാക്ലേശം ഉള്ളതായി ഗ്രാമസഭകൾ അഭിപ്രായപ്പെട്ടു. പാലോട് Bus Station എത്രയും പെട്ടെന്ന് അപ്ഗ്രേഡ് ചെയ്തു ATO ഓഫീസ് ആയി മാറ്റണമെന്ന് ഗ്രാമസഭകളിൽ അഭിപ്രായം ഉയർന്നു വന്നു.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ വാഹനങ്ങൾക്ക് സൗകര്യപ്രദമായി യാത്രക്കാരെ ഇറക്കുന്നതിനും തിരിച്ചു പോകുന്നതിനും തടസ്സമായി തട്ടുകടകളും രാഷ്ട്രീയ പാർട്ടികളുടെ കൊടിതോരണങ്ങളും ബോർഡുകളും കൊടിമരങ്ങളും നീക്കം ചെയ്യണം.

ചെല്ലഞ്ചി-പമ്പ് പാറ ബൈപാസ് റോഡ് നിർമ്മിക്കുവാൻ നടപടി എടുക്കണം. ഇവിടെ നിന്നും വള്ളക്കടവ് വരെ ബൈപാസ് റോഡ് നിർമ്മിക്കുക.

ചെല്ലഞ്ചിയിൽ ആറ്റിനക്കരെ ആനക്കുളം വരെ നന്ദിയോട് പഞ്ചായത്ത് അതിർത്തിയിൽ ഒരു റോഡ് പണിയുക

താളിക്കുന്ന്-തേരിയം വിള റോഡ്, പാലുവള്ളി ഏറെ പേരയത്ത് റോഡും വികസിപ്പിക്കണം.

റോഡുവക്കിൽ സ്ഥിതിചെയ്യുന്ന work shop കൾ തടിമില്ലുകൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. അപകടകാരികളായ മരങ്ങളെ മുറിച്ച് മാറ്റണം.

പൊതു സ്ഥലങ്ങൾ കൈയേറി കടകൾ കെട്ടിയിരിക്കുന്നത് പൊളിച്ചുമാറ്റണം. ജംഗ്ഷനുകളിൽ വാഹനങ്ങൾ പാർക്ക ചെയ്യുന്നത് അനുവദിക്കരുത്.

ഊർജം

ചാണകം മെഴുകിയ തറയും മണ്ണെണ്ണ വിളക്കിന്റെ വെളിച്ചവും ആയിരുന്നു. ഈ പ്രദേശത്തെ പുരോഗതിയുടെ തുടക്കം. വലിയ സമ്പന്നന്മാരുടെ വീടുകളിലായിരുന്നു വൈദ്യുതി പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്നത്. വൈദ്യുതീകരിച്ച വീടുകൾ നന്നേ കുറവായിരുന്നു. ഉണ്ടായിരുന്നവർ തന്നെ വെളിച്ചത്തിനും അത്യാവശ്യം റേഡിയോക്കും ഉപയോഗിച്ചുരുന്നു.

പക്ഷെ ഇന്ന് വൈദ്യുതി ജീവിതത്തിന്റെ ഒരു

പ്രധാന ഭാഗമായി മാറ്റികഴിഞ്ഞു. ഭൂരിഭാഗം വീടുകളിലും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉണ്ട്. അതുകൊണ്ട് തന്നെ വൈദ്യുതിയുടെ ഉപയോഗം ദിനംപ്രതി കൂടികൂടി വരുന്നു. മാത്രമല്ല വർഷങ്ങൾക്ക് മുൻപ് പ്രധാന നിരത്തുകളിൽ കൂടി മാത്രം വൈദ്യുതി ലൈൻ കടന്ന് പോയിരുന്നു. എന്നാൽ ഇന്ന് കുഗ്രാമങ്ങളിലും ലൈൻ കടന്നു പോകുന്നതിനാൽ വീടുകളിൽ വൈദ്യുതി ലഭിക്കുന്നു.

ബയോ-ഗ്യാസ് സമ്പ്രദായം പണ്ട് കുറവായിരുന്നുവെങ്കിലും ഇന്നും അതിന് വലിയ പുരോഗതി വന്നിട്ടില്ല. പണ്ട് വീടുകളിൽ പാചകത്തിന് വിറക് ഉപയോഗിച്ചിരുന്നു. ഇന്ന് സ്റ്റൗ, ഗ്യാസ് പുകയില്ലാത്ത അടുപ്പ് എന്നിവ വ്യാപകമായികൊണ്ടിരിക്കുന്നു.

അനർട്ടിന്റെ ഉപയോഗം വ്യാപകമാക്കണം. അതിനായി ജനകീയ കമ്മിറ്റികൾ ഉണ്ടാകണം. അതുപോലെ പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണം കൂടുതലാക്കണം.

ഊർജ്ജം

നന്ദിയോട് പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും മിക്കവാറും എല്ലാ സ്ഥലത്തും ഇനിയും വൈദ്യുതി എത്താനുണ്ട്. ലക്ഷം വീട് കോളനികൾ ഹരിജൻ കോളനികൾ തുടങ്ങിയ നിർദ്ധനരായ ആൾക്കാരുടെ വാസസ്ഥലങ്ങളിൽ വൈദ്യുതി എത്താത്തത് ഒരു വലിയ അപാകതയാണ്.

വൈദ്യുതി ഉള്ള സ്ഥലത്ത് തന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്നു. വൈദ്യുതി ഡിപ്പാർട്ടുമെന്റുമായി ബന്ധപെട്ടുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം. മിനിമം ഗാരണ്ടി അടച്ച് കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്ന ധാരാളം ഉപഭോക്താക്കൾ ഉണ്ട്. ആ വീടുകളിൽ എത്രയും പെട്ടെന്ന് കണക്ഷൻ കൊടുക്കണം. ചില നിർദ്ധനരായ വീടുകൾക്ക് സൗജന്യമായി വൈദ്യുതീകരിപ്പിക്കണം.

ചില വീടുകളിലും വൻകിട ഹോട്ടലുകളിലും കളർ ലൈറ്റുകൾ രാവിലെ വരെ ഉപയോഗിക്കുന്നത് നിയമപരമായി തടയണം. അതുപോലെ പകലും വീടുകളുടെ മുന്നിൽ കത്തുന്ന ലൈറ്റുകൾ കാണുന്നത് തടയണം.

സ്ട്രീറ്റലൈറ്റുകൾ രാത്രി കത്തുന്നില്ല. വഴി നടത്ത കാർക്ക് ഇത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പ്രത്യേകിച്ച് ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും സ്ട്രീലൈറ്റുകൾ ഉടൻ തന്നെ സ്ഥാപിക്കണം.

സ്ട്രീറ്റുലൈറ്റുകൾ രാത്രികത്താത്തതും പകൽ കത്തികിടക്കുന്നതും ഒരു പതിവ് കാഴ്ചയാണ്. ഇതിനെ വൈദ്യുതി വകുപ്പിനെ കുറ്റപെടുത്താതിരിക്കാൻ കഴിയില്ല. തികച്ചും ആ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരുത്തരവാദിത്വമാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ രാത്രിമുതൽ രാവിലെ വരെ കത്തുന്ന ട്യൂബ് ലൈറ്റുകൾ നിർബന്ധമായി സ്ഥാപിക്കണം.

ഒരു പരിധിവരെ വൈദ്യുതിയ്ക്ക് റേഷൻ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒരു തുറന്ന ചർച്ച നടത്താവുന്നതാണ്.

Proposed മീൻമുട്ടി പദ്ധതിയ്ക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകി വൈദ്യുതി ബോർഡിനെ പ്രോത്സാഹിപ്പിക്കണം. ആ പദ്ധതി നമ്മുടെ പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഒരു ആശ തരുന്നു.

വൈദ്യുതേതര ഊർജ്ജം

Bio-gas പ്ലാന്റിനെ പറ്റി എല്ലാ ഗ്രാമവാസികൾക്കും താല്പര്യം ഉണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ന്റെ ക്ഷാമം ഉണ്ടാകുമെന്ന് ഭീതിയുണ്ട്. എന്നാൽ കമ്യൂണിറ്റി ബയോ ഗ്യാസിനെപറ്റി പരക്കെ നല്ല പ്രതികരണമുണ്ട്.

പുകയില്ലാത്ത അടുപ്പിനെ പറ്റി വ്യാപകമായ പ്രചരണം ഇനിയും ആവശ്യമാണ്. എല്ലാ പൊതുവേദികളിലും ഇതിന്റെ ഇതിന്റെ പ്രവർത്തനം കാണിക്കണം.

സോളാർ ലൈറ്റുകളെ കുറിച്ച് പൊതുവിജ്ഞാനവും അഭിപ്രായ ശേഖരണവും ഒരു സർവ്വേയും പഠനവും ഒക്കെ നടത്തേണ്ടിയിരിക്കുന്നു. പൊതുസ്ഥലങ്ങളിൽ രാത്രി മുതൽ രാവിലെയുള്ള സ്ട്രീറ്റു ലൈറ്റുകൾക്ക് സൗരവിളക്കുകൾ സ്ഥാപിക്കാവുന്നതാണ്.

മാർക്കറ്റ്

തിരുവനന്തപുരം ജില്ലയിലെ പ്രധാന മാർക്കറ്റുകളിൽ ഒന്നായിരുന്നു നന്ദിയോട്. മലയോര ഉല്പന്നങ്ങളായ കുരുമുളക് അടയ്ക്കാ - കൊട്ടപ്പാക്ക്, വെള്ളത്തിൽ പാക്ക്, നാളികേരം, വാഴക്കുഴ, പുറത്തിചക്ക, ഇഞ്ചി തുടങ്ങിയവയും കന്നുകാലികളേയും വില്ക്കുവാനും വാങ്ങുവാനും ഈ ചന്തകൾ ഉപയോഗിച്ചിരുന്നു രാവിലെ 6 മണിക്ക് ആരംഭിക്കുന്ന ചന്ത ഉച്ചക്കഴിഞ്ഞ് 2 മണി വരെ നീണ്ടുനില്ക്കുമായിരുന്നു. 1967-ൽ പെരിങ്ങമ്മലയിൽ ഒരു കന്നുകാലി ചന്ത ആരംഭിച്ചു. എന്നാൽ 1907 ൽ അത് പാലോട്ടേയ്ക്ക് മാറിവന്നു. തമിഴ് നാട്ടിൽ നിന്നും ധാരാളമായി കന്നുകാലികളും, ഈ പ്രദേശത്ത് നിന്നു കുടിമാടുകളും വരുകയും വ്യാപാരം നടത്തുകയും ചെയ്തിരുന്നു. കൂടാതെ കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവയ്പ് നടത്തുകയും ചെയ്തിരുന്നു. ഇന്ന് 7 ദിവസം നീണ്ടുനില്ക്കുന്ന കാർഷിക - വ്യവസായിക കലാമേളയായി കന്നുകാലി ചന്ത നടത്തുന്നു.

പക്ഷെ നന്ദിയോടുള്ള സാധാരണ മാർക്കറ്റ് ആഴ്ച

യിൽ തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ കൂടുന്നുണ്ടെങ്കിലും രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 11 മണി വരെ മാത്രമെ കച്ചവടം ഉള്ളൂ. മാർക്കറ്റ് പഞ്ചായത്ത് തന്നെ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ പ്രദേശത്ത് നിന്നും ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുവാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ട്. നന്ദിയോട് ഇന്നു കാണുന്ന ചന്ത ആരംഭിക്കുന്നതിനു മുൻപ് ഇന്നുള്ള സ്റ്റേഡിയം ഭാഗത്തായിരുന്നു സ്ഥിതിചെയ്തിരുന്നത്.

മാർക്കറ്റ്

നന്ദിയോട് പഞ്ചായത്തിലെ ഏറ്റവും വലിയ Public market സ്ഥിതിചെയ്യുന്നത് നന്ദിയോട് ജംഗ്ഷനിലാണ്. ഈ മാർക്കറ്റിന്റെ ഇന്നത്തെ ശോചനീയവസ്ഥമാറ്റി കുറെകൂടി ആധുനിവൽക്കരിക്കണം. ശാസ്ത്രീയമായ രീതിയിൽ സ്റ്റാളുകൾ, ഡ്രെയിനേജ് തുടങ്ങിയവയും. ചുറ്റുമതിലും ഗേറ്റുകളും നിർമ്മിക്കണം. മാർക്കറ്റിനുള്ളതിൽ ഉഹലവിലെ സൗകര്യത്തോട് കൂടി മൂത്രപുരയും കക്കൂസും പൊതുടാപ്പും നിർമ്മിക്കണം.

മാർക്കറ്റനുള്ളിൽ ഗോഡൗൺ സൗകര്യം ഉണ്ടാക്കുന്നത് നന്നായിരിക്കും.

വട്ടപ്പൻ കാട്, കുമറുപുഴ എന്നിവിടങ്ങളിൽ മാർക്കറ്റ് വേണമെന്നുള്ള ആവശ്യം ഉണ്ടെങ്കിലും അതിനെക്കുറിച്ച് കൂടുതൽ ചർച്ചയും പഠനവും വേണം

❖ ❖ ❖ ❖ ❖ ❖

വൈദ്യുതി

ആകെ ഭവനങ്ങൾ	വൈദ്യുതികരിച്ചത്	വൈദ്യുതികരിക്കാത്തത്
6441 -	3292	3148

CD മും OYEC മും അടച്ചു വൈദ്യുതിക്ക് വേണ്ടി കാത്തിരിക്കുന്നവർ
592 കുടുംബങ്ങൾ

പഞ്ചായത്ത് സ്ഥാപിച്ച ആകെ ട്രാൻസ്ഫോമറുകൾ.
17 എണ്ണം.

ഇനി സ്ഥാപിക്കാനുള്ള ട്രാൻസ്ഫോമറുകൾ.
3 എണ്ണം.

സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
1 പുലിയൂർ- ചടമ്പിക്കരിക്കകം, കൊച്ചുതാന്നിമൂട്

ആകെ ബൾബുകൾ -	ട്യൂബുകൾ	മറ്റുള്ളവ
697	27	6

പഞ്ചായത്തിൽ നിന്നുും വൈദ്യുതിക്ക് വേണ്ടി അടയ്ക്കുന്ന തുക
ആകെ- 1191441 - 50. രൂപ

പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരം

മിനിബസ്	-	1
ലോറി	-	9
കാർ	-	55
ജിപ്പ്	-	30
ആട്ടോ	-	20
പിക്അപ് (ആട്ടോ ഗുണ്ട്സ്)	-	6
മോട്ടോർ സൈക്കിൾ	-	10
ടെംമ്പോ	-	4
മിനി ലോറി	-	5

നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

ക്രമ നമ്പർ	സ്വഭാവം	റോഡിന്റെ പേര്	വീതി-മീറ്ററിൽ	നീളം-മീറ്ററിൽ	വാർഡ് നമ്പർ.
1	മണ്ണ്	പാലോട് - വടക്കേവിള	4.00 മീറ്റർ	1000	1 കുറുന്താളി
2	മണ്ണ്	വടക്കേവിള കോളനി -കുറുന്താളി	4.50 മീറ്റർ	500	1 കുറുന്താളി
3	മണ്ണ്	പാലോട് - കുറുന്താളി വയൽ മൈലാടി	4.00 മീറ്റർ	1200	1 കുറുന്താളി
4	മണ്ണ്	മൈലാടി - ലക്ഷം വീട് പ്ലാവറ	8.00 മീറ്റർ	1500	1 കുറുന്താളി
5	മണ്ണ്	(1km ടാർ) നന്ദിയോട് - പുലിയൂർ	6.00 മീറ്റർ	3000	2 - നന്ദിയോട്
6	മണ്ണ്	പച്ചക്ഷേത്രം ഓട്ടുപാലം - പച്ചകലുങ് ജംഗ്ഷൻ	6.00 മീറ്റർ	1000	2 - നന്ദിയോട്
7	മണ്ണ്	പച്ചക്കാട് നെയ്യപ്പുളളി	6.00 മീറ്റർ	1000	2 - നന്ദിയോട്
8	മണ്ണ്	പ്ലാവറ പയറ്റടി	6.00 മീറ്റർ	1000	2 - നന്ദിയോട്
9	മണ്ണ്	തെക്കേവിള ഇടറോഡ്	6.00 മീറ്റർ	1500	2 - നന്ദിയോട്
10	മണ്ണ്	ഗുരുമന്ദിരം - കിഴക്കേവിള	6.00 മീറ്റർ	200	2 - നന്ദിയോട്
11	മണ്ണ്	പച്ച ആലുമൂട്ട് - മഠം തടംവഴി മണ്ണാറുകുന്നിൽ	2.00	1500	2 - നന്ദിയോട്

12	മണ്ണ്	ക്ഷേത്രം മുതൽ പുലികയൂർ - കൊട്ടിയാൻകോണം	6.00		1000	2 - നന്ദിയോട്
13	മണ്ണ്	ആലുംമൂട് സുബ്രഹ്മണ്യക്ഷേത്രം	4.00		100	2 -നന്ദിയോട്
14	മണ്ണ്	പച്ച - ഓരുക്കുഴി ക്ഷേത്രം റോഡ്	4.00		1000	3 വട്ടപ്പൻകാട്
15	മണ്ണ്	പച്ച - പച്ചമുടുമ്പ് റോഡ്	6.00		1000	3 വട്ടപ്പൻകാട്
16	മണ്ണ്	പച്ചമുടുമ്പ് - പാലുവളളി റോഡ്	6.00		1500	3 വട്ടപ്പൻകാട്
17	മണ്ണ്	പാലുവളളി -കിടാരക്കുഴി റോഡ്	6.00		1000	3 വട്ടപ്പൻകാട്
18	മണ്ണ്	പച്ചമടുമ്പ് - മാങ്കുഴി ഗിരിജൻ കോളനിറോഡ്	6.00		1000	3 വട്ടപ്പൻകാട്
19	മണ്ണ്	കാലങ്കാവ് - പച്ചക്ഷേത്രം റോഡ്	6.00		1500	3 വട്ടപ്പൻകാട്
20	മണ്ണ്	കാലങ്കാവ് - വലിയ വേങ്കാട്ടുകോണം ഹരിജൻ കോളനി റോഡ്	8.00		0800	3 വട്ടപ്പൻകാട്
21	മണ്ണ്	ഭദ്രം വെച്ചപാറ -ചണ്ണനിരവട്ടം ഗിരിജൻ കോളനി റോഡ്	8.00		0800	3 വട്ടപ്പൻകാട്
22	മണ്ണ്	ഭദ്രം വെച്ചപാറ -ചുടൽ മൺപൂറം ഗിരിജൻ കോളനി റോഡ്	8.00		0800	3 വട്ടപ്
23	ടാർ	വട്ടപ്പൻകാട് -നാഗരഗിരിജൻ കോളനി റോഡ്	8.00	1500		3 വട്ടപ്പൻകാട്
24	മണ്ണ്	വലിയ വേങ്കാട്ടുകോണം - പച്ചക്ഷേത്രം റോഡ്	6.00	0800		3 വട്ടപ്പൻകാട്
25	മണ്ണ്	കാലങ്കാവ് - മംഗ്ലാവ് നട റോഡ്	4.00	800		3 വട്ടപ്പൻകാട്
26	മണ്ണ്	കടുവാച്ചിറ - പ്രാമലകരിക്കകം ഗിരിജൻ കോളനി റോഡ്	4.00	800		3 വട്ടപ്പൻകാട്
27	മണ്ണ്	(500 മീറ്റർ ടാർ) കിടാരകുഴി ഹരിജൻ കോളനി റോഡ്	4.00	900		3 വട്ടപ്പൻകാട്
28	മണ്ണ്	നാഗര - വട്ടപ്പൻകാട് (നടപ്പാത)	3.00	1000		3 വട്ടപ്പൻകാട്
29	മണ്ണ്	പച്ചജംഗ്ഷൻ - പാലുവളളി UPS കുക്കിര റോഡ്	4.00	600		3 വട്ടപ്പൻകാട്
30	മണ്ണ്	പുളിച്ചാമല - ചുടൻമൺപൂറം ക്ഷെഡ് നടറോഡ് (നടപ്പാത)	4.00	2000		3 വട്ടപ്പൻകാട്
31	മണ്ണ്	പച്ചമുടമ്പ് - നല്ലാങ്കോട്ടുകോണം റോഡ്	4.00	800		3 വട്ടപ്പൻകാട്
32	മണ്ണ്	തോട്ടുംപുറം - 9 ഏക്കർ ഹരിജൻ കോളനി (കിടാരകുഴി) റോഡ്	6.00	600		3 വട്ടപ്പൻകാട്
33	മണ്ണ്	കൊച്ചുതാന്നിമൂട് -ആശാരി വിളാകം	4	1500		4 പച്ച
34	മണ്ണ്	ആലുംമൂട് - മുളമൂട്	4	1500		4 പച്ച
35	മണ്ണ്	വാഴപ്പാറ - കൊച്ചിലവ്	4	2000		4 പച്ച
36	മണ്ണ്	മണ്ണാറുകുന്ന് - പൗവത്തൂർ, കിടാരകുഴി (ST റോഡ്)	4	4000		4 പച്ച
37	മണ്ണ്	അടിക്കോട്ടുകോണം - തോട്ടിൻപുറം	3M	1000		4 പച്ച

38	മണ്ണ്	പച്ച - ചെക്കാലകോണം	4	2500	4 പച്ച
39	മണ്ണ്	പാലുവളളി - കിടാരകുഴി	4M	2500	4 പച്ച
40	മണ്ണ്	കൊപ്പം - തെങ്ങുംകോണം	4M	1500	4 പച്ച
41	മണ്ണ്	പച്ചമുടുമ്പ് - ചുരാഴിതലയ്ക്കൽ	4M	1000	4 പച്ച
42	മണ്ണ്	തേക്കുംമൂട് - വാളൻകുഴി	8M	700	5 കുറുപുഴ.
43	മണ്ണ്	വാളൻകുഴി - കാപ്പിത്തോട്ടം -വെമ്പ് (S.T.Road)	6M	2500	5 കുറുപുഴ
44	മണ്ണ്	കരടിയോട്ടുകോണം -വെളളൂർകോണം	3M	1200	5 കുറുപുഴ
45	മണ്ണ് (1km ടാർ)	കുറുപുഴ -വെമ്പ് -- പച്ചമല	8M	3000	5 കുറുപുഴ
46	മണ്ണ്	കടലുകാണി - ആലുംകുഴി	6M	1000	5 കുറുപുഴ
47	മണ്ണ്	ചല്ലിനിരത്തിയത് - ഇളവട്ടം -ആലുംകുഴി, വട്ടപ്പൻകാട് (PWD MLA Road)	8M	3500 മീറ്റർ	5 കുറുപുഴ
48	മണ്ണ്	താന്നിമൂട് - തോട്ടുംപുറം	6M	2000 മീറ്റർ	5 കുറുപുഴ
49	മണ്ണ്	കന്നുകാലി വനം - തോട്ടുംപുറം	3M	1300	5 കുറുപുഴ
50	മണ്ണ്	ആലുംകുഴി - തോട്ടുംപുറം (SC Road)	6M	800	5 കുറുപുഴ
51	മണ്ണ്	ആലുംകുഴി - ഹരിജൻ കോളനി -ചുമടുതാങ്ങിവിള (SC Road)	4M	1700	5 കുറുപുഴ
52	മണ്ണ്	വഞ്ചുവം - വെമ്പ്	4M	1000	5 കുറുപുഴ
53	മണ്ണ്	ആലുംകുഴി - കുന്നുമുകൾ -ചുമടുതാങ്ങി (SC Road)	4M	800	5 കുറുപുഴ
54	മണ്ണ്	വെമ്പ് - കടലുകാണി -ഇളവട്ടം BRMHS. ജംഗ്ഷൻ (S.T.Road)	4M	2000	5 കുറുപുഴ
55	മണ്ണ്	ആംഗൻവാടി - മേക്കുംകര ആലുംകുഴി	3M	750	5 കുറുപുഴ
56	മണ്ണ്	കടലുകാണി - ഊന്താംപാറ -കന്നുകാലിവനം	4M	1800	5 കുറുപുഴ
57	മണ്ണ്	ചാത്തിച്ച - വെളളൂർകോണം (നടപാത)	2M	300	5 കുറുപുഴ
58	മണ്ണ്	വെമ്പ് - കുറുപുഴ LPS (നടപാത)	2M	600	5 കുറുപുഴ
59	മണ്ണ്	ഇളവട്ടം കലുങ്ക് ജംഗ്ഷൻ -കടലുകാണി (നടപാത)	2M	500	5 കുറുപുഴ
60	മണ്ണ്	ആലുംകുഴി - മാടൻപാറ -കിടാരകുഴി (നടപാത)	2M	600M	5 കുറുപുഴ
61	മണ്ണ്	പച്ചമല - ഈട്ടിമൂട് -വെമ്പ് (നടപാത)	2M	1500M	5 കുറുപുഴ
62	ടാർ	ഇളവട്ടം - കുന്നിൻപുറം	8M	1000M	6 ഇളവട്ടം
63	മണ്ണ്	കുന്നിൻപുറം - തുമ്പോട്ടുവിള	8M	1000	6 ഇളവട്ടം
64	മണ്ണ്	തുമ്പോട്ടുവിള - പട്ടാണിവിള	8M	1000	6 ഇളവട്ടം
65	മണ്ണ്	കുറുപുഴ - പട്ടാണിവിള	8M	1000	6 ഇളവട്ടം
66	മണ്ണ്	പട്ടാണിവിള - മൂന്മുക്ക്	8M	1000	6 ഇളവട്ടം
67	മണ്ണ്	പൊരിയം - കൊന്നമൂട്	8M	600	6 ഇളവട്ടം
68	മണ്ണ്	നിർപ്പാറ - ചെമ്പൻകോട്	8M	2000	6 ഇളവട്ടം
69	മണ്ണ്	മൂന്മുക്ക് - ചെമ്പൻകോട്	4M	1000	6 ഇളവട്ടം

70	മണ്ണ്	ഒന്നാം മൈൽ - പൊരിയം	8M	1000	6 ഇളവട്ടം
71	മെറ്റൽ	പൊൻപാറ- പനയുട്ടം	8M	1000	6 ,,
72	മണ്ണ്	കൈത്താമരപൊയ്ക - നീർപാറ	6M	2000	6 ,,
73	ടാർ	കുന്നിൻ പുറം- നീർപാറ	6M	1000	6 ,,
74	മണ്ണ്	ആനകുഴി, കുടവനാട് -തെക്കേകോണം	6M	1000	6,,
75	മണ്ണ്	ആനക്കുഴി- തെക്കേകോണം	8M	600	6,,
76	മണ്ണ്	കുറുപുഴ-വിളക്കകുളം	6M	600	6,,
77	മണ്ണ്	പൊരിയം - നെടുംപോങ്ങ്	6M	1000	6 ,,
78	മണ്ണ്	നെടുംപോങ്ങ് - ഇളവട്ടം	8M	1000	6 ,,
79	മണ്ണ്	INTUC ജംഗ്ഷൻ - ചെക്കോണം	8M	600	6,,
80	ടാർ	താന്നിമൂട്ട്- കുടവനാട്	8M	2000	7 ആലംപാറ
81	മണ്ണ്	നന്ദിയോട്- മുത്തുകാവ് -തോട്ടുമുക്ക്- പാലുവള്ളിറോഡ്	4M	3000	7 ,,
82	മണ്ണ്	കള്ളിപാറ- 4സെന്റ്- തോട്ടുമുക്ക് റോഡ്	6M	2000	7,,
83	മണ്ണ്	വിളവിട്ട് - നിരപ്പ് - നരിക്കല്ല് -കുടവനാട്	4M	1500	7,,
84	മണ്ണ്	നരിക്കല്ല്- ഊളൻകുന്ന് -ആനക്കുഴിറോഡ്	4M	1000	7,,
85	മണ്ണ്	ആനക്കുഴി - തോട്ടുമുക്ക് റോഡ്	4M	1000	7
86	മണ്ണ്	ആനക്കുഴി - നവധാര-മുത്തുകാവ് റോഡ്	4M	1000	7
87	മണ്ണ്	തോട്ടുമുക്ക് - കടുവപ്പാറ	4M	1000	7
88	മണ്ണ്	കള്ളിപ്പാറ - മുടിപ്പുരത്തറ -മുത്തുകാവ്	4M	1000	7
89	മണ്ണ്	ചൂണ്ടകരിയ്ക്കകം - മണിയൻ പാറ- മൈൽകുറ്റി	4M	1000	7
90	മണ്ണ്	മുത്തുകാവ് - നരിക്കല്ല്	4M	1000	7
91	മണ്ണ്	ചുണ്ടകരിയ്ക്കകം- ചെട്ടിയംകോണം റോഡ്	4M	1000	7
92.	മണ്ണ്	കടുവപ്പാറ - തോട്ടുംപുറം റോഡ്	4M	1000	7
93.	മണ്ണ്	ചോനൻവിള- കടുവപ്പാറ റോഡ്	4M	1000	7
94.	മണ്ണ്	മുത്തുകാവ്- മൺപുറം റോഡ്	4M	1000	7
95.	മണ്ണ്	വിളവീട് - പൂവൻവീട്- കള്ളിപ്പാറ	4M	500	7
96	മണ്ണ്	ഊളൻകുന്ന് - കുടവനാട്	4M	500	7
97.	മണ്ണ്	ചെല്ലഞ്ചി - സപ്തപുരം	8M	2000	8 പേരയം
98.	മണ്ണ്	താളിക്കുന്ന് - ചിറവിള - കുടവനാട്	8M	3000	8 ,,
99.	മണ്ണ്	താളിക്കുന്ന്- തേരിയംവിള	6M	1500	8 ,,
100.	മണ്ണ്	പാലുവള്ളി - ഏറ പേരയം	4മീ.	1500	8 ,,
101.	മണ്ണ്	പാലുവള്ളി - താളികുന്ന്	4മീ.	1500	8 ,,
102	മണ്ണ്	കുന്നുംപുറം - ആയിരവല്ലിക്കളം	8മീ.	1500	8 ,,
103.	ടാർ	കുടവനാട് - പേരയം	8മീ	2500	8 ,,
104.	മണ്ണ്	ചെല്ലഞ്ചി - ആനക്കുളം	8മീ	2500	8 ,,
105.	മണ്ണ്	കുടവനാട് - പാലുവള്ളി	8മീ	2500	8 ,,
106.	മണ്ണ്	പാലുവള്ളി - പേപ്പാറ	4മീ.	1000	8പേരായം പാലോട്
107.	മണ്ണ്	കുടവനാട് - പൊടിക്കിലാം	4മീ	2000	,, ,,

108.	മണ്ണ്	ആനക്കുളം- ആറുകെട്ടയ്ക്കൽ	4മീ	1500	,, ,,
109.	മണ്ണ്	ഉദയഗിരി- ചെല്ലഞ്ചി (RSപുരം)	6മീ	1500	,, ,,
110	മണ്ണ്	ആനക്കുളം- ചെറുവാളം (ആറ്റിനക്കര)	4 മീ.	1000	,,
111	മണ്ണ്	ചെല്ലഞ്ചി ആറുകെട്ടയ്ക്കൽ -ചെറുവാളം	8 മീ.	2000	,, ,,
112	മണ്ണ്	ആനക്കുഴി-തോട്ടുമുക്ക്	8 മീ	1000	9 മീൻമുട്ടി പാലോട്
113	മണ്ണ്	പാലുവള്ളി ടോ ചർച്ച് തോട്ടുമുക്ക്	5 മീ	1000	,,
114	മണ്ണ്	(1.51 cm ടാർ) നന്ദിയോട് -ചോനൻവിള- പാലുവള്ളി	8 മീ	4000	,, ,,
115	മണ്ണ്	ചോനൻവിള മീൻമുട്ടി	5 മീ	1000	,, ,,
116	മണ്ണ്	ചോനൻവിള - തോട്ടുമുക്ക്	6മീ.	1000	,, ,,
117	മണ്ണ്	പാലുവള്ളി R.C.സ്കൂൾ -തെക്കിൻകാട്ട്	8മീ.	2000	,, ,,
118	മണ്ണ്	ചുടൽ - കടമാൻകുന്ന്	5മീ	1500	,, ,,
119	മണ്ണ്	ചുടൽ ടോ പള്ളി- പത്തായക്കയം	5മീ	2000	,, ,,
120	മണ്ണ്	ചുടൽ - ആറുമൺപുറം -പത്തായക്കയം	5മീ	1000	,, ,,
121	മണ്ണ്	കൈതയിൽ - ആറ്റിൻപുറം	5മീ	2000	,, ,,
122	മണ്ണ്	ചോനൻവിള- ആറുമൺപുറം -മീൻമുട്ടി	5മീ	2000	,, ,,
123	മണ്ണ്	ആനക്കുളം-കൊണ്ടോട്ടി	5മീ	100	,, ,,
124	മണ്ണ്	പാലുവള്ളി (RCസ്കൂൾ) ആനക്കുളം	8മീ	4500	,, ,,
125	മണ്ണ്	ആശുപത്രി ജംഗ്ഷൻ -ചടച്ചിക്കരിക്കകം	7മീ	1600	10 കള്ളിപ്പാറ (വില്ലേജ്) പാലോട്
126	മണ്ണ്	പ്ലാവറ- കള്ളിപ്പാറ	6മീ	1400	,, ,,
127	മണ്ണ്	കണ്ണനാശാരി ജംഗ്ഷൻ -ആറ്റുകുഴി	6മീ	1000	,, ,, ,,
128	മണ്ണ്	കടുവപ്പാറ-ആറ്റുകുഴി-കണ്ണനാശാരി ജംഗ്ഷൻ	6മീ	1000	,, ,, ,,
129	മണ്ണ്	കള്ളിപ്പാറ നളന്ദ ജംഗ്ഷൻ -SKVHS	6മീ	1400	,, ,, ,,
130	മണ്ണ്	പ്ലാവറപൊന്നംകോണം - SKVHS	3മീ	1000	,, ,, ,,
131	മണ്ണ്	നളന്ദ TTI ജംഗ്ഷൻ- കള്ളിപ്പാറ (നടപാത)	2മീ	750	,, ,, ,,
132	മണ്ണ്	പെരിങ്ങമല- പനങ്ങോട് റോഡ്	4മീ	1200	(11) പാലോട് - പാലോട് വില്ലേജ്
133	മണ്ണ്	ഉദയാകോളേജ്-മുള്ളുവിള -ഒഴുകുപാറ	4മീ	900	,, ,,
134	മണ്ണ്	പനങ്ങോട്ട്- കൊച്ചുപനങ്ങോട്	4മീ	500മീ	11 പാലോട് പാലോട്
135	മണ്ണ്	പനങ്ങോട്ട്- ആറുകടവ്	4മീ	400മീ	11 ,, ,,
136	ടാർ	പാപ്പനംകോട് - പനങ്ങോട്	4മീ	1000മീ	11 ,, ,,
137	മണ്ണ്	പെരിങ്ങമല പുത്തൻപള്ളി വിഷ്ണുക്ഷേത്രം	4 മീ	900മീ	11 ,, ,,

138	മണ്ണ്	പാലോട്ട് മുതൽ പ്രിൻസ് പ്ലാന്റേഷൻ	4മീ	900മീ	11 ,, ,,
139	മണ്ണ്	പനങ്ങോട് മിച്ചഭൂമി- പനങ്ങോട്	4മീ	900മീ	11 ,, ,,



പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

താഴ്വരകളും പാടശേഖരങ്ങളും, റബ്ബർമരങ്ങളും പാറകൾകൊണ്ട് ചുറ്റപ്പെട്ട കുന്നിൻ പ്രദേശങ്ങളും ഉൾപ്പെട്ട 38.85 സ്കയർ കി:മീറ്റർ ചുറ്റളവിൽ ഉള്ള പ്രദേശമാണ് നന്ദിയോട് ഗ്രാമ പഞ്ചായത്ത്. കുറുപുഴ വാർഡിൽ കടലുകാണി കുന്നിൻപ്രദേശവും, വനപ്രദേശവും ഒഴിച്ച് മറ്റ് എല്ലാ സ്ഥലത്തും ആളുകൾ താമസിക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്ന് അണുകുടുംബവ്യവസ്ഥയിലേയ്ക്ക് അതിവേഗം മാറുന്നതിന്റെ സ്വാധീനം പാർപ്പിടമേഖലയിൽ ദൃശ്യമാണ്. ഭവനനിർമ്മാണത്തിന്റെ അനുപാതം വർഷംതോറും അതിവേഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. പഞ്ചായത്തിൽ ഭൂരിപക്ഷം കുടുംബങ്ങളും കാർഷികമേഖലയെ ആശ്രയിച്ചു കഴിയുന്നവരാകയാൽ വീടുകൾ മിക്കതും ഇടത്തരമോ, അതിൽ താഴെയോ ഉള്ളതായിരുന്നു.

50 വർഷങ്ങൾക്ക് മുമ്പ് കർഷകരും, കർഷകതൊഴിലാളികളും പുല്ലുകൊണ്ടും, ഈറഇലകൊണ്ടും, ഓല കൊണ്ടും നിർമ്മിച്ച മേൽക്കൂര ഉള്ള വീടുകളിലാണ് താമസിച്ചിരുന്നത്. സമ്പന്നന്മാരായ കർഷകർപോലും വലിയവീടുകൾ നിർമ്മിച്ചാലും ആഡംബരങ്ങൾ വളരെ കുറവായിരുന്നു. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ പഴയകാലത്ത് തടികൊണ്ട് നിർമ്മിച്ച കൊത്തുപ്പണികൾ ചെയ്ത അറയുംനിരയും വീട്ടിലും താമസിച്ചിരുന്നു. സിമന്റ് വരുന്നതിനു മുമ്പ് ചുണ്ണാമ്പ്, കക്ക ഭവന നിർമ്മാണത്തിന് ധാരാളം ഉപയോഗിച്ചിരുന്നു. ചടുകല്ല്, കരിങ്കല്ല്, പച്ചക്കട്ട, ഓട് ഇട്ട വിടുകൾ വളരെ വിരളമായി മാത്രമേ നമുക്ക് കാണാൻ കഴിയുമായിരുന്നുള്ളു. കടപ്പുറം മണലും ചുണ്ണാമ്പും ചേർത്ത് ചുവർ മിനുസപ്പെടുത്തുകയും, മൂട്ടയുടെ വെള്ളകരു ചിരട്ടകരി, പച്ചിലച്ചാറ് എന്നിവ നിറങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്നു. പഞ്ചായത്തിലെ പഴയഭൂഉടമകൾ പൊതുനിരത്തിൽ നിന്നും മാറി ചില കേന്ദ്രങ്ങളിൽ മാത്രമായി താമസിച്ചിരുന്നതായി കാണാം.

കഴിഞ്ഞ 20 വർഷമായി ഈ ഗ്രാമപഞ്ചായത്തിൽ ഓല മേഞ്ഞ വീടുകൾക്കുപകരം ഓടിട്ടവീടുകളും, ഓടിട്ടവീടിനു പകരം കോൺക്രീറ്റ് മന്ദിരങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. ഈ ഉയർച്ചയ്ക്ക് ഒരു കാരണം റബ്ബർകൃഷിയിൽ നിന്നുള്ള വരുമാനവർദ്ധനവും, ഗൾഫ് പണത്തിന്റെ സ്വാധീനവുമാണ്. പഴമക്കാർ ഒരിക്കലും വയലുകളിൽ വീടുവച്ചിരുന്നില്ല. ഇന്ന് ഭവനനിർമ്മാണത്തിന് ഒരു നിയന്ത്രണവും ഇല്ല. റോഡിന്റെ ഇരുവശവും ഉള്ള നല്ല നെൽപാടങ്ങൾ നികത്തിവീടുകൾ നിർമ്മിക്കുന്നു.

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ആകെ 6441 ഭവനങ്ങളാണുള്ളത്. ഓലമേഞ്ഞ ഭവനങ്ങൾ 40%വും ഓട് 45%വും, കോൺക്രീറ്റ് 15% ആണ്. ഓലമേഞ്ഞ വീടുകളിൽ 25%വും താമസയോഗ്യമല്ല. ഈ 25% വീടുകളിലുള്ളവർ സാമ്പത്തികപിന്നോക്കാവസ്ഥയാണ് ഇതിൽ താമസിക്കുവാൻ കാരണം.

ഗതാഗതസൗകര്യം, ശുദ്ധജലലഭ്യത തുടങ്ങിയ അനുകൂലഘടകങ്ങൾ ഉള്ള 2, 10, 11 വാർഡുകളിൽ വീടുകൾ കൂടുതലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവർ, മറ്റ് സമ്പന്ന വിഭാഗങ്ങൾ തുടങ്ങിയവർ വളരെകുറച്ചു മാത്രമേ ഉള്ളുവെങ്കിലും, ഇവർ വൻതുകമുടക്കി കൂറ്റൻ വീടുകൾ നിർമ്മിച്ചു വരുന്നതിനാൽ ഇടത്തരം നിശ്ചിതവരുമാനക്കാരും ഈസ്വാധീനത്തിന് ക്രമേണയായി വഴിപ്പെട്ടുവരുന്ന പ്രവണത പ്രബലമാകുന്നുണ്ട്.

1. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ആകെ 6441 വീടുകൾ ഉണ്ട്.

2. 481 കുടുംബങ്ങൾ താമസയോഗ്യമല്ലാത്ത കുടിലുകളിൽ കഴിയുന്നു.

3. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത ഏകദേശം 80ഓളം കുടുംബങ്ങൾ ഉണ്ട്. ഇവർ റോഡിലും പുറംപോക്കിലും, ആറ്റുപുറംപോക്കിലും മറ്റു കുടുംബങ്ങളിൽ കൂടി താമസിക്കുന്നവരാണ്.

4. വേടർസമുദായത്തിൽപ്പെട്ടവരും മറ്റ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ദളിത്

ക്യസ്ത്യൻസമുദായത്തിൽപ്പെട്ടവരും കുടിലുകളിൽ താമസിക്കുന്നു.

5. പഞ്ചായത്തിൽ 3, 5, 9, 10, 11 വാർഡിലാണ് കൂടുതലും പുറംപോക്കിൽ താമസിക്കുന്നത്.

6. ദുർബ്ബലവിഭാഗക്കാർക്ക് NREP, ഇന്ദിരാ ആവാസ് യോജന, JRY, ദശലക്ഷം കിണർ പദ്ധതിതുടങ്ങിയവ പ്രകാരം ഭവനനിർമ്മാണത്തിനു ഗ്രാന്റുകൾ നൽകുന്നുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് 'രാജിവ് ദശലക്ഷം ഭവനനിർമ്മാണപദ്ധതി' 'മൈത്രി ഭവന നിർമ്മാണപദ്ധതി' ഇവ മുഖാന്തിരവും വായ്പകൾ കൊടുക്കുന്നുണ്ട്.

7. 'കൈരളി' ഭവനനിർമ്മാണപദ്ധതി മുഖാന്തിരവും, വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് ഉപയോഗിച്ചും, പാലോട് കാർഷിക വികസനബാങ്കിൽ നിന്നുള്ള സഹായം കൊണ്ടും ഭവനങ്ങൾ നിർമ്മിക്കുന്നു.

8. പഞ്ചായത്തിന്റെ എല്ലാഭാഗത്തും പുതുതായി കെട്ടിടങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു.

9. കൂടുതൽ കെട്ടിടങ്ങളുടെ മേൽക്കൂര ഓടുകൊണ്ടും സമ്പന്നന്മാർ കോൺക്രീറ്റ് കൊണ്ടും നിർമ്മിക്കുന്നു.

10. ചുടുകല്ല് ഉപയോഗിച്ച സ്ഥാനത്ത് ഇന്ന് സിമന്റ് കട്ടകൾ (താംബുക്ക്) ഉപയോഗിക്കുന്നു.

11. പഞ്ചായത്തിൽ 'ലക്ഷംവീട് പദ്ധതി' പ്രകാരം നിർമ്മിച്ച 55 വീടുകൾ ഉണ്ട്.

12. പുതിയകോളനികൾ നിർമ്മിക്കാൻ പറ്റിയസ്ഥലം പഞ്ചായത്തിൽ ഉണ്ട്.

13. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് പഞ്ചായത്തിൽ ഉണ്ട്.

14. നിലം നികത്തി ഭവനങ്ങൾ പണിയുന്ന രീതിയും പഞ്ചായത്തിൽ ഉണ്ട്.

15. IRDP സഹായ പദ്ധതിപ്രകാരം 1982 മുതൽ 96 വരെ 183 വീടുകൾക്ക് ഗ്രാന്റുകൾ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്.

2. പഞ്ചായത്തിലെ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

3. സാമ്പത്തിക പരിമിതി, വായ്പനൽകുന്ന ധനകാര്യസ്ഥാപനങ്ങളുടെ കുറവ്, ഉയർന്ന പലിശനിരക്ക്, സങ്കീർണമായ ഉപാധികൾ.

4. വീട് പുതുക്കിപ്പണിയുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള തടസ്സം.

5. ചെലവ് കുറഞ്ഞ വീട് നിർമ്മാണ സാമഗ്രികളുടെ അഭാവം.

6. ഭവനനിർമ്മാണത്തിനുള്ള പുരയിടത്തിനുള്ള പ്രയാസവും, വിലവർദ്ധനവും.

7. ലക്ഷംവീട് കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ.

8. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ തടി, ചുടുകല്ല്, മണല് എന്നിവയുടെ ദൗർലഭ്യം.

9. വയലുകൾ നികത്തി പുരയിടങ്ങളാക്കുന്നത് മൂലമുണ്ടാകുന്ന പരിസ്ഥിതി, കാർഷികപ്രശ്നങ്ങൾ.

10. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധതൊഴിലാളികളുടെ ദൗർലഭ്യം.

11. ഭവനനിർമ്മാണ തൊഴിലാളികളുടെ കൂലിവർദ്ധനവ് ഹൗസിംഗ് ബോർഡിൽ വായ്പക്ക് അപേക്ഷിക്കാനുള്ള ബുദ്ധിമുട്ടും അപേക്ഷിച്ചാൽ ഗഡുക്കൾ കിട്ടുവാനുള്ള താമസവും ഭവനിർമ്മാണത്തെ ബാധിക്കുന്നു.

സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും.

1. പഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് വായ്പ നൽകുന്നതിന് പ്രത്യേക സഹകരണസംഘം സ്ഥാപിക്കുക.

2. സഹകരണസ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണ സാധനങ്ങൾ വിലകുറച്ച് നൽകുക.

3. സർക്കാർ പദ്ധതിപ്രകാരം അനുവദിക്കപ്പെടുന്ന വീടുകളുടെ ഉപാധികൾ ലഘൂകരിക്കുക. പലിശനിരക്ക് അടവ് സംഖ്യയുടെ തോത് എന്നിവ കുറക്കുക. അടവിന്റെ കാലദൈർഘ്യം വർദ്ധിപ്പിക്കുക.

4. 'ലക്ഷംവീട്' കോളനികളുടെ ഭവനങ്ങളുടെ ശോചനീയവസ്ഥ പഠിക്കുകയും അതുപുതുക്കിപണിയുകയും ചെയ്യുക.

5. ഭവനനിർമ്മാണവായ്പ പദ്ധതികളുടെ മേൽനോട്ടവും നിർവ്വഹണവും പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരിക.

6. തടിയുടെ വിലക്കയറ്റംകൊണ്ട് ബുദ്ധിമുട്ടുന്ന ഈ അവസ്ഥയിൽ വിലകുറഞ്ഞ ജന്നൽ, വാതിൽ നിർമ്മിക്കുവാൻ വേണ്ട പരിശീലനവും നിർമ്മാണവും പഞ്ചായത്ത് തലത്തിൽ നടത്തുക.

7. ചെലവുകുറഞ്ഞ വീടുകൾക്കു പ്രചാരണം നൽകുക.

8. ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക.

9. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിലാളികളുടെ സർവീസ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.

10. തൊഴിൽ ഇല്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലിൽ പരിശീലനംകൊടുക്കുക ഇതുമൂലം ആവശ്യത്തിന് ഈ മേഖലയിൽ തൊഴിലാളികളെ കിട്ടും.

11. അടുത്ത 5 വർഷംകൊണ്ട് പഞ്ചായത്തിൽ ഉള്ള മുഴുവൻ ആൾക്കാർക്കും വീട് ഉണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക. ഈ പദ്ധതി പഞ്ചായത്തിനെ മൊത്തം കണ്ടുകൊണ്ടായിരിക്കണം രൂപീകരിക്കേണ്ടത്.

12. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരി

ക്കുകയും ചെയ്യേണ്ടതുണ്ട്. ഏറെ സാമ്പത്തിക ബാദ്ധ്യതകളുള്ളതും സർഗ്ഗാത്മകമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുമായ ഈ പ്രശ്നം കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹരിക്കുന്നതാണ്.

13. പഞ്ചായത്തിലെ വയൽ നികത്തി വീട് വയ്ക്കുന്നതു നിയമം മൂലം തടയണം.

14. പഞ്ചായത്തിൽ ആവശ്യാനുസരണം കിട്ടുന്ന പാറയും ചല്ലിയും ചല്ലിപ്പൊടിയും കൊണ്ട് സിമന്റു കട്ട നിർമ്മിക്കുന്ന ഒരു ഫാക്ടറി തുടങ്ങുകയും, അതിന് വേണ്ട തൊഴിലാളികളെ പരിശീലിപ്പിക്കുകയും ചെയ്യുക.

സാമൂഹ്യക്ഷേമം

നന്ദിയോട് പഞ്ചായത്തിൽ 11 വാർഡുകളുണ്ട് അതിൽ 5 വാർഡുകൾ (1 to 5) നന്ദിയോട് ഒന്നാം സർക്കിളും 6 വാർഡുകൾ (6 മുതൽ 11 വരെ) 2-ാം സർക്കിളുമായി 1995 നവംബറിൽ വിഭജിച്ചു. എന്നാൽ 1992ൽ IRDP സർവ്വെ പ്രകാരം ഈ രണ്ട് സർക്കിളുകളിലുമായി 2178 കുടുംബങ്ങളെ തെരഞ്ഞെടുത്ത് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിൻ പ്രകാരം ഇതേവരെ പ്രസ്തുത ലിസ്റ്റിൽ നിന്നും 280 കുടുംബങ്ങളെ IRDP വഴി സഹായിച്ചു, കൂടാതെ ടി ലിസ്റ്റിൽ നിന്നും 80 കുടുംബങ്ങളിൽപ്പെട്ടവർക്ക് IAY, JRY പദ്ധതിപ്രകാരം വിടുകൾ അനുവദിച്ചു നൽകി. കൂടാതെ CRSP പദ്ധതിപ്രകാരം 142 പേർക്ക് കക്കൂസുകൾ വിവിധ പദ്ധതികളിലായി അനുവദിച്ചു നൽകി. പ്രസ്തുത ലിസ്റ്റിൽ നിന്നും 2 DWCRA യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. നന്ദിയോട് പഞ്ചായത്തിൽ 5-ാം വാർഡിലെ ആലുംകുഴി അംഗൻവാടി മുഖാന്തിരം ഉത്പാദിപ്പിച്ച 2750 വിവധയിനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

മറ്റു അംഗൻവാടി പ്രവർത്തനങ്ങൾ?

IRDP പദ്ധതിപ്രകാരം, കച്ചവടം, നെല്ല്കുത്ത് സംസ്ക്കരണം, പച്ചക്കറി കച്ചവടം, സൈക്കിൾ ലോഡിംഗ് മത്സ്യകച്ചവടം, ബേക്കറി, ഫർണിച്ചർമാർട്ട് കൊപ്രസംസ്കരണം, വെറ്റിലകൃഷി, ആട്, പശുവ ഉർത്തൽ, പെട്ടിക്കട എന്നിവയ്ക്ക് ബാങ്ക് വായ്പ നൽകിയിട്ടുണ്ട്.

DWCRA

18നും 35നും ഇടക്ക് പ്രായമുള്ളവരും കണ്ടെത്തപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവർക്ക് തൊഴിൽ പരിശീലനം നൽകുന്നതുമായ പദ്ധതിയാണിത് 10% പലിശ നിരക്കിൽ ബാങ്ക് വായ്പയും മൂന്നിലൊരു ഭാഗം സബ്സിഡിയും ഇരുവഴി ലഭിക്കുന്നു.

IRDP

മുഖാന്തിരം യുവതീ യുവാക്കൾക്കുള്ള (ട്രൈസം) പരിശീലന പരിപാടിയിൽ 19 പേരെ തൊഴിൽ അഭ്യസിപ്പിച്ചു. അതിൽ 18 പേരെ പ്രസ്തുത തൊഴിലിൽ ഏർപ്പെടുത്തി.

കൂടാതെ ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതിന്റെ ഭാഗമായി 7പേർക്ക് തൊഴിൽ ഉപകരണങ്ങൾ നൽകി.

CSS പദ്ധതിപ്രകാരം SF/MF പരിപാടിയനുസരിച്ച് 6 പേർക്ക് കിണർ, പമ്പ്സെറ്റ്, പമ്പ്ഹൗസ്, വാട്ടർടാങ്ക് മുതലായവ നൽകി.

CRSP

ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം നാളിതുവരെ 551 കക്കൂസുകൾക്ക് ധനസഹായം കഴിഞ്ഞു.

മില്ല്യൻ വെൽ

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ദേശീയ തലത്തിൽ ആവിഷ്കരിച്ചു ദുർബല വിഭാഗക്കാർക്ക് മുൻഗണന നൽകി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

മാതൃസംരക്ഷണം

ഗ്രാമ വികസന വകുപ്പ് മുഖേന സമഗ്രമാതൃശിശു സംരക്ഷണ പദ്ധതിയിൽ അനുവദിക്കപ്പെട്ട 27 അംഗനവാടികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലെ അംഗനവാടികളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ഈ അംഗൻവാടികൾ മുഖാന്തിരം പഞ്ചായത്തിലെ മാതൃശിശു സംരക്ഷണം, മെഡിക്കൽ ക്യാമ്പുകൾ പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ പഠനക്യാമ്പുകൾ എന്നിവ നടത്തിവരുന്നു.

മഹിളാ സമാജങ്ങൾ ചില വാർഡുകളിൽ മാത്രം പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമ പദ്ധതിപ്രകാരം 226 അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

17 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ട്.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ.
2. അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നില്ല.
3. 10 അംഗൻവാടികൾക്ക് മന്ദിരം ഇല്ല. അംഗൻവാടികളിൽ ചുറ്റുമതിൽ, കിണർ, കക്കൂസ് എന്നിവ ഇല്ല.
4. മഹിളാ സമാജങ്ങൾ എല്ലാം വാർഡിലും ഇല്ല.
5. കെട്ടിട നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി, ബീഡിതൊഴിലാളി, തയ്യൽ തൊഴിലാളി ഇവർക്ക് ക്ഷേമ പദ്ധതികൾ ഗ്രാമങ്ങളിൽ ഫലപ്രദമായി നടക്കുന്നില്ല.
6. സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങളുടെ അവസ്ഥ.
7. പഞ്ചായത്തിൽ ആരും തുണയില്ലാത്ത വൃദ്ധർ ഉണ്ട്.
8. പൊതു ശ്മശാനം പഞ്ചായത്തിൽ ഇല്ല.

9. ഒരു പെൻഷനും കൃത്യമായി കിട്ടുന്നില്ല.

10. ഇനിയും പെൻഷന് അർഹത ഉള്ളവർ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് പെൻഷൻ അനുവദിക്കുക.

11. നമ്മുടെ പഞ്ചായത്തിൽ പാണ്ഡ്യംപാറയിൽ ഒരു പുതിയ അംഗൻവാടി അനുവദിക്കുക.

നിർദ്ദേശങ്ങൾ:

1. പെൻഷൻ തുക വർദ്ധിപ്പിക്കുക. പെൻഷൻ അനുവദിക്കാനുള്ള കാലതാമസം ഒഴിവാക്കുക. മുഴുവൻ പെൻഷൻ പദ്ധതികളും അനുവദിക്കാനുള്ള അധികാരം പഞ്ചായത്തിന് കൈമാറുക. ഇതിന് വേണ്ടി വരുന്ന ഫണ്ട് കൃത്യമായി പഞ്ചായത്തിനെ ഏല്പിക്കുക.

2. പുതുതായി 'പാണ്ഡിയംപാറ'യിലും ആനകളും ആറ്റിനക്കരെ ഉള്ള ട്രൈബൽ പ്രദേശത്തും അംഗൻവാടി അനുവദിക്കുക.

3. അനുവദിച്ച 10 അംഗൻവാടികൾക്ക് മന്ദിരവും, മുഴുവൻ അംഗൻവാടികൾക്ക് ശുദ്ധജലവും, കക്കൂസും ചുറ്റുമതിലും വൈദ്യുതി കണക്ഷനും ഉണ്ടാകണം.

4. വാർഡുതോറും ആവശ്യമായ മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അവമുടെ കീഴിൽ ഒരു കുടുംബത്തിൽ ഒരു വനിതയ്ക്കെങ്കിലും സ്വന്തമായി ഒരു തൊഴിൽ ഉണ്ടാക്കുവാനും അതിൽകൂടി കുടുംബത്തിന്റെ ഭദ്രത ഉറപ്പുവരുത്തുവാനും കഴിയും;

5. പഞ്ചായത്തിൽ പുതുതായി ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

1.	IRDP ധനസഹായം നൽകാനുള്ള കുടുംബങ്ങളുടെ എണ്ണം	1882
2.	ഭവന നിർമ്മാണത്തിന് ഗ്രാന്റ് നൽകേണ്ട കുടുംബങ്ങളുടെ എണ്ണം	511
3.	കക്കൂസുകൾ ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം	851
4.	ട്രൈസം പദ്ധതികളുടെ ഗുണം ലഭിക്കേണ്ട അംഗങ്ങൾ	50
5.	DWCRA പദ്ധതിപ്രകാരം രൂപീകരിക്കേണ്ട യൂണിറ്റുകൾ	3
6.	സാമൂഹ്യ വനവൽക്കരണ പദ്ധതിപ്രകാരം ഉൽപാദിപ്പിക്കേണ്ട വൃക്ഷത്തൈകൾ	5000

ഗ്രാമീണകൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R A P)

വാർഡ് നമ്പർ	ഐ. ആർ ഡി. പി. സർവ്വേ പ്രകാരം ഗ്രാമീണ തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	2	3	4
I	12	-	12
II	17	1	16
III	10	-	10
Iv	9	1	8
V	8	-	8
VI	7	1	6
VII	10	-	10
VIII	12	-	12
IX	8	1	7
X	11	2	9
XI	6	-	6

സാമൂഹ്യ വനവല്കരണ പരിപാടി 1994

നമ്പർ	ഉത്പാദിപ്പിച്ച തൈയുടെ ഇനം	വർഷം 1994
1	മാഹഗണി	1000
2	അൽപീസ്	1000
3	പ്ലാവ്	250
4	മാവ്	250
5	പെരുമരം	250
	ആകെ	2750

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (ഐ. ആർ. ഡി. പി സർവ്വേ)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പഞ്ചായത്തിൽ നിന്നും പുതിയതായി അനുവദിച്ച വീടുകൾ 1995-96	പൂർത്തിയാകാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകൾ
1	2	3	4	5	6	7
1	20	4	4	4	4	42
2	66	14	14	5	5	47
3	81	13	13	6	6	57
4	45	13	13	5	5	33
5	82	14	14	5	5	63
6	58	8	8	5	5	45
7	48	6	6	4	3	38
8	50	4	4	5	5	41
9	55	5	5	5	5	45
10	44	4	4	4	4	36
11	39	1	1	4	4	34

D W C R A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറുപ്പ്
1	2	3	4	5
III	ഈറ്റ തൊഴിൽ	1993	10	ഭംഗിയായി നടക്കുന്നു
VII	നെല്ല് സംസ്കരണ യൂണിറ്റ്	1994	10	ആലുംമൂട്ടിൽ പ്രവർത്തിക്കുന്നു
VI	കറിപൗഡർ ആന്റ് ബേക്കറി യൂണിറ്റ്	1996	12	വലിയതാന്നിമൂട്ടിൽ പ്രവർത്തിക്കുന്നു

നന്ദിയോട് ഗ്രാമപഞ്ചായത്ത്

I R D P സർവ്വേപ്രകാരം–ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

ക്രമ നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ് സി/ എസ് റ്റി കുടുംബങ്ങൾ	സന്നദ്ധ സംഘടന സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ് എസ്/ എസ് റ്റി	സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	150	50	24	13	24	126
II	288	42	26	13	36	246
III	185	17/94	24	13	24	161
IV	207	32	25	12	25	182
V	225	24/25	26	14	26	199
VI	180	15/10	25	13	25	155
VII	250	25	36	15	36	214
VIII	160	14/4	26	13	26	134
IX	105	22	24	12	24	81
X	288	40	26	13	26	262
XI	140	32	18	9	18	122
	2178	446	280	140	280	1882

ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
I	ബുക്ക് ബയന്റിംഗ്	2	2
II	(1) ബുക്ക് ബയന്റിംഗ്, (2) ടൈപ്പ്റൈറ്റിംഗ്- (3) എബ്രോയിഡറി, നൂൽ നൂപ്പ്	4	3
III	നൂൽ നൂപ്പ്	2	2
Iv	ബുക്ക് ബയന്റിംഗ്	5	5
V	ബുക്ക് ബയന്റിംഗ്, വെൽഡിംഗ്, എബ്രോയിഡറി	3	3
VI	കമ്പോസിംഗ്	1	1
VII	ചൂരൽപ്പണി	1	1
VIII	എബ്രോയിഡറി	1	1
ആകെ		19	18

നന്ദിയോട്ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ സ്ഥിതി വിവരകണക്ക്

ക്രമ നമ്പർ	അംഗൻ വാടി നമ്പർ	വാർഡ് ന്റെ നമ്പർ	അംഗൻ വാടി യുടെ പേര്	സ്വന്തമായി കെട്ടിടം ഉണ്ടോ	കുടി വെള്ളത്തി കിണർ ഉണ്ടോ	കക്കൂസ് ഉണ്ടോ	വൈദ്യുതി കണക്ഷൻ ഉണ്ടോ	ചുറ്റു മതിലുണ്ടോ	മറ്റ് പ്രശ്നം ഉണ്ടോ?
1	33	1	കുറുംന്താളി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
2	34	1	മിച്ചഭൂമി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
3	35	11	പനങ്ങോട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	
4	36		പച്ചക്കാട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
5	37	2	പയറ്റടി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
6	38	2	ആലുംമൂട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	
7	39	3	വട്ടപ്പൻകാട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
8	40	3	കിടാരക്കുഴി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
9	41	7	കൊച്ചുതാന്നിമൂട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
10	42	4	പൗവ്വത്തൂർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
11	43	5	ഇഉവട്ടം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	
12	44	5	കുറുപുഴ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	
13	45	3	പച്ചമല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	
14	46	5	ആലുംകുഴി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	
15	47	6	പൊരിയം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	
16	48	6	പനയമുട്ടം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	
7	49	7	അലംപാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
18	50	6	തോട്ടുംമുക്ക്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
19	51	8	കുടവനാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	
20	52	8	ചെല്ലഞ്ചി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	
21	53	8	ആനകുളം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
22	54	10	പ്ലാവറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
23	55	7	കടുവാപ്പാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
24	56	10	സത്രക്കുഴി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	
25	57	9	മീൻമുട്ടി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
26	215	6	താന്നിമൂട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
27	216	8	പാലുവള്ളി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	

പഞ്ചായത്ത് കെട്ടിടങ്ങളുടെ കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	കോൺ-ക്രീറ്റ്	ഓട്	ഓല, കൂടിൽ	വിവിധ ഭവന നിർമാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം		വർഷം	പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം
I	591	2	68	319	202	എൻ.ആർ.ഇ.പി ഐ.ആർ.ഡി.പി ലക്ഷംവീട്	7 3 35	1992-93	8387
II	616	11	99	260	246	എൻ.ആർ.ഇ.പി	4	1993-94	8409
III	969	5	55	296	613	എൻ.ആർ.ഇ.പി	15	1994-95	8483
IV	712	2	59	242	409	ജെ.ആർ.വൈ.	1	1995-96	8612
V	990	3	58	311	618	എൻ.ആർ.ഇ.പി	4	1996-97	8703
VI	701	2	114	289	296				
VII	799	11	34	220	534				
VIII	927	4	63	231	629				
IX	734	4	38	217	475	ലക്ഷംവീട് എൻ.ആർ.ഇ.പി	29 2		
X	773	14	84	332	343				
XI	891	13	284	276	318	ലക്ഷംവീട്	9		
Total	8703	71	956	2293	4683		109		

പൊതുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

പൊൻമുടി മലയുടെ അടിവാരത്തിൽ സ്വച്ഛന്ത സുന്ദരമായ നമ്മുടെ ഗ്രാമത്തിന്റെ പുരാതന സംസ്കാരം എടുത്തൊന്ന് പരിശോധിക്കുമ്പോൾ ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ നല്ല ഭക്ഷണവും മലയോരങ്ങളിൽ കൂടി ഒഴുകിയെത്തി മനസിന് കുളിർ പകരുന്ന നീരുറവയും പ്രകൃതി മനോഹാരിതയിൽ അല്പമൊന്ന് തലചായ്ക്കാനൊരമ്പലവും. അന്ന് അത് എന്നും ഓർക്കുന്ന ഒരനുഭവമാണ്. അങ്ങനെ ഇവിടെയെത്തി തിരികെ പോകുന്നവർക്ക് ഇത് നന്ദിയുള്ള സ്ഥലമായി. പിന്നയത് 38.85 സ്കയർ Km വിസ്താരമുള്ള നന്ദിയോടായി.

അലോപ്പതി ചികിത്സയും പിന്നെ ഹോമിയോയും ഒക്കെ വരുന്നതിന് മുമ്പ് ആയുർവ്വേദത്തിലൂടെ പേരു കേട്ട വൈദ്യശിരോമണി നീലകണ്ഠൻ വൈദ്യനും, ശ്രീ വേലായുധൻ വൈദ്യനും, ശ്രീ. കോയിക്കവിളാകം കൃഷ്ണപിള്ള വൈദ്യനും ഈ നാടിന്റെ അഭിമാനങ്ങളായി ശ്രീ. പയറ്റടി ചെല്ലപ്പൻ വൈദ്യന്റെ വിഷചികിത്സ രംഗത്തെ പ്രാഗൽഭ്യവും ജാതിമത ഭേദമന്യേ ആരുടെയും പ്രസവമെടുക്കാൻ ഏതുസമയത്തും ഓടിയെത്താറുള്ള വയറ്റാട്ടി നാണിയമ്മയുടെ ചുറുചുറുക്കും കരവിരുതും. ഇവരുടെയൊക്കെ ശിഷ്യഗണങ്ങളുടെ സേവനവും കൂടിയായപ്പോൾ പൊതുവിൽ ഈ ഗ്രാമത്തിന്റെ ആരോഗ്യനില മെച്ചമായി.

വൈദ്യശാസ്ത്രരംഗത്ത് ഇത്രയൊക്കെ നേട്ടങ്ങൾ ഉള്ളപ്പോൾ തന്നെ ആഴ്ചയിലെ എല്ലാ ബുധനാഴ്ചയും ആദിവാസി മേഖലകളിലും മറ്റ് പ്രദേശങ്ങളിലും സഞ്ചരിക്കുന്ന വൈദ്യപരിശോധന യൂണിറ്റുകൾ എത്തി അവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ആദിവാസി പാരമ്പര്യ വൈദ്യചികിത്സാ സഹകരണ സംഘങ്ങൾ തുടങ്ങി അന്നും ഇന്നും ഈ രംഗത്ത് സുത്യർഹമായ സേവനമനുഷ്ഠിച്ചു വരുന്ന ക്രിസ്തീയ മിഷണറിമാരുടെ പ്രവർത്തനത്തെയും ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്.

സ്വാതന്ത്ര്യസമര പ്രസ്ഥാനം കൊടുംമ്പിരികൊണ്ടിരിക്കുന്ന ആ കാലഘട്ടത്തിൽ സമ്മർദ്ദങ്ങൾക്ക് വഴങ്ങി ബ്രിട്ടീഷുകാരന്റെ ദാക്ഷണ്യത്തിൽ പാലോട്ടൊരു ഗവ: ആശുപത്രിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. അങ്ങനെ 1929ൽ ആരംഭിച്ച ആ സ്ഥാപനം നമ്മുടെ ഗ്രാമത്തിന് മാത്രമല്ല തൊട്ടടുത്ത ഗ്രാമങ്ങൾക്കുകൂടി ആശാ കേന്ദ്രമായി. ആ സമയത്ത് ആശുപത്രിയിൽ നിയുക്തനായ ശ്രീ. കണിയാൻ ഡോക്ടറുടെ സേവനം ഈ ഗ്രാമത്തിന്റെ പഴമനസുകളിൽ ഇന്നും ഒരു കുളിർ കാറ്റായി തങ്ങി നില്ക്കുന്നു. അന്നുണ്ടായിരുന്ന പ്രസവ വാർഡും, മോർച്ചറിയും മറ്റ് ചികിത്സാ സംവിധാനങ്ങളും ഇന്നൊരോർമയായി മാത്രം നിലകൊള്ളുന്നു. ഈ അവസ്ഥയ്ക്കു കാരണം പിൻക്കാലങ്ങളിലെത്തിയ ഭരണാധികാരികളോ? അതോ ഈ നാട്ടിലെ പാവം ജനതയോ?

ഇന്ന് ഒരു ഡോക്ടറും രണ്ടു വീതം സ്റ്റാഫ് നഴ്സും, പബ്ലിക് ഹെൽത്ത് നെഴ്സും മറ്റ് ഒന്നുരണ്ട് ഓഫീസ് സ്റ്റാഫും മാത്രമായി മുന്നോട്ടുപോകുന്ന ഈ ആശുപത്രിയുടെ അശാസ്ത്രീയമായ സ്റ്റാഫ് പാറ്റേൺ ഇന്നൊരു കീറാമുട്ടിയാണ്. ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, രജിസ്റ്ററുകൾ എന്നിവ തുലോം ഇല്ലതന്നെ. രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം കിട്ടാത്തതുകാരണം അത്യാ

പിരിതം സംഭവിച്ചെത്തുന്ന രോഗികളുമായി ബന്ധുക്കൾ പിലോമീറ്ററുകളോളം സഞ്ചരിച്ച് താലൂക്കാശുപത്രിയിലോ മെഡിക്കൽ കോളേജിലോ പോകേണ്ട സ്ഥിതിയാണിന്നുള്ളത്. എന്നും രാവിലെ O.Pയിൽ എത്തുന്ന നാനൂറോളം രോഗികളെ ചികിത്സിക്കേണ്ട ഒരു ഡോക്ടർ തന്നെ നൂറോളം വരുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ട രോഗികളെയും നോക്കേണ്ടത്. ഇപ്പോൾ ചികിത്സക്ക് വിധേയരായി കിടക്കുന്ന രോഗികളനുവേക്കുന്ന യാതനകളിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കുമ്പോൾ ഈ ആശുപത്രിയുടെ പോരായ്മകൾ എന്തെന്ന് മനസിലാകും. പരിമിതമായ വാർഡുകൾ, വാർഡുകളിലെ പരിമിതമായ ബെഡുകൾ, ഇവയിൽ 100%വും മെയിന്റനൻസ് തൊട്ടുതീണ്ടാത്തവ. രോഗികൾ അനുഭവിക്കുന്ന ശുദ്ധജല ക്ഷാമവും പൈപ്പുവെള്ളത്തിന്റെ അഭാവവും അശാസ്ത്രീയമായ മല മൂത്ര വിസർജന സൗകര്യങ്ങൾ, വൈദ്യുതിയുടെയും വോൾട്ടേജിന്റേയും അഭാവം. കാലാകാലങ്ങളിൽ മാറ്റപെടാതെ കിടക്കുന്ന ബൾബുകളും, ട്യൂബുകളും, പ്രവർത്തനരഹിതമായ ഫാനുകളും ഇന്നും ഒരു നോക്കുകുത്തിയായി നിലകൊള്ളുന്നു.

ഈ പഞ്ചായത്തിന്റെ കുടുംബാരോഗ്യ ക്ഷേമപ്രവർത്തിനത്തിന്റെ ചുമതല വഹിക്കേണ്ടുന്ന പ്രാഥമികാരോഗ്യ കേന്ദ്രം ഇവിടെനിന്നും 25 km അകലെ കല്ലറയിലാണ് സ്ഥിതിചെയ്യുന്നത്. താലൂക്കാശുപത്രിയിൽ എത്താനും ഇത്രയും ദൂരം താണ്ടേണ്ടതുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം ഇത്രയും അകലെയായതുകൊണ്ട് പഞ്ചായത്തിന്റെ പൊതുജനാരോഗ്യത്തിൽ വളരെയധികം ശ്രദ്ധ പതിപ്പിക്കുവാൻ അവർക്ക് കഴിയുന്നില്ല. ഈ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന P.H.Cയുടെ അഞ്ച് ഉപകേന്ദ്രങ്ങളിൽ പലതും കെട്ടിടമില്ലാതെയും, സ്റ്റാഫില്ലാതെയും പ്രവർത്തന മന്ദതയിലാണ്. ഉപകേന്ദ്രങ്ങളുടെ മുഴുവൻ ചുമതലയുള്ള ഇതേ സ്റ്റാഫുകൾ തന്നെ ശുചിത്വപരിപാലനത്തിൽ ജനങ്ങളെ ബോധവൽക്കരിക്കേണ്ടി വരുന്നതു കൊണ്ടുള്ള ബുദ്ധിമുട്ടുകളും പരിമിതികളും എടുത്തു പറയേണ്ടതില്ലല്ലോ.

ഔഷധ സസ്യങ്ങളാൽ സമ്പുഷ്ടമായ നമ്മുടെ ഈ മലയോര ഗ്രാമത്തിൽ ഒരു ആയുർവേദ ആശുപത്രി ഇല്ലയെന്നുള്ള പോരായ്മ നിലനിൽക്കേ ഹോമിയോ, പ്രകൃതി ചികിത്സ കേന്ദ്രങ്ങളും ഇല്ലയെന്നുള്ളത് ഈ രംഗത്തെ ശോചനീയത വിളിച്ചു കാട്ടുന്നു.

ഗവ: തലത്തിൽ ആയുർവേദ ആശുപത്രികൾ നമുക്ക് കിട്ടിയില്ലയെങ്കിലും പാരമ്പര്യ ചികിത്സാ രംഗത്ത് തനത് വ്യക്തിത്വം നിലനിർത്തി കൊണ്ട് ഒരു ആദിവാസി പാരമ്പര്യ ചികിത്സാ സഹകരണ സംഘം കിഴ്പ്പം നമ്പർ റ്റി. 1297 പേരയം എന്ന വിലാസത്തിൽ പ്രവർത്തിക്കുന്നു.

ആദിവാസി പാരമ്പര്യമായിട്ടുള്ള ചികിത്സാരീതിയെ വളർത്തിയെടുക്കുന്നതിലേയ്ക്കായി 32 പാരമ്പര്യ വൈദ്യന്മാർ ഒരുമിച്ചു ചേർന്ന് തുടങ്ങിയതാണ് ഈ സഹകരണ സംഘം.

കേരളത്തിന്റെ തനത് ചികിത്സാ പാരമ്പര്യത്തിൽ ഊന്നപെട്ടതും, ജ്ഞാനികളായ പൂർവ്വികർ പിൻതലമുറക്ക് ഉപദേശ രൂപേണ പകർന്നു നല്കി തലമുറകളായി നിലനിന്നു പോരുന്നതാണ് ഈ രീതി.

അപൂർവ്വങ്ങളും, ദിവ്യങ്ങളുമായ ഒറ്റമൂലികളും മന്ത്രതന്ത്രാദി വിദ്യകളുടെ പ്രയോഗങ്ങളും കൊണ്ട് ദിനചര്യകളിലൂടെയും, കർമ്മങ്ങളിലൂടെയും, ശരീരത്തിനേയും മനസ്സിനേയും, രോഗപ്രതിരോധത്തിനും, രോഗശാന്തിക്കും പകരമാക്കുക എന്നതാണ് ഇതിന്റെ മാർഗ്ഗം.

ഈ ചികിത്സാ രീതി നടത്തുന്നതിനാവശ്യമായ അപൂർവ്വങ്ങളായ ഔഷധസസ്യങ്ങളും, ഒറ്റമൂലികളും സംഭരിച്ചു സംഘത്തിന്റെ നേതൃത്വത്തിൽ നട്ടുവളർത്തിയും സംരംക്ഷിച്ചും അംഗങ്ങളെകൊണ്ട് കൃഷി ചെയ്യിപ്പിച്ചും അവ സംഭരിച്ച് സംസ്കരിച്ച് ചികിത്സാ കേന്ദ്രത്തിൽ എത്തിക്കുകയും അവ ജനങ്ങൾക്കു വേണ്ടി വിനിയോഗിക്കുകയുമാണ് ലക്ഷ്യം. പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ സ്ഥിതിചെയ്യുന്ന വിവിധ കോളനികളിലും സ്ക്കൂളുകളിലും യഥാസമയം ബോധവൽക്കരണ പരിപാടികൾ എത്താത്തതുകൊണ്ട് കൊച്ചു കുട്ടികളിലും ഗർഭിണികളായ സ്ത്രീകളിലും അധികവിളർച്ച അനുഭവപ്പെടുന്നു. കുട്ടികളിൽ ദന്തരോഗം, നേത്രരോഗം, കാൽസ്യത്തിന്റെ കുറവു കൊണ്ടുള്ള അസ്ഥിസംബന്ധമായ രോഗങ്ങൾ, പരിസര സുചിത്വത്തിന്റെയും, വ്യക്തി സുചിത്വത്തിന്റെയും അഭാവംമൂലമുണ്ടാകുന്ന മറ്റു രോഗങ്ങളും പകർച്ചവ്യാധികളും ഇന്നും കോളനി പ്രദേശങ്ങളിൽ കണ്ടുവരുന്നു.

പകർച്ചവ്യാധി റിപ്പോർട്ട്

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യം	മറ്റുള്ളവ
1993-94	2267	1082	2	31262
1994-95	715	1109	2	47178
1995-96	385	1028	5	53279

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ
സ്ത്രീയുടെ പ്രായക്രമത്തിൽ
18-25 159
25-30 966
30-35 1093
40ന് മേൽ -936

അമ്മമാരുടെ എണ്ണം

ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

വർഷം	ജനനം	ശിശുമരണ നിരക്ക് (IMR)	മാതൃമരണനിരക്ക്(MMR)	മരണം
1992-93	432	28	6	142
1993-94	419	16	4	135
1994-95	406	4	3	130
1995-96	399	3	2	128

1 കുട്ടി -782
23 വരെ -1793
3ന് മേൽ -1164
കുട്ടികളില്ലാത്ത ദമ്പതികൾ -267
ഒരു വയസിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം -390
പ്രതിരോധകുത്തിവയ്പ് നടത്തിയവർ -351

നന്ദിയോട് ജംഗ്ഷനും പരിസര പ്രദേശങ്ങളും മലീമസമാക്കുന്ന മാർക്കറ്റ് പഴയ സ്ഥാനത്തേയ്ക്ക് മാറ്റുകയോ ഇപ്പോഴുള്ള സ്ഥലം ശാസ്ത്രീയമായി ചിട്ടപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ജംഗ്ഷൻ കേന്ദ്രീകരിച്ച് മൂത്രപ്പുരയും കക്കൂസും ഇല്ല. പൊതുസ്ഥലങ്ങളിൽ നായ്ക്കളും മറ്റു ജന്തുക്കളും ചത്തു നാറുന്നതും, അഴുക്കുചാലുകളിലും, ഓടകളിലും മറ്റും വെള്ളം കെട്ടികിടന്ന് ദുർഗന്ധം വമിക്കുന്നതും കൊതുകുകൾ പെറ്റുപെരുകുന്നതിനുമെതിരെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മഴക്കാലത്തും വരൾച്ചകാലത്തും പഞ്ചായത്തിന്റെ കോളനിപ്രദേശങ്ങളിലും നാട്ടിൻ പ്രദേശങ്ങളിലും പകർച്ചവ്യാധികൾ പടർന്ന് പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷനും, ഈച്ചനശീകരണം, കൊതുകുനശീകരണം, എന്നിവ ഫലപ്രദമായി നടക്കുന്നില്ല.

നന്ദിയോട് മാർക്കറ്റിൽ നിന്നൊഴുകുന്ന മലിനജലവും, ഹോട്ടലുകളിൽ നിന്നുള്ള അഴുക്കുചാലുകളും, വീടുകളിലെ കക്കൂസുകളുടെ ഔട്ട്ലെറ്റ് പൈപ്പുകളിൽ നിന്നും ഒഴുകിയെത്തുന്ന മലിന ജലവും, പൊന്മുടി റബ്ബർ ഫാക്ടറിയിൽ നിന്നും ഒഴുക്കി വിടുന്ന മലിനജലവും വിവിധ തോടുകളിലൂടെ ഒഴുകി വാമനപുരം നദിയിൽ പതിയ്ക്കുമ്പോൾ ഇത് ഉപയോഗിക്കാൻ വിധിക്കപ്പെട്ട മനുഷ്യമൃഗാദികൾ മാരകമായ അസുഖങ്ങൾക്ക് അടിമപ്പെടേണ്ടിവരുന്നത് എടുത്തു പറയാതെ വയ്യ.

പഞ്ചായത്തിലെ അംഗൻവാടികളിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരം പാകം ചെയ്യുന്നതിലെ പോരായ്മകൾ ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ ഇവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വൃദ്ധജനങ്ങൾക്കും, മാനസികപീഠനം അനുഭവിക്കുന്ന വർക്കും വൃദ്ധഭവനങ്ങളില്ല. ഇവരുടെ ചുമതല വഹിക്കുവാൻ പഞ്ചായത്തിൽ യാതൊരുവിധ സംവിധാനങ്ങളുമില്ല. ആരോഗ്യത്തിന് ഹാനികരമായ വാഹനപുകശല്ല്യം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പൊതു ശ്മശാനവും, ആംബുലൻസ് സംവിധാനവുമില്ല. വ്യാജചാരായം, കഞ്ചാവ് എന്നിവയുടെ വിപണനവും ഉപഭോഗവും നിയന്ത്രിക്കുന്നതിനുള്ള ഏതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെന്ററും, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ സെന്ററും ഇല്ല. ഗവ: ആശുപത്രിക്ക് ആംബുലൻസ് സൗകര്യമില്ല. ജില്ലാ മെഡിക്കൽ സ്റ്റോർ ഇല്ല. ഗവ: ആശു: കോർട്ടേഴ്സില്ല. വേണ്ടത്ര കെട്ടിടങ്ങളില്ല. ഓപ്പറേഷൻ തിയേറ്ററും ലേബർ റൂമുമില്ല. X-ray യൂണിറ്റില്ല. EC.G ലബോറട്ടറി സൗകര്യങ്ങളില്ല. ഇവയ്ക്ക് വിദഗ്ദ്ധാസൂത്രണത്തിലൂടെയുള്ള കെട്ടിടങ്ങളും സജീകരണങ്ങളുമില്ല. T.B. വാർഡും ക്യാഷ്വാലിറ്റിയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുമില്ല. കാമ്പൗണ്ടുവാളും വിപുലമായ പൈപ്പ് ലാട്രിൻ സൗകര്യങ്ങളില്ല. ആശുപത്രിലേയ്ക്കുള്ള റോഡ് ടാർചെയ്യുന്ന ജോലി പോലുമായിട്ടില്ല.

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ

1. പാലോട് ഗവ: ആശുപത്രി 1
2. P.H.C. സബ്സെന്റർ 5
3. ഭാമാസ് ആശുപത്രി പേരയം (പ്രൈവറ്റ്) 1
4. S.K.V. ഹോസ്പിറ്റൽ (പ്രൈവറ്റ്) 1
5. ഫസീയ ക്ലിനിക് (പ്രൈവറ്റ്) 1
6. ചിന്തു ക്ലിനിക് ആയുർവേദം + അലോപ്പതി (പ്രൈവറ്റ്) 1
7. S.D. ഫാർമസി നന്ദിയോട് (പ്രൈവറ്റ്) 1
8. C.K.P. നഴ്സിംഗ്ഹോം ആലുംമൂട് (പ്രൈവറ്റ്) 1
9. ജീവ ക്ലിനിക് നന്ദിയോട് (ഹോമിയോ) (പ്രൈവറ്റ്) 1
10. ആര്യ ഹോസ്പിറ്റൽ പാലോട് (പ്രൈവറ്റ്) 1
11. അശ്വനി ആയുർവേദഹോസ്പിറ്റൽ പ്ലാവം (പ്രൈവറ്റ്) 1
12. പാരമ്പര്യവൈദ്യ സഹകരണസംഘം പേരയം 1
13. പ്രഭാത് ആയുർവേദാശുപത്രി പേരയം 1
14. ഹോമിയോ ഡിസ്പെൻസറി പേരയം 1

നിർദ്ദേശങ്ങൾ

* പാലോട് ഗവ: ആശുപത്രിയിലെ അശാസ്ത്രീയ മായ സ്റ്റാഫ് പാറ്റേൺ മാറ്റി ആധുനിക സജ്ജീകരണങ്ങളോടുകൂടി ഒരു ഉയർന്ന മാതൃകാശുപത്രിയാക്കി മാറ്റാൻ വേണ്ടുന്ന പരിപാടികൾ വരുന്ന പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

* ആശുപത്രിക്കാവശ്യമുള്ള മരുന്നുകൾ, ഉപകരണങ്ങൾ, രജിസ്റ്ററുകൾ എന്നിവ അടിയന്തിരമായി വിതരണം ചെയ്യുക.

* നേരത്തേ ഉണ്ടായിരുന്നതും ഇപ്പോൾ നശിച്ചു പോയതുമായ പ്രസവ യൂണിറ്റുന്റെയും, മോർച്ചറിയുടെയും പ്രവർത്തനം പുനരാരംഭിക്കുക.

* 100 കിടക്കകളുള്ള ഒരു ബഹുനില കെട്ടിടം നിർമ്മിക്കുക.

* 25 കിടക്കകളോടുകൂടിയ ഒരു പേ വാർഡ് മന്ദിരം നിർമ്മിക്കുക.

* ഗൈനക്കോളജി, കാർഡിയോളജി, ശിശുരോഗ വിഭാഗം, നേത്രരോഗ വിഭാഗം, ദന്തരോഗ വിഭാഗം, സർജറി, E.N.T. എന്നിവയിൽ സെപ്ഷ്യലിസ്റ്റ് Dr.മാരെ നിയമിക്കണം.

* രാത്രികാലങ്ങളിൽ സെക്യൂരിറ്റിക്ക് ഒരാളെ നിയമിക്കുക.

* ആശുപത്രിയിൽ വൈദ്യുതി നിലച്ചാൽ പകരമാവശ്യത്തിനായി ഒരു ജനറേറ്റർ വാങ്ങേണ്ടതാണ്. ഇത് ബ്ലോക്കു പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും കണ്ടെത്തണം.

* ആശുപത്രി വികസനസമിതിയുടെയും സൗഹൃദസംമിതിയുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

* പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സബ് സെന്ററുകൾ അനുവദിക്കണം.

* പഞ്ചായത്തിലെ 5, 6 വാർഡുകൾ കേന്ദ്രമാക്കി ഒരു ആയുർവേദാശുപത്രിയും, നന്ദിയോടു കേന്ദ്രമാക്കി ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.

* വാർഡുകളിൽ രക്ത ഗ്രൂപ്പു നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കണം രക്ത ദാനത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.

* വാർഡുകളിൽ നേത്രദാനസേനകൾ രൂപീകരിക്കണം നേത്രദാനത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.

* പൊതു ശ്മശാനം ഉണ്ടാക്കണം.

* പഞ്ചായത്തിലെ ജനങ്ങളുടെ കായികവും മാനസികാരോഗ്യപരവുമായ ഉയർച്ചയ്ക്ക് ആവശ്യമായ യോഗാ കേന്ദ്രം ആരംഭിക്കുക.

* നിർബന്ധമായി സ്കൂളുകളിലും പൊതുജനത്തിനും ഹെൽത്ത് കാർഡ് വിതരണം ചെയ്യണം. ഇതിൽ പേര്, വിലാസം, വയസ്, ബ്ലഡ്ഗ്രൂപ്പ്, കാഴ്ചശക്തി, പ്രധാനരോഗങ്ങൾ, ചികിത്സകൾ, ആരോഗ്യസ്ഥിതി ഇവ രേഖപ്പെടുത്തണം.

* പുറംപോക്കുകളിലുള്ള ലൈസൻസ് ഇല്ലാത്ത കടകൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുകയും ബാക്കിയുള്ളവർക്ക് ബങ്ക് നിർമ്മിച്ചു നല്കാനും തീരുമാനിക്കുക.

* ചായകടകൾ, ഹോട്ടലുകൾ ഇവയ്ക്ക് എല്ലാ വർഷവും ലൈസൻസ് നിർബന്ധമാക്കുകയും Health authority certificate ഉള്ളതിനുമാത്രം ലൈസൻസ് കൊടുക്കുകയും ചെയ്യുക.

* മാർക്കറ്റുകളിൽ മത്സ്യം, മാംസം ഇവ വില്ക്കുന്നതിന് ലൈസൻസ് നല്കുകയും ഇറച്ചിവെട്ടുന്നതിന് സ്ലാട്ടർ ഹൗസ് നിർമ്മിക്കുകയും വേസ്റ്റ് മാറ്റുന്നതിന് പ്രത്യേക സംവിധാനം ചെയ്യുകയും ചെയ്യുക.

* വ്യാജചാരയത്തിന്റെയും, കഞ്ചാവിന്റെയും വിപണനവും, ഉപഭോഗവും തിയന്ത്രിക്കാനുള്ള നിയമനടപടികൾ സ്വീകരിക്കുക.

* കല്ലറയിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ പഞ്ചായത്ത് ഹെഡ് ക്വാർട്ടേസിൽ മാറ്റിയാൽ ഒരു ഡോക്ടറും പതിനഞ്ച് ഫീൽഡ് സ്റ്റാഫും, ഒരു വാഹനവും പഞ്ചായത്തിൽ കീഴിലാവുകയും കൂടുംബക്ഷേമപ്രവർത്തനങ്ങൾ ഇന്നത്തേക്കാൾ 100 ഇരട്ടിമെച്ചപ്പെടുകയും ചെയ്യും.

* കീടനാശിനികളുടെ ദൃഷ്യതയും മത്സ്യങ്ങളിൽ ചേർത്തുവരുന്ന അമോണി തുടങ്ങിയ രാസവസ്തുക്കളുടെയും ദൃഷ്യവശങ്ങൾ ജനങ്ങളെ മനസ്സിലാക്കിക്കുകയും മാർക്കറ്റിൽ മത്സ്യം തൂക്കി വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

* പഴകിയ ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന ഹോട്ടൽ ഉടമകൾക്കെതിരെയും ചീഞ്ഞുപോയതും, ചത്തതുമായ മത്സ്യമാംസാദികൾ വിൽക്കുന്നവർക്കെതിരെയും ശിക്ഷണനടപടികൾ സ്വീകരിക്കണം.

* പൊതുജനാരോഗ്യസംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും ജനകീയ സമിതികൾ ആരോഗ്യകേന്ദ്രങ്ങളുടെ മേൽനോട്ടം നിർവഹിക്കുകയും ചെയ്യുക.

* പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ പഠിക്കുകയും അതിനനുസൃതമായ സംവിധാനങ്ങൾ കാലാകാലങ്ങളിൽ ചെയ്യുക.

* രോഗചികിത്സാരംഗത്ത് സഹകരണാശുപത്രി സ്ഥാപിക്കുകയും കുറഞ്ഞ ചിലവിൽ ആരോഗ്യസംരക്ഷണ പ്രവർത്തനം ലഭ്യമാക്കുകയും മുഴുവൻ സമയ ഡോക്ടർ സേവനം ഉറപ്പുവരുത്തുക.

* രോഗനിവാരണക്യാമ്പുകളും ദേശീയാരോഗ്യപദ്ധതി പ്രകാരമുള്ള ക്യാമ്പുകളും സംഘടിപ്പിക്കുക.

* ആയുർവേദ, അലോപ്പതി, പ്രകൃതി, യോഗ, യുനാനിചികിത്സകൾ പഞ്ചായത്ത് തലത്തിൽ പ്രയോജനപ്പെടുത്തുക.

* ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കാര്യമാക്കുകയും വിസിറ്റേഴ്സ്കാർഡ് സംവിധാനം

ഉറപ്പാക്കുകയും ചെയ്യുക

* കൊതുക്, മാലിന്യനിർമാർജ്ജന പ്രവർത്തനത്തിന് ജനകീയ പങ്കാളിത്ത പരിപാടികൾ ആവിഷ്കരിക്കുക.

* സമഗ്ര സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കുക.

* സ്കൂൾ പരിസരങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ ക്ഷേയ്യവസ്തുക്കൾ വില്പന തടയുക.

* കുടിവെള്ളം സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക.

* മാർക്കറ്റിൽ നിന്നുള്ള മലിനജലം തോടിലൂടെ ഒഴികാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

* റബ്ബർഷീറ്റ് അടിക്കുന്ന സ്ഥലത്തേയും വീടുകളിലെ കക്കൂസുകളുടെ out let pipeൽ നിന്നുള്ള മലിനജലത്തേയും തോടിലൂടെ ഒഴുക്കിവിടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

* പൊന്മുടി റബ്ബർ ഫാക്ടറിയിലെ മലിനജലം അവിടെതന്നെ ശുദ്ധീകരിക്കുന്നതിനും ബാക്കിവരുന്ന മലിനവസ്തുക്കൾ സംസ്കരിക്കാനുള്ള പദ്ധതികൾ അവരെക്കൊണ്ട് നടപ്പിലാക്കുക.

* പാലോട് K.S.R.T.C ഡിപ്പോയിലെ മലിനജലം വലിയകുഴികൾ എടുത്ത് അതിൽ ഒഴുക്കിവിടാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

പരിസരശുചിത്വം

നമ്മുടെ സമൂഹത്തിന്റെ പൊതുജനാരോഗ്യം നിലനിർത്താൻ ആവശ്യം വേണ്ട ഘടകങ്ങൾ പോക്ഷകാഹാരം, ശുദ്ധജലം, വ്യത്തിയായ പരിസരം, മതിയായ രോഗപ്രതിരോധപ്രവർത്തനങ്ങളും രോഗചികിത്സാസൗകര്യങ്ങളുമാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് പരിസരാരോഗ്യം അഥവ പരിസരശുചിത്വം.

നമ്മുടെ ഗ്രാമത്തിൽ രോഗാതുരതയ്ക്കും പല പ്പോഴും പെട്ടെന്നുള്ള മരണങ്ങൾക്കും കാരണമാകുന്ന രോഗങ്ങളെ ദാരിദ്ര്യരോഗങ്ങൾ, പരിസരജന്യരോഗങ്ങൾ,വാർദ്ധക്യജന്യരോഗങ്ങൾ എന്നിങ്ങനെ തരം തിരിക്കാം. കടുത്ത പട്ടിണി ഇല്ലെങ്കിലും വേണ്ടത്ര പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്ന നിരവധി രോഗങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യപ്തത, മലിനമായ പരിസരവും ഇതിന് ആക്കം കൂട്ടുന്നു.

താരതമ്യേന ഉയർന്ന ശുചിത്വബോധമുള്ളവരാണ് നമ്മുടെ നാട്ടുകാർ. വ്യക്തിപരമായും, വീടിനകത്ത് ഇത് കുറെയൊക്കെ ശരിയായികാണുന്നുണ്ട് എന്നാൽ നമ്മുടെ ചുറ്റുപാടിനെ അതായത് മുറ്റവും, പുരയിടവും, റോഡും പരിസരവും മറ്റുപൊതുസ്ഥലങ്ങളും വ്യത്തിയായി സൂക്ഷിക്കുന്നകാര്യത്തിൽ ഇതുകാണുന്നില്ല. ഖരമാലിന്യങ്ങൾ ചപ്പുചവറുകൾ അടുഞ്ഞുകൂടി ദുർഗന്ധം വമിക്കുന്നതും, മലിജനം കെട്ടിനിന്ന് കൊതുകിന്റെയും മറ്റുപ്രാണികളുടെ എണ്ണം വർദ്ധിക്കുന്നതും ഒരു സ്ഥിരം കാഴ്ചയാണ്. പൊതുസ്ഥങ്ങളിലും റോഡുവക്കിലും മലമൂത്രവിസർജനം നടത്തുന്നതു കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു.

കുടിവെള്ളവും– പരിസരശുചിത്വവുമായി ബന്ധപ്പെട്ട രോഗങ്ങൾ

Group of diseases Infections

വയറിളക്ക രോഗങ്ങൾ

വയറിളക്കം, വയറുകടി, ചർദ്ദി അതിസാരം, കോളറ, മഞ്ഞപിത്തം തുടങ്ങിയവ.

വിരരോഗങ്ങൾ

കൊക്കപുഴു, നാടവിര, ഉരുളൻവിര, ചാട്ടവിര, കൃമി തുടങ്ങിയവ.

ത്വക്ക് നേത്ര രോഗങ്ങൾ

സ്കാബിന്, ഫംഗസ് രോഗങ്ങൾ തുടങ്ങിയവ

കൊതുക്, ഈച്ച ഇവയിലൂടെ പകരുന്നവ

മലേറിയ, മന്ത് sleeping sickness മുതലായവ.

ആരോഗ്യം =മരുന്ന്/ചികിത്സ/ആശുപത്രി എന്നധാരണമാറ്റി ആരോഗ്യം =ആഹാരം+ശുചിയായ പരിസരം+ രോഗപ്രതിരോധമാർഗ്ഗങ്ങൾ എന്ന ധാരണയിലേക്ക് പോകോണ്ട കാലം അതിക്രമിച്ചു.

ഓരോ വീട്ടിലും ദ്രവിച്ചു പോകുന്നതും അല്ലാത്തതുമായ മലിനവസ്തുക്കൾ വെവ്വേറെ പോളിത്തീൻ ബാഗുകളിൽ ശേഖരിക്കുന്നതിനുള്ള സംവിധാനം വാർഡുവികസന സമിതികൾ മുഖാന്തിരം നടപ്പാക്കേണ്ടതാണ്.

വീടിന്റെ പരിസരങ്ങളിൽ കെട്ടികിടക്കുന്ന മലിനജലവും വീടിനോടു ചേർന്നുള്ള കന്നുകാലിതൊഴുത്തുകൾ, പാദരക്ഷകൾ ഉപയോഗിക്കാതെയുള്ള യാത്രകൾ, വ്യക്തിശുചിത്വമില്ലായ്മ, നഖംവളർത്തൽ, മലമൂത്രവിസർജനം കഴിഞ്ഞശേഷം സോപ്പ് ഉപയോഗിക്കാതെയുള്ള കൈകഴുകൽ കൂടാതെ മദ്യപാനം, പുകവലി, മുക്ക്പൊടി, പുകയില ചുണ്ണാമ്പ് ഇവയുപയോഗിച്ചുള്ള വെറ്റിലമുറുക്ക്, പാൻപരാഗിന്റെയും കഞ്ചാവ് തുടങ്ങിയ മയക്കുമരുന്നുകളുടെ ഉപയോഗം സമൂഹത്തിൽ അനാരോഗ്യപരമായ പല പ്രവണതകൾ സൃഷ്ടിക്കുന്നു.

പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് കക്കൂസിന്റെ നിർമ്മാണത്തിലാണ്. പുരയിടങ്ങളിലും മറ്റുമുള്ള മലമൂത്രവിസർജ്ജനം ഇന്ന് വളരെധികം സാമൂഹിക പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുന്നു ഒപ്പം പരിസരമലിനികരണവും ഇവയ്ക്കെല്ലാം ശാശ്വത മായ പരിഹാരമുണ്ടാകണമെങ്കിൽ കക്കൂസുകളുടെ ആവശ്യകതയും ഉപയോഗവും ജനങ്ങളെ മനസിലാക്കിക്കേണ്ടിയിരിക്കുന്നു. ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള 6441 വീടുകളിൽ 5790 വീടുകളിലും കക്കൂസുള്ളതായി കാണുന്നു. എന്നാൽ 651 വീടുകളിൽ മാത്രമാണ് കക്കൂ

പഞ്ചായത്തിലെ കക്കൂസുകളുടെ സ്ഥിതി വിവരം

വാർഡ്	കക്കൂസുകൾ ഇല്ലാത്തവീടുകളുടെ എണ്ണം	വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ച കക്കൂസുകളുടെ	ഇനി കക്കുവേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	75	21	14	63
II	80	26	22	62
III	89	42	20	74
IV	70	26	18	57
V	74	35	25	51
VI	64	21	18	51
VII	90	20	15	78
VIII	70	18	13	59
IX	49	19	15	37
X	94	21	18	81
XI	46	16	12	38

സിന്റെ നിർമ്മാണം നടക്കാത്തത്. ഇത് പഞ്ചായത്തിന്റെയും, ബ്ലോക്കിന്റേയും ജില്ലാപഞ്ചായത്തിന്റെയും ഒക്കെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാക്കിവരുന്ന വീടുകളുടെ കാര്യത്തിൽ ഒരു പൊതു ധാരണയുണ്ടാക്കുകയും അയൽകൂട്ടങ്ങളുടെയും വാർഡ് വികസന സമിതികളുടെയും നേതൃത്വത്തിൽ കക്കൂസ് ലഭിക്കാത്തവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവരുടെ പക്കൽ നിന്ന് ഇതിലേക്ക് ആവശ്യമായ തുകയുടെ 50% ശേഖരിക്കുകയും ബാക്കി 50% തുക കളക്റ്റ് ചെയ്തും' ഈ കർമ്മ പദ്ധതി പൂർത്തിയാക്കാവുന്നതുമാണ്. ഇതിനുവേണ്ടി ഉണ്ടാകുന്ന സന്നദ്ധ സേനയെ കൊണ്ടുതന്നെ ആരോഗ്യകാര്യങ്ങളെ ക്കുറിച്ച് ഒരോ കുടുംബക്കാരേയും ബോധവൽക്കരിക്കുകയും ചെയ്യാവുന്നതാണ്.

നിർദ്ദേശങ്ങൾ

ദ്രവിച്ചു പോകാത്ത പ്ലസ്റ്റിൽ, കുപ്പി,തകരം, കട്ടിപ്പേപ്പറുകൾ തുടങ്ങിയ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നം വളരെ വലുതാണ്. ഇതിനു പ്രധാനമായി ചെയ്യാൻ കഴിയുന്നത്.

* സ്കൂ/കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം ക്ലാസുകൾ സ്ലൈഡ് ഷോ, ക്വിസ് പ്രോഗ്രാമുകൾ ഇവ സംഘടിപ്പിക്കുക.

* പൊതു ജനങ്ങൾക്കുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് അവരെ ബോധവന്മാരാക്കുക.

* ആശുപത്രി, മാർക്കറ്റ്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കുക.

* പഞ്ചായത്തിലും, വാർഡുതലത്തിലും, അയൽകൂട്ടങ്ങളിലും ബോധവൽക്കരണ പരിപാടികൾ ഊർജിതമായി നടത്തണം.

* പ്ലാസ്റ്റിക്, കുപ്പി, തകരം, തുടങ്ങി ആക്രീസാധനങ്ങൾ പുരയിടങ്ങളിൽ നിന്നും മറ്റും ശേഖരിച്ച് വിൽക്കുന്നവരെ പ്രോൽസാഹിപ്പിക്കുക.

* പരിസര ശുചിത്വത്തെക്കുറിച്ച് പത്രങ്ങളിയുടെയും, ടെലിവിഷൻ, റേഡിയോ ഇവയിലൂടെ വ്യാപകമായ പ്രചരണം നടത്തുക.

* ഓരോ വീട്ടിലും ഉണ്ടാക്കുന്ന എളുപ്പം ദ്രവിക്കുന്ന മലിനവസ്തുക്കളെ അവിടെതന്നെ സംഭരിക്കാനുള്ള പരിപാടികളും ഒപ്പം എല്ലാവീടിനും ഓരോ കമ്പോസ്റ്റു കുഴി എന്ന തത്വവും പ്രവർത്തികമാക്കണം.

* ആശുപത്രി പരിസരത്ത് കാടുവ്യത്തിയാക്കി ഗാർഡനിംഗ് നടത്താൻ പഞ്ചായത്ത് വികസന സമിതി സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കണം.

* പഞ്ചായത്തിന്റെ വക കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങളിൽ ഔഷധസസ്യകൃഷികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

* മാർക്കറ്റുകളിലും മറ്റും മത്സ്യമാംസ വില്പന കേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ വേണ്ടുന്ന നിയമനടപടികൾ സ്വീകരിക്കുക.

* നമ്മുടെ പഞ്ചായത്തിൽ 6441 വീടുകൾ ഉള്ളതിൽ 5790 വീടുകൾക്ക് മാത്രമേ കക്കൂസുള്ള അടിയന്തിരമായി ബാക്കി കക്കൂസുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

* പഞ്ചായത്ത് വികസന സമിതി രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ കേന്ദ്രമാനവശേഷി മന്ത്രാലയത്തിൻയും മറ്റു സന്നദ്ധസംഘടനകളുടെയും ഫണ്ടുപയോഗിച്ച് കക്കൂസ് നിർമ്മാണപ്രവർത്തനം ഊർജിതമാക്കുക.

* ബ്ലോക്ക് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകളുടെ ഒരു വിഹിതം കക്കൂസ് നിർമ്മാണത്തിൽ മാറ്റിവയ്ക്കണം. പഞ്ചായത്തിലെ കുളങ്ങളിലും കിണറുകളിലും അംഗൽവാടി വർക്കേഴ്സിന്റെ സഹകരണത്തോടെ മാസത്തിലൊരിക്കൽ ക്ലോറിനേഷൻ നടത്തേണ്ടതാണ്.

* പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ച് ബോധവൽക്കരണം നടത്തി അവവിതരണം .ചെയ്യുന്നതിൽഉള്ള നടപടികൾ സ്വീകരിക്കുക.

* മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി അവപണിയാനുള്ള നടപടികൾ സ്വീകരിക്കുക.

* സ്കൂളുകളിലും അംഗൻവാടികളിലും ഉച്ചക്കഞ്ഞി പാകം ചെയ്യുവാൻ ആരോഗ്യപരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുക.

* ഹോട്ടലുകളിൽ പൊതുശുചിത്വം ഉറപ്പുവരുത്തുക.

കുടിവെള്ളം

ഭൂമി,ജലം, ജീവജാലങ്ങൾ – ജീവന്റെ ഉല്പത്തിയോളം പഴക്കമുള്ളതാണ് ഈ ബന്ധം ജീവജാലങ്ങളുടെ നിലനില്പ് ജലലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ജീവജാലങ്ങൾ ജിവിത പ്രക്രിയകൾ നിലനിർത്താൻ വേണ്ടിമാത്രമാണ് വെള്ളം ഉപയോഗിക്കുന്നത്. മനുഷ്യനാകട്ടെ കുടിക്കനും, കുളിക്കാനും, ഭക്ഷണം പാകം ചെയ്യാനും. വസ്ത്രങ്ങൾ അലക്കാനും, കൃഷിയ്ക്ക് വ്യവസായത്തിനുമെല്ലാം ജലത്തെ ആശ്രയിക്കുന്നു. വെള്ളമില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ല. മാനവരാശിയുടെ ജിവിതത്തിന്റെ ഉയർച്ച താഴ്ചകളിലും സാമൂഹികവും സാമ്പത്തികവും, സാംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും ജലം ഒരു പ്രധാന ഘടകമായി നിലകൊള്ളുന്നു.

"ജലത്തെ ദൈവമായി കണ്ട കാലം മാറി,കമ്പ്യൂട്ടർയുഗത്തിലൂടെ ജലത്തിന്റെ ശക്തി ഊർജ്ജമാക്കി ലോകത്തിനു മുഴുവൻ പ്രകാശം വാരിവിതറിയ മനുഷ്യന് ഇതേ ജലം അന്യമാക്കുമോ"

ഭൂമിയിൽ ജലം സുലഭമാണ് എന്നാൽ മുഴുവൻ ജലവും ഉപയോഗയോഗ്യമല്ല. അവസംരക്ഷിക്കാനുള്ള മർഗ്ഗങ്ങളും നമ്മൾ ആരായുന്നില്ല. അങ്ങനെ ജീവന്റെ തുടിപ്പിൽ നിദാനമായ ജലത്തിന്റെ ലഭ്യത കുറഞ്ഞുകുറഞ്ഞുവരികയാണ്. ഭൂമിയിലെ നീരുറവകളും,കുളങ്ങളും നീർചാലുകളും എന്തിനേറെ കൊച്ചരുവികളിലൂടെ ഒഴുകിപ്പോക്കുന്ന ജലം പോലും തടയണകളിയൂടെയും അടിയണകളിലൂടെയും മറ്റും സംരക്ഷിക്കാൻ നമുക്ക് കഴിയുന്നില്ല. അങ്ങനെ അശ്രദ്ധയിലൂടെ നമ്മളിൽ നിന്ന് അന്യമായി കൊണ്ടിരിക്കുന്ന ജലസ്രോതസിനെ വിവിധ മാർഗ്ഗങ്ങളിലൂടെ സംരക്ഷിക്കാനും, മനുഷ്യന്റെ ദൈനദിന ദിനചര്യകൾക്ക് ഉപയോഗയോഗ്യമാക്കുവാനും നമുക്ക് കഴിയണം.

നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ സ്ഥിതിയോ, സഹ്യന്റെ സാനുവിൽ അങ്ങ് പൊന്മുടിയിൽ നിന്നാരംഭിക്കുന്ന വാമനപുരം നദി, നമ്മുടെ പഞ്ചായത്തിന്റെ മൂന്നും രണ്ടും, ഒന്നും, പതിനൊന്നും, പത്തും, ഒൻപതും എട്ടും വർഡുകളുടെ ഇരുകരകളും തഴുകി ഈ കൊച്ചു ഗ്രാമത്തെ ജലസമ്പുഷ്ടമാക്കി പടിഞ്ഞാറ് അഞ്ചുതെങ്ങ് കായലിലേക്ക് മെല്ലെ ഒഴുകിപോക്കുന്നു. അന്തപുരിയിൽ പേരുകേട്ട കിളിയാറിന്റെ ഉൽഭവം പോലും നമ്മുടെ ഈ ഗ്രാമത്തിന്റെ പച്ചമലയിൽ നിന്നാണ്. അങ്ങനെ എല്ലാ തരത്തിലും ജലസ്രോതസുകൊണ്ട് സമ്പുഷ്ടമാണീഗ്രാമം. പക്ഷേ ഈ ജലത്തിന്റെ തെല്ലുപേലും നമ്മുടെ ഗ്രാമവാസികൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ലായെന്നുള്ള ദുഖസത്യവും ഇത്തരുണത്തിൽ ഓർക്കാതെവയ്യ.

വർഷാരംഭം മുതൽ മെയ് വരെ പഞ്ചായത്തിന്റെ എറിയ ഭാഗങ്ങളിലും വെള്ളമില്ലാതെ നെട്ടോട്ടോമോടുന്നജനം. എന്നിരിക്കിലും നന്ദിയോടിൻ ജനിച്ച് ഒരു ദിവസമെങ്കിലും കുടിവെള്ളം കിട്ടാതെ അലഞ്ഞവൻ, തൊഴിൽ തേടി ഗൾഫിൻ എത്തിയാൽ അവിടെ സുലഭമോയി പ്ലസ്റ്ററിക് കുപ്പികളിൽ ലേബലൊട്ടിച്ച് കിട്ടുന്ന ശുദ്ധ മായ ജലം നന്ദിയോടിന്റെ താന്നെന്നു പറഞ്ഞാൻ വിധിയെ ആരാണ് പഴിക്കാത്തത്. നമ്മുടെ നന്ദിയോടിന്റെ മീൻമുട്ടിയിൽ പ്രപർത്തിന്ന"താരു" എന്ന മിനറൽ വാട്ടർ കമ്പനി ഇന്ന് അന്താരാഷ്ട്ര പ്രശസ്തിനേടിയിരിക്കുന്നു.

ഇതൊക്കെയാണ് നമ്മുടെ ഗ്രാമത്തിന്റെ സ്ഥിതിയെങ്കിലും മുഴുവൻ വാർഡുകളില്ലും ഇന്നും. കുടിവെള്ളം കിട്ടാതെ നിരവധി പ്രദേശങ്ങൾ ഉണ്ടന്നുള്ളതാണ് വസ്തുത. അശാസ്ത്രീയമായ വാട്ടർ സപ്ലൈസ്ക്രീം സാങ്കേതികവിദ്യ ഉപയോഗിക്കാതെയുള്ള കിണർ, കുളങ്ങൾ നിർമ്മിക്കൽ. ഉള്ളവതന്നെ സംരക്ഷിക്കാതിരിക്കൽ. തുടങ്ങിനിരവധി പ്രശ്നങ്ങൾ ഈ മേഘലയിൽ നിലനില്ക്കുന്നു. പാലോട് വഴി ഒഴുകിപോകുന്ന വാമയൂപുരം നദി ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സാണ് എന്നാൽ പോലും അതിൽ തെട്ടുള്ള പ്രദേശങ്ങളിലൊന്നും തന്നെ വെള്ള കിട്ടാത്തെ സ്ഥിതിയും നിലവിലുണ്ട്. കാലാകാലങ്ങളിൽ ബണ്ടുകൾ കെട്ടാനോ, തടയണകൾ സംരക്ഷിക്കാനോയാതൊരു നടപടിയും കൈകൊള്ളാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. നമ്മുടെ വാർഡിൽ ആകെ

3201 കിണറുകൾ ഉണ്ട്. ഇതിൽ 1453 എണ്ണം വറ്റാത്ത കിണറും 1748 എണ്ണം വറ്റുന്ന കിണറും ആണ്. മിക്ക വാർഡുലും ഭൂമിക്കിടിയിൽ പാറയുള്ളതുകൊണ്ട്: കിണറുകൾ നിർമ്മിക്കാൻ കഴിയുന്നില്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കാവുന്നതാണ്. പഞ്ചായത്തിൽ ഏറ്റവും ഉയരം കൂടിയ കടലുകാണി കന്നുകാലിവനം, നെടുംപോങ്ങ്, മണ്ണാറുകുന്ന്, ഊളൻകുന്ന് ചെല്ലഞ്ചി, താന്നിമൂട്, ഇളവട്ടം, ആനക്കുഴി കോളനിപ്രദേശങ്ങൽ നീർപ്പാറ, കൈത്താമരപൊയ്ക, നാല്സെന്റ് കളിപ്പാറ, ചോനൻവിള എന്നിവിടങ്ങളിലും രൂക്ഷമായ ജലക്ഷാമമനുഭവിക്കുന്നു.

നന്ദിയോട് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ കിണറുകളുടെ വിവരം പട്ടികയായി ചേർക്കുന്നു.

വറ്റാത്ത കിണറുകൾ	1453
വറ്റുന്ന കിണറുകൾ	1748
ആകെ	3201

പഞ്ചായത്തിലെ ജലവിതരണ സംവിധാനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	–	പാലോട് ശുദ്ധജലവിതരണപദ്ധതി
,, പ്രദേശം	–	നന്ദിയോട് പഞ്ചായത്ത്
അനുവദിച്ച വർഷം	–	1984
നിർമ്മിച്ച വർഷം	–	1984
പൂർത്തിയാക്കിയവർഷം	–	1987
കമ്മീഷൻചെയ്ചവർഷം	–	15.5.1987
എസ്റ്റിമേറ്റ് തുക	–	23.80 ലക്ഷം
പൂർത്തിയാക്കിയപ്പോഴുള്ള തുക	–	40 ലക്ഷം
ജല ഉറവിടം	–	വാമനപുരം നദി
ജല സംഭരണി	–	നന്ദിയോട് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറ് 100 മീറ്റർ അകലെയുള്ള കുന്നിൽ
പമ്പിംഗ് സമയം	–	8 മണിക്കൂർ
സംഭരണ ശേഷി	–	253 300 ലിറ്റർ
പൊതു ടാപ്പ്	–	100
കുഴൽകിണർ	–	7
ഹാന്റ് പമ്പുള്ളവ	–	7

നന്ദിയോട് പഞ്ചായത്ത് സ്റ്റേഡിയത്തിനു സമീപമുള്ള വാട്ടർടാങ്കിൽ പാലോട് വാമനപുരം ആറ്റിൽ നിന്ന് പമ്പ് ചെയ്താണ് ഇപ്പോൾ വളരെ പരിമിതമായ സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നത്.കുടിവെള്ളത്തിന്റെ പേരിൽ എത്തിക്കുന്ന ഈ ജലം ഒരിക്കൽപോലും ശുദ്ധികരിക്കാതെ ക്ലോറിനൈസേഷൻ നടത്താനോ ആരും തയ്യായിട്ടില്ല, മാത്രവുമല്ല പാലോട്ട് കളളിപ്പാറ വഴിയാണ് ടാങ്കിൽ വെള്ളം എത്തിക്കുന്നത് എന്നാൽ ഈ ഭാഗങ്ങളിൽ ടാപ്പുകൾ എത്തിക്കാവാനോ കുടിവെള്ളം എത്തിക്കാനോ കഴിയുന്നില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ടാങ്കിന്റെയും പൈപ്പിൻയുംമെക്കെ അശാസ്ത്രീയയത എന്തെന്ന് മനസ്സിലാക്കാം.

നന്ദിയോട് ജംഗ്ഷൻ കേന്ദ്രമാക്കിയാണ് വാട്ടർ അതോറിട്ടിറിയുടെ ഒരു സ്ഥാപനം സ്ഥിതി ചെയ്യുന്നുവെങ്കിലും പൊട്ടിഒലിക്കുന്ന പൈപ്പുകളും ഉപയോഗശൂന്യമായ ടാപ്പുകളു ഒരു സ്ഥിരം കാഴ്ചയാണ്. ആഴ്ചയിലെ ചില ദിവസങ്ങളിൽ മാത്രം പമ്പിംഗ് ഉള്ളതുകൊണ്ട് എല്ലായിപ്പോഴും ശൂന്യമായ പൈപ്പാണ്. ആയതിനാൽ ടാപ്പുതുറന്നാൽ വെള്ളത്തിനുപകരം പലപ്പോഴും കാറ്റുമാത്രമാണ് വരിക. അസമയങ്ങളിലെ പമ്പിംഗ് പലപ്പോഴും ജനത്തിന്റെ ആവശ്യങ്ങൾ നടക്കാതെ വരുമ്പോൾ വാഹനങ്ങളേയും വളർത്തുമൃഗങ്ങളേയും കഴുകാനും കുളിപ്പിക്കാനും വിനിയോഗിക്കുന്നതു കണ്ടുവരുന്നു.

പരിഹാരം

* ഇപ്പോഴുള്ള ടാങ്ക് വൃത്തിയായി സൂക്ഷിക്കുകയും ജലം പമ്പ് ചെയ്യുമ്പോൾ ശുദ്ധികരണത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക

* പൊട്ടി ഒലിക്കുന്ന പൈപ്പുലൈനുകൾ ശരിയാക്കുക

* ഉപയോഗശൂന്യമായ കിണറുകളും കുളങ്ങളും വൃത്തി.യാക്കി ഉപയോഗയോഗ്യമാക്കുക

* നീരുറവകൾ കണ്ടെത്തിസംരക്ഷിക്കുക

* കുഴൽകിണറുകളിലെ G.I പൈപ്പുകൾ മാറ്റി P.V.C പൈപ്പുകൾ ഇട്ട് ഇരുമ്പുറലിൽ നിന്ന് ജലത്തെ സംരംക്ഷിക്കുക

* പഞ്ചായത്തിൽ പ്രപർത്തന രഹിതമായ കുഴൽകിണറുകൾ പ്രവർത്തനക്ഷമമാക്കണം.

* വേനൽക്കാലത്ത് വറ്റുന്ന പൊതുകിണറുകൾ റിപ്പയർചെയ്ത് ആഴം കൂട്ടണം

* പൈപ്പുലൈനിലൂടെയുള്ള ജലം ദുർവിനിയോഗം ചെയ്യുന്നതിൽനിന്നും ജനത്തെ പിൻതിരിപ്പിക്കുകയും ബോധവൽകരണം നടത്തുകയും ചെയ്യുക

നിർദേശങ്ങൾ

*ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ടാങ്ക് 20 metter കൂട്ടി ഉയർത്തി 1 2 3 4 7 10 11 എന്നീ വാർഡു

ക്രമ നമ്പർ	പരിപാടി കാലയളവിൽ പൂർത്തിയാക്കിയ	നടപ്പാക്കിയ നിർമ്മാണം പദ്ധതികൾ	Ward	Ward	Ward	Ward
			1	IV	V	VII
1	കിണറുകൾ		3	1	1	1
2	വാട്ടർ	ടാങ്കുകൾ	3	1	1	1
3	പമ്പ്	ഹൗസുകൾ	3	1	1	1
4	പമ്പ്	സെറ്റുകൾ	3	1	1	1
	ജലസേചനം കൃഷിഭൂമിയുടെ	നടത്തിയ അളവ്	2.77	1.50 ഏക്കർ	1.08 ഏക്കർ	83 സെന്റ്

കളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക

* പേരയം പാലുവള്ളിയിൽ ടാങ്ക് കെട്ടാൻ ഫ്രീയായി കിട്ടിയിട്ടുള്ള പത്ത് സെന്റ് പുരയിടത്തിൽ ടാങ്ക് നിർമ്മിച്ച് മീൻമുട്ടിയിൽ നിന്ന് വെള്ളം പമ്പ് ചെയ്യത് 8, 9 വാർഡുകളിൽ പൂർണ്ണമായും ജലക്ഷാമം പരിഹരിക്കാം

*നെടുംപോങ്ങിൽ ടാങ്ക് നിർമ്മിച്ച് നീർപാറ നീരുറവയിൽ നിന്നും വെള്ളം പമ്പ് ചെയ്യത് പൊരിയം താന്നിമൂട് കുറുപുഴ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

* പച്ചമലയിൽ ടാങ്ക് നിർമ്മിച്ച് മിനി പദ്ധതി രൂപപ്പെടുത്തിയാൽ 250 വീട്ടുകാർക്ക് പൂർണ്ണമായും ജലം എത്തിക്കാൻ കഴിയും. ഇങ്ങനെ ഒരു പരിധിവരെ ജലക്ഷാത്തിന് പരിഹാരമാകണം.

* ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിൻയും സഹായത്തോടെ പരമാവധി വീടുകളിൽ കിണറുവെട്ടുന്നതിനുള്ള ധനസഹായം എത്തിക്കുക. വലിയ കുന്നിൽ പ്രദേശങ്ങളിൽ സർക്കാർ സഹായത്തോടെ കുഴൽകിണറുകൾ നിർമ്മനിക്കുക

* കുടിവെള്ളക്ഷാമം പരിഹരിക്കാൻ നീരൊഴുക്ക് സർവ്വേ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നല്കുക .

രോഗങ്ങളെ സംബന്ധിച്ച പ്രതിവർഷ എണ്ണം

വർഷം	ഇൻപേഷ്യസിന്റെ എണ്ണം	ഔട്ട്പേഷ്യസിന്റെ എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)			
			വാതരോഗം	പകർച്ച വ്യാധി	മറ്റുരോഗങ്ങൾ	ആകെ
199293	1207	30216	1497	12782	15937	30216
1993-94	1332	34613	288	13677	20648	34813
1994-95	1486	49004	306	10095	38603	49004
1995-96	1948	54895	1427	13832	39636	54895

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിത്ത അമ്മമാരുടെ ജിവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

a	1 കുട്ടി	279
b	2 മുതൽ 3 വരെ	1693
c.	3ൽ കൂടുതൽ	698

പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

1	പഞ്ചായത്തിന്റെ ആകെ വീടുകൾ	6441
2	പാഞ്ചായത്തിലെ ആകെ ജനസംഖ്യ	26311
3	പുരുഷൻമാർ	12898
4	സ്ത്രീകൾ	13413
5	കുട്ടികൾ	2081
6	കക്കൂസില്ലാത്ത വീടുകൾ	651
7	കുടിവെള്ളം ലഭിക്കുന്ന വീടുകൾ	-

വിദ്യാഭ്യാസം

ഒരു മലയോരഗ്രാമപ്രദേശമായ നമ്മുടെ പഞ്ചായത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ (1894) ആരംഭിച്ച പച്ച LPS ന്റെ പ്രവർത്തനത്തോടെയാണ് ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കപ്പെട്ടത്. ഒരുകാലത്ത് ആശാൻ പള്ളിക്കൂടങ്ങളിലും കുടിപ്പള്ളിക്കൂടങ്ങളിലും, പള്ളികളോടനുബന്ധിച്ചുള്ള മതപഠനകേന്ദ്രങ്ങളിലും മാത്രം ഒതുങ്ങിനിന്നിരുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ലക്ഷ്യബോധം ഉണ്ടായത് പച്ച LPS ന്റെ പ്രവർത്തനാരംഭത്തോടെയാണ്. അക്കാലത്ത് പച്ച LPS-ൽ പഠനം പൂർത്തിയാക്കിയാൽ ഉയർന്നു പഠിക്കണമെങ്കിൽ പതിനഞ്ച് കിലോമീറ്റർ അകലെ നെടുമങ്ങാടുള്ള സ്കൂളുകളെ ആശ്രയിക്കേണ്ടിയിരുന്നു. ഇത്രയും ദൂരം നടന്നു പോയി വരാനും ഉയർന്ന ഫീസ് നൽകി പഠിക്കാനും അപൂർവ്വം ചിലർക്കുമാത്രമേ കഴിഞ്ഞിരുന്നുള്ളൂ. അതുകൊണ്ടു തന്നെ വിദ്യാഭ്യാസപരമായി നമ്മുടെ ഗ്രാമപ്രദേശം വളരെ പിന്നോക്കം നിന്നിരുന്നു. കാലാന്തരത്തിൽ S.K.V. ഹൈസ്കൂളും BRMHS ഉം ഉൾപ്പെടെ പല സ്കൂളുകളും സ്ഥാപിക്കപ്പെട്ടതോടെ കൂടുതൽപേർക്ക് വിദ്യ അഭ്യസിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുകയും ഗ്രാമത്തിന്റെ സാംസ്കാരിക സാമൂഹ്യ രംഗത്ത് അതിന്റേതായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു.

നന്ദിയോട് പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്കൂളുകളില്ലായെങ്കിലും പ്രൈമറി വിദ്യാർത്ഥികൾക്ക് രണ്ടു കിലോമീറ്ററിലധികം സഞ്ചരിച്ച് സ്കൂളുകളിൽ പോകേണ്ട പ്രദേശങ്ങൾ വളരെ കുറവാണ്. എന്നാൽ പേരയം പോലുള്ള പ്രദേശങ്ങളിൽ നിന്നും ഹൈസ്കൂളുകളിൽ പോകുവാൻ എട്ടുകിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതുണ്ട്. അത്തരം പ്രദേശങ്ങളിൽ നിന്നും ഹൈസ്കൂളിലേക്കു പോകുവാൻ യാത്ര സൗകര്യവും കുറവാണ്. പാണ്ടിയൻപാറ വട്ടപ്പൻകാട് കാലങ്കാവ്, പേരയം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഹൈസ്കൂളുകളിലേക്ക് പോകുവാൻ നിബിഡവനങ്ങൾ ഇന്നും തരണം ചെയ്യേണ്ടതുള്ളതുകൊണ്ട് തന്നെ ഈ സ്ഥലങ്ങളിലുള്ള കുട്ടികൾ മറ്റു പഞ്ചായത്തുകളിൽ പോയി പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടാതെ പതിനഞ്ച് കിലോമീറ്ററിലധികം ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠിക്കുന്നവരുടെ എണ്ണവും ധാരാളമുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളും ഒരു T.T.I യും രണ്ടു UP സ്കൂളുകളും 8 LPS കളും 2 അൺ എയിഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാഭ്യാസരംഗം സജീവമാക്കുന്നതിന് അക്ഷീണം പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്. ഇവ കൂടാതെ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളായി 27 അംഗൻവാടികളും നെഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിനലെ ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ

1. പച്ച എൽ. പി. എസ് :

നന്ദിയോട് ഗ്രാമത്തിൽ ആദ്യമായി ആരംഭിച്ച ഈ സ്കൂളിന് നന്ദിയോടിന്റെ സാംസ്കാരിക ചരിത്രത്തിൽ

നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു നൂറ്റാണ്ടുമുമ്പ് 1894 ൽ നന്ദിയോട് ജംഗ്ഷനിൽ ആരംഭിച്ച സ്കൂളിന്റെ വികസനത്തിനുവേണ്ടി ആലംപാറ തെക്കുംകര പുത്തൻ വീട്ടിൽ ശ്രീ. കുഞ്ചു നരാമൻ, ശ്രീ. രാമൻ ജനാർദ്ദനൻ തുടങ്ങിയവർ സ്ഥലം സംഭാവന ചെയ്തു. കൂടാതെ അന്നത്തെ സഹൃദയ ഗ്രന്ഥശാല പ്രസിഡന്റ് S.K. ഭാസ്കരൻ, സ്വതന്ത്രസമരസേനാനി ടെയിലർ കുഞ്ഞുകൃഷ്ണൻ എന്നിവരും ശ്രീ. ശങ്കുകൊച്ചുനാരായണനും സ്കൂളിനുവേണ്ടി സ്ഥലം നൽകിയിട്ടുണ്ട്. ഇന്ന് 1 മുതൽ 4 വരെയുള്ള സ്റ്റാന്റേർഡുകളിലായി 263 വിദ്യാർത്ഥികൾ പഠിക്കുന്നു.

പാലോട് എൽ. പി. എസ് :

മിഷനറിമാരും സ്വകാര്യസംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കിയതിന്റെ ഭാഗമായി പാലോട് C.S.I പള്ളിയിൽ മൂന്നാംക്ലാസ്സുവരെ മാത്രം പ്രവർത്തിച്ചിരുന്ന സ്കൂൾ, തിരുവിതാംകൂർ ദിവാനായിരുന്ന സർ C.P രാമസ്വാമിഅയ്യരുടെ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി' പ്രകാരം പള്ളിയിൽ നിന്നും മാറ്റി ഗവ: മേഖലയിൽ പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചു. തുടർന്ന് പ്ലാവറ ഗംഗാധരൻ മുതലാളിയുടെ കളിയിലിൽ പ്രവർത്തനം പുനരാരംഭിക്കുകയും 50 സെന്റ് സ്ഥലം വാങ്ങി പുതിയ കെട്ടിടം നിർമ്മിച്ച് അങ്ങോട്ട് മാറ്റുകയും ചെയ്തു. ഇന്ന് 1 മുതൽ 4 വരെയുള്ള സ്റ്റാന്റേർഡുകളിലായി 157 വിദ്യാർത്ഥികൾ പഠിക്കുന്നു.

കുറുപുഴ എൽ. പി. എസ്

1948 മെയ് 17ാം തീയതി കുറുപുഴ ജംഗ്ഷനിലുള്ള ശ്രീ. ഗംഗാധരൻ പിള്ളയുടെ കടയിൽ ആരംഭിച്ച ഈ സർക്കാർ സ്കൂൾ പിന്നീട് ഇടയത്ര പുത്തൻ മഠത്തിൽ ശ്രീ. ശങ്കരൻ പോറ്റി ഒരു ചക്രത്തിന് നൽകിയ 50 സെന്റ് സ്ഥലത്ത് പരേതനായ തെക്കെവിള ശ്രീ. വേലുക്കുട്ടിപിള്ളയുടേയും ശ്രീ. ബാലകൃഷ്ണപിള്ളയുടേയും നേതൃത്വത്തിൽ നാട്ടുകാർ പണികഴിപ്പിച്ചു നൽകിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് 1 മുതൽ 4 വരെയുള്ള സ്റ്റാന്റേർഡുകളിലായി 256 കുട്ടികൾ പഠിക്കുന്നു.

ഇളവട്ടം എൽ. പി. എസ്.

1957 ൽ നന്ദൻകുഴിയിൽ ചായക്കടയിൽ ആരംഭിച്ച ഇളവട്ടം L.P.S പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. ശ്രീധരൻനായർ ശ്രീ വിക്രമൻപിള്ള ശ്രീ സുകുമാരൻ നാടാർ തുടങ്ങിയ നാട്ടുകാരുടേയും പാലോട് പഞ്ചായത്തു പ്രസിഡന്റ് ആയിരുന്ന ശ്രീ. ഇബ്രാഹിം പിള്ളയുടേയും സഹായത്താൽ 500 രൂപയ്ക്ക് ഒരു ഏക്കർ സ്ഥലം വാങ്ങി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങി. ഇന്ന് 7 മുറികളുള്ള രണ്ട് കെട്ടിടങ്ങളിലായി സ്കൂൾ പ്രവർത്തിക്കുന്നു. 1 മുതൽ 4 വരെയുള്ള സ്റ്റാന്റേർഡുകളിലായി 195 വിദ്യാർത്ഥികൾ പഠിക്കുന്നു. അവരിൽ 45 പേർ SC/So വിഭാഗത്തിൽ പെടുന്ന കുട്ടികളാണ്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകർ ജോലിചെയ്യുന്നു.

ചെല്ലഞ്ചി എൽ. പി. എസ് :

ഇളവട്ടം LPS നോടൊപ്പെ 1957 ൽ പഞ്ചായത്തിന്റെ മാനേജ്മെന്റിൽ ആരംഭിച്ച സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടന്നിരുന്നുത് കിഴക്കെ ചെല്ലഞ്ചിയിൽ ശ്രീ. ഗോപാലൻനായരുടെ വീട്ടിലായിരുന്നു. അതിനെത്തുടർന്ന് പദ്മവിലാസത്ത് ശ്രീ. ശങ്കരൻ വൈദ്യന്റെ വസ്തു കൈവശാവകാശികളായ ശ്രീ. വിശ്വംഭരൻ ശ്രീ. V.K. ഗോപാലൻ ശ്രീ. K. രാഘവൻപിള്ള എന്നിവർ ചേർന്ന് പഞ്ചായത്തിന് നൽകിതുടർന്ന് നാട്ടുകാരുടെ സഹായത്താൽ പണിത കെട്ടിടത്തിൽ സ്കൂളിന്റെ ഉദ്ഘാടനം അന്നത്തെ ആരോഗ്യവകുപ്പു മന്ത്രി ശ്രീ. വേലപ്പൻ നായർ നിർവ്വഹിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. വേലായുധൻ പിള്ളയായിരുന്നു. ഇന്ന് അതേ കെട്ടിടത്തിലെ 3 മുറികളിലായി സ്കൂൾ പ്രവർത്തിക്കുന്നു. 1 മുതൽ 4 വരെയുള്ള സ്റ്റാന്റേർഡുകളിലായി 116 കുട്ടികൾ പഠിക്കുന്നു. അവരിൽ 13 പേർ SC/ST വിഭാഗത്തിൽപ്പെടുന്നു. പഞ്ചായത്തിൽ ഷിഫ്റ്റ് സമ്പ്രദായമുള്ള ഏക സ്കൂളാണിത്. 3 അധ്യാപകർ ജോലിനോക്കുന്നു.

ഡി. ബി. എൽ പി. എസ്. പച്ച :

1951 ൽ ശ്രീ. ചെല്ലപ്പനാശാരി പച്ചക്കാട്ട് ആരംഭിച്ച കുടിപ്പള്ളിക്കൂടം ഒരു L.P.S ആക്കി മാറ്റുവാൻ വേണ്ടി ആത്മാർത്ഥമായി ജനങ്ങൾ ആഗ്രഹിച്ചു. വനപ്രദേശങ്ങൾ കടന്നു നന്ദിയോട്ടു വന്നു പഠിക്കുവാൻ കഴിയാത്ത കുട്ടികൾക്കുവേണ്ടി ഒരു സ്കൂൾ ആരംഭിക്കുന്നതിന് മുൻകൈയെടുത്തിരുന്നത് കുറവൻകോണത്തു ശ്രീ. K. രാഘവൻ, പന്തലിൽ ശ്രീ. പാച്ചൻ, ആദിത്യ വിലാസം ബംഗ്ലാവിൽ ശ്രീ. ചെല്ലപ്പൻ, നെയ്യപ്പള്ളി ശ്രീ. വിക്രമൻ നായർ ശ്രീ. N. ശ്രീധരൻ തുടങ്ങി ഒട്ടനവധി ആൾക്കാരുടെ സഹായത്താൽ ആരംഭിച്ച സ്കൂൾ പിന്നീട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുക്കുകയും മണികണ്ഠവിലാസം എന്ന പേരിലും തുടർന്ന് D.B.L.P.S എന്നപേരിലും പ്രവർത്തിച്ചുവരുന്നു. രണ്ടുകെട്ടിടങ്ങളിലായി 6 മുറികളിൽ 105 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 33 പേർ SC/So വിഭാഗത്തിൽപെടുന്നു. 5 അധ്യാപകർ ജോലിചെയ്യുന്നു.

പാലുവള്ളി യു. പി. എസ്.

സാമൂഹികമായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന പച്ച പാലുവള്ളി പ്രദേശങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ സാദ്ധ്യത മനസ്സിലാക്കി ശ്രീ. ഗ. കൃഷ്ണനാചാരിയുടെ പ്രവർത്തനഫലമായാണ് പാലുവള്ളിയിൽ ഒരു L.P സ്കൂൾ

ആരംഭിച്ചത്. പാങ്കോട്ടുകോണത്ത് മരുതറ രാമകുറുപ്പിന്റെ സ്ഥലത്ത് രണ്ട് ഓല ഷെഡ്ഡുകളിൽ 1, 2 ക്ലാസുകളിൽ ആരംഭിച്ച സ്കൂൾ 1954 ൽ ഒഴുകുപാറ കൃഷ്ണപിള്ള, ശ്രീ. മരുതൂറ രാമകുറുപ്പ് കോയിക്കവിളാകം ശ്രീ. കൃഷ്ണപിള്ള വൈദ്യൻ, പാറയംവിളാകം പദ്മനാഭൻ നായർ എന്നിവരുടെ സഹായത്താൽ റിസർവ്വ് ഫോറസ്റ്റിൽ നിന്ന് അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നാട്ടുകാരുടെ സഹായത്താൽ നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. കൃഷ്ണനാചാരി തന്നെയായിരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ പഠിക്കാറുണ്ടായിരുന്ന ഈ സ്കൂളിൽ അക്കാലത്ത് 14 വയസുള്ള കുട്ടികൾ വരെ ഒന്നാം ക്ലാസിൽ പഠിക്കാനുണ്ടായിരുന്നു. ഈ സ്കൂളിനോടനുബന്ധിച്ച് കേരളത്തിലാദ്യമായി ഒരു പ്രീപ്രൈമറിസ്കൂൾ അന്നത്തെ കേരളമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് U.P സ്കൂളായി ഉയർത്തി. ഇന്ന് 3 സ്ഥിരം കെട്ടിടങ്ങളിലും 3 താല്കാലിക കെട്ടിടങ്ങളിലുമായി 417 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 166 പേർ SC/ST വിഭാഗത്തിൽപെടുന്നവരാണ്.

സെന്റ് ജോസഫ് സ്കൂൾ പാലുവള്ളി പേരയം

1950 പാലുവള്ളി R.C പള്ളിയോടനുബന്ധിച്ച് ദിനാമിനേഷൻ സ്കൂളായി പുല്ലുമേഞ്ഞ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സ്കൂളിൽ 1951 മുതൽ എല്ലാ സമുദായങ്ങളിലേയും വിദ്യാർത്ഥികൾക്കു പ്രവേശനം നൽകി. ഈ സ്കൂൾ ആരംഭിക്കുന്നതിനുമുമ്പ് പാലുവള്ളി C.S.I പള്ളിയിൽ 3-ാം ക്ലാസുവരെ മാത്രം പഠനം ഉണ്ടായിരുന്നു. സെന്റ് ജോസഫ് സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ പാലോട് ശ്രീ. ഭാസ്കരകുറുപ്പ് ആയിരുന്നു. ഇന്ന് R.C മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ രണ്ടു കെട്ടിടങ്ങളിലായി 10 മുറികളിൽ 264 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 24 പേർ SC/ST വിഭാഗത്തിൽപെടുന്നു. 10 അധ്യാപകർ ജോലിചെയ്യുന്നു.

ബി. ആർ. എം. എച്ച്. എസ്. ഇളവട്ടം

ബർണ്ണബാസ് റഗുലസ് മെമ്മോറിയൽ സ്കൂൾ 1962 ൽ ഇളവട്ടത്ത് U.P സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ചു. ശ്രീ. ജോൺസൺ റഗുലസ് ആയിരുന്നു സ്കൂളിന്റെ മാനേജർ. 1964-65 സ്കൂൾ വർഷം ഹൈസ്കൂളുകളായി ഉയർത്തുകയുണ്ടായി. U.P സ്കൂളായിരുന്നപ്പോൾ ശ്രീ. ജോസഫ് റഗുലസ് ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ. ഹൈസ്കൂളായി മാറ്റിയപ്പോൾ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. മോസസ് ഭാസ്കരം ആയിരുന്നു. ഇപ്പോൾ 5 മുതൽ 10 വരെ സ്റ്റാന്റേർഡുകളിലായി 857 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 192 പേർ SC/ST വിഭാഗത്തിൽപെടുന്നു. 33 അധ്യാപകർ ജോലിനോക്കുന്നു.

എസ്. കെ. വി. എച്ച്. എസ്. നന്ദിയോട്

1937 ജൂൺ മാസത്തിൽ നന്ദിയോട് കൊച്ചപ്പിമുതലാളിയുടെ ശ്രീകൃഷ്ണവിലാസം ബംഗ്ലാവിന്റെ കളിയിലിൽ ആരംഭിച്ച ശ്രീകൃഷ്ണവിലാസം മലയാളം മീഡിയം (S.K.V.M.M.) സ്കൂൾ ആണ് പിൽക്കാലത്ത് S.K.V. H.S ആയി മാറിയത്. 1938ൽ ഇന്ന് സ്കൂൾ ഇരിക്കുന്ന സ്ഥലത്ത് 50 സെന്റ് സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിൽ അന്നത്തെ അസി. സ്കൂൾ ഇൻസ്പെക്ടർ ശ്രീ. P. ചാൾസ് ഉദ്ഘാടനം ചെയ്തു. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. S.K. രാഘവൻ ആയിരുന്നുവെങ്കിലും അദ്ദേഹം അധികകാലം ഹെഡ്മാസ്റ്ററായി തുടർന്നില്ല. അദ്ദേഹത്തെ തുടർന്ന് ശ്രീ. മണ്ണന്തല മാധവൻപിള്ളയും, ശ്രീ ബാലരാമപുരം ഗോപാലനും ഹെഡ്മാസ്റ്ററുടേയും ചാർജ് വഹിച്ചിട്ടുണ്ട്. 1943 മുതൽ കള്ളിപ്പാറ കുരുവിലാം ചാലിൽ ശ്രീ. ജോൺസൺ ഹെഡ്മാസ്റ്ററുടെ ചുമതല വഹിച്ചു. 1949 ൽ ഹൈസ്കൂളായി ഉയർത്തുകയും അതിനെ തുടർന്ന് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ശ്രീ ബാലരാമപുരം കുമാരനും ശ്രീ ദാമോദരൻ കരുവാറ്റയും ശ്രീ പദ്മനാഭയ്യർ, ശ്രീമതി റേച്ചൽ ജേക്കബ്, ശ്രീ. ലോഹിതാക്ഷൻ നായർ എന്നിവർ ചുമതലവഹിച്ചു. തുടർന്ന് ഹെഡ്മാസ്റ്ററായി വന്ന ശ്രീ. P.K. സുകുമാരൻ നായർ S.K.V. H.S നെ ജില്ലയിലറിയപ്പെടുന്ന സ്കൂളാക്കി മാറ്റി. 30 വർഷത്തിലധികം ഹെഡ്മാസ്റ്ററായി തുടർന്ന് അദ്ദേഹം ദേശീയ അവാർഡിനർഹനായി. ഇന്ന് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന (1764 പേർ) ഈ സ്ഥാപനത്തിൽ 402 കുട്ടികൾ SC/ST വിഭാഗത്തിൽപെടുന്നു. 60ലധികം അധ്യാപകർ ജോലിനോക്കുന്നു.

നളന്ദ ടി. ടി. ഐ നന്ദിയോട്

ശ്രീ. R ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1963 ൽ ശ്രീ S.K. രാഘവന്റെ പരിശ്രമഫലമായി അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ നളന്ദ ബെയ്സിക് ട്രെയിനിംഗ് സ്കൂൾ നിലവിൽവന്നു. തുടക്കത്തിൽ S.K.V. H.S ലാണ് പ്രവർത്തിച്ചത്. 1964 ൽ ഇന്നത്തെ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. നേശഅയ്യർ ആയിരുന്നു. 1966 ൽ അധ്യാപകപരിശീലനത്തെ ഉദ്ദേശിച്ച് L.P സ്കൂൾ അനുവദിച്ചുകിട്ടി. അന്നത്തെ സർക്കാർ തീരുമാനമനുസരിച്ച് ട്രെയിനിംഗ് സ്കൂൾ നിർത്തലാക്കിയപ്പോൾ നളന്ദ ട്രെയിനിംഗ് സ്കൂളും നിർത്തലാക്കി. പകരം 1977 ൽ ഗേൾസ് ഹൈസ്കൂളായി മാറ്റം വരുത്തി കുട്ടികളുടെ കുറവുകൊണ്ട് 1988ൽ ഹൈസ്കൂൾ നിർത്തിവച്ചു. 1984-85 ൽ U.P.S അനുവദിക്കപ്പെട്ടു. 85-86 ൽ നളന്ദ റ്റീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് ഉന്നത നിലവാരം പുലർത്തുന്ന


77°03'
സ്കൂളുകൾ
0 5000മീ
വാമനപുരംനദി
PS
PS
TTI
HS
UPS
PS
PS
UPS
PS
HS
UPS
പഞ്ചായത്തതിർത്തി
വാർഡതിർത്തി
റോഡുകൾ
നദി, TTI ട്രെയിനിംഗ്സ്കൂൾ
PS പ്രൈമറിസ്കൂൾ
HS ഹൈസ്കൂൾ
UPS അപ്പർ "
വിദ്യാഭ്യാസം-ഭരണം
77°04'
77°03'

ഒരു സ്ഥാപനമാണ് നളന്ദ T.T.I. വിജയശതമാനം 98 ൽ കുറഞ്ഞിട്ടില്ല.

സ്കൂളുകളുടെ വിദ്യാഭ്യാസനിലവാരം

നന്ദിയോട് പഞ്ചായത്തിലെ 1566 വിദ്യാർത്ഥികൾ L.P സ്കൂളുകളിലും 1248 പേർ U.P സ്കൂളുകളിലും 1797 പേർ ഹൈസ്കൂളുകളിലുമായി പഠിക്കുന്നു. 11 സ്കൂളുകളിലായി 169 അധ്യാപകർ പഠിപ്പിക്കുന്നു. പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളിൽ (4611) 23% പേർ (1044) SC/ST വിഭാഗത്തിൽപെടുന്നു. സമീപത്തുള്ള ആനാട് പെരിങ്ങമ്മല, പാങ്ങോട്, പഞ്ചായത്തുകളിലെ വിദ്യാർത്ഥികളും നമ്മുടെ പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പഠിക്കുന്നുണ്ട്.

പൊതു വിദ്യാഭ്യാസത്തിന്റെ നിലവാര സൂചകമായി S.S.L.C വിജയശതമാനമെടുക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ രണ്ട് സ്കൂളുകളുടേയും വിജയശതമാനം സംസ്ഥാന വിദ്യാഭ്യാസ നിലവാരത്തിനും താഴെയാണ്. 3 മുതൽ 7 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ 1996-97 വർഷത്തിൽ പാദവാർഷിക പരീക്ഷയുടെ മാർക്കിനെ വിലയിരുത്തുമ്പോൾ 48% പേരും വിജയിക്കാൻ വേണ്ട മിനിമം മാർക്കുനേടാത്തവരാണ്.

ഇന്ന് 8ാം സ്റ്റാന്റേർഡിൽ എത്തുന്ന വിദ്യാർത്ഥികളിൽ 25% പേരും നിരക്ഷരരാണ് എന്ന വസ്തുത നമ്മുടെ വിദ്യാഭ്യാസനിലവാരം വ്യക്തമാക്കുന്നു.

നന്ദിയോട് പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളെക്കുറിക്കുന്ന വിശദമായ ചാർട്ട് പരിശോധിച്ചാൽ വിദ്യാഭ്യാസരംഗത്ത് നമ്മുടെ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ ഒരു പരിധിവരെ മനസിലാക്കാൻ സാധിക്കും.

417 വിദ്യാർത്ഥികൾ പഠിക്കുന്ന പാലുവള്ളി ഡ.ജടന് ആവശ്യമായ സ്ഥലസൗകര്യങ്ങളില്ല. താല്കാലികമായ രണ്ട് ഓലഷെഡുകളിലാണ് ക്ലാസുകൾ ഇപ്പോഴും നടക്കുന്നത്. അതുപോലെ തന്നെയാണ് പച്ച L.P.S ന്റേയും അവസ്ഥ. 263 വിദ്യാർത്ഥികൾ പഠിക്കുന്ന L.P.S ൽ ഒരു കെട്ടിടം കൂടി പണികഴിപ്പിച്ചാൽ മാത്രമേ ആവശ്യമായ സൗകര്യങ്ങളുണ്ടാവുകയുള്ളൂ. പാലോട് L.P.S ന് ആവശ്യമായ സ്ഥലസൗകര്യങ്ങളുണ്ടെങ്കിലും കുട്ടികൾക്കും അധ്യാപകർക്കും ഉപയോഗിക്കുന്നതിന് മൂത്രപ്പുരകൾ പോലും ഇല്ല. പച്ച ഘജട ൽ മൂത്രപ്പുരയും കക്കൂസും ഉണ്ടെങ്കിലും ഉപയോഗയോഗ്യമല്ല.

സർക്കാർ സ്കൂളുകളുടെ അവസ്ഥയിൽ നിന്നും വ്യത്യസ്തമല്ല പ്രൈവറ്റ് സ്കൂളുകളുടേയും അവസ്ഥ. ആവശ്യമായ സ്ഥലസൗകര്യങ്ങളില്ലാത്ത കാരണത്താൽ ഷിഫ്റ്റ് സമ്പ്രദായംനിലവിലുള്ള പഞ്ചായത്തിലെ ഏക സ്കൂളാണ് പഞ്ചായത്ത് മാനേജ്മെന്റിലുള്ള ചെല്ലഞ്ചി L.P.S. ഒരു പുതിയകെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടെന്നത് അവിടത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നു. എന്നാൽ പഴയകെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ നാട്ടുകാരിൽ പേടിസ്വപ്നമാകുന്നു. അതുപോലെതന്നെ പഞ്ചായത്തു മാനേജ്മെന്റിലുള്ള ഇളവട്ടം L.P.S ന്റേയും അവസ്ഥ.

R.C മാനേജ്മെന്റ് നിയന്ത്രണത്തിലുള്ള സെന്റ് ജോസഫ് U.P.S നും ക്ലാസുകൾ നടത്താനാവശ്യമായ സ്ഥലസൗകര്യങ്ങളുണ്ടെങ്കിലും അധ്യാപകർക്കാവശ്യമായ സ്റ്റാഫ് റൂമുകളോ മറ്റ് സൗകര്യങ്ങളോ ഇല്ല.

സഹകാര്യ മാനേജ്മെന്റിന്റ് നിയന്ത്രണത്തിലുള്ള നന്ദിയോട് S.K.V. H.S ലും ആവശ്യമായ സ്ഥലസൗകര്യങ്ങളില്ലാത്തതിനാൽ ലാബോറട്ടറിയിൽ വച്ചുവരെ ക്ലാസുകളെടുക്കേണ്ട അവസ്ഥയാണുള്ളത്. തത്ഫലമായി ലാബോറട്ടറി കുട്ടികൾക്കുപയോഗപ്രദമാക്കാൻ കഴിയുന്നില്ല. പല ഷെഡുകളും സമയത്ത് അറ്റകുറ്റപണികൾ ചെയ്യാതെ ജീർണ്ണാവസ്ഥയിലായിരുന്നു. മറ്റൊരു സഹകാര്യസ്കൂളായ BRMHS ന്റേയും അവസ്ഥ വ്യത്യസ്തമല്ല.

ചുറ്റുമതിലുകളില്ലാത്ത, വേണ്ടത്ര കുടിവെള്ള സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളാണ് പാലോട് L.P.S, ഉം ചെല്ലഞ്ചി L.P.S DBLPS പാലുവള്ളി U.P.S സെന്റ് ജോസഫ് U.P.S കുറുപുഴ L.P.S തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ അല്പമെങ്കിലും മെച്ചപ്പെട്ടിട്ടുള്ളത് നളന്ദ T.T.I യിൽ മാത്രമേയുള്ളൂ.

ആവശ്യമായ ഫർണിച്ചറുകൾ ഉള്ള സ്കൂളുകൾ അപൂർവ്വമാണ്. പച്ച .LP.S, ഉആഘജട ഇളവട്ടം ഘജട ചെല്ലഞ്ചി L.P.S എന്നീ സ്കൂളുകൾക്കു പുറമേ നന്ദിയോട് S.K.V. H.S നും ആവശ്യമായ ഫർണിച്ചറുകളില്ല.

സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ, പ്രശ്നങ്ങൾ :

ഭൗതിക സാഹചര്യങ്ങളിലെന്നപോലെ അക്കാദമിക സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിൽ ശോചനീയമാണ്. DBLPS ഉം, ചെല്ലഞ്ചി L.P.S, ഇളവട്ടം ഘജട എന്നീ സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങളില്ല. മറ്റ് L.P.S കളിലും U.P.S കളിലും പുസ്തകശേഖരണം ഉണ്ടെങ്കിലും അവ സൂക്ഷിക്കുന്നതിന് അലമാരകളോ പ്രത്യേക മുറികളോ ഇല്ല. S.K.V. H.S ൽ പുസ്തകങ്ങളും അലമാരകളും ഉണ്ടെങ്കിലും പുസ്തകവിതരണം ചെയ്യുന്നത് കുട്ടികൾക്ക് ഉപയോഗപ്രദമല്ല.

ലബോറട്ടറി സൗകര്യങ്ങൾ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ മാത്രമേയുള്ളൂ. അതുതന്നെ കുട്ടികൾക്ക് ഉപയോഗപ്രദമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. U.P.S കളിലും L.P.S കളിലും ലബോറട്ടറി സൗകര്യ

ങ്ങളില്ല എന്നുമാത്രമല്ല മാപ്പ്, ചാർട്ട്, ഗ്ലോബ്, മറ്റ് ഉപകരണങ്ങൾ എന്നിവയൊന്നും തന്നെ വേണ്ടത്രയില്ല. ദൃശ്യശ്രവ്യ ഉപകരണങ്ങളായി റേഡിയോയും അപൂർവ്വം സ്കൂളുകളിൽ ടേപ്പ്റിക്കോർഡറുകളും മാത്രമേയുള്ളൂ. പച്ച L.P.S-ൽ റേഡിയോയും ടേപ്പ്റിക്കോർഡറും ഉണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. ഓവർഹെഡ്പ്രൊജക്ടർ ഒരു സ്കൂളിലുമില്ല. സിനിമ പ്രൊജക്ടർ ഉള്ള പഞ്ചായത്തിലെ ഏക സ്കൂൾ പാലുവള്ളി U.P.S ആണെങ്കിലും അതിപ്പോൾ പ്രവർത്തനയോഗ്യമല്ല. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിൽ BRMHS നു മാത്രമേ കമ്പ്യൂട്ടർ സൗകര്യമുള്ളൂ.

പഞ്ചായത്തിലെ എല്ലാ L.P.S കളിലും മാതൃസംഗമം സജീവമാണ് എന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ള വസ്തുത.

നന്ദിയോട് പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

ക്രമ നമ്പർ	വാർഡ്	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	ക്ലാസ്	കുട്ടികളുടെ എണ്ണം			എസ്.സി/എസ്/ടി കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം
1	I	പച്ച എൽ.പി.എസ്	സർക്കാർ	1 – 4	134	129	263	12	18	30	8
2	II	ഡി.ബി.എൽ.പി.എസ്. പച്ച	ദേവസ്വം ബോർഡ്	1 – 4	60	45	105	20	13	33	5
3	X	പാലോട് എൽ.പി.എസ്	സർക്കാർ	1 – 4	88	69	157	21	16	37	4
4	V	ഇരവട്ടം എൽ.പി.എസ്	പഞ്ചായത്ത്	1 – 4	113	82	195	23	20	43	6
5	V	കുറുപുഴ എൽ.പി.എസ്.	സർക്കാർ	1 – 4	120	141	261	24	23	47	10
6	VIII	ചെല്ലഞ്ചി എൽ.പി.എസ്.	പഞ്ചായത്ത്	1 – 4	67	49	116	9	4	13	3
7	III	പാലുവള്ളി എൽ.പി.എസ്.	സർക്കാർ	1 – 7	209	208	417	86	80	166	17
8	VIII	സെന്റ് ജോസഫ് യു.പി.എസ് പാലുപള്ളി	ആർ.സി മാനേജ്മെന്റ്	1 – 7	123	121	244	12	12	24	10
9	X	നളന്ദ ടി.ടി.ഐ.	എയിഡഡ്	1 – 7	117	115	232	28	29	57	11
10	VI	ബി.ആർ.എം.എച്ച്.എസ് ഇളവട്ടം	എയിഡഡ്	5 – 10	432	425	857	74	118	192	33
11	X	എസ്.കെ.വി.എച്ച്.എസ് നന്ദിയോട്	എയിഡഡ്	5 – 10	928	836	1764	207	195	402	62
Total					2391	2220	4611	516	528	1044	169

എസ്.എസ്.എൽ.സി. വിജയ ശതമാനം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിജയശതാനം			
		92 – 93	93 – 94	94 – 95	95 – 96
1	ബി.ആർ.എംഎച്ച്.എസ് ഇളവട്ടം	38	37	37	39
2	എസ്.കെ.വി. എച്ച്.എസ് നന്ദിയോട്	44	46	46	41

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

ക്രമ നം.	സ്കൂളിന്റെ പേര്	മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം	നിലവിലുള്ള മുറികളുടെ എണ്ണം	ഇനി ആവശ്യമുള്ള മുത്തപ്പുകളുടെ എണ്ണം	നിലവിലുള്ള കക്കുകളുടെ എണ്ണം	ഓഫീസ് റും	സ്റ്റാഫ് റും	കളി സ്ഥലം	ഇനി ആവശ്യമായ ഫർണിച്ചറുകളുടെ എണ്ണം				
		സ്ഥിരം	അർദ്ധ സ്ഥിരം	താല്ക്കാലികം								ബഞ്ച്	ഡസ്ക്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	പച്ച എൽ.പി.എസ്.	8	-	-	4	1	1	1	ഉണ്ട്	ഉണ്ട്	ഇല്ല	40	40	4	10	ഷെൽഫ് -4 അലമാര -2
2	ഡി.ബി.എൽ.പി. എസ്.	6	-	-	ഇല്ല	2	2	2	ഉണ്ട്	ഉണ്ട്	ഉണ്ട്	-	50	1	5	-
3	പാലോട് എൽ.പി. എസ്.	7	-	-	-	ഇല്ല	2	1	ഉണ്ട്	ഉണ്ട്	ഇല്ല	-	-	1	4	-
4	ഇളവട്ടം എൽ. പി. എസ്.	7	-	-	2	1	1	1	ഉണ്ട്	ഇല്ല	ഉണ്ട്	10	30	2	5	-
5	കുറുപുഴ എൽ. പി. എസ്.	7	-	-	-	1	1	1	ഉണ്ട്	ഉണ്ട്	ഇല്ല	10	51	5	5	-
6	ചെല്ലഞ്ചി എൽ. പി. എസ്.	2	-	-	1	-	2	-	ഉണ്ട്	ഇല്ല	ഉണ്ട്	5	20	3	5	-
7	പാലുവള്ളി യു. പി. എസ്.	8	3	-	12	2	-	2	ഉണ്ട്	ഇല്ല	ഉണ്ട്	-	-	-	-	അലമാര 2
8	മരേട്ട് ജോസഫ് യു. പി. എസ്. പാലുവള്ളി	7	3	-	-	2	-	1	ഉണ്ട്	ഇല്ല	ഉണ്ട്	30	25	5	10	അലമാര 2
9	നളന്ദ ഐ. ടി. ഐ.	-	-	-	-	-	-	-	ഉണ്ട്	-	-	-	-	-	-	-
10	ബി. ആർ. എം. എച്ച്. എസ്. ഇളവട്ടം	28	-	-	4	3	-	3	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-
11	എസ്. കെ. വി. എച്ച്. എസ്. നന്ദിയോട്	43	4	-	2	3	2	4	ഉണ്ട്	ഉണ്ട്	ഉണ്ട്	50	125	15	25	അലമാര 3 ഷെൽഫ് 2

പാലുവള്ളി UPS ഒഴിക്കെ മറ്റു രണ്ട് UPS കളിലും ഹൈസ്ക്കൂളിലും മാതൃസംഗമം സജീവമായിട്ടില്ല. അതുപോലെതന്നെയാണ് ക്ലാസ് റും PTA യുടെ അവസ്ഥ. PTA കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ

1. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത

പഞ്ചായത്തിന്റെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ പ്രധാനപ്പെട്ട ഒരു കാരണമാണ്. സ്ക്കൂളുകളിലെ അടിസ്ഥാന സൈകര്യങ്ങൾ മെച്ചപ്പെട്ടാൽ മാത്രമെ പാഠ്യ പ്രവർത്തനങ്ങൾ വിജയപ്രദമാകുകയുള്ളൂ.

2. രക്ഷിതാക്കളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ:

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ പകുതിയിലധികം പേരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരാണ്. കൂടാതെ ഹരിജനങ്ങളും ഗിരിജനങ്ങളും കൂടുതൽ തിങ്ങിപാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ ബഹുഭൂരിപക്ഷം പേരും കൃഷിക്കാരും, കൂലിപ്പണിക്കാരും, ഭാഗീയമായി മാത്രം തൊഴിൽ ലഭിക്കുന്നവരുമാണ്. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ സമയത്തു വാങ്ങികൊടുക്കാൻ പോലും പല രക്ഷിതാക്കൾക്കും കഴിയുന്നില്ല. കൂടാതെ തങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കുട്ടികളുടെ സഹായങ്ങളും പ്രതീക്ഷിക്കുന്ന പല രക്ഷിതാക്കളും കുട്ടികളെ കൂടുതൽ വിദ്യാഭ്യാസത്തിനു പ്രോത്സാഹിപ്പിക്കാതെ മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

3. രക്ഷിതാക്കളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ:

സമ്പൂർണ്ണസാക്ഷരതനേടിയെന്ന് അവകാശപ്പെടാമെങ്കിലും നാമമാത്രമായ അക്ഷരജ്ഞാനം നേടിയെന്നല്ലാതെ വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെ പറ്റി വേണ്ടത്ര അവബോധമുള്ളവരല്ല ഇവിടത്തെ ഭൂരിപക്ഷം രക്ഷിതാക്കളും. പ്രത്യേകിച്ചും ട്രൈബൽ മേഖലയിലുള്ള രക്ഷിതാക്കൾ. ആയതിനാൽ കുട്ടികളുടെ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ അവരുടെ താല്പര്യം വേണ്ടത്രയില്ല.

4. ശാസ്ത്രീയ ബോധന രീതികൾ ഉപയോഗിക്കുന്നതിൽ അദ്ധ്യാപകർക്കുള്ള താല്പര്യക്കുറവ്:

സംഘടനശക്തിപ്പെടുത്തുന്നതിനും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിലും അധ്യാപകർ ദത്തശ്രദ്ധരാണ്. അതേ വീറോടും വാശിയോടും വിദ്യാഭ്യസപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ അധ്യാപകർ പൊതുവെ താല്പര്യം കാട്ടുന്നില്ല എന്ന പരാതി വ്യാപകമാണല്ലോ. ശാസ്ത്രീയ ബോധനരീതികൾ ഉപയോഗിക്കാനുള്ള വൈമുഖ്യവും അശാസ്ത്രീയമായ മൂല്യനിർണ്ണയ രീതിയും, പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രദർശിപ്പിക്കുന്ന വിമുഖതയും, പുനഃപരിശീലനത്തിനുള്ള താല്പര്യക്കുറവും നമ്മുടെ പഞ്ചായത്തിലുള്ള അധ്യാപകരിലും ദൃശ്യമാണ്.

5. പഠനത്തെ സംബന്ധിച്ച് തെറ്റായ കാഴ്ചപാട്

ഇന്ന് മത്സരങ്ങളുടെ കാലഘട്ടമാണ്. പൊതു പരീക്ഷയിലെ മാർക്കിനെ മാത്രം അടിസ്ഥാനമാക്കി കഴിവുകൾ വിലയിരുത്തുന്ന സമ്പ്രദായം നിലവിലുള്ളതിനാൽ കുട്ടികളിൽ അനാരോഗ്യകരമായ മത്സരങ്ങൾ വളർത്തുന്നതിൽ രക്ഷിതാക്കളും പങ്കാളികളാകുന്നു. മാത്രവുമല്ല ജംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള രക്ഷിതാക്കളുടെ അമിതമായതാല്പര്യം കുട്ടികളെ ബാധിക്കുന്നു.

പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നതാണ് കുട്ടികളുടെ നിലവാരത കർച്ചക്ക് ഒരു പ്രധാന കാരണം. പ്രാഥമിക തലത്തിൽ നിന്നും വേണ്ടത്ര അക്ഷരജ്ഞാനമോ സംഖ്യബോധമോ നേടാതെ ഹൈസ്ക്കൂളിലെത്തുന്നവർ ധാരാളമുണ്ട്. അധ്യാപക വിദ്യാർത്ഥി അനുപാത വർദ്ധനവും നിലവിലുള്ള പ്രമോഷൻ രീതിയുലുള്ള അപാകതയും ഈ ദുർഗതിക്കു കാരണമായിട്ടുണ്ട്. കൂടാതെ പാഠപുസ്തകങ്ങൾ യഥാസമയത്ത് കിട്ടാതെ വരുന്ന അവസ്ഥ, വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ പങ്കാളിത്തത്തിന്റെ അപര്യാപ്തത ഇവയൊക്കെ ഇന്നത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണങ്ങളാണ്.

പരിഹാരനിർദ്ദേശങ്ങൾ

ഭൗതിക സാഹചര്യങ്ങൾ

പച്ച LPS:

6 മുറികളുള്ള പുതിയ കെട്ടിടം നിർമ്മിക്കണം. മൂത്രപ്പുരയും കക്കൂസും ഉപയോഗയോഗ്യമാക്കണം. ലൈബ്രറിയുടെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാരകളും പ്രത്യേക മുറിയും ഉണ്ടാക്കണം. മാപ്പ്, ചാർട്ട് മറ്റ് പഠനോപകരണങ്ങൾ, ഒരു സ്ലൈഡ് പ്രൊജക്ടർ എന്നിവയെങ്കിലും സ്ക്കൂളിലുണ്ടാകണം.

DBPLS പച്ച:

ചുറ്റുമതിൽ ഉണ്ടാകണം; കുട്ടികളിലെ വായനാശീലം വളർത്തുന്നതിന് ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ ഉണ്ടാകണം. അത്യാവശ്യം വേണ്ട ലബോറട്ടറി ഉപകരണങ്ങൾ വേണം. കുടിവെള്ള സൗകര്യം മെച്ചപ്പെടണം അത്യാവശ്യമായ ഫർണിച്ചറുകൾ ഉണ്ടാവണം.

പാലോട് LPS:

ചുറ്റുമതിൽ വേണം, കളിസ്ഥലം ഇടിച്ചു നിരത്തി മെച്ചപ്പെടുത്തണം. മൂത്രപ്പുര, കക്കൂസ്, ഇവ വേണം. ആവശ്യമായ ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറി ഉപകരണങ്ങളും വേണ്ടത്ര ചാർട്ടുകളും മാപ്പുകളും ഉണ്ടാവണം. കുടിവെള്ളത്തിന് പൈപ്പ് ലെയിൻ വേണം.

ഇളവട്ടം LPS:

കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ തീർക്കണം ആവശ്യത്തിനുവേണ്ട ഫർണിച്ചറുകൾ ഉണ്ടാകണം. ചുറ്റുമതിൽ വേണം, വായനാശീലം വളർത്തുന്നതിന് പുസ്തക ശേഖരണം ഉണ്ടാകണം. റേഡിയോ റേപ്പ് റിക്കാഡർ എന്നിവയെങ്കിലും ഉണ്ടാകണം. പഠനോപകരണങ്ങൾ ഉണ്ടാകണം.

ചെല്ലഞ്ചി LPS:

ഷിഫ്റ്റ് സമ്പ്രദായം നിർത്തുവാൻ ആവശ്യമായ കെട്ടിടങ്ങൾ ഉണ്ടാകണം. ചുറ്റുമതിൽ വേണം, ഇപ്പോഴുള്ള കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ മാറ്റണം. കുടിവെള്ളസൗകര്യം മെച്ചപ്പെടുത്തണം. ആവശ്യമായ പഠനോപകരണങ്ങളും പുസ്തകശേഖരണവും ഉണ്ടാകണം.

കുറ്റുപുഴ LPS:

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ അടിയന്തിരമായി ഉണ്ടാകണം. ആവശ്യമായ പുസ്തക ശേഖരണം ഉണ്ടാകണം. കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുവാൻ വേണ്ട ലബോറട്ടറി ഉപകരണങ്ങളും മറ്റു പഠനോപകരണങ്ങളും ഉണ്ടാകണം. കളിസ്ഥലം ഉണ്ടാകണം. ഫർണിച്ചറുകൾ ആവശ്യമായവ ഉണ്ടാകണം.

പാലുവള്ളി U.P.S

ഓല ഷെഡുകൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടണം. ലൈബ്രറി മെച്ചപ്പെടുത്തണം. ലബോറട്ടറി ഉണ്ടാകണം. ദൃശ്യശ്രവ്യ ഉപകരണങ്ങളായ ടേപ്പ് റിക്കാഡർ തുടങ്ങിയ ഉണ്ടാകണം. സിനിമ പ്രൊജക്ടർ ഉപയോഗ്യമാക്കണം. ഫർണിച്ചറുകൾ റിപ്പയർ ചെയ്യണം.

സെന്റ് ജോസഫ് U.P.S പാലുവള്ളി:

കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥക്കു മാറ്റം ഉണ്ടാകണം ചുറ്റുമതിൽ ഉണ്ടാകണം. ലബോറട്ടറി ഉണ്ടാകണം. സ്റ്റാഫ് റും പ്രത്യേകം വേണം. ആവശ്യമുള്ള ബ്ലാക്ക് ബോർഡുകളും മറ്റ് ഫർണിച്ചറുകളും ഉണ്ടാകണം. ആവശ്യമായ പഠനോപകരണം ഉണ്ടാകണം ലൈബ്രറി ഉണ്ടാകണം. മാതൃസംഗമം, ജഠ്ര ഇവ സജീവമാകണം.

S.K.V.HS നന്ദിയോട്

നിലവിലുള്ള ലൈബ്രറി കുട്ടികൾക്ക് പ്രയോജനപ്രദമാണ്. ലാബോറട്ടറി സംവിധാനം കൂടുതൽ മെച്ചപ്പെടുത്തണം. ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പുതിയവ പണിയണം. ആവശ്യമായ ഫർണിച്ചറുകൾ ഉണ്ടാകണം. ദൃശ്യ ശ്രവ്യ ഉപകരണങ്ങളായ TV VCR OHP സിനിമ പ്രൊജക്ടർ കമ്പ്യൂട്ടർ ഇവ ഉണ്ടാകണം. കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ ഉണ്ടാകണം. മാതൃ സംഗമം ക്ലാസ് റും PTA തുടങ്ങിയ സജീവമാകണം. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം.

BRMHS ഇളവട്ടം:

ലബോറട്ടറി മെച്ചപ്പെടുത്തണം ആവശ്യമായ ക്ലാസ് റൂമുകൾ ഉണ്ടാകണം. ലൈബ്രറികൾക്ക് നൽകാൻ വേണ്ട ഉപകരണങ്ങൾ ഉണ്ടാകണം. പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധിക്കണം. ദൃശ്യ ശ്രവ്യ ഉപകരണങ്ങളായ TV, VCR തുടങ്ങി സിനിമ പ്രൊജക്ടർ വരെ ഉണ്ടാകണം.

നളന്ദ TTI

ലൈബ്രറി വിപുലമാക്കണം. ലബോറട്ടറി മെച്ചപ്പെടുത്തണം. TTI എന്ന നിലയിൽ ആവശ്യമായ പഠനോപകരണങ്ങൾ ഉണ്ടാകണം. സിനിമ പ്രൊജക്ടർ, OHP, സ്ലൈഡ് പ്രൊജക്ടർ, TV മുതലായ ഉണ്ടാകണം. കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ ഉണ്ടാകണം. മാതൃ സംഗമവും ക്ലാസ്റും ജഠ്ര യും സജീവമാകണം.

പൊതു നിർദ്ദേശങ്ങൾ

1. സ്കൂൾ ക്ലോപ്പക്സ് നടപ്പാക്കുക.
2. പാഠ്യപദ്ധതിയുടെ മാറ്റത്തിനനുസരിച്ച് അധ്യാപകർക്ക് വേണ്ട പരിശീലനം നൽകുക.
3. സ്കൂളുകളിലെ നിലവാരം പരിശോധിക്കുന്നതിന് സ്കൂൾ ഇൻസ്പെക്ഷൻ കൃത്യമായും നടപ്പാക്കുക.
4. എല്ലാ LPS കളിലും UPS കളിലും കായിക അധ്യാപകൻ, മ്യൂസിക് റ്റീച്ചർ എന്നിവരെ നിയമിക്കുക.
5. എല്ലാ സ്കൂളുകളിലും സ്കൗട്ട് പ്രസ്ഥാനം ആരംഭിക്കുക.
6. പഞ്ചായത്തിൽ സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കുക
7. ഹരിജൻ ഗിരിജൻ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടാക്കുക.
8. പേരയം പ്രദേശത്ത് ഹൈസ്ക്കൂൾ അനുവദിക്കുക.
9. സ്കൂളുകളില്ലാത്ത ആലാപാറ വാർഡിൽ ഒരു LP സ്കൂൾ അനുവദിക്കുക.
10. കുട്ടികളിൽ തൊഴിൽ പഠനം സാദ്ധ്യമാക്കുന്നതിന് WE അധ്യാപകരെ എല്ലാ സ്കൂളുകളിലും നിയമിക്കുക.
11. സ്കൂൾ തലത്തിൽ ഉയർന്ന മാർക്കു വാങ്ങുന്നവർക്ക് പഞ്ചായത്തു തലത്തിൽ പ്രോത്സാഹനം ചെയ്യുക.
12. രണ്ട് ഹൈസ്ക്കൂളുകളുകളും ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുക.
13. കുട്ടികളുടെ ആരോഗ്യപരവും മാനസികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ നൽകുവാൻ അനുയോജ്യരായ അധ്യാപകരും രക്ഷിതാക്കളും ഉൾപ്പെടുന്ന ഗൈഡൻസ് സെൽ ഓരോ സ്കൂളിലും രൂപീകരിക്കുക.
14. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും

തന്നെയില്ലാത്ത നമ്മുടെ പഞ്ചായത്തിൽ ഒരു ആർട്സ് &സയൻസ് കോളേജ് സ്ഥാപിക്കുക.

15. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

16. SC/ST വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷകൾക്കുള്ള മുന്നൊരുക്കത്തിനു വേണ്ടി പ്രത്യേക ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുക.

17. S.K.V.HS നോടൊപ്പം സ്പോർട്സ് ഡിവിഷൻ ആരംഭിക്കുക.

18. ജില്ലാ പഞ്ചായത്ത് നടപ്പിൽ വരുത്തുന്ന വിദ്യാജ്യോതി എല്ലാ സ്ക്കൂളുകളിലും വിജയകരമായി പ്രാവർത്തികമാക്കുക.

19. SC/ST വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് പ്രത്യേക സ്ഥാപനങ്ങൾ ആരംഭിക്കുക.

പ്രീപ്രൈമറി വിദ്യാഭ്യാസം

ഇന്നത്തെ അണു കുടുംബങ്ങളിൽ കുട്ടികൾക്ക് കളിക്കുവാനും കൂട്ടുകൂടുവാനുമുള്ള സൗകര്യം വീടുകളിൽ ലഭ്യമല്ല. ഒരു പരിധിവരെ ഈ കുറവ് പരിഹരിക്കുവാൻ പ്രീപ്രൈമറി സ്ഥാപനങ്ങൾക്കു കഴിയും. കേരളത്തിലാദ്യമായി സർക്കാർ മേഖലയിൽ പ്രീപ്രൈമറി സ്ക്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടത് നന്ദിയോട് പഞ്ചായത്തിലെ പാലുവള്ളി UPS നോട് ചേർന്ന് നന്നായി പ്രവർത്തിക്കുന്ന ഈ പ്രീപ്രൈമറി സ്ക്കൂളിനെ കൂടാതെ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ശിശു മന്ദിരം, മറ്റു 27 അംഗൻവാടികൾ എന്നിവയൊക്കെ പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

സ്വാതന്ത്ര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസ മേഖല സംപുഷ്ടമാക്കുവാൻ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് യൂണിക്ക് അക്കാഡമി, മാജിസ്റ്റി പാലോട്, ഫീനിക്സ് നന്ദിയോട്, യൂണിവേഴ്സൽ നന്ദിയോട് ലേണേഴ്സ് പാലോട്, ഉദയ പെരിങ്ങമ്മല, അക്ഷര പാലുവള്ളി, നാഷണൽ പേരയം, ന്യൂകോളേജ് പേരയം, ഭാരത് ഇളവട്ടം, വിദ്യാ ഇളവട്ടം, വിദ്യാഭവൻ പ്ലാവറ, സെന്റർ ഫോർ കോമേഴ്സ് പാലോട് തുടങ്ങിയവ.

സ്ക്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളിൽ 55% പേർ ട്യൂട്ടോറിയൽ കോളേജുകളിൽ കൂടിപോയി പഠിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ SSLC പരീക്ഷക്ക് പ്രൈവറ്റായി പഠിക്കുന്ന നാനൂറിലധികം വിദ്യാർത്ഥികളുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും SSLC പരീക്ഷ പാസാകുന്ന കുട്ടികളിൽ 45% പേർ മാത്രമേ ആർട്സ് & സയൻസ് കോളേജുകളിൽ പോയി പഠിക്കുവാൻ അവസരം ലഭിക്കുന്നുള്ളൂ. ബാക്കി കുട്ടികൾ പാരലലായി PDC ക്ക് ട്യൂട്ടോറിയലുകളിൽ പഠിക്കുന്നു. ഡിഗ്രിക്കും PDC യ്ക്കും പാരലലായി പഠിക്കുന്നവരുടെ എണ്ണം നന്ദിയോട് പഞ്ചായത്തിൽ നാനൂറിലധികമുണ്ട്.



S. K. V. H. S. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. പി. കെ. സുകുമാരൻനായർ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും ദേശീയ അവാർഡ് ഏറ്റുവാങ്ങുന്നു.

സംസ്കാരം, കായികം

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രിയ ചരിത്രത്തിൽ അവഗണിക്കാനാവാത്ത ഒരു സ്ഥാനം നന്ദിയോട് എന്ന കൊച്ചു ഗ്രാമത്തിനുണ്ട്. എന്നാൽ അതിന്റെ പുരാതനചരിത്രം ഗവേഷണകൗതുകത്തോടെ ചികഞ്ഞുകണ്ടത്തുന്നതിന് ഇനിയും കാര്യമായ പരിശ്രമങ്ങൾ ഉണ്ടായിട്ടില്ല. വനനിബിഡമായിരുന്ന നന്ദിയോടിനെ നാടാക്കുന്നതിൽ ആദിവാസികളും അവരുടെ സന്താനങ്ങളായ മലയരയന്മാരും കാര്യമായ പങ്കുവഹിച്ചതായി കണക്കാക്കുന്നു. നൂറ്റാണ്ടു പഴക്കമുള്ള പച്ചയിൽ ധർമ്മശാസ്താക്ഷേത്രവും ദീപ്തമായ ഒരു സാംസ്കാരിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. ബുദ്ധമത വിഹാരത്തിന്റെ ചരിത്രാവിശിഷ്ടങ്ങൾ ഒരു ദീർഘമായ സാംസ്കാരിക ചരിത്രത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ചില സ്ഥലനാമങ്ങൾ പോലും നമ്മുടെ പാരമ്പര്യത്തിന്റെ സൂചകങ്ങളായി നിലകൊള്ളുന്നു. പഞ്ചായത്തിലെ 'പാണ്ടിയൻപാറ' എന്ന സ്ഥലത്ത് പണ്ട് പാണ്ടിപ്പടയുടെ താവളം ഉണ്ടായിരുന്നതായും അതിന്റെ അവശിഷ്ടങ്ങളായ ഗുഹയും മറ്റും ഉണ്ടായിരുന്നതായും ഓർക്കുന്നവർ ഉണ്ട്. അടുത്ത കാലത്തു ചില നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭൂമി കുഴിച്ചപ്പോൾ ലഭിച്ച പാത്രങ്ങളും വലിയ കലങ്ങളും ശിലായുഗത്തോളമുള്ള ഒരു പാരമ്പര്യത്തിന്റെ സൂചകങ്ങളാണ്. പഞ്ചായത്തിലെ ഒരു വലിയ പ്രദേശമാണ് 'പച്ച'. നവരത്നങ്ങളിൽ ഒന്നായ പച്ചരത്നക്കല്ല് വിളഞ്ഞിരുന്ന സ്ഥലം എന്നതിൽ നിന്നാണ് 'പച്ച' എന്ന സ്ഥലനാമം ഉണ്ടായതെന്നാണ് പഴമക്കാർ പറയുന്നത്.

നമ്മുടെ പ്രദേശത്തിന് പുരാതനമായ പാരമ്പര്യം ഉണ്ടായിരുന്നുവെങ്കിലും പുറത്തു നിന്നും ഏകദേശം ഇരുന്നൂറുവർഷങ്ങൾക്കു മുൻപു കുടിയേറിയ ഹരിജനങ്ങളും നായന്മാർ,ഈഴവർ എന്നിവരും മറ്റു സമുദായക്കാരും ചേർന്നു നിബിഡവനങ്ങളിൽ അധിവാസമേഖലകൾ ഉറപ്പിക്കുകയും ക്രമേണ ഇന്നു കാണുന്ന സാമൂഹികാവസ്ഥയിലേക്കു എത്തിച്ചേരുകയും ആണ് ഉണ്ടായത്. പ്രധാനമായും കൊല്ലം, വെങ്ങാനൂർ, നെയ്യാറ്റിൻകര, കുളത്തൂർ, മുരുക്കും പുഴ എന്നിവിടങ്ങളിൽ നിന്നുള്ളവർ ആയിരുന്നു കുടിയേറ്റക്കാർ. ആദ്യം വന്ന വിഭാഗക്കാരുടെ പിൻമുറക്കാരും ബന്ധുക്കളും അതേപ്രദേശങ്ങളിൽതന്നെ അധിവാസമേഖല ഒരുക്കി. ഇത് ഒരേ സമുദായക്കാർ ഒരേ സ്ഥലത്ത് കേന്ദ്രീകരിച്ച് താമസിക്കുന്നതിന് ഇടയാക്കിയതായി കണക്കാക്കുന്നു. ഏറെക്കുറെ അജ്ഞാതമായിരുന്ന നന്ദിയോടിന്റെ ചരിത്രം ദേശീയപ്രസ്ഥാനത്തിന്റെ ആരംഭത്തോടുകൂടിയാണ് വീണ്ടും തെളിഞ്ഞു വരുന്നത്.

ഗ്രന്ഥശാല പ്രസ്ഥാനം

നിസ്വാർത്ഥതയിലും ത്യാഗമനോഭാവത്തിലും അധിഷ്ഠമായ സേവനതൃഷ്ണ പൊതുപ്രവർത്തനത്തിൽ മുഖമുദ്രയായിരുന്ന ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയായിരുന്നു കട്ടയ്ക്കലിൽടെയ്‌ലർ ശ്രീ.പി.കുഞ്ഞുകൃഷ്ണൻ. മറ്റു പല രംഗങ്ങളിലും എന്നപോലെ സാംസ്കാരിക രംഗത്തും വിശിഷ്യാ ഗ്രന്ഥശാല രംഗത്തും തനതായ സംഭാവന നാടിന് നല്കിയത് അദ്ദേഹമാണ്. നന്ദിയോട്ട് അദ്ദേഹം സ്ഥാപിച്ച തയ്യൽക്കട ഏകദേശം അരനൂറ്റാണ്ട് ദൈർഘ്യമുള്ള

സാമൂഹിക സാംസ്കാരിക രാഷ്ട്രിയ പ്രവർത്തനങ്ങളുടെ കേന്ദ്രമായിത്തീർന്നു. 1924 ൽ ശ്രീ.കുഞ്ഞുകൃഷ്ണൻ സ്ഥാപിച്ച വിജ്ഞാനദായിനി ഗ്രന്ഥശാല & വായനശാല പതിനഞ്ചുവർഷക്കാലം പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ അക്ഷരശ്ലോകം,സമസ്യാപൂരണം, പ്രസംഗം, തർക്കം, നാടകാഭിനയം, സാഹിത്യസംവാദങ്ങൾ എന്നിവ നിരന്തരം നടത്തിയിരുന്നു. പഞ്ചായത്തിനകത്തു നിന്നും പുറത്തു നിന്നും പണ്ഡിതന്മാരും സാഹിത്യകുതുകികളും ഈ സമ്മേളനങ്ങളിൽ പങ്കെടുത്തിരുന്നതായി പഴമക്കാർ സാക്ഷ്യപ്പെടുത്തുന്നു. മാത്രമല്ല ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഹിന്ദി പ്രചാരണത്തിലും കാര്യമായ പങ്കുവഹിച്ചു.

ശ്രീ.കുഞ്ഞുകൃഷ്ണനുശേഷം നിലച്ച ഗ്രന്ഥശാല പുനരുജ്ജീവിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ശ്രീ.കെ.വിശ്വംഭരനും ഡോക്ടർ രാമചന്ദ്രനും ആണ്. ഇവർ നന്ദിയോട് എൽ.പി.എസിൽ റൂറൽ ഗ്രന്ഥശാല യെന്ന പേരിൽ ഇതിന്റെ പ്രവർത്തനം നിലനിർത്തി. തുടർന്ന് അവിടെ നിന്നും പുസ്തകങ്ങൾ ഏറ്റുവാങ്ങി വാടകകെട്ടിടത്തിൽ പ്രവർത്തനം പുനഃരാരംഭിച്ചു. ഗ്രന്ഥശാലയുടെ പുനരുദ്ധാരണത്തിന് കാര്യമായ ശ്രമങ്ങൾ ഈ അവസരത്തിൽ നടന്നു. ക്ഷേത്രത്തിലേക്ക് ആളുകൾ നേർന്നു വിടുന്ന ആടുകളെയും മറ്റു നാൽക്കാലികളേയും പരസ്യമായി ലേലം ചെയ്ത് ആതുക ഗ്രന്ഥശാലാപ്രവർത്തനത്തിന് മുതൽ കൂട്ടിയ സംഭവം ഈ അവസരത്തിലാണ് നടന്നത്. കടുത്തയാഥാസ്ഥിതിക സമൂഹത്തിൽ ആണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അരങ്ങേറിയത് എന്നതു തന്നെ ആവേശത്തിന് വക നൽകുന്നു. ക്രമേണ ഈ ഗ്രന്ഥശാല സഹൃദയഗ്രന്ഥശാല ആയി മാറുകയും അതു പഞ്ചായത്തിനു കൈമാറുകയും ചെയ്തു. നന്ദിയോട് ഗ്രന്ഥശാലപ്രസ്ഥാനത്തിലൂടെ വളർന്നു വികസിച്ചവരാണ് ഇപ്പോൾ കേരളകൗമുദി പത്രത്തിന്റെ എഡിറ്റോറിയൽ ബോർഡ് അംഗവും പ്രസിദ്ധ പത്രപ്രവർത്തകനുമായ എൻ.ആർ.എസ്.ബാബു, പ്രസിദ്ധസാഹിത്യകാരൻ ഡോ.വിജയാലയം ജയകുമാർ, ഡോ.കെ.രാമചന്ദ്രൻ, ശ്രീ.നളിനാക്ഷൻ, ശ്രീ.എൻ.തങ്കപ്പൻ തുടങ്ങിയവർ.

ദേശീയ പ്രസ്ഥാനത്തിന്റെ അനുരണനങ്ങൾ പകർന്നുനൽകിയ സാംസ്കാരിക ഉത്തേജനം നന്ദിയോടെന്നതുപോലെ തന്നെ പഞ്ചായത്തിലെ മറ്റു വിദൂരകേന്ദ്രങ്ങളായ പേരയം, പനയമുട്ടം, കുറുപുഴ തുടങ്ങിയ അനവധി സ്ഥലങ്ങളിൽ ഗ്രന്ഥശാലാപ്രവർത്തനങ്ങൾക്ക് പ്രേരണയായി. പഞ്ചായത്തിന്റെ പടിഞ്ഞാറ് പനയമുട്ടത്ത് ദേശിയപ്രസ്ഥാനനേതാവും സാമൂഹികപരിഷ്കർത്താവുമായിരുന്ന ശ്രീ.കുരിയോട് നാരായണക്കുറുപ്പിന്റെ നാമധേയത്തിൽ ദീർഘദർശിയായിരുന്ന ശ്രീ.എൻ.ദിവാകരൻപിള്ള നൽകിയ അഞ്ചു സെന്റ് സ്ഥലത്ത് 1950-ൽ തന്നെ പബ്ലിക്ക് ലൈബ്രറി ആരംഭിച്ചു. പനയമുട്ടം വിശാഖമന്ദിരത്തിൽ ശ്രീ.പി.രാഘവൻപിള്ള, മലയടി ശ്രീ.കൃഷ്ണപിള്ള, കുരിയോട് ശ്രീ.ജി.രാഘവൻപിള്ള എന്നിവരുടെ ശ്രമഫലമായി ആണ് പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം രൂപം കൊണ്ടത്.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിൽ കുറുപുഴ ജയവിലാസത്തിൽ ശ്രീ. ബാലകൃഷ്ണൻ, ശ്രീ. ജേക്കബ് നാടാർ, ശ്രീ. നീലകണ്ഠൻ നാടാർ, ശ്രീ. വാസുദേവൻ ആശാൻ, ശ്രീ. മുഹമ്മദ് എന്നിവർ മുൻകൈ എടുത്ത് സ്ഥാപിച്ചതാണ് കുറുപുഴ സംസ്കാര വർദ്ധിനി ഗ്രന്ഥശാല. ഇടയത്ര ഗോപാലൻ പോറ്റി ആണ് ആ സ്ഥലം നൽകിയത്. ആദ്യമായി എൺപതു രൂപ ഗ്രാന്റ് ലൈബ്രറിക്കു ലഭിച്ചു. ശ്രീ. പി. എൻ. പണിക്കർ [ഗ്രന്ഥശാല സംഘം] എല്ലായ്പ്പോഴും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു. ചെറുതും വലുതുമായ ഗ്രന്ഥശാലകൾ ഈ രംഗത്ത് ഇന്നു പ്രവർത്തിച്ചു വരുന്നു. പേരയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിജ്ഞാനപോക്ഷിണി ഗ്രന്ഥശാല, ചുടൽ എൻ. എം. എ. സി. ഗ്രന്ഥശാല, ആനകുളം ചിരന്തന ഗ്രന്ഥശാല, വട്ടപ്പൻകാട് ജി. എസ്. എ. സി., നന്ദിയോട് ഫൈറ്റേഴ്സ്, ആലംപാറ എസ്. എൻ. യൂത്ത് മൂവ്മെന്റ് ഗ്രന്ഥശാല ഇവ നന്ദിയോടിന്റെ ദീപ്തമായ സാസ്കാരിക ചരിത്രത്തിന്റെ പിൻമുറക്കാരായി നിൽക്കുന്നു.

ചൈതന്യവത്തായ സാമൂഹിക പ്രവർത്തനം ലക്ഷ്യം വച്ച് നന്ദിയോട്ടും തുടർന്ന് മറ്റു പല ഭാഗങ്ങളിലും ചെറിയ സാംസ്കാരിക സംഘടനകൾ രൂപം കൊണ്ടതും നമ്മുടെ സാംസ്കാരികചരിത്ര അവലോകനത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഈ രംഗത്തു ആദ്യമായി രൂപംകൊണ്ടത് 1941-ൽ മഹാത്മാ യുവജനസമാജമാണ്. ശ്രീ. കെ. വിശ്വംഭരൻ, ഡോക്ടർ രാമചന്ദ്രൻ, ശ്രീ. തങ്കപ്പൻ, ശ്രീ. നാഗപ്പൻപിള്ള, ശ്രീ. നളിനാക്ഷൻ, ശ്രീ. ഗോപിനാഥൻ, ശ്രീ. റ്റി. ജോർജ്, ശ്രീ. കെ. കുഞ്ഞുകൃഷ്ണപിള്ള, ശ്രീ. കെ. സദാനന്ദൻ എന്നിവർ ഇതിനു മുൻകൈ എടുത്തു. പ്രസംഗം, പഠനം, സാഹിത്യചർച്ചകൾ തുടങ്ങി നാനാവിധ മേഖലകളിൽ സമാജം പ്രവർത്തിച്ചിരുന്നു. നാടക പ്രവർത്തനങ്ങളും ആഘോഷ പരിപാടികളും സ്ഥിരമായി സംഘടിപ്പിച്ചിരുന്നു. 1960ൽ സമാജം രണ്ടാവുകയും കേരള യുവജന ഫെഡറേഷന്റെ കീഴിൽ ടാഗോർ ആർട്സ് ക്ലബ്ബ് രൂപം കൊള്ളുകയും ചെയ്തു. ഡോ. സത്യദേവ്, പി. കെ. ഹരിദാസ്, കെ. രവീന്ദ്രനാഥ്, കെ. കെ. ശശീന്ദ്രബാബു, കെ. വിശ്വംഭരൻ, പി. അപ്പുക്കുട്ടൻ നായർ, എൽ. രത്നാകരൻ എന്നിവർ മുഖ്യ പ്രവർത്തകർ ആയിരുന്നു. ഈ രണ്ടു സംഘടനകളും മത്സര ബുദ്ധിയോടു കൂടി പ്രവർത്തിച്ചു. ഇവർക്ക് യഥാക്രമം 'മഹാത്മാ' എന്നും 'പ്രതിഭ' എന്നും പ്രശസ്തമായി പ്രവർത്തിച്ചിരുന്ന പാരലൽ കോളേജുകളുമുണ്ടായിരുന്നു. 1977 മുതൽ 'ടാഗോർ ആർട്സ്' 'പ്രതിഭ' രംഗ

മായി മാറി. ക്രമേണ പച്ചയിൽ സപര്യ, പുലിയൂരിൽ ഫൈറ്റേഴ്സ്, താന്നിമൂട്ടിൽ ഫ്രണ്ട്സ്, ആലംപാറ യുവധാര, ചുടൽ എൻ. എം. എ. സി., പാലോട് ഗ്ലോബൻ സിംഫണി, ജി. എസ്. എ. സി. വട്ടപ്പൻ കാട്, ചാറ്റർജി കള്ളിപ്പാറ, എസ്. എൻ. യൂത്ത് മൂവ്മെന്റ് ആലംപാറ, സമദർശിനി കിടാരക്കുഴി, കെ. വി. എം. വെമ്പ്, പ്രീയദർശിനി വെമ്പ്, വൈ. എം. എ. പച്ചമല, സംഘവേദി; ഇളവട്ടം, ഇ. വി. എം. ഇളവട്ടം, പൗരാവലി ആലുംകുഴി, പൗരസമിതി ചെല്ലഞ്ചി, സംസ്കാര; പെരിങ്ങമ്മല, നവോദയ; നന്ദിയോട്, മേള സമഭാവന കരിമൺകോട്, യുവപ്രതിഭ പാപ്പനംകോട്, തുടങ്ങി നാനാഭാഗത്തും കാര്യക്ഷമമായും നാമമാത്രമായും പ്രവർത്തിക്കുന്ന ധാരാളം സംഘടനകൾ ഉണ്ടായി. നന്ദിയോട് നവോദയ പ്രഫഷണൽ കലാസമിതിയാണ്. ഓണത്തോട് അനുബന്ധിച്ച് മാത്രമാണു പല സംഘടനകളും സജീവമാകുന്നത്.

കേരളത്തിന്റെ സമസ്ത മേഖലയിലും ഇടപെട്ട് നിൽക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളും നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക ആരോഗ്യ പരിസ്ഥിതി രംഗങ്ങളെ രൂപപ്പെടുത്തുന്നതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 1972 ൽ തന്നെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ നന്ദിയോട്ട് ആരംഭിച്ചു. ദീർഘവീക്ഷണത്തോടുകൂടിയുള്ള പരിഷത്തിന്റെ പ്രവർത്തനങ്ങൾ നന്ദിയോട്ട് സാംസ്ക്കാരിക രംഗത്ത് ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സാക്ഷരത പ്രവർത്തനത്തിലും ഇന്ന് നടക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലും പരിഷത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ട്.

ജനുവരി മാസത്തോടുകൂടി ക്ഷേത്രോത്സവങ്ങൾക്ക് അരങ്ങ് ഒരുങ്ങുന്നത് ഒരു സാധാരണ കാഴ്ചയാണ്. കേരളത്തിലെ ഒന്നാംകിട പ്രഫഷണൽ കലാസമിതികളുടെ കലാവിരുന്നുകൾ ക്ഷേത്രങ്ങളിൽ സംഘടിപ്പിക്കുന്നതിൽ പരസ്പരം മത്സരിക്കുന്ന പൊതു രീതിയാണ് ഇന്നുള്ളത്. ഉത്സവങ്ങളിൽ എടുത്തു പറയത്തക്കത് പച്ച നെടുംപറമ്പു ശാസ്താ ക്ഷേത്രത്തിലെ ദേശീയ മഹോത്സവമാണ്. കേരളത്തിലെ നാലു പരശുരാമ പ്രതിഷ്ഠകളിൽ ഒന്നാണ് പുരാതനമായ ഈ ക്ഷേത്രത്തിലുള്ളതെന്ന് വിശ്വസിക്കുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഉത്സവത്തിൽ പങ്കെടുക്കുന്നതിന് എത്തിച്ചേരും. ഇതുപോലെ തന്നെ പ്രസിദ്ധമാണ് ആലംപാറ ദേവീ ക്ഷേത്രത്തിലെ ഉത്സവം. ഏഴു ദിവസം നീണ്ടു നിൽക്കുന്ന പരിപാടികളാണ് സാധാരണ ഉള്ളത്. നന്ദിയോട് ശ്രീ. സുബ്രഹ്മണ്യ ക്ഷേത്രം, പച്ചയിൽ സുബ്രഹ്മണ്യക്ഷേത്രം, കള്ളിപ്പാറ ആയിരവല്ലി ക്ഷേത്രം, വെമ്പു ശിവക്ഷേത്രം, പൗവ്വത്തൂർ മല്ലൻ തമ്പുരാൻ ക്ഷേത്രം, ചെല്ലഞ്ചി ക്ഷേത്രം തുടങ്ങി ധാരാളം ക്ഷേത്രങ്ങളിൽ ആഘോഷ പരിപാടികൾ ഈ അവസരങ്ങളിൽ നടക്കുന്നു. കാൽനൂറ്റാണ്ട് മുൻപ് കാവുകളിലും കൊടുതിക്കളങ്ങളിലും ആയി വളർന്നു വന്ന നാടൻ കലാരൂപങ്ങളുടെയും തനതു കലകളുടെയും സ്ഥാനത്താണ് ഈ മാറ്റം ഉണ്ടായിരിക്കുന്നത്.

മതമൈത്രിക്കു പേരുകേട്ട നമ്മുടെ പഞ്ചായത്തിൽ പുരാതന കാലത്തു തന്നെ ക്രൈസ്തവൻ പള്ളികളുണ്ടായിരുന്നു. പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ ക്രമങ്ങൾ നിലവിൽ വരുന്നതിനു മുൻപ് തന്നെ ഈ രംഗത്തു കടന്നു വന്നവർ ആയിരുന്നു ക്രിസ്തവൻ മിഷനറിമാർ. നാടിന്റെ നാനാഭാഗങ്ങളിലും അതി പുരാതന കാലം മുതൽ തന്നെ ക്രൈസ്തവൻ പള്ളികൾ നിലവിലുണ്ട്. അതുപോലെ തന്നെ നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ കാര്യമായ സംഭാവനകളുമായി പഞ്ചായത്തിൽ ന്യൂനപക്ഷമെങ്കിലും മുസ്ലീങ്ങളും മുഖ്യധാരയിൽ തന്നെയുണ്ട്.

കായികം

മറ്റു മേഖലകളിലെന്നതു പോലെ തന്നെ കായിക മേഖലയിലും തനതായ മുദ്ര പതിപ്പിക്കുന്നതിനു കഴിഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. 1941ൽ മഹാത്മാ യുവജന സമാജത്തിന്റെ പ്രവർത്തനങ്ങൾ മുതൽ തന്നെ കായിക വികസനത്തിനു കാര്യമായ പ്രോത്സാഹനം നൽകിയിരുന്നു. സമാജത്തിൽ മുൻനിര പ്രവർത്തകനും പിൽക്കാല പഞ്ചായത്തു വൈ. പ്രസിഡന്റും ആയ ശ്രീ. നാഗപ്പൻപിള്ള ഒരു മികച്ച കായിക പ്രതിഭയും സംഘാടകനും ആയിരുന്നു. പിൽക്കാലത്ത് മത്സരബുദ്ധിയോടെ പ്രവർത്തിച്ച യുവജനസംഘടനകൾ ഈ കായികരംഗത്തിന്റെ വികസനത്തിനു കാര്യമായ സംഭാവനകൾ നൽകി. കബാഡി, വോളീബാൾ, കിളിത്തട്ടുകളി എന്നിവ വ്യാപകമായി പ്രചരിക്കപ്പെട്ടിരുന്നു. അത്ലറ്റിക് മത്സരങ്ങളിൽ സംസ്ഥാനതലംവരെ എത്തിയ കായികതാരങ്ങൾ ഉണ്ടായിരുന്നു. അവരിൽ ചിലരാണ് സതീശൻ, പുഷ്പൻ, ശ്രീലത, ജയശ്രീ, B. സുരേശൻ എന്നിവർ. ഇതിൽ ശ്രീ സുരേശൻ 1975ൽ നടന്ന അഖിലേന്ത്യ അന്തർ സർവ്വകലാശാല മത്സരങ്ങളിൽ ലോംഗ്ജംപിൽ വെങ്കലമെഡൽ നേടി.

1970-കളിൽ ആരംഭിച്ച വോളിബോൾ ടൂർണമെന്റ് കേരളത്തിലെ മികച്ച ടീമുകളെ സംഘടിപ്പിച്ചുകൊണ്ടു എല്ലാവർഷവും നടത്തിയിരുന്നു. അടുത്ത കാലങ്ങളിലാണ് ആ പ്രവർത്തനം നിന്നു പോയത്.

നമ്മുടെ പ്രദേശത്ത് അത്ലറ്റിക്സിൽ കൂടി വളർന്നവർ ആയിരുന്നു ശ്രീ. ആർ. ആർ. നല്ലമിത്ര, ശ്രീ. ചന്ദ്രചൂഡൻ, ശ്രീ. സുരേഷ്ബാബു എന്നിവർ. ഇതിൽ നല്ലമിത്രയ്ക്ക് CISFലും ചന്ദ്രചൂഡൻ, സുരേഷ്ബാബു എന്നിവർക്കു കേരള പോലീസിലും ജോലി ലഭിച്ചു. വനിതകളും ഈ രംഗത്ത് ഒട്ടും പിന്നിലല്ല. പച്ചയിൽ വീട്ടിൽ ഷീജയ്ക്ക് ആദ്യമായി ജീ. വി. രാജ

സ്പോർട്സ് സ്കൂളിൽ പ്രവേശനം ലഭിച്ചു. സിന്ധു, ഗീത എന്നിവർക്കു ജോലി ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. എന്നാൽ കാര്യമായ പരിശീലനസൗകര്യങ്ങൾ ഈ രംഗത്തില്ല എന്നത് ലജ്ജാകരമാണ്.

നീന്തൽ

നന്ദിയോടു പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽദായകമേഖല ആയിരിക്കുകയാണ് ഇന്ന് നീന്തൽ രംഗം. നന്ദിയോടു പഞ്ചായത്തിന്റെ അധീനതയിലുള്ള പച്ചക്ഷേത്രക്കുളത്തിൽ നീന്തൽ പരിശീലനം ആരംഭിച്ചിട്ട് ഇരുപതുവർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ കാലയളവിൽ ഇതിലൂടെ ജോലി ലഭിച്ചവർ നൂറിനു പുറത്തുവരും. സർവ്വശ്രീ. പി. സനൽകുമാർ, ആർ. കുമാർ, ജി. വിനോദ് കുമാർ, ജെ. സി. മധുകുമാർ, എസ്. പ്രദീപ് കുമാർ, കെ. ജി. രതീഷ്, പി. വിമൽ കുമാർ, എസ്. മിനി, അനിൽ കുമാർ തുടങ്ങിയ ദേശീയ അന്തർദേശീയ താരങ്ങൾ ഇതിന്റെ സൃഷ്ടികളാണ്. ഏഷ്യൻ, സാഫ്ഗയിംസ്, ലോക റയിൽവേ, പാൻപസഫിക് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ആർ. കുമാറും പി. സനൽകുമാറും ഇന്ത്യൻ ടീമിന്റെ മുഖ്യപരിശീലകനായ എസ്. പ്രദീപ് കുമാറും നമ്മുടെ നാടിന്റെ കീർത്തി അന്യദേശങ്ങളിൽ എത്തിച്ചവരാണ്. റെയിൽവേ, സി.ആർ.പി.എഫ്., ഐ.റ്റി.ബി.പി., ബി.എസ്.എഫ്., എം.ഇ.ജി., എ.എസ്.സി., ഇന്ത്യൻ നേവി, എയർഫോഴ്സ് തുടങ്ങി നിരവധി വകുപ്പുകളിലായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇവിടെയുള്ള നീന്തൽതാരങ്ങൾ ജോലി നോക്കുന്നു. ഈ രംഗം കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ തൊഴിൽ മേഖലകളിൽ മാത്രമൊതുങ്ങുന്നില്ല. പ്രഫഷണൽ കോഴ്സുകളിൽപ്പെടെയുള്ള കോളേജ് പ്രവേശനങ്ങൾ, സ്പോർട്സ് ഡിവിഷൻ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കേരള സർക്കാരിന്റെ സമഗ്ര കായികരംഗ വികസന പദ്ധതിയായ 'ഗോൾഡ് ഫണ്ട് സ്കീം' സെലക്ഷൻ, എസ്.എസ്.എൽ.സി.. മുതലുള്ള ഗ്രേസ് മാർക്ക് ആനുകൂല്യം, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്കോളർഷിപ്പുകൾ തുടങ്ങി നീന്തൽരംഗം കൊണ്ടു നാടിനുണ്ടായിട്ടുള്ള നേട്ടങ്ങൾ നിരവധിയാണ്. നന്ദിയോടിന്റെ ചരിത്രത്തിൽ സുവർണലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട നിരവധി മുഹൂർത്തങ്ങളാണ് നീന്തൽക്കുളവും നീന്തലും സൃഷ്ടിച്ചിട്ടുള്ളത്.

എന്നാൽ ജനസംഖ്യാനുപാതികമായി കായിക രംഗം വിലയിരുത്തപ്പെടുമ്പോൾ, പണ്ടു കാലത്തുണ്ടായിരുന്ന പരിശീലന പരിപാടികളോ താല്പര്യങ്ങളോ ഇന്നു കാണപ്പെടുന്നില്ലയെന്നത് നഗ്ന സത്യമാണ്. രക്ഷിതാക്കൾ കായികമേഖലകളിലേക്ക് കുട്ടികളെ ബോധപൂർവ്വം തിരിച്ചു വിടുന്ന ആരോഗ്യകരമായ ഒരു പുത്തൻ രീതി വളർത്തിയെടുക്കേണ്ടതാണ്.

[പഞ്ചായത്തിലെ സാംസ്കാരിക സംഘടനകളെക്കുറിച്ചും ഗ്രന്ഥശാലകളെക്കുറിച്ചും ഉള്ള ചാർട്ടുകൾ ചുവടെ ചേർക്കുന്നു.]

സാംസ്കാരിക-കായികരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലാ പ്രവർത്തനം എത്തിയിട്ടില്ല. ഉള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
2. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
3. നിലവിലുള്ള ഗ്രന്ഥശാലകളിൽ മിക്കതും ജീർണാവസ്ഥയിലാണ്.
4. സ്കൂളുകളിൽ കുട്ടികൾക്കുവേണ്ടിയുള്ള ഗ്രന്ഥശാലകൾ നാമമാത്രമായിപ്പോലും പ്രവർത്തിക്കുന്നില്ല.
5. സ്കൂളുകളിൽ സാഹിത്യസമാജങ്ങൾ സജീവമാക്കുവാനും കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കുവാനും ഉള്ള ശ്രമങ്ങളില്ല. കുട്ടികൾക്ക് സർഗാത്മകമേഖലകളിൽ മാറ്റുരക്കുവാനുള്ള അവസരങ്ങൾ കുറവാണ്.
6. പഞ്ചായത്തു സാംസ്കാരികനിലയത്തെ അതിന്റെ ലക്ഷ്യത്തിലെത്തിക്കുന്നതിനു കഴിഞ്ഞിട്ടില്ല.
7. മിക്ക വിദ്യാലയങ്ങളിലും കലാവിഷയങ്ങൾ (ചിത്രരചന, സംഗീതം, നൃത്തം, മൃദംഗം etc.) പഠിപ്പിക്കുന്നതിനുള്ള ശ്രമങ്ങളില്ല.
8. കുട്ടികളുടെ സമ്പാദ്യശീലരൂപീകരണത്തിൽ നിർണായക പങ്കു വഹിക്കുന്ന സ്കൗട്ട് ആന്റ് ഗൈഡ്സ് പ്രവർത്തനം എല്ലാ സ്കൂളുകളിലും വ്യാപിച്ചിട്ടില്ല.
9. ആദിവാസികളുടെ സാംസ്കാരികോന്നമനം ലക്ഷ്യമാക്കി വട്ടപ്പൻകാട്ടിൽ നിർമ്മിച്ച കമ്മ്യൂണിറ്റിഹാൾ ഇതുവരെയും ഉദ്ഘാടനം ചെയ്തിട്ടില്ല.
10. ഗിരിവർഗമേഖലക്കാരുടെ കലാഭിവൃദ്ധിക്കുള്ള സൗകര്യങ്ങൾ ശുഷ്കമാണ്.
11. മൺമറഞ്ഞുപോകുന്ന ആദിവാസികലകളെയും നാടൻ കലകളെയും സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
12. പഞ്ചായത്തു തലത്തിൽ കായികസംഘടനകളുടെ ഐക്യവേദി രൂപപ്പെട്ടിട്ടില്ല.
13. സാംസ്കാരികസംഘടനകൾ പലതും ഓണാഘോഷ സംഘങ്ങളായി ചുരുങ്ങുന്നു. എറ്റെടുക്കാൻ പ്രവർത്തനങ്ങളോ അവ ചെയ്യുവാൻ ശേഷിയോ പല സംഘടനകൾക്കുമില്ല.
14. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കലാസമിതികൾക്ക് പത്രമാസികകൾപോലും വാങ്ങുന്നതിനുള്ള ധനശേഷിയില്ല.
15. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അതിപ്രസരം ഉണ്ടാക്കുന്ന സാംസ്കാരിക ജീർണ്ണത.
16. പൊതുപരിപാടികൾ, നാടകങ്ങൾ, തുടങ്ങിയവയ്ക്കും വിവാഹം തുടങ്ങിയ ചടങ്ങുകൾക്കും പൊതു ഉടമസ്ഥതയിൽ ഒരു കമ്മ്യണിറ്റിഹാൾ ഇല്ല.
17. അനവധി ദേശീയ-അന്തർദേശിയ നീന്തൽതാര

ങ്ങൾക്കു ജന്മം നൽകിയിട്ടുള്ള ഇന്നു പ്രയോജനരഹിതമാണ്. പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും തന്നെയില്ല.

18. നീന്തൽ രംഗത്തു മികവുപുലർത്തുന്ന ഒരു പ്രദേശമെന്ന നിലയിൽ ഇവിടെ സ്ഥാപിക്കപ്പെടേണ്ട സ്പോർട്സ് സ്കൂൾ, ഹോസ്റ്റൽ എന്നിവയ്ക്കു വേണ്ടിയുള്ള പരിശ്രമങ്ങളില്ല.

19. കായിക പരിശീലനത്തിനു വേണ്ടുന്ന പ്രാഥമിക സൗകര്യങ്ങളോ ഉപകരണങ്ങളോ ഇല്ല. ഈ രംഗത്തു പ്രവർത്തിക്കുന്ന കായിക സംഘടനകൾ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നുണ്ട്.

പരിഹാരനിർദ്ദേശങ്ങൾ

1. വാർഡുകളിലൊന്ന് എന്ന ക്രമത്തിലെങ്കിലും ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും നിലവിലുള്ളവ കാര്യക്ഷമമാക്കുകയും ചെയ്യുക. ആരോഗ്യകരമായി പ്രവർത്തിക്കുന്ന കായികസംഘടനകളെ പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ ഈ രീതിയിൽ മാറ്റിത്തീർക്കാവുന്നതാണ്.

2. പഞ്ചായത്തു സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനത്തിലുള്ള അപാകതകൾ പരിഹരിക്കണം. ആ സ്ഥാപനം നന്ദിയോട് ജംഗ്ഷനിലുള്ള മന്ദിരത്തിലേക്കു മാറ്റിയാൽ സാമൂഹ്യ വിരുദ്ധശല്യം കുറയ്ക്കുവാനാകും.

3. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യണം.

4. പനയമുട്ടം കെ.എസ്.എൻ. മെമ്മോറിയൽ ഗ്രന്ഥശാലയും കുറുപുഴ സംസ്കാരവർദ്ധിനി ഗ്രന്ഥശാലയും അടിയന്തിരമായി ജീർണോദ്ധാരണം നടത്തണം.

5. എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾക്ക് അധികവായനയ്ക്കും അവരുടെ സർഗശേഷി വർദ്ധിപ്പിക്കുവാനും ഉതകുന്ന ഗ്രന്ഥശാലകൾ ഉണ്ടാക്കുക. ഉള്ളവ പ്രവർത്തന ക്ഷമമാക്കുക. പുസ്തകങ്ങൾ വിതരണം ചെയ്യുന്നുവെന്നുറപ്പാക്കുക. കൈയ്യെഴുത്തു മാസികകൾക്കും സാഹിത്യസമാജങ്ങൾക്കും രൂപം നൽകുക.

6. വിവിധ കലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടുപിടിച്ച് പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ പരിശീലനം നൽകുക.

7. വിദ്യാലയങ്ങളിൽ സ്കൗട്ട് ആന്റ് ഗൈഡിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

8. സ്കൂളുകളിലെ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക.

9. മൂന്നാം വാർഡിൽ വട്ടപ്പൻ കാട്ടിൽ ഗിരിജനങ്ങൾക്കായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ അടിയന്തിരമായി തുറന്നു കൊടുക്കുക.

10. ആദിവാസികലകൾ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികളുണ്ടാവണം. അന്യംനിന്നുപോകുന്ന കലാരൂപങ്ങൾ സംരക്ഷിക്കുന്നതിന് സ്ഥാപനം ഉണ്ടാവണം. ആദിവാസികലകൾ ആഡിയോ വീഡിയോ കാസറ്റുകളിലാക്കി സൂക്ഷിക്കണം.

11. പഞ്ചായത്തു തലത്തിൽ കായിക സംഘടനകൾക്കും ഗ്രന്ഥശാലകൾക്കുമായി ഒരു കേന്ദ്രസമിതി ഉണ്ടാക്കുക.

12. പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും സംഘടനകളെ സജീവമായി പങ്കെടുപ്പിക്കുക. സാമ്പത്തികച്ചെലവു വരുന്ന ചെറുപദ്ധതികൾ ഈ സംഘടനകളിലൂടെ നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

13. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാസമിതികൾക്കു ഗ്രാന്റ് നൽകുക.

14. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തണം. ഇതിനു സന്നദ്ധസംഘടനകളുടെ സേവനം ഉറപ്പാക്കുക.

15. അടിയന്തിരമായി പഞ്ചായത്തുതലത്തിൽ കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

16. പഞ്ചായത്തിൽ രണ്ടാം വാർഡിലുള്ള നീന്തൽകുളം അടിയന്തിരമായി പുനഃസംവിധാനം ചെയ്യുക. എല്ലാക്കാലത്തും ജലലഭ്യത ഉറപ്പുവരുത്തുക. ആവശ്യത്തിനുള്ള എണിപ്പടികൾ, ഡ്രസ്സിംഗ് റൂം, ടോയ്ലെറ്റ്, കോമ്പൗണ്ട്വേലി എന്നീ ആവശ്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഉറപ്പാക്കുക.

17. നീന്തൽ മേഖലയിൽ സ്പോർട്സ് സ്കൂൾ, ഹോസ്റ്റൽ എന്നിവ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുക.

18. കായികപരിശീലനത്തിന് 400 മീറ്റർ ട്രാക്കുള്ള കളിസ്ഥലം സ്ഥാപിക്കുക. കായികപരിശീലന സൗകര്യങ്ങൾ ഉറപ്പാക്കുക.

19. പഞ്ചായത്ത് നീന്തൽ കുളത്തിൽ ഒരു ലൈഫ് ഗാർഡിനെ നിയമിക്കുക.

വനിതാക്ഷേമം

സമൂഹത്തിന്റെ എല്ലാ തലത്തിലും സ്ത്രീകൾ അനുഭവിക്കുന്ന വിവേചനവും അവർ നേരിടുന്ന പീഡനവും നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളാകട്ടെ നിത്യ സംഭവമാണ്.

ദശാബ്ദങ്ങളായി സ്ത്രീകളുടെ മോചനത്തിനായി പ്രവർത്തിച്ചു വരുന്ന ചെറുതും വലുതുമായ വനിതാ സംഘടനകളുടെ പ്രവർത്തനങ്ങൾ സ്ത്രീ പ്രശ്നത്തിന്റെ മൂല കാരണങ്ങൾ കണ്ടെത്താനും പ്രശ്ന പരിഹാരത്തിനുമായി നടത്തുന്ന സംവാദങ്ങൾ ശക്തിപ്പെട്ടുവരുന്നുവെന്നത് തെല്ലൊരാശ്വാസമാണ്.

ചരിത്രത്തിൽ സ്ത്രീയുടെ അധഃപതനം ആരംഭിക്കുന്നത് സ്വകാര്യ സ്വത്തിന്റെ ഉത്ഭവത്തോടെയാണ്. സ്വകാര്യ സ്വത്തിനെ ആധാരമാക്കി ഉയർന്നു വന്നിട്ടുള്ള സാമൂഹ്യ വ്യവസ്ഥ പുരുഷ കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥയായത് യാദൃശ്ചികമല്ല. പ്രാഥമികമായ അവകാശങ്ങൾപോലും സ്ത്രീയ്ക്ക് നിഷേധിക്കപ്പെടുന്നു. ജനനം മുതൽ മരണം വരെ പാരമ്പര്യ ചങ്ങലകൾ സ്ത്രീയെ കീഴ്പെടുത്തുന്നവയാണ്. ജനിച്ചു വീഴുന്നതു മുതൽ, വിവാഹ കമ്പോളത്തിലെ ഒരു ചരക്കെന്ന നിലയിലാണ് പെൺകുഞ്ഞുങ്ങളെ സമൂഹം വീക്ഷിക്കുന്നത്.

മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയുടെ ആരംഭത്തോടെ സ്ത്രീയുടെ അധമ പദവിയും, സാമൂഹ്യഘടനയും തമ്മിലുള്ള ബന്ധത്തിന് ഒരു മറ വീണു. പീഡനത്തിന്റെ സമൂഹ്യവശം മറയ്ക്കപ്പെട്ടു. പീഡനം വ്യക്തിപരമായ ഒരു അനുഭവമാണെന്ന പ്രതീതി ജനിപ്പിച്ചു.

ലാഭാധിഷ്ഠിത വ്യവസ്ഥയിൽ സ്ത്രീയ്ക്ക് പഴയ ചങ്ങലയ്ക്കു പകരം പുതിയ കാണാ ചങ്ങല തീർത്തു. ഈ സാമൂഹ്യ വ്യവസ്ഥ ഏറ്റവും വികസിതമായിരിക്കുന്നത് പാശ്ചാത്യരാജ്യങ്ങളിലാണ്. അവിടത്തെ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതി ഒന്നവലോകനം ചെയ്താൽ ഇത് വ്യക്തമാകും. സാക്ഷരതയിലും സ്ത്രീ വിദ്യാഭ്യാസത്തിലും മറ്റും പുരോഗതി ഉണ്ടായിട്ടും സ്ത്രീ പുരുഷ സമത്വം ഇന്നും ഒരു ദിവാസ്വപ്നമാണ്.

സ്ത്രീയുടെ തൊഴിൽ പങ്കാളിത്തം ഉയർന്നെങ്കിലും കുടുംബ ചുമതലകൾ സ്ത്രീയുടെ ചുമലിൽ താങ്ങാനാവാത്ത ഭാരമായി മാറുന്നു.

നമ്മുടെ സമൂഹത്തിൽ പുരുഷ മേധാവിത്വ ആശയങ്ങളുടെ സ്വാധീനം സർവ്വസ്പർശിയാണ്. ഈ അവസ്ഥ സനാതനവും സ്വാഭാവികവുമാണെന്ന ബോധം ഭൂരിപക്ഷം സ്ത്രീകളിലും നിലനിൽക്കുന്നു. ജനനം മുതൽ സ്ത്രീക്കു ലഭിക്കുന്ന സാമൂഹ്യ ശിക്ഷണം പുരുഷമേധാവിത്വ ആശയങ്ങളെ അരക്കിട്ടുറപ്പിക്കുന്നവയാണ്. ഈ മേധാവിത്വനില അതിരൂഢമൂലമായി തുടരുന്നതിന്റെ ഫലമായി വീടുപണിക്കു പുറമേ വീടിനു പുറത്തുള്ള പണിയും സ്ത്രീയുടെ ചുമലിൽ തന്നെയാകുന്നു. കുട്ടികളുടെ വിദ്യാഭ്യാസ ചുമതലയും അമ്മയ്ക്കാണ്. ഇക്കാരണങ്ങളാൽ സ്ത്രീകൾക്ക് പൊതു പ്രവർത്തനത്തിലേർപ്പെടാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നു. സ്ത്രീകളെ സാമൂഹ്യ മാറ്റത്തിനുവേണ്ടി അണിനിരത്താനുള്ള ഒരു അവശ്യ ഉപാധി പുരുഷമേധാവിത്വത്തിനെതിരെ പടപൊരുതാൻ തയ്യാറെടുക്കലാണ്. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള വനിതാ

പ്രസ്ഥാനങ്ങൾ രൂപീകരിക്കുവാൻ നാം തയ്യാറാകണം. സ്ത്രീകളുടെ ആരോഗ്യനില കേവലം മരണ നിരക്കിനെ മാത്രം അടിസ്ഥാനമാക്കി അളക്കുന്നത് ശരിയല്ല. ആദ്യം പുരുഷൻ, പിന്നെ കുട്ടികൾ, ബാക്കിയുണ്ടെങ്കിൽ സ്ത്രീക്ക്. ഇതാണല്ലോ സാധാരണ വീടുകളിലെ ഭക്ഷണക്രമം. ആദ്യം മൂണ്ട് മൂറുക്കിയുടുക്കേണ്ടതും സ്ത്രീതന്നെ. പക്ഷെ പോഷകാഹാരക്കുറവ് പുരുഷനേയും സ്ത്രീയേയും ഒന്നുപോലെ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെയും സ്ത്രീ അവഗണിക്കപ്പെടുന്നു. പോഷാകാഹാരക്കുറവിനോടൊപ്പം പ്രസവം, സ്ത്രീ സംബന്ധമായ രോഗങ്ങൾ ഇവയൊക്കെ സ്ത്രീയുടെ ആരോഗ്യത്തെ തകർക്കുന്നു. ആൺകുട്ടിക്ക് നൽകുന്ന ആരോഗ്യ പരിരക്ഷ പെൺകുട്ടികൾക്ക് നൽകാറില്ല. 'കുടുംബക്ഷേമ' പദ്ധതിയിലെ ഗർഭനിരോധന ഗുളികകളും ഹോർമോൺ ഇഞ്ചക്ഷനുകളിൽ പലതും ദോഷഫലങ്ങൾ ഉളവാക്കുന്നവയാണ്. ഭ്രൂണ വൈകല്യങ്ങൾ നിർണ്ണയിക്കാനും ചികിത്സിക്കാനും വേണ്ടി പ്രയോജനപ്പെടുത്താവുന്ന 'ആമ്നിയോ സിന്തസിസ്' ഇന്ന് കൂടുതലും പെൺകുഞ്ഞുങ്ങളെ ഭ്രൂണാവസ്ഥയിൽ തന്നെ നശിപ്പിക്കുവാനുള്ള ഒരു വിദ്യയാക്കി മാറ്റിയിരിക്കുന്നു.

വിടിനു പുറത്ത് തൊഴിലെടുക്കുന്ന സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങളും നിരവധിയാണ്. 8, 10 മണിക്കൂർ കഠിനാധ്വാനത്തിനുശേഷം വീട്ടിലും തുടർച്ചയായി പണി ചെയ്യേണ്ടി വരുന്ന സ്ത്രീയുടെ അവസ്ഥ ദയനീയമാണ്. സ്ത്രീയും പുരുഷനും ഒരുമിച്ച് വീട്ടു ജോലി ചെയ്യുന്ന ഒരു സംസ്കാരത്തിനുവേണ്ടി ശക്തമായ ആശയ പ്രചരണം നടത്തേണ്ടതുണ്ട്.
അടുക്കളയിലെ പുക സ്ത്രീയുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന വസ്തുത നാം അംഗീകരിക്കുന്നു. പരിഷത്തടുപ്പുകളുടെ പ്രചാരം ഒരു പരിധിവരെ അടുക്കളയിൽ ജോലി ചെയ്യുന്നവർക്ക് ആശ്വാസമായിരിക്കും.

സാമൂഹ്യ സംഘട്ടനങ്ങളിലെ പകവീട്ടലുകൾക്ക് സ്ത്രീകളെയാണ് ഉപകരണമാക്കപ്പെടുന്നത്. പൊതുസ്ഥലങ്ങളിലും യാത്രാവാഹനങ്ങളിലും മറ്റും അവഹേളനത്തിന്റെയും ബലപ്രയോഗത്തിന്റെയും ഭീഷണി നേരിടുന്നതും സ്ത്രീകളാണ്. പുറം ലോകത്തെ പരാജയങ്ങൾക്ക് പുരുഷൻ പലപ്പോഴും പകരം വീട്ടുന്നത് വീട്ടിലെ സ്ത്രീകളോടാണ്. ഭർത്താവിന്റെ മദ്യപാനം സ്ത്രീധന സമ്പ്രദായം എന്നിവ മിക്കപ്പോഴും സ്ത്രീ പീഢനത്തിന് വഴിയൊരുക്കുന്നു.

സ്ത്രീപുരുഷ സമത്വത്തിനായി ഭരണഘടനയുടെ നാലാമദ്ധ്യായത്തിലെ, പരിരക്ഷ, സ്ത്രീധന നിരോധന നിയമം, ബലാൽസംഗത്തിനെതിരായ നിയമം തുടങ്ങി ഒട്ടേറെ സ്ത്രീ സംരക്ഷണനിയമങ്ങളുണ്ടെങ്കിലും ഈ നിയമങ്ങളിൽ കടന്നു കൂടിയിരിക്കുന്ന പഴുതുകളുപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുകയാണ്. പത്ര മാസികകൾ, സിനിമ, ടി.വി, റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ സ്ത്രീയോ ഒരു ഉപഭോഗവസ്തുവായിട്ടാണ് ചിത്രീകരിക്കുന്നത്. അതോടൊപ്പം വികൃതമായ ഒരു ഉപഭോക്തൃ സംസ്ക്കാരം വളർത്തിയെടുക്കുന്ന പ്രവർത്തനവും നടന്നു വരുന്നു.

പൊതു ഉടമസ്ഥതയിലും ജനങ്ങളുടെ പരസ്പര ഉടമസ്ഥതയിലും ഊന്നുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ മാത്രമേ സ്ത്രീ പുരുഷ സമത്വം കൈവരിക്കാനാവൂ.

വനിതാക്ഷേമം

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. പുരഷന്മാരെക്കാൾ 555 പേർ. പട്ടികജാതിയിലും കൂടുതൽ സ്ത്രീകൾ തന്നെ. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങൾ കുറവാണ്. ഭർത്താവ് ഉപേക്ഷിച്ചവരും വിധവകളും താരതമ്യേന കൂടുതലാണ്. വിദ്യാഭ്യാസമേഖലയിൽ സ്ത്രീകൾ മുന്നിലാണ്. എഴുതാനും വായിക്കാനും അറിയാത്തവർ ഇല്ലെന്നുതന്നെ പറയാം. സ്തീധനപീഢനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നു. സ്ത്രീകൾ ഗൃഹനാഥയായിട്ടുള്ള നിരവധി കുടുംബങ്ങളുണ്ട്. വനിതാക്ഷേമത്തിനായി കാര്യമായ പ്രവർത്തനമൊന്നും നടന്നിട്ടില്ല. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവരുടെ ബന്ധുക്കളായി വിരലിലെണ്ണാവുന്ന സ്ത്രീകൾ സമരത്തോട് ആഭിമുഖ്യം പുലർത്തിയിരുന്നു.

1960 നോടടുത്ത് പച്ചയിൽ ശ്രീമതി L. സുമതി പ്രസിഡന്റായും ശ്രീമതി സുഭദ്ര അമ്മ സെക്രട്ടറിയായും രൂപീകരിച്ച പാലോട് വില്ലേജ് മഹിളാസമാജമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ സംഘടന. ശ്രീമതി ജോയിസ്, ചെല്ലമ്മ, സ്വയംപ്രഭ, ഭവാനി, പത്മാക്ഷി, രുഗ്മിണി അമ്മ എന്നിവർ അംഗങ്ങളായിരുന്നു. 1964ൽ സംഘടന രജിസ്റ്റർ ചെയ്യുകയും സ്വന്തമായി സ്ഥലം വാങ്ങി, ഒരു കെട്ടിടം നിർമ്മിച്ച് അതിൽ ഒരു നഴ്സറി സ്കൂളും, തയ്യൽ ക്ളാസ്സും നടത്തി വന്നു. ഏതാനും വർഷങ്ങൾക്കു ശേഷം പ്രസ്തുത സ്ഥാപനം കൂടുതൽ പ്രവർത്തനസൗകര്യത്തിനായി ആലുംമൂട്ടിലേയ്ക്ക് മാറ്റി. ഇന്ന് ആലുംമൂട് അംഗൻവാടി നടത്തുന്നത് പ്രസ്തുത മഹിളാസമാജത്തിന്റെ വകയായാണ്. തുടർന്ന് പല മഹിളാസമാജങ്ങളും സ്ത്രീ ഉന്നമനത്തിനായി രൂപം കൊണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായില്ല. രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ ഏതാനും മഹിളാസമാജങ്ങൾ ഇന്നും പ്രവർത്തിച്ചുവരുന്നു. ചെല്ലഞ്ചി ശാന്തി മഹിളാസമാജം, കുടവനാട് വീക്ഷണം മഹിളാസമാജം, ആലംപാറ S.N മഹിളാസമാജം, കുറുന്താളി ചൈതന്യ മഹിളാസമാജം, പച്ചക്കാട് ഇന്ദിര പ്രിയദർശിനി മഹിളാസമാജം, വട്ടപ്പങ്കാട് മഹിളാസമാജം, ആലുംകുഴി സഹൃദയ മഹിളാസമാജം, നന്ദിയോട്

ഐക്യമഹിളാസമാജം, കള്ളിപ്പാറ മഹിളാസമാജം, പാലുവള്ളി മഹിളാസമാജം, നന്ദിയോട് മഹിളാസമാസ്തസംഘ് എന്നിവയാണ്

കേരളസ്റ്റേറ്റ് ടെയ്ലേഴ്സ് അസോസിയേഷൻ, ആൾ കേരള ടെയിലേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളിൽ അംഗമായ 300ലേറെ തയ്യൽ പരിശീലനം കഴിഞ്ഞ വനിതകൾ ഈ പഞ്ചായത്തിലുണ്ട്. സംഘടനാതലത്തിൽ ശക്തരാണെങ്കിലും തൊഴിൽരംഗത്ത് ഇന്നും അശക്തരാണ് ഇവർ. ഒരു തൊഴിൽ മേഖല കണ്ടെത്താനുള്ള നേതൃത്വമില്ലായ്മ കൊണ്ട് ഇവരും തൊഴിൽ രഹിതരായി നില്ക്കുന്നു.

ഗിരിജൂർ തൊഴിൽ പരിശീലന കേന്ദ്രം

ഗിരിജനങ്ങളായ പെൺകുട്ടികൾക്ക് ചൂരൽ, പ്ലാസ്റ്റിക് എന്നവ കൊണ്ട് ഗൃഹോപകരണങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നല്കുന്ന ഒരു സ്ഥാപനമാണിത്. രണ്ടുവർഷത്തെ പരിശീലനം നേടി പുറത്തുവരുന്നവരെ സ്വയം തൊഴിലിൽ പ്രാപ്തരാക്കാനുള്ള തുടർ പ്രവർത്തനങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഇവരും തൊഴിൽരഹിതരായി തുടരുന്നു.

വനിത റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണസംഘം

102 വനിതകൾ അംഗമായ ഒരു സഹകരണസംഘമാണിത്. തയ്യൽ പരിശീലനവും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും അതിന്റെ വിപണനവും നടത്തുന്നു. തുച്ഛമായ ശമ്പളം ലഭിക്കുന്നു. 4 ജീവനക്കാരുണ്ടെന്നെതൊഴിച്ചാൽ കാര്യമായ പുരോഗതിയൊന്നും ഈ സ്ഥാപനത്തിനില്ല.

കൈകൂത്തൊഴി സഹകരണസംഘം

തൊഴിലില്ലാത്ത 10 വനിതകൾ ചേർന്ന് ആരംഭിച്ച ഒരു തൊഴിൽ മേഖലയാണിത്. നല്ലൊരു ലക്ഷ്യം കണ്ടുകൊണ്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

തോളന്നൂർ സ്മാരക ഖാദി ഉല്പാദനകേന്ദ്രം. പേരയം

കേരള ഖാദി വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ 1980ൽ ആരംഭിച്ച ഒരു കേന്ദ്രമാണിത്. കാര്യമായ പുരോഗതിയൊന്നുമില്ലാതെ ഒരു സ്മാരകമായി ഇന്നും നിലനില്ക്കുന്നു. ആരംഭത്തിൽ പൊതുപ്രവർത്തകരുടെ ഇടപെടൽ ഉണ്ടായിരുന്നു. 45 സ്ത്രീകൾ ഇന്നും ഇവിടെ ജോലി ചെയ്യുന്നു. ഒരു ദിവസം 1015 രൂപയിലധികം വേതനമായി ലഭിക്കാറില്ല. ഇവിടെ ഉണ്ടായിരുന്ന നെയ്ത്ത് തറികൾ ഇന്ന് പ്രവർത്തനമില്ലാതെ കിടക്കുന്നു. 16 വർഷമായിട്ടും ഇന്നുവരെ ഇവിടെ വൈദ്യുതി ലഭിച്ചിട്ടില്ല.

ബഹുജനസംഘടനകളിലും, രാഷ്ട്രീയ സംഘടനകളിലും വനിതകൾക്ക് അംഗത്വമുണ്ടെങ്കിലും പ്രവർത്തനമണ്ഡലങ്ങളിൽ നാമമാത്രമായ പ്രവർത്തനങ്ങളാണുള്ളത്. എന്നാൽ സാക്ഷരതാ പ്രവർത്തനം, പഞ്ചായത്ത് റിസോഴ്സ്മാപ്പിംഗ്, സാമൂഹിക-സാമ്പത്തിക സർവ്വേ, നീരൊഴുക്ക് സർവ്വേ എന്നിവയിൽ സ്ത്രീകളാണ് മുന്നിൽ നിന്ന് പ്രവർത്തിച്ചത്.

അംഗൻവാടികൾ

ആറുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന 27 അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ട്. 50ലധികം വനിതകൾ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സജീവവും ഫലപ്രദവുമാണ്. എന്നാൽ സ്ഥലസൗകര്യവും ഉപകരണങ്ങളുടെ കുറവും ഈ കേന്ദ്രങ്ങളുടെ പുരോഗതിയ്ക്ക് തടസ്സമായി നിൽക്കുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം നോക്കുമ്പോൾ സ്ത്രീതൊഴിലാളികൾ ഭാഗികതൊഴിലാളികളാണ്. തൊഴിൽരഹിതരായ യുവജനങ്ങളിൽ അധികവും വനിതകളാണ്. കാർഷികമേഖലയിൽ തൊഴിലെടുത്തിരുന്നവർ കെട്ടിടനിർമ്മാണം, ഇഷ്ടിക നിർമ്മാണം, മണലൂറ്റ് തുടങ്ങിയ തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്നു.

നിർമ്മാണരംഗത്ത് (ഈറ കൊണ്ടുള്ള സാധനങ്ങൾ) വളരെ കുറച്ചുപേർ മാത്രമേ ജോലിചെയ്യുന്നുള്ളൂ. നിത്യചെലവിനുള്ള വരുമാനമാർഗ്ഗമായി ഈ തൊഴിൽമേഖല മുരടിച്ചു നിൽക്കുന്നു.

വിവധ സന്ദർഭങ്ങളിലായി 350 വീടുകളിൽ പരിഷത്ത് ടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. അടുപ്പിന്റെ ഉപയോഗം സംരക്ഷണം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തിയാൽ കൂടുതൽ വീടുകളിൽ പരിഷത്ത് ടുപ്പുകൾ സ്ഥാപിക്കാൻ കഴിയും. വരും നാളുകളിൽ വിറക് ക്ഷാമം നാം അഭിമുഖീകരിക്കേണ്ടി വരുമെന്നുള്ള വസ്തുത കണ്ടുകൊണ്ട് ഈ കാര്യം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

വനിതാക്ഷേമ വികസനചർച്ചയിൽ കൃഷി, വ്യവസായം, തൊഴിൽ മുതലായവയിൽ സ്ത്രീ പങ്കാളിത്തത്തിന് വലിയ പ്രാധാന്യം നൽകേണ്ടതാണ്. സമ്പത്തുല്പാദനവുമായി ബന്ധപ്പെടുത്തിയാലേ സ്ത്രീയുടെ സ്വയം പര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പാക്കാനാവൂ. പഞ്ചായത്തിലെ സ്ത്രീകളുടെ മൊത്തം തൊഴിൽ ശക്തി കണക്കാക്കി അഭ്യസ്തവിദ്യരായവർക്കും അല്ലാത്തവർക്കും സ്വയം തൊഴിൽ കണ്ടെത്തണം.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ മുഖ്യ പ്രശ്നമാണ്. സ്ത്രീകൾക്ക് സാമൂഹിക-സാമ്പത്തിക സുരക്ഷിതത്വത്തിന് പുരുഷനെ ആശ്രയിക്കേണ്ട നിലയാണിന്നുള്ളത്.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾക്ക് കടന്നുവ

രാൻ പുരുഷമേധാവിത്വം തടസ്സമായി നിൽക്കുന്നു.

3. സ്ത്രീകളുടെ കൂട്ടായ്മയിലുള്ള തൊഴിൽ സംരംഭങ്ങൾ ഉയർന്നുവരാൻ സംഘബോധവും, കാര്യശേഷിയും ഇല്ല.

4. മഹിളാസമാജങ്ങളുടെയും MSS ന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

5. അംഗനവാടികൾ, മാതൃസംരക്ഷണകേന്ദ്രങ്ങൾ എന്നിവയുടെ അവസ്ഥ ശോചനീയമാണ്.

6. സ്ത്രീകളെ ഉപഭോഗവസ്തുവായി ചിത്രീകരിക്കുന്ന മാധ്യമങ്ങളുടെ പ്രചാരണം ശക്തമാണ്. ബഹുഭൂരിപക്ഷം സ്ത്രീകളും ഈ മാധ്യമങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു.

7. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾക്കുവേണ്ട പരിശീലനവും മാർഗ്ഗനിർദ്ദേശവും ലഭിക്കുന്നില്ല.

8. സ്വയം തൊഴിലിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ.

9. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിയ്ക്കായ്ക.

10. ഭക്ഷ്യവിളകളുടെ വിസ്തൃതി കുറയുകയും കൃഷി മേഖലയിൽ നിന്നും സ്ത്രീ തൊഴിലാളികൾ പുറംതള്ളപ്പെടുകയും ചെയ്യുന്നു.

11. പുതിയ തലമുറയിലെ സ്ത്രീകൾ കാർഷികവൃത്തിയിൽ തല്പരരല്ല.

12. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അസൗകര്യം.

13. മദ്യപാനം സ്ത്രീക്കും കുടുംബത്തിനും ഒരു ദുരന്തമായി നിലനിൽക്കുന്നു.

14. വീട്ടാവശ്യത്തിനുള്ള വിറക്, മണ്ണെണ്ണ എന്നിവയുടെ ലഭ്യത ദിനംപ്രതി കുറഞ്ഞുവരുന്നു.

15. പ്രാചീനരീതിയിലുള്ള വിറകടുപ്പുകളാണ് ഭൂരിഭാഗം വീടുകളിലുമുള്ളത്. പുക ശ്വസിക്കുന്നതിന്റെ ഫലമായി പല ശ്വാസകോശരോഗങ്ങൾക്കും അടിമപ്പെടുന്നു.

16. ഗർഭിണികൾക്ക് പരിചരണമോ, പ്രസവസൗകര്യമോ ഇല്ലാത്ത ആരോഗ്യകേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

17. നന്ദിയോട് ചന്ത അനാരോഗ്യകരമായ സ്ഥിതിയിലാണ്. ചന്തയിലെത്തുന്നവരിൽ 90% വും സ്ത്രീകളാണ്. ചന്തയിൽ മലിനീകരണവും അസൗകര്യങ്ങളും നിലനിൽക്കുന്നു.മത്സ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങൾ ഓടകളിൽ വീണ് മലിനജലം താഴേയ്ക്ക് ഒഴുകയാണ്.

18. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

19. പെൺമക്കളുടെ ജീവിതപങ്കാളിയെ കണ്ടെത്തുന്നതിന്റെ ചുമതല കുടുംബനാഥനാണെങ്കിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ട് പെൺകുട്ടികൾ ഏറെ ദുരിതമനുഭവിക്കേണ്ടിവരുന്നു.

20. സ്ത്രീകളുടെ ആത്മഹത്യാനിരക്ക് കൂടി വരുന്നു. വായനശാലയുമായി ബന്ധപ്പെടുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്.

21. കായികകലാരംഗങ്ങളിൽ സ്ത്രീകൾക്ക് അഭിരുചി

കർമ്മപദ്ധതിനിർദ്ദേശങ്ങൾ

1. പാലോട് ഗവ: ആശുപത്രിയിൽ സ്ഥിരമായി ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

2. എല്ലാ വീടുകളിലും പുകയില്ലാത്ത (പരിഷത്തടുപ്പ്) അടുപ്പു സ്ഥാപിച്ച് സ്ത്രീകളുടെ ആരോഗ്യ പരിരക്ഷയ്ക്ക് ആശ്വാസം നൽകുക.

3. പാലോട്, നന്ദിയോട് എന്നീ സ്ഥലങ്ങളിലും നന്ദിയോട് മാർക്കറ്റിലും പ്രാഥമിക ആവശ്യങ്ങൾക്കായി പൊതു കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക.

4. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുക

5. എല്ലാ വീടുകളേയും സഞ്ചിത നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാക്കുക.

6. സ്വയം സഹായ സംഘങ്ങളുണ്ടാക്കി സ്ത്രീകളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിച്ച് പ്രസ്തുത തുകയിൽ നിന്ന് ചെറു കിട കച്ചവടത്തിനും മറ്റും സാമ്പത്തിക സഹായം നൽകുക. സംഘത്തിനു ബാങ്കു വായ്പ ലഭ്യമാക്കുക.

7. ഓരോ വീട്ടിലും പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുക. അതിനാവശ്യമായ വിത്തും വളവും പഞ്ചായത്ത് തലത്തിൽ സബ്സിഡിയോടെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക

8. ജൈവവള പ്രയോഗവും, നാടൻ കീടനാശിനി പ്രയോഗവും പ്രചരിപ്പിക്കുകയും കൃത്രിമ വളത്തിന്റെയും മാരകമായ കീടനാശിനി പ്രയോഗത്തെയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

9. തരിശു ഭൂമികളിൽ കൂട്ടായി വാഴ, മലക്കറി തുടങ്ങിയവ കൃഷി ചെയ്യുക.

10. തയ്യൽ പരിശീലനം നേടിയ പെൺകുട്ടികളെ വാർഡു തലത്തിൽ സംഘടിപ്പിച്ച് റെഡിമെയ്ഡ് ഗാർമെന്റ്സ് ഉല്പാദിപ്പിച്ച് വില്പന നടത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

11. കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

12. ഈറ, ചൂരൽ എന്നിവ കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ത്രീകൾക്ക് പ്രസ്തുത തൊഴിലിൽ ശാസ്ത്രീയമായ പരിശീലനം നൽകി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

13. വിവിധ തരം തൊഴിലുകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

14. ദരിദ്ര കുടുംബങ്ങളിൽ ആടു വളർത്താനുള്ള ഒരു പദ്ധതി നടപ്പാക്കുക.

15. മുട്ടക്കോഴി വളർത്തലിനുള്ള പ്രോൽസാഹനം നൽകി എല്ലാ വീട്ടിലും കോഴി വളർത്താനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുക.

16. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ സാദ്ധ്യതകൾക്കായി സാമ്പത്തിക പദ്ധതികൾ കണ്ടെത്തുക.
17. ബേക്കറി സാധനങ്ങൾ, പലഹാരങ്ങൾ, മിഠായികൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് വിപണനം നടത്തുക.
18. നിത്യോപയോഗ സാധനങ്ങളായ സോപ്പ്, പൗഡർ, കറി പൗഡർ, തുടങ്ങിയ സാധനങ്ങൾ സ്ഥിരമായി വീടുകളിലെത്തിച്ചുള്ള വിപണന രീതിയിലൂടെ ഒരു തൊഴിൽ പദ്ധതി നടപ്പാക്കുക.
19. പഴവർങ്ങൾ സംസ്ക്കരിച്ച് ക്ഷേണ യോഗ്യമായ പാനീയങ്ങൾ നിർമ്മിച്ച് വില്പന നടത്തുക.
20. കോഴി വസന്തക്കെതിരായ കുത്തിവയ്പിനുള്ള പരിശീലനം നൽകി മരുന്നുമായി വീടു വീടാന്തരം കുത്തിവയ്പു നടത്തി ഒരു വരുമാനം കണ്ടെത്തുക.
21. സ്കൂൾ ബാഗ്, നോട്ടുബുക്ക് നിർമ്മാണം, മെഴുകുതിരി, തിപ്പെട്ട് നിർമ്മാണ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
22. സ്ത്രീകളെ ഉപഭോഗ വസ്തുവായും ഗാർഹിക തൊഴിലാളിയായും കണക്കാക്കുന്ന അസാംസ്ക്കാരിക നടപടികൾക്കെതിരെ പോരാടുക.
23. പഞ്ചായത്ത് തലത്തിൽ വനിതകൾക്കായി ഒരു കൗൺസലിംഗ് സെന്റർ സ്ഥാപിച്ച് കാലിക പ്രശ്നങ്ങളിന്മേൽ ബോധവൽക്കരണം നടത്തുകയും സ്ത്രീകളുടെ എല്ലാ വിധമായ മുന്നേറ്റങ്ങൾക്കും നേതൃത്വം നൽകുക.
24. എല്ലാ അംഗൻ വാടികളിലും ഓരോ വനിതാ സംഘടനകൾ രൂപീകരിച്ച് വനിതാ ക്ഷേമ പരിപാടികൾക്ക് നേതൃത്വം നൽകുക.
25. അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
26. മികച്ച അംഗൻ വാടികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.
27. മഹിളാ സംഘടനകൾക്ക് ധന സഹായം നൽകുക.
28. വൃദ്ധകളെ സംരക്ഷിക്കുന്നതിന് പകൽ വൃദ്ധ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
29. ഹോം നഴ്സിംഗിൽ പരിശീലനം നൽകി വനിതാ സംഘടനകളിലൂടെ അതിന്റെ പ്രവർത്തനം നിയന്ത്രിക്കുക.
30. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിൽ പരിശീലനം നൽകുക.
31. പെൺകുട്ടികൾക്ക് സൈക്കിൾ യാത്ര ചെയ്യാനുള്ള പരിശീലനം നൽകുക.
32. തൊഴിൽ മേഖലയിൽ തുല്യവേതനം നടപ്പിലാക്കുക.
33. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളുടെ പ്രദർശനവും പോസ്റ്ററുകളും നിരോധിക്കുക.
34. ഉപഭോക്തൃ വഞ്ചനക്കെതിരെ (മായം, അളവ്, തൂക്കം) നടപടി സ്വീകരിക്കുക.
35. സ്ത്രീകളെ ഉപദ്രവിക്കുന്നവരെയും അപമാനിക്കുന്നവരെയും സാമൂഹ്യ വിരുദ്ധരായി കണക്കാക്കി നടപടി സ്വീകരിക്കുക.
36. ആഡംബര വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
37. വിധവകളും ഭർത്താവുപേക്ഷിച്ചവരുമായ കുടുംബത്തിലെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപ സാമ്പത്തിക സഹായം നൽകുക.
38. സ്ത്രീധനം, സ്ത്രീപീഢനം, മദ്യപാനം എന്നിവയ്ക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങൾ സംഘടിപ്പിക്കുക
39. വായനശാലയുടെ പ്രവർത്തനം പുന സംവിധാനം ചെയ്യുക. പുസ്തകങ്ങൾ വീടുകളിലെത്തിച്ച് വായനാശീലം വളർത്താൻ വനിതാ സംഘടനയിലെ വാളണ്ടിയറന്മാരെ ചുമതലപ്പെടുത്തുക. ഓരോ വീട്ടിൽ നിന്ന് 5 രൂപയിൽ കുറയാത്ത ഒരു തുക പ്രതിഫലമായി സ്വീകരിച്ച് പ്രവർത്തകർക്ക് ഒരു വരുമാനമാർഗ്ഗം ഉറപ്പാക്കുക.
40. നന്ദിയോട് മാർക്കറ്റ് മാറ്റി സ്ഥാപിക്കുക. അല്ലാത്തപക്ഷം മലിനീകരണം തടഞ്ഞ് ആരോഗ്യകരവും സൗകര്യപ്രദവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
41. സ്ത്രീ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് നടപ്പിലാക്കുക.
42. സർക്കിൾ പോലീസ് സ്റ്റേഷനുകളിൽ വനിത പോലീസിനെ നിയമിക്കുക.
43. സ്ത്രീകൾക്ക് കായിക കലാ രംഗങ്ങളിൽ വേണ്ട പരിശീലനം നൽകാൻ വനിതാ സംഘടനകളേയും കായിക കലാ സംഘടനകളേയും ചുമതലപ്പെടുത്തുക.
44. കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിച്ച് തൊഴിൽ സാദ്ധ്യത കണ്ടെത്തുക.
45. കൂൺകൃഷി, ഓർക്കിഡ്, കുറ്റിമുല്ല എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്താൻ പരിശീലനവും സാമ്പത്തിക സഹായകവും നൽകുക.
46. 50 വയസ്സു കഴിഞ്ഞ സ്ത്രീകളെ സഹകരണ സംഘങ്ങളിലെ മരണാന്തര ഫണ്ടിൽ അംഗങ്ങളാക്കുക.
47. അംഗന വാടികൾക്ക് ആവശ്യമായ ഫർണീച്ചറും കളിപ്പാട്ടങ്ങളും നൽകുക.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പട്ടികവർഗ്ഗം

നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ 3,5,6,8 വാർഡുകളിലാണ് ഗിരിവർഗ്ഗക്കാർ താമസിക്കുന്നത്. ഗിരിവർഗ്ഗ വിഭാഗത്തിൽപ്പെട്ട 'കാണിക്കാർ' എന്ന ഒരു ജാതിക്കാർ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം തന്നെ ഈ ഗ്രാമം വനപ്രദേശമായിരുന്നു എന്നാണ്. ഒരു കാലത്ത് വനപ്രദേശങ്ങളിൽ യഥേഷ്ടം ജീവിക്കാൻ അവസരമുണ്ടായിരുന്ന ഈ കാടിന്റെ മക്കൾക്ക് വനസംരക്ഷണനിയമങ്ങൾ ഉടലെടുത്തതോടെ വനഭൂമിയിൽ ഗിരിവർഗ്ഗക്കാർക്കു ജീവിക്കാൻ ഗിരിജൻ സെറ്റിൽമെന്റുകൾ രൂപപ്പെട്ടു. 3-ാം വാർഡിലെ വട്ടപ്പൽകാട്, പ്രാമല കരിക്കകം, ചുടൽ മൺപുറം, ചണ്ണനിരവട്ടം, നാഗര, മാങ്കൂഴി വലിയവേങ്കാട്ടുകോണം, കിടാരക്കുഴി, ചത്തിയച്ചൽ കരിക്കകം 5-ാം വാർഡിലെ വാളാംക്കുഴി, കാപ്പിത്തോട്ടം, വെമ്പ്, മണലയം, ഈട്ടിമൂട് 8 ാാം വാർഡിലെ സമാധി മൺപുറം, നീർപാറ, ചെമ്പൻകോട്, കുഴിയം 8 ാാം വാർഡിലെ മുത്തിക്കാട് എന്നീ സെറ്റിൽമെന്റുകളിലാണ് ഗിരിവർഗ്ഗക്കാർ താമസിക്കുന്നത്. പാരമ്പര്യമായി വനാന്തര ജീവിതമാണ് ഗിരിവർഗ്ഗക്കാർക്കുള്ളതെങ്കിലും തനതായ ഒരു ജീവിതക്രമവും, ദൈവാരാധനരീതികളും, ചികിത്സാസമ്പ്രദായവും, കലയും സംസ്കാരത്തിനും ഉടമകളാണ് 'കാണിക്കാർ' സമുദായത്തിൻപ്പെട്ട ഈ ഗിരിവർഗ്ഗക്കാർ. കഴിഞ്ഞ രണ്ട് പതിറ്റാണ്ട് മുമ്പുവരെയും ആദിവാസികളായ ഈ ഗിരിവർഗ്ഗക്കാരുടെ കൈവശമുള്ള വനഭൂമിയിലെ കൃഷികളിൽ നാട്ടിൻപുറത്തുകാരുടെ ചൂഷണം നിലനിന്നിരുന്നു. വനസംരക്ഷണ നിയമങ്ങൾ രൂപപ്പെട്ടതോടെ ആ നിയമങ്ങൾ ഗിരിവർഗ്ഗക്കാരുടെ സംരക്ഷണക്കുകൂടി ഉപകരിച്ചതിനാൽ അത് ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ഇടനൽകി.

ഇന്ന് ചെറിയൊരു ശതമാനം ഗിരിവർഗ്ഗക്കാർ സ്വന്തമായി കൈവശമുള്ള ഭൂമിയിൽ കൃഷിചെയ്യാൻ അതീവ തൽപരരാണ്. എന്നാൽ കാട്ടുമൃഗങ്ങൾ നടത്തുന്ന കൃഷിനാശം അവരെയും വിഷമവൃത്തത്തിലാക്കുന്നു. കൈവശമുള്ള കൃഷിഭൂമിക്കു പട്ടയമോ, മറ്റു രേഖകളോ ഗിരിവർഗ്ഗക്കാർക്കു ലഭിച്ചിട്ടില്ലാത്തതിനാൽ കാർഷിക ആവശ്യത്തിനും മറ്റും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയോ, മറ്റു സാമ്പത്തിക സഹായങ്ങളോ നേടുവാൻ കൈവശമുള്ള കൃഷിഭൂമി ഇവർക്ക് ഉപകരിക്കുന്നില്ല. കൈവശഭൂമിയിൽ ഏറിയ പങ്കും തരിശുഭൂമിയായി കിടക്കുകയാണ്. മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, കമുക്, തെങ്ങ്, കുരുമുളക്, വാഴ, വെറ്റില, കശുമാവ് മുതലായവയാണ് ഗിരിവർഗ്ഗക്കാരുടെ പ്രധാന കൃഷിയിനങ്ങൾ. കമുക്, കുരുമുളക് ഇവ രോഗം ബാധിച്ച് പൂർണ്ണമായി നശിച്ചുപോയി. ഇവരുടെ കൈവശഭൂമിയിൽ റബ്ബർകൃഷി നടത്തുവാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിലോ ഫലപ്രദമായോ റബ്ബർ കൃഷി നടത്തുവാൻ ഇവർക്കു കഴിയുന്നില്ല. റബ്ബർ ബോർഡിന്റെ മേൽനോട്ടത്തിലും സാമ്പത്തിക സഹായത്തിലും റബ്ബർ കൃഷി ഗിരിവർഗ്ഗക്കാരുടെ കൈവശ ഭൂമിയിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും കാര്യമായ വളവും സംരക്ഷണയും ലഭിക്കാതെ ഈ റബ്ബർ കൃഷി ഗിരിവർഗ്ഗ മേഖലയിൽ ഫലവത്താക്കാൻ കഴിഞ്ഞാൽ സാമ്പത്തികമായും ജീവിതനിലവാര

ത്തിലും ഏറെ ഗുണപ്രദമാകും.

ഈ സെറ്റിൽമെന്റുകളിൽ ജീവിക്കുന്ന ഗിരിവർഗ്ഗക്കാർക്കിടയിൽ വിവിധ വകുപ്പുകളിലായി സർക്കാർ ജോലി ലഭിച്ചിട്ടുള്ള നിരവധിപേരുണ്ടെങ്കിലും പൊതുവിൻ ഗിരിവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസപരമായി ഒരു മുന്നേറ്റവും ഉണ്ടായിട്ടില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനവസരം നൽകുന്ന തരത്തിൽ ഒരു പ്രൈമറി സ്കൂൾ പോലും നാളിതുവരെ ഈ ആദിവാസിമേഖലയിൽ ആരംഭിച്ചിട്ടില്ല. സെറ്റിൽമെന്റിൽ ജീവിക്കുന്ന വിദ്യാർത്ഥികൾ പാലുവള്ളി ഗവ.യു.പി.എസ്, ഇളവട്ടം എൽ.പി.എസ്., കുറുപുഴ എൽ.പി.എസ്., നന്ദിയോട് S.K.V.H.S., ഇളവട്ടം B.R.M.H.S എന്നീ സ്കൂളുകളിൽ എത്തിയാണ് പഠിക്കുന്നത്. നിരവധി കിലോമീറ്ററുകൾ സഞ്ചരിച്ചാൽ മാത്രമേ ഇവർക്ക് ഈ സ്കൂളുകളിൽ എത്തിച്ചേരാൻ കഴിയൂ. ഗിരിവർഗ്ഗക്കാർക്കിടയിൽ മുതിർന്ന തലമുറയിൽ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു. ഈ പിന്നോക്കാവസ്ഥ നിലനിൽക്കുമ്പോഴും ഈ സെറ്റിൽമെന്റിൽ പിറന്ന് വളർന്ന ഗിരിവർഗ്ഗ യുവതിയായ ചന്ദ്രികയ്ക്ക് പറന്ന് ഉയർന്ന് ഒരു എയർഹോസ്റ്റസ് ആകാൻ കഴിഞ്ഞത് ഗിരിവർഗ്ഗക്കാർക്ക് അഭിമാനവും പ്രചോദനവും നൽകുന്നു.

ദൈവാരാധനാ കാര്യങ്ങളിൽ ആദിവാസികൾക്ക് തനതായ ഒരു ആരാധനാക്രമവും ആചാരരീതികളും ഇപ്പോഴും നിലവിലുണ്ട്.

മലദൈവങ്ങളെയാണ് പ്രധാനമായും ഇവർ ആരാധിക്കുന്നത്. എല്ലാ ഗിരിവർഗ്ഗ കുടുംബങ്ങൾക്കും കൊടുതിക്കളങ്ങൾ സ്വന്തമായിട്ടുണ്ട്. വർഷത്തിലൊരിക്കൽ ഈ കൊടുതിക്കളങ്ങളിൽ മന്ത്രവാദവും, ചാറ്റും, തുള്ളലും മറ്റ് ആഘോഷങ്ങളും നടത്താറുണ്ട്. ഗിരിവർഗ്ഗക്കാരുടെ വകയായ പൗവ്വത്തൂർ മല്ലൻ തമ്പുരാൻ ക്ഷേത്രം അടുത്തകാലത്ത് നാട്ടുകാരുടെ ശ്രമഫലമായി പുരോഗമിച്ചു. ഈ ക്ഷേത്രത്തിൽ കുടിയിരുത്തി പൂജിച്ചുവരുന്ന മല്ലൻ തമ്പുരാൻ എന്ന ശക്തിയെ പണ്ട് രാജഭരണകാലത്ത് നെടുമങ്ങാട് കൊട്ടാരത്തിൽ നിന്നും പവ്വത്തൂർ കാണി തറവാട്ടിലെ പഴമക്കാർ മന്ത്രശക്തിയാൽ ആവാഹിച്ചു പിടിച്ചുകൊണ്ടുവന്നു ഈ ക്ഷേത്രത്തിൽ കുടിയിരുത്തി എന്നാണ് ഐതീഹ്യം. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ ഉത്സവത്തോട് അനുബന്ധിച്ചു നടത്തിയിരുന്ന മൃഗബലി നാട്ടുകാരുടെ എതിർപ്പിനെ തുടർന്നാണ് നിർത്തിയത്.

പുരാതനമായി തന്നെ ആദിവാസികൾ സ്വന്തമായി 'ഒറ്റമൂലി' മരുന്നുകളും, പച്ചിലമരുന്നുകളും, ചില ആയുർവേദ മരുന്നുകളും ഉപയോഗിച്ചുള്ള ചികിത്സാരീതി ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും, ഭാവി തലമുറക്ക് ആ ചികിത്സാ സമ്പ്രദായം നിലനിർത്താൻ കഴിയുന്നില്ല. നിരവധി ഒറ്റമൂലികളുടക്കമുള്ള ഔഷധങ്ങളെകുറിച്ചുള്ള അറിവും ഭാവി തലമുറക്ക് നഷ്ടമാവുന്നു. മുൻകാലങ്ങളിൽ സെറ്റിൽമെന്റുകളിൽ ഉണ്ടായിരുന്ന ഒറ്റമൂലി ഔഷധങ്ങളുടക്കമുള്ള ഔഷധസസ്യങ്ങളുടെ കൃഷിയും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഒറ്റമൂലി ചികിത്സയിലും, ആയുർവേദ ചികിത്സയിലും, വിഷചികിത്സയിലും വിദഗ്ദരായ വൈദ്യന്മാരാണ് ശ്രീ. പി. രാഘവൻ കാണി (പേരയം), ശ്രീ രാമകൃഷ്ണൻ കാണി (ദ്രദംവച്ചപാറ). ഈ ആദിവാസി മേഖലയിൽ ആരോഗ്യപ്രശ്നങ്ങൾ നിരവധിയാണെങ്കിലും ഒരു രോഗം ബാധിച്ചാൽ ആ രോഗിയോ ഒരു ഗവൺമെന്റ് ആശുപത്രിയിൽ എത്തിക്കാൻ ബഹുദൂരം സഞ്ചരിച്ചാൽ മാത്രമേ കഴിയൂ.

പലകാലങ്ങളിലായി മറ്റു പ്രദേശങ്ങളിൽ നിന്നും പ്രാപ്തരായ ഗിരിവർഗ്ഗക്കാർ ഈ സെറ്റിൽമെന്റുകളിൽവന്ന് സ്ഥിരതാമസമാക്കിയിട്ടുണ്ട്. തൊഴിൽ വിദ്യാഭ്യാസം കൃഷി എന്നീ രംഗങ്ങളിൽ വന്നെത്തിയവർ പുരോഗമിച്ചുവെങ്കിലും ആദിവാസികളുടെ ജീവിതക്രമങ്ങൾ പിൻതുടർന്ന് ഈറ, ചൂരൽ ഇവകൊണ്ടുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കിയും, വനവസ്തുക്കൾ സംഭരിച്ചും, വിറക് വെട്ടിയും മറ്റും ഉപജീവനം നടത്തുന്ന ധാരാളം ഗിരിവർഗ്ഗക്കാർ ഇപ്പോഴും ഈ സെറ്റിൽമെന്റിൽ കുടിലുകളിൽ ജീവിക്കുന്നു. വീട്, കക്കൂസ്, കിണർ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പോലും സ്വന്തമായിട്ടില്ലാത്ത ധാരാളം ഗിരിവർഗ്ഗകുടുംബങ്ങളും, വൈദ്യുതിയും, റോഡും ഇല്ലാത്ത സെറ്റിൽമെന്റുകളും ഈ പഞ്ചായത്തിലുണ്ട്. വനസംരക്ഷണനിയമങ്ങൾ സെറ്റിൽമെന്റിലെ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നുണ്ട്.

പട്ടികജാതി

ഇന്നു കാണുന്ന നന്ദിയോട് ഗ്രാമം നൂറ്റാണ്ടുകൾക്ക് മുമ്പ് വനപ്രദേശമായിരുന്നു. ഈ വനപ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളേയും, പ്രകൃതിക്ഷോഭത്തെയും അതിജീവിച്ച് കാടുവെട്ടിതെളിച്ച് കൃഷിചെയ്യുവാനും ഈ കാടിനെ നാടാക്കി മാറ്റുവാനും പട്ടികജാതി വിഭാഗങ്ങളുടെ പൂർവികർ ചെയ്തിട്ടുള്ള കഠിനാധ്വാനം സങ്കല്പാതീതമാണ്. രാജഭരണവും, ജന്മി-അടിയാൻ വ്യവസ്ഥിതികളും നിലനിന്നിരുന്ന കാലത്ത് ഭൂമിയുടെ ഉടമസ്ഥതാ അവകാശം രാജാവിലും, ജന്മി-പ്രഭുക്കന്മാരിലും തന്നെയാണ് നിലനിന്നിരുന്നത്. ഭൂമിയുടെ ഉടമസ്ഥത അവകാശം ആർക്കായിരുന്നാലും ഭൂമിയിൽ കനകം വിളയിക്കുന്ന കൃഷിപ്പണി ചെയ്യുവാനുള്ള ചുമതല അധ:സ്ഥിത ജനങ്ങളായിരുന്ന പിന്നോക്ക ജാതിക്കാരുടെ ചുമതലയായി നിലനിന്നു. കൃഷിയിലൂടെ കനകം വിളയിക്കുന്ന കഠിനാധ്വാനം ചെയ്തിരുന്ന അധ:സ്ഥിത ജനസമൂഹത്തിന് സാമൂഹ്യമായി കഠിനമായ പീഡനം തന്നെ അഭിമുഖീകരിക്കേണ്ടിയിരുന്നു. നമ്മുടെ ഗ്രാമചരിത്രത്തിലും ജാതിമേൽക്കോയ്മയും 'തീണ്ടലും', 'തൊട്ടുകൂടായ്മ'യും തുടങ്ങിയ ദുരാചാരങ്ങൾ സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഒന്ന്, രണ്ട് പതിറ്റാണ്ടുകൾ നിലനിന്നിരുന്നു.

ഇക്കാലത്ത് ഹൈന്ദവക്ഷേത്രങ്ങളിൽ ഹരിജനങ്ങൾക്ക് പ്രവേശിക്കുവാനോ ദൈവാരാധന നടത്തുവാനോ അനുവാദമുണ്ടായിരുന്നില്ല. നേരിൽ ദൈവാരാധനയിൽ പങ്കെടുക്കാൻ ലഭിച്ച അവസരവും, സമൂഹ്യപീഡനങ്ങളിൽനിന്നും ലഭിച്ച സംരക്ഷണയും മറ്റു പലവിധമായ സഹായങ്ങളും ഹരിജനങ്ങളെ കൂട്ടത്തോടെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചു. ക്രിസ്ത്യൻ പള്ളികൾ അക്കാലത്ത് ഹരിജനങ്ങൾക്ക് വിദ്യാഭ്യാസപരമായി വളരുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലും ദളിത് ക്രിസ്ത്യൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സ്വതന്ത്ര ഭാരതത്തിൽ നിലവിൽ വന്ന നിയമ പരിരക്ഷകൾക്കൊപ്പം ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും, ട്രേഡ് യൂണിയൻ രംഗവും, സാമൂഹ്യ പ്രസ്ഥാനങ്ങളും നമ്മുടെ നാട്ടിൽ ഹരിജനങ്ങളുടെ സാമൂഹ്യപുരോഗതിക്ക് ഏറെ സഹായിച്ചുവെങ്കിലും കാടുവെട്ടിനാടാക്കി മാറ്റിയ നമ്മുടെ ഗ്രാമത്തിലേക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നും ഇതര സമുദായത്തിൽപ്പെട്ട ധാരാളം കുടുംബങ്ങൾ വന്നു സ്ഥിരതാമസമാക്കിയതിനാലും, കാലാനുസൃതമായി വന്ന സാമ്പത്തിക പുരോഗതിക്കൊപ്പം പിടിച്ചു നിൽക്കാൻ കെല്പില്ലാതിരുന്നതിനാലും ഇന്ന് നമ്മുടെ നാട്ടിലെ പട്ടികജാതി കുടുംബങ്ങൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലും ഭൂരിപക്ഷവും ഭൂരഹിത-ഭവന രഹിത കുടുംബങ്ങളുമായി തീർന്നു.

പട്ടികജാതി കോളനികൾ നിലവിലുണ്ട്. സർക്കാർ നൽകിയിട്ടുള്ള ലക്ഷംവീടു കോളനികളിലും, നാലു സെന്റ് കോളനികളിലും, പച്ചമല ഹരിജൻകോളനിയിലും, കിടാരക്കുഴി ഹരിജൻ കോളനിയിലുമായി കുറച്ചു ഭൂരഹിത പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ പഞ്ചായത്തിൽ വളരെ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ ഭൂരഹിത കുടുംബങ്ങളായി നിലവിലുണ്ട്. സർക്കാർ നൽകിയിട്ടുള്ളതും, കുടികിടപ്പവകാശമായി ലഭിച്ചിട്ടുള്ളതുമായ തുണ്ടുഭൂമികളിൽ ജീവിക്കുന്ന യുവതിയുവാക്കൾ ഭാവിയിൽ പുതിയ കുടുംബങ്ങളാകുമ്പോൾ തലചായ്ക്കാൻ ഇടം ഇല്ലാത്ത അവസ്ഥയെ ഭയപ്പെടുന്നു. ഇന്നു തന്നെ ഓരോ ചെറിയ കൂരകളിലും ഒരേ തലമുറയിൽപ്പെട്ട പല കുടുംബങ്ങൾ ഒരുമിച്ചാണ് താമസിക്കുന്നത്. സ്വന്തമായി വീടും, കിണറും, കക്കൂസും ഇല്ലാത്ത കുടുംബങ്ങൾ നിരവധിയുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഉന്നതബിരുദധാരികളായ പട്ടികജാതിക്കാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും നല്ലൊരു ശതമാനം പേർ വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലാണ്. മുതിർന്ന തലമുറയിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർഥികളിൽ ഹൈസ്ക്കൂൾ തലത്തിനുള്ളിൽ തന്നെ ധാരാളം പേർ വിദ്യാഭ്യാസം നിർത്തുന്നു. സർക്കാർ തലത്തിൽ നിരവധി പട്ടികജാതിക്കാർക്ക് വിവിധ വകുപ്പുകളിലും വിവിധതലങ്ങളിലുമായി ഉദ്യോഗം ലഭിച്ചിട്ടുണ്ടെങ്കിലും തൊഴിലില്ലാത്തവരാണ് അധികവും. കൂടുംബ പശ്ചാത്തലവും സാമ്പത്തിക സാഹചര്യങ്ങളും അനുകൂലമല്ലാതിരുന്നിട്ടും സ്വന്തം പ്രയത്നം കൊണ്ട് പഠിച്ച് M.B.B.S പാസ്സായി ഡോക്ടർ ആകാൻ കഴിഞ്ഞ പേരയം സ്വദേശി ഡോക്ടർ വാസു ഈ ഗ്രാമത്തിലെ പട്ടികജാതിക്കാർക്ക് എന്നും പ്രചോദനമാണ്. അദ്ദേഹം ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രൊഫസറാണ്.

നന്ദിയോട് പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട പുലയൻ, കുറവൻ, സാംബവൻ, വേടൻ, മണ്ണാൻ, പരവൻ എന്നീ സമുദായത്തിൽപ്പെട്ടവരാണുള്ളത്. ഇതിൽ കൂടുതൽ ആളുകളും പുലയൻ സമുദായത്തിൽപ്പെട്ടവരാണ്.

പട്ടിക വർഗ്ഗ വികസന വകുപ്പ് 1992-93 മുതൽ 1995-96 വരെ നന്ദിയോട് പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ.

1992-93

പദ്ധതിയുടെ പേര്	നൽകിയധനസഹായത്തിന്റെവിവരങ്ങൾ
1. സാങ്കേതിക പരിശീലനം നേടിയവർക്ക് ധനസഹായം	മരപ്പണിചെയ്യുന്നതിന് ഒരാൾക്ക് 500/-രൂപ
2. കോളനി നവീകരണ പദ്ധതി	വീട് ഓടിടുന്നതിന് 3പേർക്ക് 2000/-രൂപാവീതം
3. മോട്ടോർ ഡ്രൈവിംഗിൽ പരിശീലനം	ഹെവി മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിന് 3പേർക്ക് 4370/- രൂപാവീതം

1993-94

1. കോളനി നവീകരണ പദ്ധതി	വീട് വൈദ്യുതീകരിക്കുന്നതിന് ഒരാൾക്ക് 400/ രൂപാ കിണർ റിപ്പയർ ചെയ്യുന്നതിന്.
2. പ്രത്യേക കേന്ദ്രസഹായം	പെട്ടിക്കട നടത്തുന്നതിന് 2പേർക്ക് 1500/- രൂപാവീതം
	മരപ്പണി ചെയ്യുന്നതിന് ഒരാൾക്ക് 1000/-രൂപ.
	മാംസ്യക്കച്ചവടം ചെയ്യുന്നതിന്ഒരാൾക്ക് 500/- രൂപ
	പച്ചക്കറി കച്ചവടം ചെയ്യുന്ന ഒരാൾക്ക് 750/- രൂപ

1994-95

കോളനി നവീകരണ പദ്ധതി കക്കൂസ് നിർമ്മാണത്തിന 56 പേർക്ക് 950/-രൂപ

	വീതം	
പട്ടിവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് 5000/- രൂപാ വീതം	പാർപ്പിടം 92.93 ൽ 8 പേർക്ക് 93.94 ൽ 12 പേർക്ക് 94.95 ൽ 11 പേർക്ക് 95.95 ൽ 6 പേർക്ക്
പ്രത്യേക കേന്ദ്രസഹായം	തയ്യൽ യന്ത്രം വാങ്ങുന്നതിന് 3000/- രൂപ ആടുവളർത്തുന്നതിന് 2500/- രൂപാവീതം ഈറപണിചെയ്യുന്നതിന് 3 പേർക്ക് 1000/-രൂപാവീതം കസ്തൂരി മഞ്ഞൾ കൃഷിചെയ്യുന്നതിന് 2 പേർക്ക് 1000/- രൂപാ വീതം	
1995-96		
പ്രത്യേക കേന്ദ്രസഹായം	തയ്യൽ യന്ത്രം വാങ്ങുന്നതിന് ഒരാൾക്ക് 5000/- രൂപാ	
ട്യൂട്ടോറിയൽ ധനസഹായം	ടടഘലഇ തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ ചേർന്ന് പഠിക്കുന്നതിന് 6 പേർക്ക് 1150/- രൂപാ വീതം പ്രീഡിഗ്രി തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയിൽ ചേർന്ന് പഠിക്കുന്നതിന് 2 പേർക്ക് 750/- രൂപാ വീതം	
പാരലൽ കോളേജിൽ ചേർന്ന് പ്രീഡിഗ്രി പരീക്ഷ എഴുതുന്നതിന്ധനസഹായം	പാരലൽ കേളേജിൽ ചേർന്ന് ഡിഗ്രി പരീക്ഷ പാരലലായി പഠിച്ച് പരീക്ഷ എഴുതുന്നതിന് 28 പേർക്ക് 2592/- രൂപാ വീതം	
കെട്ടിമേച്ചിൽ ധനസഹായം	വീട് ഓലകെട്ടിമേയുന്നതിന് 5 പേർക്ക് 500/- രൂപാവീതം.	
സ്വയം തൊഴിലിന് പലിശ പലിശ രഹിത വായ്പ	സ്വയം തൊഴിൽ ചെയ്യുന്നതിന് ഒരാളിന് 10000/-രൂപാ	
കോളനി നവീകരണപദ്ധതി	കക്കൂസ് നിർമ്മാണത്തിൽ ഒരാക്ക് 1000/-രൂപാ	
പട്ടികവർഗ് പെൺതുട്ടികൾക്ക് വിവാഹ ധനസഹായം	വിവാഹത്തിന് ഒരാൾക്ക് 5000/- രൂപാ	

ആവശ്യങ്ങളും പരിഹാര നിർദേശങ്ങളും

1. സ്വന്തമായി ഭൂമിയുള്ളവരും വാസയോഗ്യമായ വീടില്ലാത്തവരുമായ എല്ലാ പട്ടികജാതി വർഗ കുടുംബങ്ങൾക്കും വീടു നിർമ്മിക്കാനുള്ള ധനസഹായം നൽകുക.
2. സ്വന്തമായി ഭൂമിയില്ലാത്ത എല്ലാ പട്ടികജാതി വർഗ കുടുംബങ്ങൾക്കും ഭൂമി വാങ്ങി വീടു പണിയാനും, വീടു വൈദ്യുതീകരിക്കാനും കക്കൂസ്, കിണർ ഇവ ഉണ്ടാക്കാനും ധനസഹായം നൽകുക.
3. കക്കൂസ്, കിണർ ഇവ ഇല്ലാത്ത കുടുബങ്ങൾക്ക് ഇവ നിർമ്മിക്കാനുള്ള ധനസഹായം നൽകുക.
4. ഓലപ്പുരകളിൽ ജീവിക്കുന്ന പട്ടികജാതി വർഗ കുടുംബങ്ങൾക്ക് ഓലകെട്ടി മേയുന്നതിനുള്ള ധനസഹായം നൽകുക.
5. വീടു വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടിക ജാതി വർഗ കുടുംബങ്ങൾക്ക് വീടു വൈദ്യുതീകരിക്കാനുള്ള ധനസഹായം നൽകുക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കയും, കാലതാമസം ഒഴിവാക്കുകയും ചെയ്യുക. കോളനികളിലേക്കുള്ള വഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
6. ആരോഗ്യസംരക്ഷണക്കായി പ്രത്യേക പദ്ധതി വേണം. പാലോട് ഗവ: ആശുപത്രിയുടെയും, ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം വിപുലീകരിക്കുക. മാരകരോഗം ബാധിച്ച് കഷ്ടതയനുഭവിക്കുകയും സാമ്പത്തിക പരാധീനതമൂലം ആധുനിക ചികിത്സ ലഭിക്കാത്തവർക്ക് ചികിത്സാ ധനസഹായം നൽകുക.
7. കൃഷി അഭിവൃദ്ധിപ്പെടുത്താൻ പദ്ധതി വേണം. കൃഷിഭവൻ വഴി പ്രത്യേക ഘടകപദ്ധതി പ്രകാരം മേൽത്തരം വിത്തുകളും, വളവും, പണിയായുധവും വിതരണം ചെയ്യുക. കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ വാർഡുതലത്തിൽ നടത്തുക.
8. സ്ക്കൂളുകളിലെ അദ്ധ്യായ നിലവാരം ഉയർത്തുക. പട്ടിക ജാതി വർഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുക. സ്ക്കൂളിൽനിന്നും സാമ്പത്തിക പരാധീനതമൂലം കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെയും പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഹോസ്റ്റൽസൗകര്യവും പ്രത്യേക ട്യൂഷനും നൽകി പ്രോത്സാഹിപ്പിക്കുക. ഈ പഞ്ചായത്തിലെ വിവിധ

സ്കൂളുകളിൽ 5-ാം സ്റ്റാൻഡേർഡു മുതൽ 10-ാം സ്റ്റാൻഡേർഡുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന SC/ ST വിദ്യാർത്ഥികളിൽ ഓരോ സ്റ്റാൻഡേർഡിലും ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന 10 വിദ്യാർത്ഥികൾക്ക് 1000 രൂപാ വീതം പ്രോത്സാഹന സമ്മാനം നൽകുക. P.DC, D.C തലത്തില പ്രശസ്തവിജയികളായ ഈ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും സമ്മാനം നൽകുക. ഈ സമ്മാന വിതരണ വേദികൾ ബോധവൽക്കരണസംരംഭങ്ങളാക്കി മാറ്റുക. നിർദ്ധനരായ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുക.

9. തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് തൊഴിലവസരം ഉണ്ടാക്കാൻ തൊഴിൽ പരിശീലനകേന്ദ്രങ്ങളും വ്യവസായ സംരഭങ്ങളും ആരംഭിക്കുക.

10. കോളനികളിലേക്കുള്ള പൊതുവഴികൾ വാഹനഗതാഗത സൗകര്യമുള്ള റോഡുകളാക്കി മാറ്റി ടാർ ചെയ്തു സംരക്ഷിക്കുക.

11.എല്ലാ കോളനികളിലും TV കേയിസ്ക്കും TVയും സ്ഥാപിക്കുക.

12. പട്ടികജാതി വർഗ്ഗക്കാർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾ അംഗീകൃതകോളനികളാക്കുക.

13. ഈ പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗക്കാരുടെ മാത്രം സർവേനടത്തി വിവിധ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുടെ മുൻഗണനാക്രമം നിശ്ചയിച്ച് ഒരു പട്ടിക തയ്യാറാക്കുക. ആനുകൂല്യങ്ങൾ അർഹതപ്പെട്ട വർക്ക് മുൻഗണനാപ്രകാരം നൽകുക

14. കള്ളിപ്പാറ – കടുവാപ്പാറ ആറ്റുപുറം പോക്കിലും, പാലോട്, ഉരാളിക്കോണം, ഇളവട്ടം റോഡുപുറം പോക്കിലും താമസിക്കുന്നവരെ പുന:രധിവസിപ്പിക്കാൻ പദ്ധതി നടപ്പിലാക്കുക.

15. കോളനികളിലെ പൊതുകിണറുകൾ ശുദ്ധീകരിക്കുക. SCP, TSP പദ്ധതികൾപ്രകാരം SC/ST മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ജലവിതരണ പദ്ധതി നടപ്പിലാക്കുക.

17. ഗവൺമെന്റ് ധനസഹായത്തിൽ നിർമ്മിച്ചിട്ടുള്ള വീടുകൾ (ലക്ഷം വീടുകൾ ഉൾപ്പെടെ) ജീർണ്ണിച്ച ഉൾപ്പടെ പുനരുദ്ധരിക്കൻ ധനസഹായം നൽകുക.

18 .പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

19. s.c.p; T.S.P പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ, ആ വർക്ക് ഏതൊരു പദ്ധതി പ്രകാരമുള്ളതാണ്, അടങ്കൽത്തുക എപ്രകാരമാണ്, കോൺട്രാക്റ്റ് വർക്കാണോ, നോമിനി വർക്കാണോ, പഞ്ചായത്ത് നേരിട്ട് നടത്തുന്ന വർക്കാണോ, വർക്ക് പൂർത്തിയാക്കാനുള്ള കാലാവധി എത്രയാണ് എന്നുള്ള കാര്യങ്ങൾ വ്യക്തമാക്കുന്ന പരസ്യ ബോർഡുകൾ വർക്ക് ആരംഭിക്കുമ്പോൾത്തന്നെ വർക്ക് സൈറ്റിൽ സ്ഥാപിക്കുക.

20. വാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

21.പ്രകൃതിദുരന്തങ്ങളിൽ നഷ്ടപ്പെട്ടിരിക്കുന്നവർക്ക് ഈറ്റ, ചൂരൽ ഇവ സൗജന്യനിരക്കിൽ നൽകുക.

22. വനവിഭവങ്ങളുടെ സംഭരണം, സംസ്കരണം, വിപണയൂണിറ്റുകൾ ആരംഭിക്കുക.

23. തൊഴിൽ പരിശീല പദ്ധതികളിൽ പട്ടിക ജാതി/യുവതി യുവാക്കളെ കഴിയുന്നത്ര പരിശീലനം നൽകി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ നൽകുക.

24. പഞ്ചായത്തിൽ അർഹരായവർമുഴുവൻ പട്ടിത ജാതി/പട്ടിക വർഗ്ഗ ആളുകൾക്ക് പെൻഷൻ അനുവദിക്കുക.

25. പട്ടയം ലഭിക്കാത്ത മുഴുവൻ ST/SC കക്കാർക്കും സൗജന്യ പട്ടയം അനുവദിക്കുക.

നന്ദിയോട് പഞ്ചായത്ത് പട്ടികജാതി സങ്കേതങ്ങൾ

പേരയം താളികുന്ന്
പാരമുകൾ
വലിയവേങ്കോട്ടുകോണം
പച്ചക്കാട്
ഓട്ടുപ്പാലം
കള്ളിപ്പാറ, ആലുവിള
കൂടവനാട്തെക്കേകോണ്
ഊളൻകുന്ന്
പനങ്ങോട്
കുറുംന്താളി
കിടാരക്കുഴി
അറവയൽക്കുഴി
ചെക്കാലക്കോണം കുന്നുപുറം
കുറുപുഴ
ആലംപാറ അയണിമൂട് കിഴക്കുംകര
ചൂടൽ
മീൻമൂട്ടി
പച്ചമല

നന്ദിയോട് പഞ്ചായത്ത് പട്ടികവർഗ്ഗ സങ്കേതങ്ങൾ

കാലങ്കാവ്
മാങ്കൂഴി
വട്ടപ്പൻകാട്
ചൂടൽ മൺപുറം
പ്രാമല
പുലിച്ചമല
ഭദ്രംവച്ചപ്പാറ
നാഗര
കിടാരക്കുഴി
മാടൻപാറ
മരുതുംമൂട്
മാടൻപാറ

പുറത്തിവിള
വാളംകുഴി
വെമ്പ്
ഇഞ്ചക്കാട്/വലിയ വേങ്കോട്ട്കോണം
പച്ചമല
മീൻമുട്ടി
നീർപ്പാറ (I. H. D. P 1993. 94)
കുഴിയൻ/ മണിയൻപാറ
ചെക്കോണം/ പൊടിക്കിലാം
കരിയംകോട്
ചേറുകോട്
വാഴോട്ട് കോണം
ഇടയ്ക്കോട്
ചാന്തനാട്
ഉറിയാക്കോട്ട്
പാറക്കാണി
മണലയം
പാലുവള്ളി

15.9.96 ൽ നടന്ന വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളുടെ സംഗ്രഹം

സഹകരണം, വിഭവസമാഹരണം

സഹകരണം

സഹകരണരംഗത്തിന്റെ സ്വാധീനം എത്തിച്ചേരാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ വിരളമാണ്. സഹകരണ മേഖലയെ മാത്രം ആശ്രയിച്ച് ജീവിത വൃത്തി കണ്ടെത്തുന്ന നല്ലൊരു വിഭാഗം ആളുകൾ ഈ പ്രദേശത്തുണ്ട്. ആ നിലയിൽ ഈ പ്രദേശത്തിന്റെ വികസനത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഏറ്റവും വലിയ പ്രസ്ഥാനങ്ങളായി ഇവിടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. വായ്പാ സംഘങ്ങളും, വായ്പേതരസംഘങ്ങളുമായി പതിനഞ്ചോളം സംഘങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക്, ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം, ഗിരിജൻ ഹരിജൻ സംഘങ്ങൾ, ക്ഷീരവ്യവസായ സംഘങ്ങൾ, വനിതാസഹകരണ സംഘം എന്നിവ അതിൽപ്പെടുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലാരംഭിച്ച പരസ്പരസഹായ സഹകരണ സംഘങ്ങളുടെ ഭാഗമായി ഈ പ്രദേശത്ത് ആദ്യമായി ആരംഭിച്ച സംഘമാണ് ഇന്നത്തെ നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രതിഭാശാലികളായ നമ്മുടെ മുൻഗാമികൾ 1926 ൽ ആണ് ഈ സംഘത്തിനു രൂപം നൽകിയത്. മറ്റു സംഘങ്ങൾ 1976നു ശേഷം രൂപീകൃതമായിട്ടുള്ളവയാണ്. അതിൽ വായ്പാ രംഗത്തു പ്രവർത്തിക്കുന്ന ഫാമിംഗ് സഹകരണ സംഘം 1992 പ്രവർത്തനം ആരംഭിച്ചു. ഇതേ കാലഘട്ടത്തിലാണ് വനിതാസഹകരണ സംഘവും ആരംഭിച്ചത്.

വായ്പാസംഘങ്ങൾ പഞ്ചായത്തിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം എത്തിക്കുന്ന പ്രവർത്തനം കാര്യമായി നടത്തുന്നു. ക്ഷീരസംഘങ്ങൾ പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതു വഴി കർഷകരെ സഹായിക്കുന്നു. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വിപണനം നടത്തുന്നതുകൂടാതെ അൻപതോളം പെൺകൂട്ടികൾക്ക് തയ്യൽ പരിശീലനം നൽകുന്ന പ്രവർത്തനവും സംഘം നടത്തിവരുന്നു. മറ്റു സംഘങ്ങൾക്ക് കാര്യമായ പ്രവർത്തനം ഇല്ല. ചില സംഘങ്ങൾ കടലാസ്സുകളിൽ മാത്രം ഒതുങ്ങുന്നു. സഹകരണ സ്ഥാപനങ്ങൾ ഇന്നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടെയും എല്ലാ ആവശ്യങ്ങളും നിറവേറ്റത്തക്ക സ്ഥാപനങ്ങളായി മാറേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. സംഘങ്ങളുടെ എല്ലാ ആവശ്യത്തിനും യഥാസമയം വായ്പ ലഭിക്കുന്നില്ല.
2. ഓഹരി അനുപാതം വായ്പകൾക്കു ബാധകമാക്കിയിരിക്കുന്നു.
3. നിക്ഷേപങ്ങളുടെ അഭാവം.
4. തൊഴിൽപരമായ പ്രോത്സാഹനക്കുറവ്.
5. സഹകരണ ബോധവൽക്കരണത്തിന്റെ അഭാവം.
6. വായ്പയുടെ വിനിയോഗം.
7. ഉല്പാദനക്ഷമമായ കാര്യങ്ങൾക്കു വായ്പ ഉപയോഗിക്കുന്നില്ല.
8. ഹൗസിംഗ് രംഗത്ത് പ്രവർത്തനം ഇല്ല.

പരിഹാരം

1. എല്ലാ വായ്പകളും യഥാസമയം ലളിതമായ ജാമ്യ വ്യവസ്ഥയിൽ ലഭ്യമാക്കുക.
2. നിക്ഷേപവർദ്ധനവിലൂടെ വായ്പാ രംഗത്ത് മാറ്റം വരുത്തുവാൻ സംഘങ്ങളെ സജ്ജമാക്കുക.
3. അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുക.
4. തൊഴിലധിഷ്ഠിത വായ്പകൾക്ക് പ്രാധാന്യം നൽകുക.
5. സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സാദ്ധ്യതകൾ ഉള്ള വ്യവസായങ്ങൾ ആരംഭിക്കുക.
6. കാർഷികോല്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോൾ സംരക്ഷണം നൽകുക.
7. വായ്പകൾ പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ അംഗങ്ങളെ പ്രാപ്തരാക്കുക.
8. വനിതാക്ഷേമം മുൻനിർത്തി പച്ചക്കറികൃഷി, കോഴി വളർത്തൽ, ആടുവളർത്തൽ, തയ്യൽ ജോലി എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുകയും അവർക്ക് പ്രത്യേക സമ്പാദ്യ പദ്ധതി ആരംഭിക്കുകയും ചെയ്യുക.
9. സഹകരണ സ്ഥാപനങ്ങൾ പണമിടപാടു നടത്തുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ നിന്നും പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി പണം വിനിയോഗിക്കുന്ന സ്ഥാപനങ്ങളായി മാറുക. പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും കൂട്ടായി പരസ്പരപൂരകങ്ങളായി പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
10. ഹൗസിംഗ് സഹകരണസംഘം ആരംഭിക്കുക.
11. നന്ദിയോട് സഹകരണസംഘത്തിനു ബ്രഞ്ചുകൾ തുടങ്ങുക.

വിഭവസമാഹരണം

മനുഷ്യാദ്ധ്വാനം, പ്രകൃതിവിഭവങ്ങൾ, കാർഷിക ഉല്പന്നങ്ങൾ, വിവിധയിനം നികുതികൾ, ഗ്രാന്റുകൾ എന്നിവയാണ് പഞ്ചായത്തിന്റെ വിഭവങ്ങൾ. സമഗ്രവികസനം സാദ്ധ്യമാകണമെങ്കിൽ കാര്യക്ഷമമായ വിഭവസമാഹരണം കൂടിയേ മതിയാവൂ.

ഇന്നത്തെ സാഹചര്യത്തിൽ പ്രകൃതി വിഭവങ്ങളായ മണൽ, പാറ, മണ്ണ് എന്നിവയൊന്നും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. പുറംപോക്കു ഭൂമികൾ അന്യാധീനത്തിലാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ നമ്മെ അലട്ടുന്ന മറ്റൊരു പ്രശ്നമാണ്. വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ടിന്റെ അഭാവം വികസന പ്രക്രിയയെ തടസ്സപ്പെടുത്തുന്നു.

പരിഹാരം

1. ലൈസൻസ് ഫീസ്, കെട്ടിട നികുതി എന്നിവ കാലാനുസരണം പരിഷ്കരിക്കുകയും അവ യഥാസമയം പിരിച്ചെടുക്കുകയും ചെയ്യുക.
2. ലക്ഷക്കണക്കിനു രൂപാ മുടക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണനികുതി ചുമത്തുക.
3. സ്വന്തമായി വാഹനങ്ങൾ ഉള്ളവരിൽ നിന്നും വാഹനനികുതി ഈടാക്കുക.
4. ജനനമരണ രജിസ്ട്രേഷൻ പോലെ വിവാഹരജിസ്ട്രേഷൻ പഞ്ചായത്തിൽ നിർബന്ധമാക്കുകയും ആഡംബരപൂർവ്വം വിവാഹം നടത്തുന്നവരിൽ നിന്നും ആഡംബരനികുതി ഈടാക്കുകയും ചെയ്യുക.
5. പഞ്ചായത്തിനുള്ളിലെ എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.
6. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ അർദ്ധസർക്കാർ ജീവനക്കാരെയും ഇന്ദിരാവികാസ് പത്ര്, നാഷണൽ സേവിംഗ്സ്, സഹകരണ ബാങ്ക് നിക്ഷേപം എന്നിവയിൽ ഏതിലെങ്കിലും ചേർക്കുക.
7. ഗവ. ആശുപത്രികളിൽ O.P. ടിക്കറ്റിന് ഒരു ചെറിയ ഫീസ് ഈടാക്കുക.
8. സ്വകാര്യ ആശുപത്രികൾക്ക് നികുതി ചുമത്തുക.
9. വിദേശപ്പണം സമാഹരിച്ച് പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.
10. സന്നദ്ധസംഘടനകളെ ശക്തമാക്കുകയും അവയെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.
11. പുറംപോക്കു ഭൂമികൾ തിട്ടപ്പെടുത്തി ആദായം പഞ്ചായത്തിനു ലഭ്യമാക്കുക.
12. പഞ്ചായത്തതിർത്തിയിലുള്ള മണൽ ലേലം ചെയ്യാനുള്ള അധികാരം പഞ്ചായത്തിന് ലഭ്യമാക്കുക.
13. തരിശു ഭൂമികൾ ഉല്പാദനക്ഷമമാക്കുക.
14. ഒരു ഹെക്ടറിനു മുകളിൽ കൃഷിയുള്ള റബർ കർഷകരിൽ നിന്നും നികുതി ഈടാക്കുക.
15. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
16. പഞ്ചായത്തു പ്രദേശത്തുനിന്നും മണ്ണു കുഴിച്ചെടുത്തു ഇഷ്ടിക നിർമ്മാണം നടത്തുന്നതിനും പാറ പൊട്ടിച്ച് വിപണനം ചെയ്യുന്നതിനും ഫീസ് ഈടാക്കുക.
17. റോഡു നിർമ്മാണത്തിനാവശ്യമായ റോളർ പഞ്ചായത്തു സ്വന്തമായി വാങ്ങി പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക – ഇടത്തട്ടുകാരെ ഒഴിവാക്കുക.

15. 9. 96 ൽ നടന്ന വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളുടെ സംഗ്രഹം

ഫാറം–എ (1)

നന്ദിയോട് ഗ്രാമപഞ്ചായത്ത്

1996-97 വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷേപം

പൊതു അക്കൗണ്ട്

	വരവ്			ചെലവ്	
പ്രാരംഭബാക്കി		1420815	1	നടത്തിപ്പും പിരിവും	971000
1	പഞ്ചായത്ത് നികുതികൾ	1280500	2	പൊതുമരാമത്ത	1626000
2	പ്രത്യേക ആകട് പ്രകാരം വസൂലാക്കുന്ന തുക	185000	3	വിദ്യഭ്യാസം1	64000
3	പഞ്ചായത്ത് വസ്തുക്കളിൽ നിന്ന്ലഭിക്കുനന റവന്യൂ	725000	4	ജലവിതരണവും ഡ്രെയിനേജും	210000
4	പഞ്ചായത്ത് ഫീസ്	86000	5	പൊതുജനാരോഗ്യം	416000
5	ഗവൺമെന്റ് ഗ്രാന്റും അംശമായവ	2145000	6	വിളവയ്ക്കൽ	250000
6	പലവക വരുമാനം	63000	7	കൃഷി	100000
7	ശമ്പളമിനത്തിലും മറ്റും സർക്കാർനേരിട്ടു വഹിക്കുന്ന ചെലവ്– മൃഗപരിപാലനം	110000			
8	പ്ലാൻ സ്കീം പ്രത്യേക സഹായം	1669000	9	സാമൂഹ്യ ക്ഷേമം	101000
9	നോൺ പ്ലാൻസ്കീം പ്രത്യേതസഗായം	644000	10	മത്സ്യബന്ധനം	10000
			11	സാമൂഹ്യവനവൽക്കരണം	20000
			12	ചെറുകിട വ്യവസായങ്ങൾ	50000
			13	ഭവനനിർമ്മാണം	100000
			14	വൈദ്യുതിയുമ പാരമ്പര്യേതതര ഊർജ്ജവും	50000
			15	ദാരിദ്ര്യനിർമ്മാർജ്ജനവും ഗ്രമീണവികാസവും	25000
			16	സാംസ്കാരിക കാര്യങ്ങളും പൈതൃകവവും	1000
			17	പൊതുവിതരണ സമ്പ്രദായം	5000
			18	പട്ടിതജാതി പട്ടികവർഗ്ഗക്ഷേമം	680000
			19	പലവക	15000
			20	ശംബളമിനത്തിലും സർക്കാർ നേരിട്ടുവഹിക്കുന്ന ചെലവ്	2000
			21	പഞ്ചായത്ത് വക വസ്തുക്കൾ	165000
			22	ചെലവ് അസാധാരണമായത്	180000
			23	പ്ലാൻസ്കീം പ്രത്യേക ധനസഹായം	155550
			24	നോൺസ്കീം പ്ലാൻ പ്രത്യേക സഹായം	616550
ആകെ		8223315	06	ആകെ	7480100
മൂലധന കണക്കിലേക്കുമാറ്റിയ തുക കഴിക്കുക		200000		അവസാനബാക്കി	543206
ആകെ തനിവരവ് പൊതു അക്കൗണ്ട്		8023315	06	അവസാനബാക്കിഉൾപ്പെടുത്തിയുള്ള ആകെ	8023314.06

ഉപസംഹാരം

ഒൻപതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള മഹത്തായ സംരംഭത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നമ്മൾ ഇവിടെ പൂർത്തിയാക്കുകയാണ്. വികസന പദ്ധതികൾ കേന്ദ്രവും സംസ്ഥാനവും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രീകൃത ആസൂത്രണത്തിനു പകരം ഒൻപതാം പദ്ധതിയിൽ ചെലവിടുന്ന തുകയിൽ 40% പദ്ധതി വിഹിതമായി താഴെതട്ടിലേക്ക് കിട്ടുമ്പോൾ അതിനാവശ്യമായ നിർദ്ദേശങ്ങളും പ്രോജക്ടുകളും തയ്യാറാക്കി മനുഷ്യ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ ഈ പ്രക്രിയയിൽ നമുക്ക് അണിചേരണം.

വികസനമേഖലകളിൽ ആദ്യത്തെ പ്രാഥമിക മേഖല എടുത്താൽ നമ്മുടെ പിന്നോക്കാവസ്ഥ മനസ്സിലാകും. വിഷുവിന് കണികാണമെങ്കിലും ഓണത്തിന് സദ്യ ഉണ്ണണമെങ്കിലും വിഭവങ്ങൾ തമിഴകത്തുനിന്നു വരണം. ദീപാവലിയും ക്രിസ്തുമസും ആഘോഷിക്കണമെങ്കിൽ വെടിക്കോപ്പുകൾ ശിവകാശിയിൽ നിന്നു വരണം. അർച്ചനയ്ക്കും വരണമാല്യത്തിനും പൂക്കളെ നാം തേടുന്നു. പുറമേ നിന്നുള്ള ഭക്ഷ്യധാന്യ വാഗണുകളും, പച്ചക്കറി ലോറികളും എത്തിയില്ലെങ്കിൽ നാം പട്ടിണിയിലാകും. നൂറുമേനി വിളയുന്ന നമ്മുടെ വയലേലകൾ ഇഷ്ടിക ചൂളകളും പുരയിടങ്ങൾ തരിശുനിലങ്ങളുമായി വേഷംമാറിയത് എത്ര പെട്ടന്നാണ്. നെല്ലും മരച്ചീനിയും കൃഷിചെയ്തിരുന്ന ഭൂവിസ്തൃതിയും ഉൽപ്പാദനവും ഗണ്യമായിക്കുറഞ്ഞു. തേങ്ങയുടെയും, കുരുമുളകിന്റെയും, ഏലത്തിന്റെയും, ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും ഇടിഞ്ഞുകൊണ്ടിരിക്കുന്നു. വൃക്ഷലതാദികളും ഇടവിളകളും നിറഞ്ഞു നിന്നിരുന്ന പറമ്പുകൾ റബ്ബർ തോട്ടങ്ങളായി മാറി. റബ്ബറിനും, തേങ്ങക്കും വിലയിടിഞ്ഞാൽ നമ്മുടെ കാർഷിക സമ്പത്ഘടന തകരും.

രണ്ടാമത്തെ ദ്വിതീയ മേഖല എടുത്താലോ, വ്യവസായ വളർച്ച ഒച്ചിഴയുന്ന വേഗതയിലാണ്. അസംസ്കൃത വസ്തുക്കളും, മൂലധനവും, മനുഷ്യ ശക്തിയും, വിപണിയും സുലഭമായ കേരളത്തിൽ വ്യവസായ സംരംഭ തൽപ്പരത വളരുന്നില്ല. ചുവന്ന കൊടിയെയാണ് ഏവർക്കും ഭയം. 65% പൊതുമേഖലാവ്യവസായങ്ങളും ഭീമമായ നഷ്ടത്തിലാണ്. ജനങ്ങൾക്ക് വേണ്ടിയുള്ള ഈ മേഖല ജനങ്ങളുടെതന്നെ സമ്പാദ്യം ചോർത്തി നിലകൊള്ളുന്നു. ഈ മേഖലയിലെ മുതലാളിമാർ അന്യസംസ്ഥാനങ്ങളിലേക്ക് കൂടും കിടക്കയുമായി ഓടുന്നു.

എഴുപതുകളിൽ വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായിരുന്ന കേരളം രൂക്ഷമായ ഊർജ്ജപ്രതിസന്ധിയിലാണ്. ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം നാൽപ്പത് ലക്ഷമായി വർദ്ധിച്ചുവെങ്കിലും വോൾട്ടേജ് ക്ഷാമം മൂലം ബൾബുകൾ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തിലാണ്. പുതിയ താപനിലയവും വൈദ്യുത പദ്ധതികളും വിവാദങ്ങളിൽ കുടുങ്ങിക്കിടക്കുന്നു.

മൂന്നാമത്തെ ത്രിതീയ മേഖല എടുത്താൽ സേവനതുറയിലെ ചിലനേട്ടങ്ങൾ ഇടക്കാലത്ത് കേരളത്തിന് അന്തർദേശീയ പ്രശസ്തി നേടിത്തന്നു. ഉയർന്ന സാക്ഷരത, ജനന-മരണനിരക്കുകളിലെ കുറവ് എന്നിവയാണ്. വിദ്യാലയങ്ങൾ, ആശുപത്രികൾ, ബാങ്കുകൾ, റേഷൻ കടകൾ, സഹകരണ സംഘങ്ങൾ, റോഡുകൾ എന്നിവയിൽ നാം ഒന്നാമതായി. ഇവയിൽ ചിലത് ഒഴിച്ച് ബാക്കിയെല്ലാം തന്നെ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. ആരോഗ്യമേഖലയിൽ ഗവൺമെന്റ് ആശുപത്രികളുടെ ശോച്യാവസ്ഥ, വിദ്യാലയങ്ങളുടെ നിലവാര തകർച്ച തുടങ്ങിയവ ഇവയിൽ ചിലതുമാത്രം. ഇതാണ് നമ്മുടെ വികസമേഖലയുടെ സ്ഥിതി.

കഞ്ഞിയിൽ നിന്നും ഫാസ്റ്റ് ഫുഡിലേക്കും, കള്ളിൽ നിന്ന് കഞ്ചാവിലേക്കും, കുടുമയിൽ നിന്ന് താടിയിലേക്കും, മുണ്ടിൽ നിന്ന് കാൽച്ചട്ടയിലേക്കും, കൂട്ടുകുടുംബത്തിൽ നിന്ന് ന്യൂക്ലിയർ കുടുംബത്തിലേക്കും, സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്കും അവനവനിസത്തിലേക്കും മാറുന്നതാണോ രാജ്യപുരോഗതി എന്ന് നമ്മൾ ചിന്തിക്കേണ്ട കാലം കഴിഞ്ഞു.

കാർഷിക വ്യവസായ ഉൽപ്പാദന മേഖലകളിൽ നമുക്ക് വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. അതിനുള്ള വാതായനങ്ങൾ തുറന്നുകിടക്കുന്നു. നമ്മുടെ ഗ്രാമത്തിലെ എല്ലാ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക നേതാക്കളും ഒരുമിച്ചു ചേർന്നുള്ള വികസന സമിതികൾക്ക് രൂപം നൽകി കഴിഞ്ഞു. എല്ലാം മനസ്സിലാക്കാനും തുറന്നമനസ്സോടെ കാര്യങ്ങൾ ചെയ്യാനും പ്രാപ്തമായ ഒരു ഭരണസമിതിയും നമുക്കുണ്ട്. ലഭ്യമായ രേഖകളുടെയും ഗ്രാമസഭാചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് നന്ദിയോടിന്റെ ഈ വികസന രേഖ. വികസന സെമിനാറിലേക്കുള്ള ചർച്ചകൾക്കായുള്ള ഒരു കരടുമാത്രമാണിത്. ഇത് ചർച്ചകളിലൂടെ കൂടുതൽ ശാസ്ത്രീയമാക്കുകയും മെച്ചപ്പെടുത്തുകയും വേണം. അങ്ങനെ എല്ലാ പരിഗണനകളും മാറ്റിവെച്ച് ഒറ്റക്കെട്ടായി നമുക്ക് മുന്നേറാം.

പി. എസ്. ബാജിലാൽ
ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി,
നന്ദിയോട് ഗ്രാമപഞ്ചായത്ത്.

നന്ദിയോട് ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ.

അനുബന്ധം.

പ്രസിഡന്റിന്റെ കത്ത്

എഴുപത്തിമൂന്നും, എഴുപത്തിനാലും ഭരണഘടന ഭേദഗതി പസ്സാക്കിയത് ശ്രീ. നരസിംഹറാവു ഗവൺമെന്റാണെന്നു തിരുത്തിവായിക്കുക.

പാലോട് പഞ്ചായത്തിൽ വർഷം 1995-61 എന്നത് 1953-61 എന്ന് തിരുത്തിവായിക്കേണ്ടതാണ്.

സാമൂഹ്യ സാംസ്കാരിക ചരിത്രം

ശ്രീ. റ്റി. എം കൃഷ്ണപിള്ള (പേജ് 45)

പാലോട് പഞ്ചായത്തിൽ മെമ്പറായിരുന്ന ഇന്ന് ജീവിച്ചിരിപ്പുള്ള ഏക അംഗം.

പേജ് 127

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഉപസംഹാരത്തിൽ (മൂന്നാം ഖണ്ഡിക)

"ചുവപ്പുകൊടിയെ ഭയമാണ്' എന്ന വാചകം ഒഴിവാക്കുന്നു.

ആമുഖം: പേജ് 28

ഭൂപരിഷ്കരണ നിയമം എന്നത് – ഭൂപരിഷ്കരണ ഭേദഗതി നിയമം എന്നുമാറ്റി വായിക്കുക.

ഭൂപ്രകൃതിയും വിഭവങ്ങളും എന്ന വിഷയത്തിൽ 3-ാം ഖണ്ഡികയിൽ ദ്വിതീയ വിവര ശേഖരണത്തിൽ ഭാഗമായി സംസ്ഥാന ശില്പശാലയിലെ ജില്ലാ ഭാര വാഹികൾ പഞ്ചായത്തിൽ ഒരു ദിവസം പഠന പര്യടനം നടത്തി.

പഞ്ചായത്തിൽ സാമ്പത്തിക സർവ്വെ ഭാഗികമായിട്ട് പൂർത്തിയാക്കി.

കൃഷിയും ജലസേചനവും.

Page 32 താഴ്വര പ്രദേശങ്ങളിൽ എക്കൽ മണ്ണ് എന്നത് ശരിയല്ല പശിമരാശി മണ്ണാണ്.

11-ാം വാർഡിൽ ഒഴുകുപാറ, തുമ്പാനൂർ വഴി വാമനപുരം നദിയിലും പറമ്പുപാറ ചെല്ലഞ്ചി, സപ്തപുരം (പറണ്ടൻ-തോട്) വഴി വാമനപുരം നദിയിൽ പതിക്കുന്ന രണ്ട് തോടുകൾ കൂടിയുണ്ട്.

ആതുര ശ്രുശ്രൂഷാരംഗത്ത് നന്ദിയോട് കടയ്ക്കാലിൽ 'നാണിയമ്മ' ധാരാളം സേവനങ്ങൾ നടത്തിയിട്ടുണ്ട്.

വട്ടക്കരിക്കകത്ത് ഒരു കുളം ഉണ്ട്.

ജല ദൗർലഭ്യം 5-ാം വാർഡിൽ 'കന്നുകാലി വനവും', 'പച്ചമലയും' ഉൾപ്പെടുന്നു.

നെൽകൃഷിയുൾപ്പെടെയുള്ള ഭക്ഷ്യധാന്യ കൃഷിക്കാർക്ക് ഉൽല്പാദന ചെലവിന്റെ 50% എങ്കിലും സർക്കാർ സബ്സിഡി നല്കുക.

നാളികേര കൃഷി സബ്സിഡി 30 സെന്റ് എന്നുള്ള പരിധിമാറ്റി കൃഷി 30സെന്റിനു താഴെ ചെയ്യുന്ന വർക്കും സബ്സിഡി നൽകുക.

കൃഷി ആഫീസിന്റെയും ജീവനക്കാരുടേയും സഹായ ലഭ്യത വർദ്ധിപ്പിക്കുക.

ആഴ്ചയിലൊരിക്കൽ കൃഷിക്കാരെ സംഘടിപ്പിച്ച് ക്ലാസുകൾ കൊടുക്കുക.

മരിച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് കൃഷി എന്നിവയ്ക്ക് സബ്സിഡി നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുക.

കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് വേണ്ടി സംഭരണ വിതരണ കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുക.

വയലുകളിൽ ജനുവരിമാസം മുതൽ മെയ് 30വരെയുള്ള വേനൽ കാലത്ത് പഞ്ചായത്തിൽ മുഴുവനും മലക്കറി കൃഷിചെയ്യുക.

കരഭൂമിയിൽ, ചേന, ചേമ്പ്, കാച്ചിൽ, കൂർക്ക, ഇഞ്ചി, മഞ്ഞൾ, കൂവ എന്നിവ കൃഷിചെയ്യാം.

പാടശേഖരങ്ങളിൽ ഇടവിളയായി, ചെറുപയർ, ഉഴുന്ന്, പെരുമ്പയറ്, മുതിര തുടങ്ങിയവ കൃഷിചെയ്യാവുന്നതാണ്.

വികസന സെമിനാർ

മൃഗസംരക്ഷണവും മത്സ്യകൃഷിയും

പുതിയ നിർദ്ദേശങ്ങൾ

1. ഇതിന്റെ title മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യകൃഷി എന്നാക്കി മാറ്റണം.

2. പ്രാദേശികമായി ലഭിക്കാവുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

3. മൊബൈൽ വെറ്റിനറി യൂണിറ്റ് സ്ഥാപിക്കുക.

4. ശാസ്ത്രീയമായ അറവുശാലകൾക്കൊപ്പം വിപണനകേന്ദ്രങ്ങളും സ്ഥാപിക്കുക.

5. സുലഭമായി ലഭിക്കുന്ന പുല്ല് സംസ്കരിച്ച് വേനൽകാലത്ത് സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കുക.

6. പഞ്ചായത്ത് തലത്തിൽ മൃഗാശുപത്രി നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് കോർട്ടേഴ്സും നിർമ്മിക്കുക.

7. കൃത്രിമ ബീജസങ്കലനം എന്ന ഭാഗത്ത് (Page No.58) 500 പശുകൾക്ക് ഒന്ന് എന്നത് 300 പശുകൾക്ക് ഒന്ന് എന്ന്

8. ഡയറി എക്സ്റ്റൻഷൻ ഓഫീസ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

9. I. R. D. P വായ്പതോതിന്റെ പരിധി ഉയർത്തി

അത് ലളിതമാക്കുക.

10. എരുമ വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുക.

11. കച്ചിൽ സമ്പുഷ്ടീകരണം പ്രോത്സാഹിപ്പിക്കുക.

12. വാർഡ് അടിസ്ഥാനത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

13. 'ഒരു വീട്ടിൽ ഒരു ആട്' എന്ന മുദ്രാവാക്യത്തിൽ ആടുവളർത്തൽ പരിപോഷിപ്പിക്കുക.

14. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി പ്രോത്സാഹിപ്പിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുക.

15. കന്നുകാലികൾക്ക് സൗജന്യമായി ധാതുലവണ മിശ്രിതം നൽകുക.

16. വനിതകൾക്കായി പാൽഉത്പന്ന നിർമ്മാണ വിപണനയൂണിറ്റുകൾ സ്ഥാപിക്കുക.

17. ഗർഭിണി പശുക്കൾക്കായി സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

വ്യാവസായം

1. ഹോളോ ബ്രിക്സ് യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക.
2. റബ്ബർ അധിഷ്ഠിത അനുബന്ധ വ്യവസായയൂണിറ്റുകൾ തുടങ്ങുക.
3. DWCRA കൂടുതൽ യൂണിറ്റുകൾ തുടങ്ങുക.
4. 'പാറപൊട്ടിക്കൽ' ഇതിൽ പ്രവർത്തിക്കുന്നത് 700 പേരെങ്കിലും ഉണ്ട്.
5. വ്യാവസായങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് സങ്കേതിക വിദഗ്ദരുടെ സഹായം എത്തിക്കുക.
6. വ്യവസായങ്ങൾ തുടങ്ങുമ്പോൾ ട്രേഡ്യൂണിയൻ പ്രതിനിധികൾ വ്യവസായ സ്ഥാപനങ്ങളിൽ അംഗങ്ങളായിരിക്കണം.
7. കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക.

ഗതാഗതം ഊർജ്ജം മാർക്കറ്റ്

പുതിയതടം.

വാർഡ് 3.

പുലിയൂർ ഗുരുമന്ദിരത്തിൽ നിന്നും വരുന്ന റോഡിനെ കൊട്ടിയാംകോണം വഴി കരിമ്പിൻകാല റോഡിൽ ബന്ധിപ്പിക്കണം.

വാർഡ് - 11

a) പനങ്ങോട് ജംഗ്ഷൻ മുതൽ 'ലിസ്സി കോട്ടേജിന്' മുന്നിൽ കൂടി മിച്ചഭൂമിക്കകത്തുകൂടി പനങ്ങോട് കുളത്തിന് സമീപം വന്നു ചേരണം.

b) കൊച്ചു പനങ്ങോട് മുതൽ ആറ്റിൽ പോകുന്ന വഴി തടമാക്കി മാറ്റണം.

c) പനങ്ങോട് ജംഗ്ഷനിൽ ഒരു കലുങ്ക്, വെള്ളം ഒഴുകിപ്പോകാൻ സൈഡ്വാൾ കെട്ടണം.

d) മുള്ളുവിള റോഡിൽ ഒരു ചപ്പാത്ത് നിർമ്മിക്കണം.

e) പനങ്ങോട് കിളിയൻ ദാനിയേലിന്റെ വീടിന്റെ മുൻവശത്ത് സൈഡ്വാൾകെട്ടണം.

1.

ടാറിംഗ്:

വാർഡ് -3

a) കിടാരക്കുഴി സെറ്റിൽമെന്റ് മാങ്കുഴി സെറ്റിൽമെന്റ്, കോളനിവരെ ബന്ധിപ്പിച്ച് ടാർ ചെയ്യണം.

b) കടവിൻമൂക്കരയിലും, നടേശപിള്ളയുടെ വീടിന് മുന്നിലും 4 മീറ്റർ വീതിയിൽ കലുങ്ക് നിർമ്മിക്കുക.

വാർഡ്-5

ST ആളുകൾ കൂടുതൽ താമസിക്കുന്ന പച്ചമലയിൽ ഉള്ള വെമ്പ്, ഈട്ടിമൂക്ക്, വെണ്ടുർക്കോണം, കാപ്പിത്തോട്ടം, തെക്കിൻമുക്റോഡ് പുനരുദ്ധാരണ പണികൾ ചെയ്തു ടാർ ചെയ്യണം. (ഈ റോഡിന് ST ഫണ്ട് ഉപയോഗിക്കാം) നിർദ്ദേശം.

വാർഡ് 6 ഇളവട്ടം

താന്നിമുക് പേരയം റോഡിൽ കല്ലേറ്റുമുക്കിൽനിന്നും പൊമ്പാറ-കുഴിയം-പനയംമുട്ടം ST കോളനി റോഡ് പുനരുദ്ധാരണ പണികൾ ടാർചെയ്യണം. ഇന്ന് നന്ദിയോട്ട് നിന്ന് വെഞ്ഞാറുമൂട് ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽപോകാൻ പതിനഞ്ച് കി. മീ. ലാഭം ഉണ്ടാകും.

വലിയതാന്നിമൂട്-നീർപ്പാറ ചെമ്പൻകോട് I.H.D.P ST കോളനി റോഡ് ടാർചെയ്യണം.

ഇളവെട്ടം INTUC ജംഗ്ഷൻ നീർപ്പാറ റോഡ് ടാർ ചെയ്യണം.

ചെമ്പൻകോട്-പനയംമുട്ടം തോടിന്റെ Side wall കെട്ടി തടവും പുറംപോക്കും സംരക്ഷിക്കുക.

താഴെകുടവനാട്-പൊടിക്കിലാം-പനയമുട്ടം തടം നിർമ്മിച്ച് ടാർചെയ്യണം. (ST) കോളനി.

ആനക്കുഴി-തെക്കെകോണം തടം ടാർചെയ്യണം SC കോളനി.

വാർഡ് 7

ഗതാഗതയോഗ്യമാക്കേണ്ടത്. (പേജ് - 65)

ആലംപാറ - കുടവനാട് എന്നതുമാറ്റി മുത്തുകാവ് - നരിക്കല്ല് എന്ന് മാറ്റുന്നു.

ആനകുളം ഭാഗത്തെ Voltage ക്ഷാമം പരിഹരിക്കുക.

കൊച്ചുതാന്നിമുട് വലിയതാന്നിമുട് വരെ Street light ഉം ചുണ്ടക്കരിക്കകം ജംഗ്ഷനിൽ Tube light ഉം സ്ഥാപിക്കണം.

വാർഡ് – II

1. കൊച്ചു പനങ്ങോട്ടുള്ള പത്ത് കുടുംബങ്ങൾക്ക് വൈദ്യുതി അടിയന്തിരിമായി എത്തിക്കുക.

2. ചുമതലയുള്ള ലൈൻമാൻ യഥാസമയങ്ങളിൽ അറ്റകുറ്റപണികൾ തീർക്കുക.

വാർഡ് – 5

വെസ് ശിവക്ഷേത്രം മുതൽ സാലിവാഹൻ മുക്ക് വരെ Street Light സ്ഥാപിക്കുക. (പച്ചമല ഹരിജൻ ഗിരിജൻ കോളനിയായതുകൊണ്ട് SC/ST ഫണ്ട് ഈ പദ്ധതിക്ക് ഉപയോഗിക്കാം.)

5–ാം വാർഡിൽ – വെമ്പു സാലിവാഹൻമുക്ക്, മരുതുംമൂട് ജംഗ്ഷൻ ശംഖുമുക്ക് എന്നീ ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

വാർഡ് 6

വലിയ താന്നിമുട് മുതൽ കുടവനാട് വരെ Street light സ്ഥാപിക്കണം.

ഇളവട്ടം പട്ടാണിവിള പൊരിയം വരെ വീടുകൾക്ക് വൈദ്യുതി എത്തിക്കുകയും Street light സ്ഥാപിക്കുകയും ചെയ്യുക.

കുടവനാട് ജംഗ്ഷനിൽ Tube light സ്ഥാപിക്കുക.

കുടവനാട്–തെക്കേക്കോണ് SC കോളനിവരെ Street light സ്ഥാപിക്കുകയും Voltage ക്ഷാമം പരിഹരിക്കുകയും ചെയ്യുക.

വാരഡ് 10

മാർക്കറ്റ്

വാർഡ് 2

അശാസ്ത്രീയമായ രീതിയിൽ പണികഴിപ്പിച്ച നന്ദിയോട് മാർക്കറ്റ് ശാസ്ത്രീയമാക്കുക.

വാർഡ് II

പലോട് ജംഗ്ഷൻ ആസ്ഥാനമാക്കി ഒരു മാർക്കറ്റ് സ്ഥാപിക്കണം.

വാർഡ്–4

1. ആലുംമൂട്–പമ്മംവയൽ എലാവഴി വാഴപ്പാറ റോഡ്.

2. മണ്ഡപകുന്ന്–പമ്മംവയൽ എലാവഴി വാഴപ്പാറ റോഡ്

3. പമ്മം വയലിന് കുറുകെ കലുങ്ക്, വാഴപ്പാറ കലുങ്ക് മുത്തിപ്പാറ (ചാരുപാറ) കലുങ്ക് കെട്ടിറോഡ് ഗതാഗതയോഗ്യമാക്കണം.

4. മൂളമൂട്ടിൽ തോട്ടിന് കുറുകെ ഒരു നടപ്പാലം നിർമ്മിക്കണം.

ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

പുതിയ തടം പേജ് 66–ൽ

1. വീളവീട്–നിരപ്പ്–നരിക്കല്ല്–കുടവനാട് തേരിഇടിച്ച് നിരപ്പാക്കണം.

2. നരിക്കല്ല്–ഊളൻകുന്ന്–ആനക്കുഴി–റോഡ് തേരിഇടിച്ച് നിരപ്പാക്കണം.

3. ആനക്കുഴി–നവധാര–മുത്തുകാവ് റോഡ് തേരിഇടിക്കണം.

പാലം പേജ്–67

മുത്തുകാവ് നരിക്കല്ലിൽ ഒരു പാലം, ചുണ്ടരിയ്ക്കകം മണിയൻ പാറ രണ്ട് നടപ്പാലവും, തോട്ടും പുറം – കടുവാപ്പാറ രണ്ടുനടപാലവും നിർമ്മിക്കണം.

ഊർജ്ജം

വാർഡ് – 2

പച്ചക്ഷേത്രത്തിനു സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

കൊച്ചുതാന്നിമുട് കേന്ദ്രമാക്കി ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വലിയതാന്നിമുട് ഭാഗത്തേക്കുള്ള Voltage ക്ഷാമം പരിഹരിക്കുക.

വാർഡ് 3.

a. വട്ടപ്പൻകാട് ഗിരിജൻ കോളനിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. Community Hall വരെ 500 മീറ്റർ ദൂരം ത്രീ ഫൈസ് ലൈൻ വലിക്കണം.

b. പുലിമൂർ ഇലക്ട്രിസിറ്റി ബാലകൃഷ്ണപിള്ളയുടെ വസ്തുവരെ ഉള്ള ഇലക്ട്രിസിറ്റി ലൈൻ കൊട്ടിയാംകോണം ഭാഗത്തേയ്ക്ക് ദീർഘിപ്പിക്കുക. (ദൂരം 800മീറ്റർ)

c. കാലങ്കാവ് കരിമ്പിൻകാല ലൈനിൽ നിന്നും വലിയവേങ്കോട്ടുകോണത്തേയ്ക്ക് ലൈൻ ഇടുക.

6–ാം വാർഡ്

ചെമ്പൻകോട്–അറവേൽക്കുഴി (SC) കോളനിവരെ വൈദ്യുതി എത്തിക്കുകയും Street light സ്ഥാപിക്കുകയും ചെയ്യുക.

പൊമ്പക്കുഴിയം ST കോളനി വൈദ്യുതീകരണത്തിന് അനുമതി കിട്ടിയിട്ടുള്ളത് ഇലക്ട്രിക്സിറ്റി ബോർഡിനെക്കൊണ്ട എത്രയും വേഗം പണിത്തീർപ്പക്കുക.

8–ാം വാർഡ്

a. ആനകുളം–ചെറ്റപ്പാട്–മുത്തിക്കാട് ഗിരിജൻ, ഹരിജൻ കോളനി വൈദ്യുതികരിക്കുന്നതിന് Estimate

എടുത്തിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിക്കുക.

5, പൗവ്വത്തൂർ-മാമൂട്ടിൽ രണ്ട് നടപ്പാലം

6, പൗവ്വത്തൂർ നിന്നും അടിക്കോട്ടുകോണത്തുപോകുന്ന നടപ്പാത തിരിയുന്ന സ്ഥലത്ത് ഒരു കുലുങ്ക്.

7, പൗവ്വത്തൂർ റേഡിയോകെയ്സ്ക്കിന് താഴെയായി രണ്ടു നടപ്പാലം നിർമ്മിക്കണം.

8, ആലുംമൂട് മുളമുക്ക് റോഡ് ഗതാഗത സൗകര്യയോഗ്യമാക്കി ടാർ ചെയ്തു നിർമ്മിക്കണം.

9, മുളമുക്ക് വാഴപ്പാറ കൊച്ചിലവ്റോഡ് ഗതാഗതയോഗ്യമാക്കി ടാർ ചെയ്തു നിർമ്മിക്കണം.

10. കൊച്ചു താന്നിമൂട് ആശാരിവിളാകം റോഡ് ഗതാഗതയോഗ്യമാക്കി ടാർ ചെയ്തു നിർമ്മിക്കണം.

11 വലിയതാന്നിമൂട്-പൗവ്വത്തൂർ, കിടാരക്കുഴി റോഡ് വീതിക്കൂട്ടി ടാർ ചെയ്യണം.

ഊർജ്ജം

1.മീൻമുട്ടി-റേഡിയോകിയോസ്ക്- തേക്കിൻക്കാട് ലൈൻ പുരയിടത്തിൽ നിന്ന് കട്ട് ചെയ്തു റോഡിലൂടെ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടുന്ന ജോലി അനുവദിച്ച് കിടക്കുന്നത് നടപ്പിലാക്കണം.

2. പഞ്ചായത്തിലെ എല്ലാവാർഡുകളിലേയും പ്രധാന ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

പാർപ്പിടം സാമൂഹ്യക്ഷേമവും

1. ഭൂരഹിതരായ 160 കുടുംബങ്ങൾ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

2. സംസ്ഥാന ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ജനകീയ സമിതി വിളിച്ചുകൂട്ടി ഓരോ വാർഡിലും പ്രാരംഭ പണികൾ അടക്കം നടത്തുന്നതിന് വാർഡു മെമ്പർമാരെ ചുമതലപ്പെടുത്തുക. പണികൾ ജനകീയ കമ്മറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് പഞ്ചായത്തു സഭകൾ അംഗീകരിക്കുന്നതനുസരിച്ച് ഫണ്ടുകൾ പൂർണ്ണമായും ഗുണഭോക്താവിന് നൽകുക.

3. നന്ദിയോട് പഞ്ചായത്തിൽ റോഡ്പുറമ്പോക്കിലും, ആറ്റുപുറമ്പോക്കിലും താമസിക്കുന്നവർക്ക് ഭൂമിവാങ്ങി, വീടുനിർമ്മിച്ച്, പുനരധിവാസ പദ്ധതി പൂർണ്ണമായും ഘട്ടംഘട്ടമായി നടപ്പിലാക്കുക.

4. വസ്തുവാങ്ങുന്നതിന് മാർക്കറ്റ് വില അനുവദിക്കുക.

5. കോളനികളുടെ ഉടമസ്ഥതാവകാശം പൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

6. ദുർബല വിഭാഗത്തിൽപെട്ടവർക്ക് വീടുകൾ പുതുക്കിപണിയുന്നതിനും, വീടുകൾ ഓടുമേയുന്നതിനും ആവശ്യമായ സാമ്പത്തിക സഹായ പദ്ധതികൾക്ക് രൂപം നൽകുക.

7. വ്യത്യസ്ത പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണത്തിന്റെ എണ്ണം വർദ്ധിപ്പിക്കുക.

8. ഇപ്പോൾ വീടുകൾക്കനുവദിക്കുന്ന തുക പരിമിതമാണ്. അത് രൂപ 35,000 ആയി വർദ്ധിപ്പിക്കണം.

9. അടുത്ത അഞ്ച് വർഷം കൊണ്ട് 1000 കുടുംബങ്ങൾക്ക് വാസയോഗ്യമല്ലാത്ത വീടുകൾ മാറ്റി പുതിയ വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുക.

10. SC/ST കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് മുൻഗണന നൽകുക മുഴുവൻ കുടുംബങ്ങൾക്കും.

സാമൂഹ്യക്ഷേമം

1. MWS പദ്ധതി പ്രകാരം അനുവദിക്കുന്ന കിണറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

2. അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകുക. ബുദ്ധിവികാസത്തിനുള്ള കളിക്കോപ്പുകൾ അംഗൻവാടികൾക്കും നല്കുക.

3. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുക.

4. അംഗൻവാടി കെട്ടിടനിർമ്മാണ തുക വർദ്ധിപ്പിക്കുക.

5. പൊട്ടൻചിറ, ഭദ്രംവച്ചപാറ (ST) ഊളൻകുന്ന്, മീൻമുട്ടി (ചൂടൽ) എന്നിവിടങ്ങളിൽ കൂടി അംഗൻവാടികൾ സ്ഥാപിക്കുക.

6. 'മാതൃസംഗമം' ആഴ്ചയിൽ ഒരിക്കൽ നടത്തണം.

7. ക്ഷേമ പദ്ധതികൾ മുഴുവൻ ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുക.

8. പെൻഷൻ തുകകൾ വർദ്ധിപ്പിക്കുക.

9. പൊതു ശ്മശാനം നിർമ്മിക്കുക.

പൊതുജനാരോഗ്യം - കുടിവെള്ളം.

ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ (Page 90) ജനന നിരക്ക് കുറയുന്നുവെങ്കിലും ജനസംഖ്യ വർദ്ധിക്കുന്നതായി കാണുന്നു. അതിനാൽ പഞ്ചായത്തിൽ ജനന നിരക്ക് കുറയുന്നതിനാവശ്യമായ നടപടികൾ ഊർജിതമായി സ്വീകരിക്കണം.

പേജ്-90 ഖണ്ഡിക.1

ആദ്യവാചകത്തിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നു. ഏതു വിധത്തിലായാലും മലിനീകരണം തടയാൻ യുക്തമായ നടപടികൾ സത്വരമായി ഉണ്ടാകണം.

പേജ് 90

ജില്ലാ മെഡിക്കൽ സ്റ്റാർ എന്നതുമാറ്റി ആശുപത്രി വികസന സമിതിയുടെ ആഭിമുഖ്യത്തിൽ 'മിതവില

മെഡിക്കൽ സ്റ്റോർ തുടങ്ങണം' എന്നാക്കണം.

പേജ് 90 T.B. വാർഡ് എന്നതു വേണ്ട.

പേജ് 90

ആരോഗ്യസ്ഥാപനങ്ങളുടെ പട്ടികയിൽ P.H സബ് സെന്ററുകളുടെ എണ്ണം 5 എന്നത് 6 എന്നാക്കണം.

പേജ് 90

ആരോഗ്യസ്ഥാപനങ്ങളുടെ പട്ടികയിൽ C.S.I മെഡിക്കൽ മിഷൻ ആശുപത്രി കൂടിയുണ്ട്.

പേജ് 90ൽ

നിലവിലുള്ള 'ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ഓഫീസ്' 14-ാമതായി ചേർക്കുക.

പേജ് 90

ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെന്റർ, പാരാമെഡിക്കൽ ട്രെയിനിംഗ് സെന്റർ ഇവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ലാത്തതിനാൽ നീക്കം ചെയ്യുന്നു.

പേജ് 91

പ്രധാന നിർദ്ദശത്തിന് നക്ഷത്രചിഹ്നം കൊടുക്കുകയും താഴോട്ട് 1 മുതൽ 8 വരെ ഉപ നമ്പരുകളായി ചേർക്കുകയും താഴെ ചേർക്കുന്നവ പുതിയ നിർദ്ദേശങ്ങളായി ചേർക്കുന്നു.

9. കാർഡിയോളജിസ്റ്റ് എന്നതുമാറ്റി 'ജനറൽ ഫിസിഷ്യൻ' എന്നാക്കുക

10. ആശുപത്രിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് 24 മണിക്കൂറും ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം.

11. ഹോസ്പിറ്റൽ വെയിസ്റ്റ് ഡിസ്പോസലിന് ശാസ്ത്രീയ സംവിധാനം ഉണ്ടാകണം.

12. ആശുപത്രിയിലേക്കുള്ള റോഡ് ടാർ ചെയ്യുകയും ആശുപത്രിക്ക് കാമ്പൗണ്ട്വാൾ നിർമ്മിക്കുകയും വേണം.

13. സ്റ്റാഫ് ക്വാട്ടേഴ്സ് നിർമ്മിക്കുക

14. മലമൂത്രവിസർജ്ജനത്തിനും കുളിക്കുന്നതിനുമുള്ളസൗകര്യം കാര്യക്ഷമമാക്കണം.

15. ആശുപത്രിക്ക് ആംബുലൻസ് ഉണ്ടാകണം.

പേജ് 91

1 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും X-Ray, E.C.G, ഓപ്പറേഷൻ തിയേറ്റർ എന്നിവ സ്ഥാപിക്കുകയും നിലവിലുള്ള ലാബ് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യണം.

2 പഞ്ചായത്തിൽ ഒരു മിനി P.H.C സ്ഥാപിക്കുകയും Hill area ഉം Tribel area യും ആയതിനാൽ 2500 ആളുകൾക്ക് ഒരു P.H Sub Center എന്ന കണക്കിൽ 11 വാർഡുകൾക്ക് 11 സബ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

Page 91 ഖണ്ഡിക 5 പൂർണമായി ഒഴിവാക്കുന്നു.

പേജ് 91-ൽ മത്സ്യം മുതലായവയിൽ കീടനാശിനികളുടെ ദൂഷ്യത പരിഹരിക്കാൻ ഹെൽത്ത് സ്കാഡുകൾ കാര്യക്ഷമമാക്കണം.

പേജ് 92 സമഗ്ര സാനിട്ടേഷൻ നടപ്പിലാക്കുകയും, Health and Sanitation കമ്മിറ്റി പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്യുക.

Page 92 K.S.R.T.C-/യുടെ മലിനജല നിയന്ത്രണത്തിന് ഒരു സ്റ്റോക്കേജ് പിറ്റ് സ്ഥാപിച്ച് ശാസ്ത്രീയമായി മലിനജലം നീക്കം ചെയ്യണം.

പേജ് 92

സ്വകാര്യാശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ മതിയായ യോഗ്യതയുള്ളവരാണോ എന്നു പരിശോധിക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കണം.

പേജ് 92

ഔഷധ തോട്ടങ്ങൾ വാർഡുതോറും വച്ചുപിടിപ്പിക്കുകയും അവയ്ക്ക് വിപണന സൗകര്യം ഉണ്ടാക്കുകയും ചെയ്യണം.

പേജ് 92

കുട്ടികളിൽ പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന രോഗങ്ങൾ തടയുന്നതിന് നിർദ്ധന വിഭാഗത്തിലുള്ളവരുടെ കുട്ടികൾക്ക് മെച്ചപ്പെട്ട പോഷകാഹാര വിതരണം ചെയ്യാൻ നടപടി ഉണ്ടാകണം.

പരിസര ശുചിത്വം

പേജ് 92 പുതിയ നിർദ്ദേശങ്ങൾ

1. വാർഡു വികസന സമിതികൾ കാര്യക്ഷമമാക്കുകയും പരിസര മലിനീകരണ പ്രശ്നങ്ങൾ സത്വരമായി പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും അടിയന്തിര പരിഹാരം ഉണ്ടാകുന്ന സംവിധാനം നിലവിൽ വരികയും വേണം.

2 പ്രധാന കവലകളിലും, മാർക്കറ്റിലും, ഹൊതു നിരത്തുകളിലും ഉള്ള ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്തുവക വാഹനവും അതിനുവേണ്ട ശുചീകരണ സ്റ്റാഫും സ്ഥിരം സംവിധാനവും ഉണ്ടാകണം. ചപ്പുചവറുകളിൽ വളമാക്കാവുന്നവ വളമാക്കിവിൽക്കുകയും മറ്റുള്ളവ പരിസരമലിനീകരണത്തിന് ഇടയാക്കാതെ മാറ്റുകയും ചെയ്യാനുള്ള പദ്ധതി ഉണ്ടാകണം.

കുടിവെള്ളം

പേജ് 94

കുഴൽകിണറുകൾ, പഞ്ചായത്തുവക കിണറുകൾ, കുളങ്ങൾ എന്നിവയുടെ എണ്ണം കൃത്യമായി കണക്കാക്കുകയും, ഉപയോഗക്ഷമമല്ലാത്തവ അടിയന്തിര ഉപയോഗക്ഷമമാക്കാനുള്ള നടപടി ഉണ്ടാവുകയും

4) 6-ാം വാർഡിൽ മണിയൻപാറ - പനയമുട്ടം റോഡ് ആവശ്യമായ കലുങ്ക് നിർമ്മിച്ചു റോഡ് ടാർചെയ്യണം.

(നന്ദിയോട്-പനയമുട്ടം 3 കിലോമീറ്റർ ദൂരം ലാഭിക്കാം.)

നീർപ്പാറ, പൊന്നാറക്കുഴിയം, പൊടിക്കിലാം, കുടവനാട്, തെക്കേക്കോണം തുടങ്ങിയ കോളനികളിൽ ടി. വി. കോസ്ക് കൾ സ്ഥാപിക്കുക.

സഹകരണം - വിഭവസമാഹരണം

Page ചീ: 124. പാര.3

ചില സംഘങ്ങൾ കടലാസുകളിൽ മാത്രം ഒതുങ്ങുന്നു.

നിർദ്ദേശം: പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുക. അല്ലെങ്കിൽ ലിക്വിഡേറ്റ് ചെയ്യുക

പ്രശ്നപരിഹാരം

പേജ് നമ്പർ: 125

8. പ്രത്യേക സംഘങ്ങൾ രൂപീകരിച്ചു നടപ്പിലാക്കുക

കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിന്നും മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക

നിർദ്ദേശങ്ങൾ

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുക. പഞ്ചായത്തിന്റെ എല്ലാ ഫണ്ടുകളും സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുക.

ഈ പഞ്ചായത്തിൽ ഉദ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാനും വിപണനം നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുകയും ഉദ്പാദകനും ഉപഭോക്താവിനും കൂടുതൽ ഗുണം ലഭിക്കത്തക്ക വിധത്തിലും കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതിനും ഉള്ള പദ്ധതികൾ രൂപീകരിക്കുക

മത്സ്യ കൃഷി സഹകരണ സംഘങ്ങൾ രൂപീകരിക്കുക

വിഭവ സമാഹരണം

മ, പഞ്ചായത്തിനുള്ളിൽ നടത്തുന്ന പരസ്യങ്ങൾക്ക് പരസ്യ നികുതി ഈടാക്കുക

യ, പഞ്ചായത്തിൽ കല്ല്യാണ മണ്ഡപവും ആഡിറ്റോറിയവും നിർമ്മിക്കുക

ര, വാമനപുരം നദിയിലെ മണലൂറ്റിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് കിട്ടുക (ലേലം ചെയ്യുവാനുള്ള അനുവാദം പഞ്ചായത്തിന് കൊടുക്കുക.)

റ, പാറപൊട്ടിക്കുന്നതിനുള്ള ലൈസൻസ് പഞ്ചായത്തിന് കിട്ടുക. നിശ്ചിത ഫീസ് ഈടാക്കുന്നതിന് പഞ്ചായത്തിന് അനുമതി കിട്ടുക.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ							
ക്രമനമ്പർ മേൽ വിലാസം	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർ മാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന്
1. ജി. എസ് എ. സി	1982	വാടക	450	80	50	–	–
2. സമദർശിനി കിടാരക്കുഴി	1986	വാടക	50	–	–	വായന ശാല	–
3. എൻ. എം. എ. സി.	1989	ഉണ്ട്	175	1400	600	സ്പോർട്സ്	ഗ്രന്ഥ: ഗ്രാന്റ്, പഞ്ച: ഗ്രാന്റ്
4. ഫൈറ്റേഴ്സ്	1996	ഉണ്ട്	250	750	–	വായന ശാല	–
5. പഞ്ച: ലൈബ്രറി	1951	ഉണ്ട്	295	2230	400	വായനശാല	ഗ്രന്ഥശാല സംഘം
6. വിജ്ഞാന പോഷിണി	–	ഉണ്ട്	730	4250	600	വായനശാല	ഉണ്ട്
7. ചിരന്തന	–	ഉണ്ട്	350	1800	600	വായനശാല	–
8. സംസ്കാര വർദ്ധിനി, കുറുപുഴ	1951	ഉണ്ട്	–	6550	900	വായനശാല	ഉണ്ട്
9. കെ. എസ്. എൻ. മെമ്മോറിയൽ, പനയമുട്ടം	1950	ഉണ്ട്	–	5596	1500	വായനശാല	ഉണ്ട്
10. എസ്. എൻ. ഡി. പി. യൂത്ത് മൂവ്മെന്റ്, ആലംപാറ	1989	ഉണ്ട്	150	700	400	വായനശാല	ഇല്ല

പേര്, വിലാസം	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ഓഫീസ്	ധന സഹായത്തിന്റെ വിവരം	എന്ത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തന വിവരം
ജി. എസ്. എ. സി. വട്ടപ്പാറക്കോട്	1982	450	വാടക	ഇല്ല	-	അത്‌ലറ്റിക്സ്, ഗെയിംസ്, കലാപ്രവർത്തനങ്ങൾ
സഹൃദർശിനി, കിടാരക്കുഴി	1986	50	വാടക	ഇല്ല	നെഹ്റു യുവകേന്ദ്ര	വോളിബോൾ
ഡാലിയ ബാല ജനസമിതം	1996	30	ഇല്ല	-	-	സാംസ്കാരിക പ്രവർത്തനം
ഗ്രീൻ ബ്രദേഴ്സ്, പച്ച	1996	30	ഇല്ല	-	-	ഓണാഘോഷം
റോയൽ ഫ്രണ്ട്സ്, നന്ദിയോട്	1996	15	വാടക	-	-	ഓണാഘോഷം
സപര്യ, പച്ച	1977	150	സ്വന്തം	-	-	ഓണാഘോഷം
എൻ. എസ്. എ. സി, ചുടൽ	1983	175	സ്വന്തം	-	നെഹ്റു യുവകേന്ദ്രം സംഗീത നാടക അക്കാദമി, കബഡി അസ്സോസിയേഷൻ	കബഡി, ചെസ്, ക്രിക്കറ്റ്
സാസ്കാര, പെരിങ്ങമല	1985	100	വാടക	-	നെഹ്റു യുവകേന്ദ്ര	വോളിബോൾ, സാംസ്കാരി പ്രവർത്തനം
എ. പി. എ എസ്. സി സ്തനകുളം	1991	140	സ്വന്തം	-	-	സാസ്കാരിക പ്രവർത്തനം
പൗരസമിതി, ചെല്ലഞ്ചി	1996	50	വാടക	-	-	സാസ്കാരിക പ്രവർത്തനം
കെ. വി. എം. ബോസ്	1982	65	സ്വന്തം	-	നെഹ്റു യുവകേന്ദ്ര	വോളിബാൾ, ക്രിക്കറ്റ്
പ്രിയദർശിനി, വെമ്പ്	1992	98	വാടക	-	-	ഓണാഘോഷം
വൈ. എം. എ പച്ചമല	1992	60	ഇല്ല	-	-	കബാടി, വോളിബോൾ
പൗരാവലി, തൂലുംകുഴി	1994	25	വാടക	-	-	കബാടി
സൗപർണിക, ബാലജനസഖ്യം	1996	64	ഇല്ല	-	-	കലാപ്രവർത്തനം
സംഘമിത്ര, ഇലവട്ടം	1984	150	ഇല്ല	-	-	വോളിബാൾ
ഇ. വി. എം ഇലവട്ടം.	1994	-	ഇല്ല	-	-	വോളിബാൾ, കബാടി
ഫ്രണ്ട്സ്, താന്നിമൂട്	1970	150	വാടക	-	-	വോളിബോൾ, കബാടി
സ്രീദർശിനി താന്നിമൂട്	1988	42	വാടക	-	-	സാംസ്കാരിക രംഗം
ഫൈറ്റിയേഴ്സ്, നന്ദിയോട്	1980	250	സ്വന്തം	-	കേരളാ സ്പോർട്സ് കൗൺസിൽ, നെഹ്റു യുവകേന്ദ്ര	വോളിബോൾ നീന്തൽ, ക്രിക്കറ്റ്, ചെസ്, ഷട്ടിൽ, കാരംസ്
ചാറ്റർജി	1980	60	വാടക	-	-	ക്രിക്കറ്റ്
എസ്. എസ്. ഡി. പി. യൂത്ത് മൂവ്മെന്റ്	1989	150	-	-	എസ്. എൻ. ഡി. പി. യൂണിയൻ	തയ്യൽ സ്ക്കൂൾ, കായികകലാ രംഗം, വോളിബോൾ
പ്രതിഭാരാഗം, നന്ദിയോട്	1977	-	സ്വന്തം	-	-	ഓണാഘോഷം
റബിബിൾ വർഷനയുവ വഞ്ചുവം	-	-	വാടക	-	-	സാസ്കാരിക പ്രവർത്തനം
യുവ. പാലോട്	1993	40	ഷെഡ്	-	-	കാരംസ്, ക്രിക്കറ്റ്
സമഭാവന, പാലോട്	-	-	-	-	-	ഓണാഘോഷം

PTO

1996 ഡിസംബർ മാസം 20-ാം തീയതി കൂടിയ നന്ദിയോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ IX -ൽ ഒന്നാംനമ്പർ തീരുമാനപ്രകാരം വായിച്ച് അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന 'നന്ദിയോട് ഗ്രാമപഞ്ചായത്ത് വികസന രേഖ'


അധികാരം ജനങ്ങളിലേക്ക്